# ഹൃദയത്തിലെ ശുഭവചനം

**Blank page**

# ഹൃദയത്തിലെ ശുഭവചനം

സൂസമ്മ ചാക്കോ

# ഉള്ളടക്കം

1. മൺപാത്രത്തിലെ നിക്ഷേപം
2. തന്നത്താൻ സംസാരിക്കുന്നത് എങ്ങനെ?
3. നിന്റെ പുതപ്പ് അടിയന്റെ മേൽ ഇടേണമേ.
4. കുറവില്ലാത്ത ജീവിതം
5. എന്റെ ഹൃദയം ശുഭവചനത്താൽ കവിയുന്നു
6. വശീകരിച്ച് മരുഭൂമിയിൽ കൊുചെല്ലും.
7. നിന്നെത്തന്നെ സൂക്ഷിച്ചുകൊൾക
8. നീ കിടക്കുന്നത് എവിടെ?
9. ഒരു ഉറപ്പ്
10. ഏകനായി
11. യഹോവയുടെ കണ്ണ്
12. സമർപ്പണം
13. ദൈവികദർശനം
14. ദൈവത്തെ അറിയുന്ന ജനം
15. ദാവീദിന്റെ നിശ്ചലകൃപകൾ
16. മരുഭൂമിയും വര നിലവും ശൂന്യപ്രദേശവും
17. ഞാൻ പ്രവർത്തിക്കും, ആർ തടുക്കും?
18. രാത്രിയിലെ ധ്യാനം
19. നിന്നെത്തന്നെ നല്ലവണ്ണം ശക്തീകരിക്ക
20. തീയിൽനിന്ന് വലിച്ചെടുക്കപ്പെട്ട കൊള്ളി

# അവതാരിക

മഹാജ്ഞാനിയായ പരമപിതാവാം ദൈവം മനുഷ്യനു മാത്രം നൽകീട്ടുള്ള ഒരു അമൂല്യവരദാനമാണ് 'എഴുത്ത്.' 'ദൈവം എഴുതി', 'അവിടന്ന് വിരൽ കൊണ്ട് എഴുതി' എന്ന് പുറപ്പാട് പുസ്തകത്തിൽ നാം കാണുന്നു. 'എഴുതുക' എന്ന് സമാപനപുസ്തകമായ വെളിപ്പാടിലും രേഖപ്പെടുത്തിയിട്ടുണ്ടല്ലോ.

ദൈവികദാനമായ വിശിഷ്ടചിന്തകളുടെ അക്ഷരാവിഷ്കാരമാണ് എഴുത്ത്. ദർശനങ്ങളും ചിന്തകളും എഴുതിവെക്കണം. നീ ദർശനം എഴുതുക, അതു വായിക്കുന്നവർ കർമ്മനിരതരായി ഓടിപ്പോകത്തക്കവണ്ണം അതു വ്യക്തമായിരിക്കണം എന്ന ഹബക്കുക്ക് 2.2-ൽ പറയുന്നുണ്ട്. എഴുത്താകുമ്പോഴാണ് അത് സഹജീവികൾക്ക് പ്രയോജനപ്പെടുന്നത്. ദൈവം തനിക്കു നൽകിയിട്ടുള്ള താലന്തുകൾ-- കൃപാദാനങ്ങൾ--രാപകൽ വ്യാ പാരം ചെയ്തുകൊണ്ട് എഴുതുകയും മലയാള ക്രൈസ്തവ സാഹിതീസേവനത്തിലൂടെ ഈടുറ്റ കൃതികൾ സമർപ്പിക്കുകയും ചെയ്തുപോരുന്ന ബഹുമാന്യസഹോദരി സൂസമ്മ ചാക്കോയുടെ ഏറ്റവും പുതിയ കൃതിയാണ് 'ഹൃദയത്തിലെ ശുഭവചനം.' അനുദിനം നാം ലോകത്തിൽ കാണുകയും കേൾക്കുകയും പത്രങ്ങൾ വായിക്കുകയും ചെയ്യുന്നതിൽ ശുഭകരമായവ എത്രയോ വിരളം. എങ്കിലും ദൈവപൈതൽ മനസ്സലിവുള്ള പിതാവും സർവ്വാശ്വാസങ്ങളുടെയും ദൈവവുമായ അത്യുന്നതനിൽനിന്ന് നിരന്തരം കേൾക്കുന്നത് ശുഭവചനം തന്നെ എന്നത് എത്ര ആശ്വാസകരം! ദൈവത്തിന്റെ തിരുവെഴുത്തുകൾ നമ്മുടെ അന്തരാത്മാവിൽ ശുഭവചനങ്ങളായി പരിണമിക്കുന്നു. ആശ്വസിപ്പിക്കുന്ന പരിശുദ്ധാത്മാവിന്റെ ആർദ്രമന്ത്രണം നമ്മുടെ അനുദിനജീവിതത്തിൽ ഉണർവ്വും ഉന്മേഷവും നൽകി നമ്മെ നിലനിർത്തുന്നു.

'മൺപാത്രത്തിലെ നിക്ഷേപം' എന്ന് ആരംഭിച്ച് 'തീയിൽനിന്നു വലിച്ചെടുക്കപ്പെട്ട കൊള്ളി' എന്ന് സമാപിക്കുന്ന ഇരുപത് അദ്ധ്യായങ്ങളിൽ ഗ്രന്ഥകർത്രി സമൃദ്ധിയായ ഒരു ആത്മീയവിരുന്ന് ഒരുക്കിയിരിക്കുന്നു. ആ സാഹിത്യവിരുന്നിൽ പങ്കാളികളാകാൻ അനുവാചകരെ ക്ഷണിക്കുക

യാണ്. വളരെ അവധാനതയോടും സൂക്ഷ്മതയോടും കൂടെയാണ് ഓരോ അദ്ധ്യായവും ക്രമീകരിച്ചിട്ടുള്ളത്. ലളിതമായ ഭാഷയും ഹൃദ്യമായ പ്രതിപാദനവും 'ഹൃദയത്തിലെ ശുഭവചനം' എന്ന കൃതിയെ ആസ്വാദ്യമാക്കുന്നു.

തീപിടിത്തത്തിൽ സ്വന്തം വീടു മുഴുവൻ കത്തിച്ചാമ്പലായെങ്കിലും കത്തിപ്പോകാതെ ശേഷിച്ച ഒരു മൺപാത്രവുമായി വിശ്വാസികളുടെ മുമ്പിലെത്തി മുമ്പൊരിക്കൽ അഗ്നിച്ചൂളയിലൂടെ കടന്നുപോയ പാത്രത്തിന്റെ ആത്മീയഗുണപാഠം വിശദീകരിക്കുന്ന ആ പുരോഹിതനെ ഉദ്ധരിച്ചുകൊണ്ടാണ് 'മൺപാത്രത്തിലെ നിക്ഷേപം' എന്ന ആദ്യലേഖനം ആരംഭിച്ചിരിക്കുന്നത്. പരിശുദ്ധാത്മാവ് എന്ന അമൂല്യനിക്ഷേപം ശരീരമെന്ന മൺപാത്രത്തിൽ പകരുവാൻ പ്രസാദിച്ച ദൈവത്തിന്റെ കാരുണ്യത്തെക്കുറിച്ച് അദ്ധ്യായത്തിൽ സവിസ്തരം പ്രസ്താവിക്കുന്നു.

പഴയനിയമകാലത്തെ ഇസ്രായേലിന്റെ മധുരഗായകരായി അറിയപ്പെട്ടിരുന്ന കോരഹ്പുത്രന്മാരുടെയും ദാവീദിന്റെയും അധരങ്ങളിൽ ദൈവത്തെക്കുറിച്ചുള്ള സാക്ഷ്യം രണ്ടാം അദ്ധ്യായത്തിന്റെ അവസാനഭാഗത്ത് നൽകിയിരിക്കുന്നു. മരുഭൂമിയിലേക്ക് കൂട്ടിക്കൊണ്ടുപോയി ഹൃദ്യമായി സംസാരിക്കുന്ന ആത്മമണവാളൻ പ്രതിഫലം നൽകി തന്റെ പ്രിയയെ ആശ്വസിപ്പിക്കുന്നു. ആത്മശോധനയ്ക്കുള്ള ആഹ്വാനമാണ് 'നീ കിടക്കുന്നത് എവിടെ' എന്ന പ്രൗഢലേഖനം. 'ഒരു ഉറപ്പ്' എന്ന ഒൻപതാമത്തെ ലേഖനത്തിൽ താൻ സേവിച്ചുനിൽക്കുന്നവനും തന്റെ ഉടയവനുമായ മഹാദൈവത്തെക്കുറിച്ചും അവിടത്തെ നിത്യസാന്നിധ്യത്തെക്കുറിച്ചുമുള്ള അറിവ് നങ്കൂരമെന്നപോലെ ദൈവപൈതലിന്റെ ജീവിതനൗകയെ ഇളകിമറിയുന്ന ജീവിതസാഗരത്തിൽ സുസ്ഥിരമായും സ്വസ്ഥമായും നിലനിറുത്തുകയും സാവധാനം നിത്യതയുടെ ശുഭതുറമുഖത്തിലേക്ക് നയിക്കുകയും ചെയ്യുന്നു.

ദൈവത്തോടുകൂടെ ഏകനായി നടക്കുന്നത് ദൈവപൈതലിന് ഏകാന്തതയല്ല, സ്നേഹസ്വരൂപനായ ദൈവത്തോടു കൂടെയുള്ള മധുരസംസർഗ്ഗമാണ്. കർത്താവിന്റെ മൃദുസ്വരം, അവിടത്തെ തിരുവായ്മൊഴികൾ ശ്രവിക്കുന്നത് എത്ര അഭികാമ്യമായ ഒരു അനുഭവമാണ്! പത്താം അദ്ധ്യായത്തിൽ ഈ വസ്തുത വിശദമായിത്തന്നെ പ്രതിപാദിച്ചിരിക്കുന്നു.

'ഞാൻ പ്രവർത്തിക്കും ആർ തടുക്കും' എന്ന പതിനേഴാം അദ്ധ്യായത്തിലെ ചിന്ത കർത്തൃശുശ്രൂഷയിൽ രാപകൽ വ്യാപൃതനായിരിക്കുന്ന ദൈവപൈതലിന് ദൈവം തരുന്ന സംരക്ഷണവചനമാണ്. മനുഷ്യനല്ല പ്രവർത്തിക്കുന്നത്. ദൈവമാണു പ്രവർത്തിക്കുന്നത്. നാം വിതെക്കുന്നു എന്നു മാത്രം. വളരുമാറാക്കുന്നത് ദൈവമത്രേ. ദൈവത്തിന്റെ ഈ ചോദ്യത്തിനു മറുപടി നൽകാൻ ഒരു ശക്തിക്കും കഴിഞ്ഞിട്ടില്ല, കഴിയുകയുമില്ല. പ്രവർത്തിക്കുന്നവൻ ആര്? ആർക്കുവേണ്ടിയാണ് പ്രവർത്തിക്കുന്നത്?

ഈ സത്യം ദൈവജനം അതിന്റെ സമ്പൂർണ്ണാർത്ഥത്തിലും വ്യാപ്തിയിലും ഗ്രഹിച്ചിരുന്നെങ്കിൽ!

സമാപനലേഖനം 'തീയിൽനിന്ന് വലിച്ചെടുക്കപ്പെട്ട കൊള്ളി' എന്നത് ഈ ലേഖനസമാഹാരത്തിലെ മകുടസ്ഥാനം അർഹിക്കുന്നു. 'വെന്തുപോകാനായി വിധിക്കപ്പെട്ട് ചാകാറായ അവസ്ഥയിൽനിന്ന് വലിച്ചെടുക്കപ്പെട്ട കൊള്ളികളായ നാം' ആ മഹാസത്യം നമ്മെ ദൈവസന്നിധിയിൽ അധികമധികം വിനയാന്വിതരാക്കും. നമ്മുടെ നാവിൽനിന്നും അന്തരാത്മാവിൽനിന്നും ദൈവത്തിനൊരു സൗരഭ്യവാസനയെന്നപോലെ നന്ദിയും സ്നേഹവും ഉയർന്നുകൊണ്ടിരിക്കും. കർത്താവിനെ മുഖാമുഖമായി കാണുന്ന നാളിൽ അവിടത്തെ തൃപ്പാദങ്ങളിൽ കവിണ്ണുവീണ് നന്ദിയുടെ കണ്ണുനീർ വീഴ്ത്തിക്കൊണ്ട് 'ഇത്രത്തോളമെന്നെ കൊണ്ടുവന്നീടുവാൻ ഞാനും എൻ കുടുംബവും എന്തുള്ളൂ' എന്ന ഗാനം അർപ്പിക്കുവാനല്ലാതെ നമുക്ക് മറ്റെന്തിലും കഴിയുമോ? ഈ ലേഖനം മാത്രമല്ല ഈ കൃതി മുഴുവനും അതിനുള്ള ആഹ്വാനം കൂടെയാണ്.

ഉപസംഹരിക്കട്ടെ. ദൈവം നൽകുന്ന വിശിഷ്ടചിന്തകൾ അതതു സമയത്ത് എഴുതുന്നതിനും അവ സമാഹരിച്ച് പുസ്തകമാക്കുന്നതിനും ഗ്രന്ഥകർത്രി കാണിച്ചുപോരുന്ന ശുഷ്കാന്തി പ്രശംസാർഹമത്രേ. ഇതുപോലുള്ള ഈടുറ്റ ലേഖനങ്ങളും ലേഖനസമാഹാരങ്ങളും കർത്തൃദാസിയിൽനിന്ന് ഇനിയും നമുക്ക് പ്രതീക്ഷിക്കാം. ദൈവം അതിനായി അവരെ അനുഗ്രഹിക്കട്ടെ. അനുവാചകരായ ദൈവജനത്തിന്റെ അനുഗ്രഹത്തിനും ആത്മികാഭിവൃദ്ധിക്കും മുഖാന്തരമാകട്ടെ എന്ന പ്രാർത്ഥനയോടും ആശംസയോടും കൂടെ 'ഹൃദയത്തിലെ ശുഭവചനം' എന്ന ഈ ലേഖനസമാഹാരം സഹൃദയസമക്ഷം സസന്തോഷം അവതരിപ്പിച്ചുകൊള്ളുന്നു.

ക്രിസ്തീയ ശുശ്രൂഷയിൽ

**എൽ. സാം**

റിട്ട. ജോയിന്റ് സെക്രട്ടറി

പബ്ലിക് സർവ്വീസ് കമ്മീഷൻ,

തിരുവനന്തപുരം.

# ഗ്രന്ഥാഭിപ്രായം

ദൈവവചനത്താൽ നയിക്കപ്പെടുന്ന ജീവിതയാത്ര എന്നും നേർപാതയിലൂടെയുള്ള സഞ്ചാരമായിരിക്കും. ഏത് ദുർഘടങ്ങളെയും അതിജീവിക്കാനുള്ള കരുത്ത് ആയത് പകർന്ന് നൽകും. ഓരോ തവണ വായിക്കുമ്പോഴും കുറവുകളെ കണ്ടറിഞ്ഞ് തിരുത്തി, സ്രഷ്ടാവിന്റെ മനസ്സിനൊത്ത് രൂപാന്തരപ്പെടുവാനുള്ള ആഹ്വാനവും പുത്തൻ ഉൾക്കാഴ്ചകളും തിരുവചനം സമ്മാനിക്കുന്നു. ജീവിതത്തിന്റെ ഇരുണ്ട രാത്രികാലങ്ങളിൽ മിന്നാമിനുങ്ങിന്റെ ചെറുവെളിച്ചം പോലെ തിരുവചനം മാർഗ്ഗദർശിയാകുമ്പോൾ കയ്പു നിറഞ്ഞ അനുഭവങ്ങളിൽ തേൻപോലെ മധുരിക്കുന്ന തിരുമൊഴികൾ നവോന്മേഷം പകർന്നുനൽകുമ്പോൾ ഏതൊരാളിന്റെയും ഹൃദയം ശുഭവചനംകൊണ്ടു നിറയും.

വേദപുസ്തകത്തിൽനിന്നും അനുഭവസമ്പത്തിൽനിന്നും അടർത്തിയെടുത്ത ഇരുപതു സന്ദേശങ്ങൾ അടങ്ങിയ ഈ പുസ്തകത്തിന്റെ ഗൗരവത്തോടെയുള്ള വായന ഏതൊരു വ്യക്തിയെയും ദൈവത്തിലേക്ക് നയിക്കുന്നതിനും സ്വജീവിതത്തിന്റെ ദൈവോദ്ദേശം തിരിച്ചറിയുന്നതിനും നിശ്ചയമായും ഇടയാക്കും.

തന്റെ ചങ്കിലെ ചോരയാൽ ശുദ്ധവും ശുഭ്രവും നിഷ്കളങ്കവുമായ അവസ്ഥയിൽ നമ്മെ തീർക്കുകയും സ്വർഗ്ഗത്തിലെ സകല ആത്മീയഅനുഗ്രഹങ്ങളാലും നമ്മെ അനുഗ്രഹിക്കുകയും ചെയ്ത വീണ്ടെടുപ്പുകാരന്റെ പുതപ്പിനടിയിൽ ആശ്രയം കണ്ടെത്തുവാനും മൺപാത്രങ്ങളായ നമ്മിൽ പകരപ്പെട്ടിരിക്കുന്ന വിലയേറിയ നിക്ഷേപങ്ങള ഗൗരവത്തോടെ കൈകാര്യം ചെയ്യുവാനും എഴുത്തുകാരി ആഹ്വാനം ചെയ്യുന്നു.

മരുഭൂമിയുടെ അനുഭവങ്ങളിൽ ഏകാഗ്രതയോടെ ദൈവസന്നിധിയിൽ ചെലവഴിക്കുവാൻ മനഃപൂർവ്വമായും ശ്രമിക്കുമ്പോൾ പ്രത്യാശയുടെ സന്ദേശവുമായെത്തി പുതുശക്തി പകർന്നു തന്ന് അനുഗ്രഹിക്കുന്ന ദൈവകൃപയെ അനുഭവിച്ചറിയുവാൻ ഈ ഗ്രന്ഥം വായനക്കാർക്ക് അവസരം നൽകുന്നു. മാത്രമല്ല നമ്മെക്കുറിച്ചുള്ള ദൈവോദ്ദേശ്യം തിരിച്ചറിഞ്ഞ് നിരുപാധികം ദൈവകരങ്ങളിൽ സമർപ്പിച്ച് നന്മയുടെ നീരുറവയായി ഒരോരുത്തരും തീരണം എന്ന സന്ദേശവും നൽകുന്നു.

ഗ്രന്ഥകാരിയുടെ ആഴമേറിയ വേദപുസ്തകപരിജ്ഞാനത്തെയും തികഞ്ഞ ദൈവബോധത്തെയും ഓർത്ത് ദൈവത്തിന് മഹത്വം കരേറ്റുന്നു.

ഈ ചെറുകൈത്തിരി അനേകർക്ക് വഴികാട്ടിയായിത്തീരട്ടെ എന്ന് ആശംസിക്കുന്നു.

ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**റവ. വർഗീസ് ജോൺ**, വികാരി

ഇമ്മാനുവേൽ മാർത്തോമ്മാ ചർച്ച്

പരുത്തിപ്പാറ.

# 1

# മൺപാത്രങ്ങളിലെ നിക്ഷേപം

ഒരിക്കൽ ഒരു പുരോഹിതൻ ഒരു കളിമൺപാത്രവുമായിട്ടാണ് പ്രസംഗ പീഠത്തിൽ പ്രത്യക്ഷപ്പെട്ടത്. അത് എന്തിനായിരിക്കും എന്ന് ജനങ്ങൾ ചിന്തിച്ചു. പ്രസംഗമദ്ധ്യേ അദ്ദേഹം ആ പാത്രം ഉയർത്തിക്കൊണ്ടു പറഞ്ഞു. "കഴിഞ്ഞ തീ പിടിത്തത്തിൽ എന്റെ വീടും അതിലുണ്ടായിരുന്ന മിക്കതും വെന്തുവെണ്ണീറാ യി. അവശേഷിച്ചവയിൽ ഒന്നാണ് ഈ പാത്രം. എന്തുകൊണ്ടാണ് ഇതു നശി ച്ചു പോകാഞ്ഞത്?" ആ ചോദ്യത്തിനു മുമ്പിൽ ജനം നിശ്ശബ്ദരായി. അൽപ്പ സമയത്തെ മൗനത്തിനുശേഷം പുരോഹിതൻ തന്നെ ഉത്തരം നൽകി. "ഈ കളിമൺപാത്രം മുമ്പ് അഗ്നിച്ചൂളയിലൂടെ കടന്നുപോന്നതാണ്. (അതിന്റെ നിർമ്മിതിയിൽ നടന്ന കാര്യമാണു സൂചിപ്പിച്ചത്.) തീച്ചൂളയിൽ വെന്തെടുത്ത ഈ പാത്രം അഗ്നിദഹനത്തിൽ വീണ്ടും നശിച്ചുപോയില്ല, ഒന്നു കൂടെ ദൃഢ മായതേയുള്ളൂ." പുരോഹിതൻ ഒരു വലിയ ആത്മിക സത്യം വെളിപ്പെടുത്തു കയായിരുന്നു. മൺപാത്രങ്ങളിലെ നിക്ഷേപം എന്ന വിഷയം നാം ഒരുമിച്ച് ചിന്തിക്കാനൊരുമ്പെടുകയാണ്. ആദ്യം നിക്ഷേപം എന്നതിനെപ്പറ്റിത്തന്നെ ചിന്തിക്കാം.

യഹോവയ്ക്ക് എല്ലാറ്റിനും വേണ്ടി ഓരോ ഭണ്ഡാരമുണ്ടെന്ന് തിരു വചനം പഠിപ്പിക്കുന്നു. നിക്ഷേപം അഥവാ Treasure എന്ന് ഇംഗ്ലീഷിലും ഭണ്ഡാരം എന്ന് മലയാളത്തിലും പറഞ്ഞിരിക്കുന്നു. ഈ നിക്ഷേപം അഥവാ ഭണ്ഡാരത്തിന്റെ പൂട്ടും താക്കോലും എല്ലാം യഹോവയുടെ കയ്യിൽ തന്നേ. നോഹയുടെ കാലത്ത് ജലപ്രളയം ആരംഭിക്കുന്നതിനു മുൻപ് ദൈവം ആഴിയുടെ ഉറവുകളും ആകാശത്തിന്റെ കിളിവാതിലു കളും തുറന്നു എന്ന് എഴുതിയിരിക്കുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ? (ഉല്പ. 7. 11). ഇയ്യോബ് 38.22-ൽ *നീ ഹിമത്തിന്റെ ഭണ്ഡാരത്തോളം ചെന്നിട്ടുണ്ടോ? കന്മഴയുടെ ഭണ്ഡാരം കണ്ടിട്ടുണ്ടോ?* എന്ന് യഹോവ ഇയ്യോബിനോ ട് ചോദിക്കുന്നു. ഒരു പ്രത്യേകദിവസത്തിനുവേണ്ടി അവിടന്ന് അവയെ സംഭരിച്ചുവെച്ചിരിക്കുന്നു എന്നും ദൈവം പറയുന്നു. തന്റെ ഭണ്ഡാര ത്തിൽനിന്ന് കാറ്റു പുറപ്പെടുവിക്കുന്നതായി സങ്കീ. 135.7-ലും യിരെമ്യാവ്. 51.16-ലും നാം കാണുന്നു. ചുരുക്കിപ്പറഞ്ഞാൽ ദൈവത്തിന്റെ പക്കൽ

ഹിമത്തിനും കന്മഴയ്ക്കും കൊടുങ്കാറ്റിനും ജലത്തിനും എന്നുവേ സർവ്വത്തിനും ഭണ്ഡാരം അഥവാ നിക്ഷേപമുണ്ട്. അവയെപ്പറ്റി വിശദമായി ഒന്നു ചിന്തിച്ചാലോ?

**1. മഴയുടെ നല്ല നിക്ഷേപം (ആവർത്തനം 28.12)**

*തക്ക സമയത്ത് നിന്റെ ദേശത്തിന് മഴ തരുവാനും നിന്റെ വേല ഒക്കെയും അനുഗ്രഹിപ്പാനും യഹോവ നിനക്ക് തന്റെ നല്ല ഭണ്ഡാരമായ ആകാശം തുറക്കും.*

തക്ക സമയത്ത് നിനക്ക് ഒരു അനുഗ്രഹമുണ്ട്. നിന്റെ വേല അനുഗ്രഹിക്കുക എന്നത് ദൈവത്തിന്റെ പദ്ധതിയിൽ ഉൾപ്പെട്ട കാര്യമാണ്. റേഷനില്ലാതെ അനുഗ്രഹിക്കുന്ന ദൈവമാണ് നമ്മുടെ ദൈവം. പക്ഷേ, അതിനായി...

(1) ഒരു തക്ക സമയമുണ്ട്. അവിടന്നു മാത്രം തീരുമാനിക്കുന്ന ഒരു സമയമുണ്ട്.

(2) നമുക്കൊരു അനുഗ്രഹമുണ്ട്. അത് കാത്തിരിക്കുന്നു.

(3) നമ്മെ അനുഗ്രഹിക്കുവാനും നമ്മുടെ വേല അനുഗ്രഹിക്കുവാനും അവിടന്ന് ഒരുങ്ങിയിരിക്കുന്നു.

(4) നമുക്കൊരു ചുമതലയുണ്ട്. അതായത് അവിടത്തെ കൽപ്പനകൾ പ്രമാണിച്ച് അവിടത്തെ വഴികളിൽ നടന്നാൽ അവിടന്ന് അനുഗ്രഹിക്കുന്ന ദൈവം തന്നെയാണ്. അവിടത്തെ വഴികളിൽ നടക്കാൻ നമ്മുടെ ഭാഗത്ത് ബോധപൂർവ്വമായ ഒരു ശ്രമം വെണം.

(5) അപ്പോൾ അവിടന്ന് മഴയുടെ ഭണ്ഡാരം തുറന്ന് നമ്മെ അനുഗ്രഹിക്കും.

**2. തിരഞ്ഞെടുക്കപ്പെട്ടവർ അവിടത്തെ നിക്ഷേപമാണ്**

*യഹോവ യാക്കോബിനെ തനിക്കായിട്ടും യിസ്രായേലിനെ തന്റെ നിക്ഷേപമായിട്ടും തിരഞ്ഞെടുത്തിരിക്കുന്നു (സങ്കീ. 135.4).*

*ഞാൻ ഉണ്ടാക്കുവാനുള്ള ദിവസത്തിൽ അവർ എനിക്ക് ഒരു നിക്ഷേപമായിരിക്കും (മലാ. 3.17)* .

ഒരു പ്രത്യേക ഉദ്ദേശ്യത്തോടെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്. അവിടത്തെ മഹിമ ഘോഷിക്കാനും അവിടത്തെ നാമത്തെ സ്തുതിക്കാനും കീർത്തിക്കാനും അവിടത്തെ ഗുണഗണങ്ങൾ വർണ്ണിക്കാനുമായി അവിടന്ന് തന്റെ ജനത്തെ വേർതിരിച്ചു.

അവിടന്നു നല്ലവനാണ്; അവിടത്തെ നാമം മനോഹരമാണ്.

യഹോവ വലിയവൻ; സകല ദേവന്മാരിലും ശ്രേഷ്ഠൻ.

ഇവയൊക്കെ വർണ്ണിക്കാൻ അവിടന്ന് തിരഞ്ഞെടുത്തിരിക്കുന്ന ജനത്തെപ്പോലെ യോഗ്യന്മാർ ആരുണ്ട്?

**3. ഭവനത്തിലെ നിക്ഷേപം**

*നീതിമാന്റെ വീട്ടിൽ വളരെ നിക്ഷേപം ഉണ്ട് (സദൃ. 15.6).*

*ജ്ഞാനിയുടെ പാർപ്പിടത്തിൽ വിലയേറിയ നിക്ഷേപവും തൈലവും ഉണ്ട് (സദൃ. 21.20).*

*യഹോവാഭക്തി അവരുടെ നിക്ഷേപം ആയിരിക്കും (യെശ. 33.6).*

നീതിമാൻ ആര്? ലംഘനം ക്ഷമിച്ചും പാപം മറെച്ചും കിട്ടിയവൻ. യഹോവ അകൃത്യം ക്ഷമിച്ചും ആത്മാവിൽ കപടം ഇല്ലാതെയും ഇരിക്കുന്ന മനുഷ്യൻ. അവനാണ് നീതിമാൻ! നീതിമാൻ ഒരുത്തൻ പോലുമില്ല എന്ന് ദൈവവചനം പറയുമ്പോൾ ചിലരെ തന്റെ നീതിയാൽ മൂടി ദൈവം അവരെ നീതിമാന്മാരായി കണക്കാക്കിയിരിക്കുന്നു.

ജ്ഞാനി ആര്? "യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു." യഹോവയുടെ ആത്മാവ് വസിക്കുന്നവനാണ് ജ്ഞാനി (യെശ. 11.2). യേശുകർത്താവിൽ ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും നിക്ഷേപമുണ്ട് (കൊലോ. 2.3). അവിടന്ന് നിന്നിൽ, നിന്റെ ഹൃദയത്തിൽ വസിക്കുന്നു എങ്കിൽ നിന്റെ ഉള്ളിൽ ജ്ഞാനം വസിക്കുന്നു. നിന്നെ ജ്ഞാനിയായും നീതിമാനായും ദൈവം കണ്ടിരിക്കുന്നു എങ്കിൽ നിന്റെ പാർപ്പിടത്തിൽ വിലയേറിയ നിക്ഷേപമുണ്ട്. നിന്റെ അടുക്കൽ ആരു വന്നാലും അവർ അനുഗ്രഹിക്കപ്പെടുക തന്നേ ചെയ്യും. തീർന്നില്ല. യഹോവാഭക്തി നിന്റെ നിക്ഷേപമായതുകൊണ്ട് അവിടന്ന് യഥാർത്ഥത്തിൽ നിന്റെ ഭവനത്തിന്റെ നാഥനായിരിക്കും. അപ്പോൾ തീർച്ചയായും നീ ഈ നിക്ഷേപത്താൽ അനുഗ്രഹിക്കപ്പെട്ടിരിക്കും. അനേകരെ സമ്പന്നരാക്കുന്ന ശുശ്രൂഷ നിന്നെ ഭരമേൽപ്പിച്ചിരിക്കുന്നു

**4. നിന്റെ നിക്ഷേപം ഉള്ളേടത്ത് നിന്റെ ഹൃദയവും ഇരിക്കും (മത്താ. 5.21; ലൂക്കോ. 12.34)**

നിക്ഷേപത്തെ ചുറ്റിപ്പറ്റിയായിരിക്കും എപ്പോഴും നിന്റെ ഹൃദയ വിചാരങ്ങൾ എന്ന് യേശുകർത്താവ് അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു. യേശുകർത്താവിനെ നിന്റെ നിക്ഷേപമായി കിട്ടുമെങ്കിൽ നിന്റെ വിചാരങ്ങളും ചിന്തകളുമെല്ലാം അവിടത്തെ ചുറ്റിപ്പറ്റിയായിരിക്കും. എന്തുകൊണ്ട് ഇന്നത്തെ കാലത്ത് അനേകർ സിനിമ, ഫാഷൻ, ആഡംബരം ഇവയെപ്പറ്റി എല്ലായ്പ്പോഴും ചിന്തിക്കുന്നു? എന്തുകൊണ്ട് എന്നതിന് ഒറ്റ ഉത്തരമേ ഉള്ളൂ. അവരുടെ നിക്ഷേപമായി അവർ തിരഞ്ഞെടുത്തത് അതിനെയാണ് എന്നതു തന്നേ.

**5. നല്ല മനുഷ്യന് ഉള്ള നല്ല നിക്ഷേപം**

*നല്ല മനുഷ്യൻ തന്റെ നല്ല നിക്ഷേപത്തിൽനിന്ന് നല്ലത് പുറപ്പെടുവിക്കുന്നു (മത്താ. 12.35).*

നല്ല മനുഷ്യന്റെ ഉള്ളിൽ നല്ല നിക്ഷേപമുള്ളതുകൊണ്ട് അവന് നല്ലതു

മാത്രമേ പുറത്തേക്ക് വിടാൻ കഴിയുകയുള്ളൂ. യോസേഫ് താനായിരുന്ന എല്ലാ ദുർഘടസന്ദർഭങ്ങളിലും നന്മ മാത്രമേ പുറപ്പെ ടുവിച്ചുള്ളൂ. യേശു കർത്താവ് ലോകത്തിന്റെ വെളിച്ചമായവൻ ആണ്. അവിടത്തെ ഉള്ളിൽ സ്വീകരിച്ചിരിക്കുന്നവർക്ക് വെളിച്ചമല്ലാതെ മറ്റൊന്നും പുറപ്പെടുവിക്കാൻ സാദ്ധ്യമല്ല തന്നെ.

**6. തന്റെ നിക്ഷേപത്തിൽനിന്ന് പഴയതും പുതിയതും കൊടുക്കുന്നവൻ**

*തന്റെ നിക്ഷേപത്തിൽനിന്ന് പുതിയതും പഴയതും എടുത്തുകൊടുക്കുന്ന ഒരു വീട്ടുടയവനോട് സദൃശനാകുന്നു എന്നു പറഞ്ഞു (മത്താ. 13.52).*

അനേകം വിഷയങ്ങളിൽ പരിശീലനം ലഭിച്ചവനാണ് ശാസ്ത്രി. യേശു കർത്താവിനെ അറിയുന്നതിനു മുമ്പു തന്നെ അനേകം വിഷയങ്ങളിൽ അവന് പ്രാവീണ്യം ഉണ്ട്. യേശുകർത്താവിനെ അറിഞ്ഞുകഴിഞ്ഞപ്പോഴും അവൻ അനേക പുതിയ വിഷയങ്ങളിൽ പ്രാവീണ്യം നേടി. അതായത് ദൈവാത്മാവ് അനേകം പുതിയ കാര്യങ്ങൾ അവന് ഗ്രഹിപ്പിച്ചുകൊടുത്തു. അതുകൊണ്ട് ദൈവനാമമഹ ത്വത്തിന് അവൻ ഇരട്ടി ഉപയോഗമുള്ളവനായിത്തീർന്നു. അവന് സ്വന്തമായിരുന്നവയും അവൻ അഭ്യസിച്ചെടുത്തതുമായ പഴയതും പുതിയവയുമായ കാര്യങ്ങൾ കർത്താവിനുവേണ്ടി പ്രയോജനപ്പെടുത്താൻ അവന് അവസരം ലഭിക്കുന്നുണ്ട്. പൗലോസ് സ്വതവേ ജ്ഞാനിയും ന്യയപ്രമാണപണ്ഡിതനും മതഭക്തിയുള്ളവനും ആയിരുന്നുവല്ലോ. ദൈവം തന്നെ തിരഞ്ഞെടുത്തപ്പോൾ തന്റെ പഴയ ജ്ഞാനവും കഴിവുകളും പുതിയ അനുഭവത്തിൽനിന്ന് ആർജ്ജിച്ച കൃപകളുമെല്ലാം കർത്താവിനുവേണ്ടി മാത്രം ഉപയോഗിക്കുവാൻ അവന് സാധിച്ചു. പത്രോസിനെക്കാളും യോഹന്നാനെക്കാളുമൊ ക്കെ ദൈവസഭയുടെ കെട്ടുപണിക്കായി പഴയതും പുതിയതും ഉപയോഗിക്കാൻ ദൈവം അവനെ പ്രാപ്തനാക്കി. മിസ്രയീമിലെ സകല ജ്ഞാനവും അഭ്യസിച്ച മോശ വാക്കിലും പ്രവൃത്തിയിലും സമർത്ഥനായിരുന്നു. പിന്നീട് അവൻ ദൈവത്തിന്റെ അഭ്യസനക്കളരിയിലൂടെ പോയപ്പോൾ ദൈവത്താൽ അതിശക്തമായി ഉപയോഗിക്കപ്പെട്ടു. ലോകം കണ്ടിട്ടുള്ളവരിൽവെച്ച് ഏറ്റവും മികെച്ച നേതാവും കഴിവുറ്റ ഒരു ഭരണാധികാരിയുമായിത്തീർന്നു. അഹരോനെക്കാളും മിര്യാമിനെക്കാളുമെല്ലാം മികെച്ചവനായിത്തീർന്നു.

മൺപാത്രങ്ങളെപ്പറ്റി വചനത്തിലുടനീളം പരാമർശിച്ചിട്ടുണ്ട്. വിവിധ തരത്തിൽ കൈകാര്യം ചെയ്യപ്പെട്ടതും ചെയ്യപ്പെടുന്നവയുമായ മൺപാത്രങ്ങളെപ്പറ്റി വിശദമായി ചിന്തിക്കാം.

**1. ദൈവം ഉടെച്ചുകളയുന്ന മൺപാത്രങ്ങൾ**

*കുശവന്റെ പാത്രം പോലെ അവരെ ഉടെക്കും (സങ്കീ. 2.9)*

*ഞാൻ നിങ്ങളെ ഉടെച്ചുകളയും. നിങ്ങൾ മനോഹരമായൊരു പാത്രം*

*പോലെ വീഴും (യിരെ. 25.34).*

ദൈവത്തിനു വിരോധമായി കലഹിക്കുകയും നിരൂപിക്കുകയും കൂടിയാലോചിക്കുകയും ചെയ്യുന്ന ജീവിതങ്ങളെ ന്യായം വിധിച്ച് ഉടെച്ചുകളയുന്നതായി ഈ ഭാഗത്ത് നാം കാണുന്നു. ചരിത്രത്തിലുടനീളവും ദൈവവചനത്തിലൂടെയും നാം പരതിനോക്കിയാൽ ഒരിക്കലും പുനരുദ്ധരിക്കാൻ കഴിയാത്ത തരത്തിൽ തകർന്നുപോയ ജീവിതങ്ങളെ നാം കാണുന്നുണ്ട്. “എന്റെ ആത്മാവ് സദാ കാലവും വാദിച്ചുകൊണ്ടിരിക്കുകയില്ല” എന്ന് വലിയവനായ ദൈവം തന്നെ പറയുന്നതായി നാം വചനത്തിൽ കാണുന്നുണ്ട് (ഉൽപ്പ. 6.3). വലിയവനായ ദൈവം നീതിയുള്ള ന്യായാധിപതിയാണ്. അവിടന്ന് ജീവിതങ്ങളെ ന്യായം വിധിക്കുന്നതിനു മുൻപ് മനം തിരിഞ്ഞു നല്ലതായി വരുവാൻ ഒരു അവസരം എല്ലാവർക്കും നൽകുന്നുണ്ട്. ഒരിക്കലും വിധേയപ്പെടാത്ത ജീവിതങ്ങളെ ഉടെച്ചുകളയാനും അവിടന്നു മടിക്കുകയില്ല.

**2. അവഗണനയുടെയും ശത്രുതയുടെയും മദ്ധ്യേ തനിയെ ഉടഞ്ഞ പാത്രം**

*ഞാൻ ഒരു ഉടഞ്ഞ പാത്രംപോലെ ആയിരിക്കുന്നു (സങ്കീ. 31.12).*

സങ്കീർത്തനക്കാരൻ തന്റെ അവസ്ഥ വർണ്ണിക്കുന്നത് നാം ഈ സങ്കീർത്തനത്തിൽ കാണുന്നു. ചുറ്റുപാടും ശത്രുക്കളാലും വിരോധികളാലും മൂടപ്പെട്ട അവസ്ഥയിൽ ബലം ക്ഷയിച്ചും ധൈര്യം ചോർന്നും ആശ്വാസം ഒന്നിൽനിന്നും പ്രാപിക്കാനുമില്ലാത്ത അവ സ്ഥയിൽ നീറുന്ന തകർച്ചയുടെ ചിത്രം നാം ഇവിടെ കാണുന്നു. എങ്കിലും തകർന്നപാത്രം പോലെ പല കഷണങ്ങളായി നുറുക്കപ്പെട്ട പാത്രം പോലെ ആയിരിക്കുമ്പോഴും തനിക്കു പ്രത്യാശിക്കാൻ ധാരാ ളം ഉണ്ടെന്ന് അവൻ കണ്ടെത്തുന്നു.

*എങ്കിലും യഹോവേ, ഞാൻ നിന്നിൽ ആശ്രയിച്ചു. നീ എന്റെ ദൈവം എന്ന് ഞാൻ പറഞ്ഞു (സങ്കീ. 31.14).*

*എന്റെ കാലഗതികൾ നിന്റെ കയ്യിൽ ഇരിക്കുന്നു (31.15).*

*നിന്റെ ഭക്തന്മാർക്കുവേണ്ടി നീ സംഗ്രഹിച്ചതും നിന്നിൽ ആശ്രയിക്കുന്നവർക്കുവേണ്ടി മനുഷ്യപുത്രന്മാർ കാൺകെ നീ പ്രവർത്തിച്ചതുമായ നിന്റെ നന്മ എത്ര വലിയതാകുന്നു* (സങ്കീ. 31.19) എന്നിത്യാദിയുള്ള വാഗ്ദത്തങ്ങൾകൊണ്ട് താൻ ധൈര്യപ്പെടുകയാണ്. തന്നെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി തീർന്നിട്ടില്ല എന്നും വീണ്ടും തന്നെ പാകപ്പെടുത്തി ഉപയോഗിക്കാൻ ഒരുങ്ങിയിരിക്കുന്ന വലിയവനായ ദൈവത്തിന്റെ പദ്ധതിക്ക് താൻ പൂർണ്ണമായും വിധേയ പ്പെടുകയാണ് എന്നും നാം കാണുന്നു.

**3. ചീത്തയായിപ്പോയ പാത്രം**

*കുശവൻ കളിമണ്ണുകൊണ്ട് ഉണ്ടാക്കിയ പാത്രം അവന്റെ കയ്യിൽ ചീത്തയായിപ്പോയി (യിരെ. 18.4).*

നല്ലതെന്ന് ഉത്തമബോദ്ധ്യമുണ്ടായതുകൊണ്ടാണ് കുശവൻ മണ്ണ് തിരഞ്ഞെടുത്തതും കുഴിച്ചെടുത്തതും. ആ മണ്ണിനെ അതിന്റേതായ പരിപാടിയിലൂടെയെല്ലാം കടത്തിവിട്ടതും വളരെ പ്രതീക്ഷയോടെ തന്നെയാണ്. പക്ഷേ, എന്തുകൊണ്ടോ വഴങ്ങിക്കൊടുക്കാനുള്ള ഒരു മനോഭാവമോ രീതിയോ അല്ല കുശവൻ മണ്ണിൽ കണ്ടത്. കുശവനുമായി സഹകരിക്കാത്തതുകൊണ്ട് ഉദ്ദേശിച്ചതുപോലെ പൂർണ്ണതയുള്ള ഒരു പാത്രമായി രൂപപ്പെടുവാൻ അതിനു ഭാഗ്യമുണ്ടായില്ല. എങ്കിലും തന്റെ അദ്ധ്വാനം പാഴാക്കാൻ ഇടയാകാതെവണ്ണം കുശവൻ അതിനെ തനിക്ക് തോന്നിയതുപോലെ ഒരു പാത്രമാക്കിത്തീർത്തു.

ഒന്ന് ശ്രദ്ധിക്കൂ. കരുണയുള്ള സ്രഷ്ടാവുമായി സഹകരിക്കുന്നത് എത്ര നല്ലത്! നിന്റെ ജീവിതത്തിൽ കുഴയ്ക്കുന്നതും സമ്മർദ്ദം പ്രയോഗിക്കുന്നതും ചക്രത്തിന്മേൽ വെച്ച് ഉരുട്ടുന്നതുമായ അവസ്ഥയിൽ ആ ദൈവവുമായി പൂർണ്ണമായി സഹകരിക്കുക. വഴങ്ങിക്കൊടുക്കുക. അവിടന്ന് ആഗ്രഹിക്കുന്നതുപോലെ പൂർണ്ണതയുള്ള ഒരു പാത്രമായി നീ തീരട്ടെ. മറിച്ച് സഹകരിക്കാൻ നീ കൂട്ടാക്കുന്നില്ലെങ്കിൽ നഷ്ടം നിനക്കു തന്നെയാണ്. കരുണയുള്ള കർത്താവ് എറിഞ്ഞുകളയാതെ നീ എത്രത്തോളം വിധേയപ്പെടുമോ അത്രത്തോളം മാത്രം ഉപയോഗമുള്ള പാത്രമായി നിന്നെ തീർക്കും.

### 4. ആർക്കും ഇഷ്ടമില്ലാത്ത പാത്രം

*ആർക്കും ഇഷ്ടമില്ലാത്ത പാത്രമോ? (യിരെ. 22.28).*

*അവർ ഇപ്പോൾ ജാതികളുടെ ഇടയിൽ ഇഷ്ടമില്ലാത്ത പാത്രം പോലെയിരിക്കുന്നു (ഹോശേ. 8.8).*

ദൈവം ഇസ്രായേലിനെ സ്വന്തജനമായിട്ടും ശ്രേഷ്ഠജനമായിട്ടും വിശുദ്ധജനമായിട്ടും തനിക്കുവേണ്ടി വേർതിരിച്ചു. എങ്കിലും അവർ തങ്ങളുടെ ശ്രേഷ്ഠപദവി ഗ്രഹിച്ചില്ല. ദൈവം അവരെ തങ്കലേക്ക് തിരിച്ചുകൊണ്ടുവരാനായി അനേകം പ്രവാചകന്മാരെ അയച്ചു. അനേകം അവസരങ്ങൾ നൽകി. എങ്കിലും അവർ ഒന്നും പ്രയോജനപ്പെടുത്തിയില്ല. ഒടുവിൽ ദൈവം അവരെ തള്ളിക്കളഞ്ഞു.

ദൈവം തള്ളിക്കളഞ്ഞ പാത്രമായി തീരാൻ ആർക്കും ഇടയാകാതിരിക്കട്ടെ. ദൈവം അനേകം അവസരങ്ങൾ നൽകിയിട്ടും എല്ലാം അഗണ്യമാക്കിക്കളയുന്നവൻ ദൈവത്താൽ തള്ളപ്പെട്ടവനായിത്തീരുന്നു. ഒരിക്കലും ശുഭം വരാത്തവനായി അവൻ അവസാനിക്കുന്നു. തിരുവചനത്തിലൂടെയും ലോകചരിത്രത്തിൽക്കൂടെയും നാം ഇത് കാണുന്നു.

പ്രവാചകൻ വേറെ ഒരു പരമാർത്ഥം കൂടെ സൂചിപ്പിക്കുകയാണ്. എഫ്രയീം ജാതികളുടെ ഇടയിൽ ഇഷ്ടമില്ലാത്ത പാത്രം പോലെ ഇരിക്കുന്നത്രേ. യഥാർത്ഥ ദൈവമക്കൾ പല ചുറ്റുപാടിലും അങ്ങനെയാണ്. ഒരു കാരണവുമില്ലാതെ ചിലർക്ക് ദൈവമക്കളോട് ഇഷ്ടക്കേടാണ്. അതെത്ര

മറെച്ചുവെച്ചാലും പുറത്തുവരിക തന്നെ ചെയ്യും. എത്ര നന്നായി പെരുമാറിയാലും ഒരു മാറ്റവുമില്ലാത്ത അവസ്ഥ തോന്നിയിട്ടില്ലേ? ഒരു കാരണവുമില്ലാതെ അങ്ങോട്ടുമിങ്ങോട്ടും ഇട്ട് തട്ടുന്ന അവസ്ഥ അനുഭവിച്ചിട്ടില്ലേ? ഇതെന്തുകൊണ്ടാണെന്ന് പലപ്പോഴും ചിന്തിച്ചിട്ടില്ലേ? പൈശാചികശക്തിയുടെ നിയന്ത്രണത്തിലുള്ളവർക്ക് ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരെ കാണുന്നതേ കയ്പ്പാണ്. എല്ലാ കാലങ്ങളിലും തലമുറകളിലും ഈ പ്രതിഭാസം ഉണ്ട്.

**5. പകരപ്പെട്ട പാത്രം**

*അവനെ പാത്രത്തിൽനിന്ന് പാത്രത്തിലേക്ക് പകരുകയോ... (യിരെ. 48.11).*

പകർന്നുവെക്കുന്നത് ഉപയോഗിക്കാനാണ്. പകരപ്പെടാത്ത പാ ത്രങ്ങളിലുള്ളത് കാലക്രമേണ ദുഷിച്ചുപോകും. തന്നിൽത്തന്നെ ഒതുങ്ങിക്കൂടിയ പാത്രങ്ങളായി ഇന്ന് അനേകർ ജീവിക്കുന്നു. കുറെക്കഴിയുമ്പോൾ കെട്ടിനിന്ന ജലം മലീമസമാകുന്നതുപോലെ ഇവരും മലിനരായിത്തീരും. ആർക്കും ഒന്നിനും പ്രയോജനമില്ലാത്ത വരൾച്ചയുടെ അനുഭവത്തിലേക്ക് ക്രമേണ എത്തിച്ചേരുന്നതു കാണാം. എന്നാൽ പകരുമ്പോൾ മണം, ഗുണം എല്ലാം പങ്കുവെക്കപ്പെടുകയാണ്.

**6. തനിക്കായി തിരഞ്ഞെടുത്ത പാത്രം**

*അവൻ എന്റെ നാമം ജാതികൾക്കും രാജാക്കന്മാർക്കും യിസ്രായേൽ മക്കൾക്കും മുമ്പിൽ വഹിപ്പാൻ ഞാൻ തിരഞ്ഞെടുത്തിരിക്കുന്നോരു പാത്രം ആകുന്നു (അപ്പൊ. 9.15).*

(1) തന്റേതായ പാത്രം എന്നത് ഉടമസ്ഥതയെ കുറിക്കുന്നു. ആർ ക്കും ചോദ്യം ചെയ്യാനാവാത്തവിധം ഉടമസ്ഥാവകാശം വലിയവനായ ദൈവത്തിനുണ്ട്.

(2) അനേകം പാത്രങ്ങളുടെ ഇടയിൽനിന്ന് തന്റെ ഉപയോഗത്തിന് ഏറ്റവും ഉത്തമം എന്നു കണ്ട് തിരഞ്ഞെടുത്തതാണ്.

(3) അവിടത്തെ നാമം ജാതികളുടെയും രാജാക്കന്മാരുടെയും ഇടയിൽ ഘോഷിക്കാനായി വേർതിരിച്ച പാത്രമാണ്. അതായത് ഉടമസ്ഥാവകാശം, തിരഞ്ഞെടുപ്പ്, ഉദ്ദേശ്യം ഇവ മൂന്നും സമ്മേളിച്ചിരിക്കുന്ന പാത്രമാണ്.

ശൗൽ ദമസ്കോസിന്റെ പടിവാതിൽക്കൽവെച്ച് കർത്താവുമായി കണ്ടുമുട്ടി. തുടർന്ന് മൂന്നു ദിവസം കണ്ണു കാണാതെ തകർന്നവനായി കിടന്നപ്പോൾ ദൈവം അനന്യാസിനെ അവന്റെ അടുക്കലേക്ക് അയച്ചു. ശൗൽ ആരാണെന്നും അവന്റെ ഉദ്ദേശ്യം എന്താണെന്നും അനന്യാസ് ദൈവത്തിന് മനസ്സിലാക്കിക്കൊടുക്കാൻ ഒരുമ്പെടുന്നു. അപ്പോൾ കർത്താവ് നൽകുന്ന മറുപടിയാണ് ഈ ഭാഗം. ശൗൽ അന്നുവരെ ഏവരുടെയും മുമ്പിൽ ഈ നാമത്തെ ഏറ്റവും നിന്ദിച്ച് ദുഷിക്കുന്നവനായിരുന്നു. എന്നാൽ ദൈവം

ശൗൽ എന്തായിത്തീരും എന്ന് മുന്നമേ കണ്ടിട്ട് അവൻ തെരഞ്ഞെടുക്കപ്പെട്ട ഒരു പാത്രമാണ് എന്ന് വെളിപ്പെടുത്തിക്കൊടുക്കുന്നു.

തനിക്കായി തന്റെ ഉദ്ദേശ്യത്തിനായി ശൗൽ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്രേ. രാജാക്കന്മാർ ചോദ്യം ചെയ്യപ്പെടാനാവാത്ത വിധം അധികാരവും ശക്തിയും ഉള്ളവരാണെന്നാണു വെയ്പ്പ്. ജാതികൾ ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനവും വിവേകവും ഇല്ലാത്തവരാണെന്നാണ് സങ്കൽപ്പം. യിസ്രായേലാണെങ്കിലോ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവർ എന്ന് പണ്ടു തൊട്ടേ പേരും പെരുമയും അവകാശപ്പെടുന്നവരാണ്! ഈ മൂന്നു കൂട്ടരുടെയും മുമ്പിൽ തന്റെ നാമം വഹിക്കാൻ താൻ തനിക്കായി തിരഞ്ഞെടുത്ത പാത്രമാണ് ശൗൽ എന്നത്രേ കർത്താവ് വെളിപ്പെടുത്തിക്കൊടുക്കുന്നത്. ഓരോ കാലഘട്ടത്തിലും തലമുറയിലും ദൈവികശുശ്രൂഷ ദൈവ നിയോഗപ്രകാരം ദൈവം ആഗ്രഹിക്കുന്നതുപോലെ പ്രവർത്തിക്കാനായി ചിലരെ തിരഞ്ഞെടുക്കാൻ ദൈവത്തിന് കരുണ തോന്നുന്നു.

യിരെമ്യാവ് 1.5-ൽ നാം കാണുന്നത് ദൈവം യിരെമ്യാവിനെ താൻ ഉദരത്തിൽ ഉരുവാകുന്നതിനു മുമ്പേ അറിഞ്ഞ് വിശുദ്ധീകരിച്ച് ജാതികൾക്ക് പ്രവാചകനായി നിയമിച്ചു എന്നാണ്. 10-ാം വാക്യം ശ്രദ്ധിച്ചാലും. നിർമ്മൂലമാക്കാനും പൊളിക്കാനും നശിപ്പിക്കാനും ഇടിച്ചുകളയുവാനും മാത്രമല്ല, പണിയാനും നടുവാനും വേണ്ടി ദൈവം തന്നെ ഒരുക്കി തെരഞ്ഞെടുത്തത്രേ.

യെശയ്യാവ് 49.2-ൽ നാം വേറെ ഒരു തിരഞ്ഞെടുപ്പ് കാണുന്നു. യഹോവ ഗർഭം മുതൽ വിളിച്ച് അമ്മയുടെ ഉദരത്തിൽ ഇരിക്കയിൽ തന്നെ പേർ പ്രസ്താവിച്ചത്രേ. മാത്രമല്ല, മൂർച്ചയുള്ള വാളാക്കി തന്റെ വായെ തീർത്തു. എന്നിട്ട് ദൈവകരത്തിൽ ഉപയോഗിക്കപ്പെടാനായി മാത്രം വേർതിരിച്ച് തന്റെ കയ്യുടെ നിഴലിൽ ഒളിപ്പിച്ചു. അതുപോലെ മിനുക്കിയ അമ്പാക്കിത്തീർത്തിട്ട് തന്റെ പൂണിയിൽ മറെച്ചുവെച്ചു. അതുപോലെ അന്നും ഇന്നും എന്നും ദൈവം തനിക്കായി അനേകരെ തിരഞ്ഞെടുക്കുന്നുണ്ട്. നീയും ഞാനും ദൈവകരങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ട പാത്രങ്ങളായിത്തീരട്ടെ.

**7. കരുണാപാത്രം**

*ജാതികളിൽനിന്നും വിളിച്ച് തേജസ്സിനായി മുന്നൊരുക്കിയ കരുണാപാത്രങ്ങളായ നമ്മിൽ... (റോമ. 9.23).*

ദൈവകരുണ വെളിപ്പെടാനായി ദൈവം ഒരുക്കിയ കരുണാപാത്രങ്ങളും ഉണ്ട്. ദാവീദ് ചെറുപ്പത്തിൽ ആടിപ്പാടി നടന്ന ഒരു ആട്ടിടയനായിരുന്നു. താനൊരിക്കലും യിസ്രായേലിന്റെ രാജാവാകുമെന്ന് സ്വപ്നത്തിൽപ്പോലും സങ്കൽപ്പിച്ചിരുന്നതല്ല. എന്നിട്ടും ദൈവകരുണ അവന്റെ മേൽ ചൊരിഞ്ഞു. ഏശാവ് മൂത്തവനായിട്ടും ജനിക്കുന്നതിനു മുമ്പ് യാക്കോബിനെ തെരഞ്ഞടുത്തു. സകല ജഡവും ജലപ്രളയത്താൽ നശിക്കപ്പെടാൻ വിധിക്കപ്പെട്ടപ്പോൾ നോഹയ്ക്ക് ദൈവത്തിന്റെ കൃപ ലഭിച്ചല്ലോ.

**8. വിശുദ്ധിക്കായി വേർതിരിച്ച പാത്രം (1തെസ്സ. 4.4)**

ജാതികളെപ്പോലെ എന്തും ചിന്തിച്ച് എന്തും കാണിച്ച് എന്തും പറഞ്ഞ് എങ്ങനെയും ജീവിക്കാനല്ല നമ്മെ തിരഞ്ഞെടുത്തിരിക്കുന്നത്. വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാനും ദിവ്യസ്വഭാവത്തിന് കൂട്ടാളിയാകുവാനും സ്ഥായിയായ നിലവാരം ജീവിതത്തിലുടനീളം പ്രതിഫലിപ്പിക്കുവാനും ദൈവം നമ്മെക്കുറിച്ച് പ്രതീക്ഷിക്കുന്നു.

**9. ഒരുക്കപ്പെട്ട പാത്രം (റോമ. 9.22-23)**

*തേജസ്സിനായി മുന്നൊരുക്കിയ കരുണാപാത്രങ്ങളായ....*

ഒരുക്കപ്പെടുന്ന പാത്രത്തിൽ മഹത്വം വെളിപ്പെടുത്തുന്ന ദൈവമാണ് നമ്മുടെ ദൈവം. മഹത്വം വെളിപ്പെടുത്തുന്നതിനു മുമ്പ് ഒരു ക്രമീകരണം അഥവാ തയ്യാറെടുപ്പ് കൂടിയേ തീരൂ.

**10. തന്നെത്താൻ ഒരുക്കുന്ന പാത്രം**

*ഇവയെ വിട്ടകന്ന് തന്നെത്താൻ വെടിപ്പാക്കുന്നവൻ വിശുദ്ധവും ഉടമസ്ഥന് ഉപയോഗവുമായി നല്ല വേലയ്ക്ക് ഒക്കെയും ഒരുങ്ങിയിരിക്കുന്ന മാനപാത്രം ആയിരിക്കും (2തിമോ. 2.21).*

തിരഞ്ഞെടുപ്പ് എന്നത് ദൈവം നിവർത്തിക്കുന്ന ഭാഗമാണ്. ദൈവിക തിരഞ്ഞെടുപ്പ് ഒരു വ്യക്തിയുടെ മേൽ വന്നു പതിക്കുമ്പോൾ സ്വയമായി ഏറ്റെടുത്ത് തന്നെത്തന്നെ വിധേയപ്പെടുത്തിയും ഒരുക്കിയും കൊടുക്കുന്നത് ആ വ്യക്തിയുടെ ചുമതലയാണ്. അതേ അദ്ധ്യായം പതിനാലാം വാക്യം മുതൽ എങ്ങനെ വിട്ടുകൊടുക്കണം എന്ന് പറഞ്ഞിരിക്കുന്നു.

ഒരു ഭവനത്തിൽ കല്ലും മണ്ണും മരവും ലോഹവും (ഇപ്പോൾ പ്ലാസ്റ്റിക്കും) കൊണ്ടൊക്കെ ഉണ്ടാക്കപ്പെട്ടിട്ടുള്ള അനവധി പാത്രങ്ങളുണ്ട്. വിവിധതരത്തിലുള്ള ആവശ്യങ്ങൾക്കായി ഈ പാത്രങ്ങൾ ഉപകരിക്കുമെങ്കിലും എല്ലാ പാത്രങ്ങൾക്കും മാനപാത്രം എന്ന പദവി ലഭിക്കുകയില്ല. ഒരുവൻ മാനപാത്രമാകണമെങ്കിൽ താൻ തന്നെ പല കാര്യങ്ങൾ ക്രമീകരിക്കണമെന്ന് തിരുവചനം പഠിപ്പിക്കുന്നു. അതായത് അവന്റെ മനസ്സൊരുക്കം, വിധേയത്വം, ആഗ്രഹം, നിശ്ചയദാർഢ്യം തുടങ്ങിയവ ഏകോപിച്ചുള്ള ഒരു പ്രയത്നം ഇതിന്റെ പിമ്പിലുണ്ട്. അവൻ താഴെ പറഞ്ഞിരിക്കുന്നവയിൽ നിന്ന് തന്നെത്താൻ വെടിപ്പാക്കുന്നവൻ ആയിരിക്കേണം.

(1) ഈ ലോകത്തിലെ കാര്യങ്ങൾ (2 തിമോ. 2.4).

(2) പിന്മാറ്റം (2തിമോ. 2.12).

(3) അവിശ്വാസം (2തിമോ. 2.13).

(4) വിശ്വാസത്തെ നശിപ്പിക്കുന്ന ദുരുപദേശങ്ങൾ (2തിമോ. 2.14,18).

(5) വ്യർത്ഥാ സംഭാഷണങ്ങൾ (2തിമോ. 2.16,17).

(6) ദുരുപദേഷ്ടാക്കന്മാർ (2തിമോ. 2.17,18).

(7) എല്ലാ അനീതിയും (2തിമോ. 2.19,20).

ഒരു വീട്ടിൽ വിശേഷപ്പെട്ട മനോഹരപാത്രം മുതൽ ബക്കറ്റ്, പ്ലാസ്റ്റിക്ക് മഗ്, കോളാമ്പി, വെയ്സ്റ്റ് ബാസ്കറ്റ് തുടങ്ങി അനവധി പാത്രങ്ങളുണ്ട്. ഇവയെല്ലാം വീട്ടാവശ്യത്തിന് അതതിന്റെ നിലകളിൽ ആവശ്യമുള്ളവ യാണ്. ഒന്നും ആവശ്യമില്ല എന്നു കരുതാൻ പറ്റില്ല. പക്ഷേ, നീ ദൈവ ത്താൽ തെരഞ്ഞടുക്കപ്പെട്ടു എങ്കിലും നീ എവിടെയായിരിക്കണം അഥവാ എങ്ങനെ പ്രയോജനപ്പെടണം എന്നുള്ള തിരഞ്ഞെടുപ്പും തീരുമാനവും നിന്റേതു മാത്രമാണ്. വല്ല വിധത്തിലും വീട്ടിലെ ഏതെങ്കിലും ഒരു പാത്ര മായല്ലോ എന്ന് കരുതി നീ ആശ്വസിക്കുകയാണോ? അതോ ശ്രേഷ്ഠമായ ഉൾക്കാഴ്ച നിനക്കുണ്ടോ?

ഇങ്ങനെ സ്വയമായി വെടിപ്പാക്കാൻ നിശ്ചയിച്ചിരിക്കുന്ന പാത്രത്തെ ഉട മസ്ഥൻ എടുത്ത് മാനപാത്രമാക്കും. ഏതെങ്കിലും ഒരു പാത്രമായിരുന്നാൽ മതിയോ അതോ ഉടമസ്ഥന് പ്രയോജനമുള്ള പാത്രമായിരിക്കണമോ എന്ന് നീ തന്നെ തീരുമാനിക്കുക. എത്ര ത്തോളം വിധേയപ്പെടുത്തുമോ അത്ര ത്തോളം ദൈവം നിന്നെ ഉപയോഗിക്കും. നീ ഒരു പരിധിവെച്ചു മാത്രം ദൈവത്തിന് വിട്ടുകൊടുത്താൽ പരിമിതമായ അളവിൽ മാത്രമേ നിന്നെ ഉപയോഗിക്കാൻ അവിടത്തേക്ക് സാദ്ധ്യമാകൂ.

**11. കോപപാത്രം**

*നാശയോഗ്യമായ കോപപാത്രങ്ങളെ വളരെ ക്ഷമയോടെ സഹിച്ചു... (റോമ. 9.24).*

ദൈവകോപം വെളിപ്പെടുത്താനായി കാലാകാലങ്ങളിൽ ദൈവം ചില പാത്രങ്ങളെ ഉപയോഗിക്കുന്നുണ്ട്. ചരിത്രത്തിലും നാമിത് കാണുന്നുണ്ട്.

ദൈവവചനത്തിൽ ഫറവോൻ, ഹെരോദാവ് തുടങ്ങിയവരെ ഇതിന് ദൃഷ്ടാന്തമായിക്കാണാം. ദൈവം നീതിയുള്ള ന്യായാധിപതിയാണ്. ഒരു വ്യക്തിയെയോ സമൂഹത്തെയോ നശിപ്പിക്കുന്നതിനു മുൻപ് ധാരാളം മുന്ന റിയിപ്പുകളും അവസരങ്ങളും കൊടുക്കുന്നു. ഫറവോൻ ദൈവത്തിന്റെ അത്ഭുതശക്തിയുമായി പല തവണ ഏറ്റുമുട്ടി. എങ്കിലും ലഭിച്ച അവസര ങ്ങളൊന്നും ഉപയോഗിച്ചില്ല. അവസാനം തകർന്നുപോയി. അതുപോലെ ഹെരോദാരാജാവിനും അവസരങ്ങൾ കിട്ടി. മുഖത്തുനോക്കി തെറ്റ് ചൂ ണ്ടിക്കാണിച്ച യോഹന്നാൻസ്നാപകനെ തന്റെ ജയിലിൽ അനവധി നാൾ കാത്തു. യോഹന്നാൻ നീതിയും വിശുദ്ധിയുമുള്ള പുരുഷൻ (മർക്കൊ. 6.20) എന്ന് ഹെരോദാവ് അറിഞ്ഞ് അവനെ ഭയപ്പെടുകയും അവനെ കാത്തുകൊള്ളുകയും ചെയ്തു. അവന്റെ വചനം കേട്ട് വളരെ കലങ്ങി യെങ്കിലും സന്തോഷത്തോടെ കേട്ടുപോന്നു. യേശുകർത്താവിനെയും ഹെരോദാവിന് തന്റെ കയ്യിൽ കുറെ സമയത്തേക്ക് കിട്ടി. ലഭിച്ച അവസര ങ്ങളൊന്നും ഉപയോഗിക്കാതെ ഒടുവിൽ പരിതാപകരമായ ഒരു പതനത്തി ലാണ് അവന്റെ ജീവിതം അവസാനിച്ചത് (അപ്പൊ. 12.23). യിസ്രായേലിന്റെ രാജാവാകാൻ തിരഞ്ഞെടുക്കപ്പെട്ട ശൗൽ ഗിൽബോവപർവ്വതത്തിൽ ഗതി

യില്ലാത അസ്തമിക്കേണ്ടവനല്ലായിരുന്നു. നെബൂഖദ്നേസർരാജാവ് അഹ ങ്കാരം കൊണ്ടു മതിമറന്നപ്പോൾ അൽപ്പകാലത്തേക്ക് താൻ ഒരു കോപപ ാത്രമായി മാറി. വാഴുകയും വാഴിക്കുകയും ചെയ്യുന്ന ഒരു അത്യുന്നതൻ ഉണ്ട് എന്ന് ഗ്രഹിക്കുന്നതുവരെ (ദാനീ. 4.17). താൻ ഒരു കോപപാത്രമായി കഴിയേണ്ടിവന്നു. അന്നും ഇന്നും എന്നും കോപപാത്രങ്ങളായി അസ്തമി ക്കുന്നവർ ഉണ്ട്. നമുക്കാർക്കും ആ ഗതി വരാതിരിക്കട്ടെ.

**12. വെറുമ്പാത്രം (2രാജാ. 4.3-6)**

*നീ ചെന്ന് നിന്റെ അയൽക്കാരോടൊക്കെയും വെറുമ്പാത്രങ്ങൾ വായ്പ വാങ്ങുക (2രാജാ. 4.3).*

പല വീടുകളിലും ഉപയോഗിക്കാനായി വാങ്ങിവെച്ചു എങ്കിലും ഇതുവ രെയും ഉപയോഗിക്കാനിടയാകാത്ത അനവധി പാത്രങ്ങളുണ്ട്. അവയാണ് ഈ വെറുമ്പാത്രങ്ങൾ. എലീശയുടെ അടുക്കൽ ആവലാതിയുമായി വന്ന വിധവയോട് വെറുമ്പാത്രങ്ങൾ ധാരാളം വാങ്ങി പുരയ്ക്കകത്തുവെച്ച് എണ്ണ പകരാൻ എലീശാ ഉപദേശിക്കുന്നതായി നാം ഈ വേദഭാഗത്ത് വായിക്കുന്നു. പാത്രങ്ങൾ കടം ചോദിക്കുമ്പോൾ സ്വാഭാവികമായും ഉപ യോഗമില്ലാതെ മാറ്റിവെച്ചിരിക്കുന്ന വെറുമ്പാത്രങ്ങളാവാം കൊടുത്തത്. മാറ്റിവെച്ചിരിക്കുന്നവയെല്ലാം കർത്താവിനാവശ്യമുണ്ട്. എന്നെ ഒന്നിനും കൊള്ളില്ല. ആർക്കും വേണ്ടാത്ത ഞാൻ ഈ മൂലയിൽ ചുരുണ്ടിരിക്കാം എന്ന് ആരും പറയേണ്ട. നിറഞ്ഞുകവിഞ്ഞ് കടം വീട്ടി സമ്പന്നരാക്കുന്ന ശുശ്രൂഷയിൽ പങ്കാളിയായി നിറഞ്ഞു ശോഭിക്കാൻ ദൈവത്തിന് ഇവരെ ആവശ്യമുണ്ട്.

ദൈവം തമ്പുരാൻ സകല വ്യക്തികൾക്കും ഓരോരോ താലന്തുകൾ നൽകിയിട്ടുണ്ട്. അവനവന്റെ പ്രാപ്തിപോലെയാണ് വൈവിധ്യമായി നൽ കിയിരിക്കുന്നത് എന്ന് താലന്തുകളുടെ ഉപമയിൽ വ്യക്തമാക്കിയിട്ടുണ്ട്. അവയെന്താണെന്ന് മനസ്സിലാക്കി വികസിപ്പിച്ച് ദൈവനാമമഹത്വത്തിനു വേണ്ടിയും അവരവരുടെ അനുഗ്രഹത്തിനുവേണ്ടിയും പ്രയോജനപ്പെടു ത്താനാണ് ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്. അവയെ നഷ്ടപ്പെടു ത്താതെ എന്നാൽ പ്രയോജനപ്പെടുത്താതെ കുഴിച്ചിട്ട ദാസനെ "ദുഷ്ടനും മടിയനുമായ ദാസനേ" എന്നാണ് താലന്തു ഭരമേൽപ്പിച്ചവൻ വിളിക്കുന്നത്. അതേ വെറുമ്പാത്രമായി നിഷ്ക്രിയരായി ഇരിക്കാൻ ദൈവം ആരെക്കു റിച്ചും ആഗ്രഹിക്കുന്നില്ല.

**13. കൽപ്പാത്രം (യോഹ. 2.6-10)**

*...രണ്ടോ മൂന്നോ പറ വീതം കൊള്ളുന്ന ആറു കൽപ്പാത്രം ഉണ്ടായി രുന്നു (യോഹ. 2.6).*

എല്ലാവർക്കും സുപരിചിതമായ സംഭവമാണ് കാനാവിലെ കല്യാണവി രുന്നിൽ യേശു ചെയ്ത അത്ഭുതം. ഇത്രയും വലിയ ശുശ്രൂഷ ഇങ്ങനെ യുള്ള ഒരു പ്രതിസന്ധിഘട്ടത്തിൽ ചെയ്യാൻ ഈ കൽപ്പാത്രങ്ങൾക്കു

കഴിഞ്ഞു എന്ന് ആര് വിശ്വസിക്കും? പുറത്ത് കാൽകഴുകാനായി മാറ്റി വെച്ച പാത്രങ്ങൾ! പ്രത്യേക ആകർഷണീയത ഒന്നുമില്ലാതെ പ്രത്യേക പരിഗണനകളൊന്നും ആഗ്രഹിക്കയോ പ്രതീക്ഷിക്കുകയോ ചെയ്യാതെ തങ്ങളുടെ ചുമതല വിശ്വസ്തതയോ ടെ നിറവേറ്റിയ കൽപ്പാത്രങ്ങൾ! എന്നാൽ തമ്പുരാന് അത്ഭുതം പ്രവർത്തിക്കാൻ തക്ക സമയം വന്നപ്പോൾ സ്വയം ഏൽപ്പിച്ചുകൊടുത്ത പാത്രങ്ങൾ അവയായിരുന്നു.

ഇതുപോലെയുള്ള ജീവിതങ്ങളെ ശ്രദ്ധിച്ചിട്ടില്ലയോ? തങ്ങളെ ഏൽപ്പിച്ച ശുശ്രൂഷ ദാഹത്തോടെയും വിശ്വസ്തതയോടെയും ശ്രദ്ധയോടെയും ചെയ്തവർക്ക് തക്കസമയം വരുമ്പോൾ ഏറ്റവും പ്രയോജനകരമായ ശുശ്രൂഷ ചെയ്യാനായി ഒരു വ്യവസ്ഥയുമില്ലാതെ വിട്ടുകൊടുക്കാൻ ഒരു പ്രയാസവുമില്ല. കൂടുതലൊന്നും ആലോചിക്കാനുമില്ല. ഇന്നും ഇങ്ങനെയുള്ള പാത്രങ്ങളെ ദൈവത്തിന് ആവശ്യമുണ്ട്.

അരിമത്ഥ്യയിലെ യോസേഫ് തക്കസമയം വന്നപ്പോൾ പുറത്തേക്ക് വന്നു. കർത്താവിനുവേണ്ടി പ്രയോജനപ്പെടാൻ സ്വയം സമർപ്പിച്ചു. കോരഹ്പുത്രന്മാർ സമാഗമനകൂടാരത്തിന്റെ വാതിൽകാവൽക്കാരാകാൻ നിയമിക്കപ്പെട്ടിരുന്നു (1ദിന. 9.19) വാതിൽ കാവൽക്കാരുടെ ശുശ്രൂഷ അത്യന്താപേക്ഷിതമാണെങ്കിലും അകത്തു നടക്കുന്ന ആനന്ദത്തിലും ആരാധനയിലുമൊന്നും പങ്കെടുക്കാൻ അവർക്ക് വിധിച്ചിട്ടില്ല. ഇടയ്ക്കിടയ്ക്ക് ഒഴിവു കിട്ടുന്ന ദിനങ്ങളിലാവാം അകത്തെ സന്തോഷത്തിൽ പങ്കാളിയാകാൻ സാധിക്കുക. മറ്റുള്ളവർക്ക് അടയാളമാകാൻ വേണ്ടി ശേഷിപ്പിക്കപ്പെട്ടവർ (സംഖ്യ 26.11) എന്നാണ് അവരെക്കുറിച്ച് വചനം പറയുന്നത്. അവരുടെ കുടുംബത്തിലെ പ്രിയപ്പെട്ടവരെയെല്ലാം ഭൂമി വായ് തുറന്നു വിഴുങ്ങി. അവരുടെ സ്വത്തുക്കളെല്ലാം നഷ്ടപ്പെട്ടു. മറ്റുള്ളവരുടെ മുമ്പിൽ ഒരു പക്ഷേ, നിന്ദാപാത്രമായി ത്തീർന്നവരാണ് അവർ. സങ്കീ. 42 മുതൽ 49 വരെയും 84-ാം സങ്കീർത്തനവുമൊക്കെഅവരുടെ ആത്മാവിന്റെ രോദനമാണ്.എക്കാലവും ഭക്തന്മാർക്ക് ആശ്വാസവും ധൈര്യവും പ്രചോദനവും നൽകുന്ന ഈ സങ്കീർത്തനങ്ങൾ അവരുടെ ജീവിതാനുഭവങ്ങളിൽ നിന്ന് ഉടലെടുത്തവയാണ്. അതുപോലെ യോശുവ മോശയുടെ സേവകൻ അഥവാ ബാല്യക്കാരനായി മോശയുടെ ജീവിതാന്ത്യം വരെ കഴിച്ചുകൂട്ടിയവനാണ്. വളരെ പ്രഗൽഭനായ മോശയ്ക്ക് ലഭിച്ച അംഗീകാരമോ ബഹുമാനമോ ഒരിക്കലും അവന് സ്വാഭാവികമായും ലഭിച്ചിരിക്കാനിടയില്ല. മോശയുടെ കാലശേഷം ആ പദവി കാംക്ഷിച്ചിരുന്ന അനേകം ഗോത്രത്തലവന്മാരും പ്രഭുക്ക ന്മാരും യിസ്രായേലിലുണ്ടായിരുന്നു താനും. പക്ഷേ, ദൈവം തിരഞ്ഞെടുത്തത് പ്രത്യേക പദവിയോ സ്വപ്നമോ ഒന്നുമില്ലാതെ തന്റെ ജോലി വിശ്വസ്തതയോടെ ചെയ്ത യോശുവയെയാണ്. ദൈവം അവനെ തിരഞ്ഞെടുത്ത് അവിടത്തെ സാന്നിധ്യം വാഗ്ദത്തം ചെയ്ത് ധൈര്യപ്പെടുത്തി മികച്ച യോദ്ധാവും നേതാവുമാക്കിത്തീർത്തു. മാത്രമല്ല,

എല്ലാവരും തന്നെ ബഹുമാനിക്കത്തക്കവിധം അവനെ വലിയവനാക്കി (യോശുവ 24.14).

**14. നിറഞ്ഞുകവിയുന്ന പാത്രം**

*എന്റെ പാനപാത്രവും നിറഞ്ഞുകവിയുന്നു (സങ്കീ. 23.5).*

നിറഞ്ഞുകവിയുന്ന അനുഭവമാണ് ദൈവം തന്റെ മക്കൾക്ക് ഒരുക്കിയിരിക്കുന്നത്. അനുഗ്രഹത്തിന്റെ പൂർണ്ണതയെയാണ് നിറഞ്ഞുകവിയുന്ന അനുഭവം കാണിക്കുന്നത്. പരിശുദ്ധാത്മനിറവ് പ്രാപിച്ച ഒരു ജീവിതത്തിന്റെ അനുഭവമാണ് ഇത്. നാമെല്ലാവരും ആത്മികമായോ ഭൗമികമായോ മാനസികമായോ ബുദ്ധിപരമായോ ഒന്നും ഒരേ നിലവാരത്തിലുള്ളവരല്ല. ഏതു സമൂഹത്തിലും സഭയിലും കൂട്ടത്തിലും വിവിധതരം വ്യക്തികളുണ്ട്. അവരൊക്കെ അവരവരുടെ സാഹചര്യങ്ങൾക്കും ചുറ്റുപാടുകൾക്കുമനുസരിച്ച് പല തട്ടുകളിലായിരിക്കും. എങ്കിലും നിറഞ്ഞുകവിയുന്ന അനുഭവം ദൈവം അവനവന്റെ പ്രാപ്തിക്കനുസരിച്ച് എല്ലാവർക്കും നൽകിയിരിക്കുന്നു. ഒരു കപ്പിന് അൽപ്പം വ്യാപ്തിയേയുള്ളൂ. എങ്കിലും അതിന് കവിഞ്ഞൊഴുകാൻ സാധിക്കും. അൽപ്പം കൂടെ വലുതായ മഗ്ഗിനും കവിഞ്ഞൊഴുകാൻ സാധിക്കും. ഒരു ബക്കറ്റിന്, ഒരു കുട്ടകത്തിന്, ഒരു ടാങ്കിന്, ഒരു കിണറിന്, ഒരു തോടിന്, ഒരു നദിക്ക് എന്നിങ്ങനെ എന്തു വ്യാപ്തി ഉണ്ടോ അവയ്ക്കെല്ലാം അതതിന്റെ നിലകളിൽ കവിഞ്ഞൊഴുകാൻ സാധിക്കും. ഈ കവിഞ്ഞൊഴുക്കിന്റെ തോതിന് വ്യത്യസ്തത ഉണ്ടെന്നു മാത്രം. യേശുകർത്താവിന്റെ അടുക്കൽവരുന്ന ഓരോ വ്യക്തിക്കും കവിഞ്ഞൊഴുക്കിനെ വാഗ്ദത്തം ചെയ്തിരിക്കുന്നു. ഒരു കപ്പിന്റെ അളവേ നിനക്കുള്ളൂ എങ്കിലും കവിഞ്ഞൊഴുക്ക് പ്രാപിക്കാം. പക്ഷേ, നിന്റെ വ്യാപ്തി എന്നും അതായിരിക്കണമെന്നില്ല. ദൈവവചനധ്യാനത്തിലും സമർപ്പണത്തിലും മുന്നേറിക്കൊണ്ടിരിക്കുമ്പോൾ നിന്റെ വ്യാപ്തി അഥവാ ഉൾക്കൊള്ളാനുള്ള കഴിവ് കൂടിക്കൊണ്ടേയിരിക്കും. അതനുസരിച്ച് ദൈവാത്മാവ് നിന്നെ കൂടുതലായി നിറെച്ചുകൊണ്ടേയിരിക്കും. ക്രമേണ നീ ഒരു നദിയായി മാറും. കർത്താവ് പറയുന്നത് (യോഹ. 7.37) തന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽനിന്ന് തിരുവെഴുത്ത് പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്നാണ്. അനേകരെ പോഷിപ്പിക്കാനായി ഈ നദി ദൈവം ഒഴുക്കിത്തന്നിരിക്കുകയാണ്. ഈ നദി ചെന്ന് ചേരുന്നിടത്തെല്ലാം ചലിക്കുന്ന സകല പ്രാണികളും ജീവിച്ചിരിക്കും (യെഹെ. 47.9). അതുപോലെ അനേകർക്ക് അനുഗ്രഹം പകരുന്ന നിറഞ്ഞുകവിയുന്ന ഒരു പാത്രമായി നീ മാറ്റപ്പെടട്ടെ.

**15. പരിഭ്രമപാത്രം**

*ഞാൻ യെരുശലേമിനെ ചുറ്റുമുള്ള സകല ജാതികൾക്കും ഒരു പരിഭ്രമപാത്രം ആക്കും (സെഖ. 12.2).*

ഈ തിരുവെഴുത്തിന് നിവൃത്തി വരുന്ന ഒരു കാലഘട്ടത്തിലേ ക്കാണ് നാം വന്നെത്തിയിരിക്കുന്നത്. "അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങ ളുടെ സന്തതിമേലും വരട്ടെ" എന്ന് യഹൂദാജനം ഏറ്റുപറഞ്ഞ് ശാപം ഏറ്റെ ടുത്തു. ലോകമുണ്ടായ കാലം മുതൽ ഒരു ജാതിയും അനുഭവിക്കാത്ത തരത്തിലുള്ള തീവ്രമായ ദുരിതങ്ങളിലൂടെയാണ് ആ ജനം കടന്നുപോയത്. ലോകത്തിന്റെ നാനാ ദിക്കിലേക്കും ചിതറിക്കപ്പെട്ട യഹൂദജനം വീണ്ടും ഒത്തൊരുമിക്കുമെന്ന് ആരു കണ്ടു? ഒന്നാം ലോകമഹായുദ്ധത്തിന്റെ പ രിണിതഫലമായി സംഭവിച്ച വലിയ കാര്യം സഖ്യകക്ഷികൾ തുർക്കിക ളുടെ കയ്യിൽനിന്നു പലസ്തീൻ പിടിച്ചെടുത്ത് അതിൽ ലോകമെമ്പാടു മുള്ള യഹൂദർക്ക് കുടിയേറിപ്പാർക്കാനുള്ള അവകാശം കൊടുത്തതാണ്. രണ്ടാമത്തെ ലോക മഹായുദ്ധത്തിനുശേഷം സംഭവിച്ച ഏറ്റവും വലിയ കാര്യം 1948ൽ ഇസ്രായേൽരാജ്യം സ്ഥാപിതമായി എന്നുള്ളതാണ്. പിന്നീടുള്ള ആ രാജ്യത്തിന്റെ വളർച്ച ശീഘ്രഗതിയിലായിരുന്നു. ചുറ്റും തേനീച്ച പോലെ വർദ്ധിച്ചു പെരുകിയിരിക്കുന്ന ശത്രുക്കളുടെ നടുവിൽ കേരളത്തിന്റെയത്രയും പോലും കഷ്ടിച്ച് വിസ്തീർണ്ണമില്ലാത്ത ഒരു ചെറിയ രാജ്യം തലയുയർത്തി നിൽക്കുന്നതു തന്നേ മഹാത്ഭുതമാണ്. ഭൂമുഖത്തുനിന്നു യിസ്രായേലിനെ തുടച്ചുനീക്കുക എന്ന ഏകലക്ഷ്യത്തോടെ എത്ര മഹായുദ്ധങ്ങൾ നടന്നു കഴിഞ്ഞിരിക്കുന്നു! എങ്കിലും ഇന്നും അത് ചുറ്റുമുള്ള സകലർക്കും ഒരു പരിഭ്രമ പാത്രമായിത്തന്നെ നിൽക്കുന്നു. ദൈവികവാഗ്ദത്തം ഒരിക്കലും മാറിപ്പോകയില്ലതന്നെ.

**16. മൺപാത്രത്തിലെ നിക്ഷേപം**

*എങ്കിലും ഈ അത്യന്തശക്തി...വരേണ്ടതിന് ഈ നിക്ഷേപം ഞങ്ങൾക്കു മൺപാത്രങ്ങളിൽ ആകുന്നു ഉള്ളത് (2കൊരി. 4.7).*

ദൈവത്തിന്റെ വലിയ നിക്ഷേപം ബലഹീനരായ നമ്മിൽ ഏൽപ്പിക്കു ന്നതിന് ഒറ്റക്കാരണമേയുള്ളൂ. അത് നാം അവിടത്തെ മഹത്വം വെളിപ്പെ ടുത്തുക എന്നതാണ്. ഇക്കാര്യം 2കൊരി. 3.18-ൽ വ്യക്തമായി പറഞ്ഞി ട്ടുണ്ട്.

(1) നമ്മിൽ അവിടത്തെ തേജസ്സ് ഒരു കണ്ണാടിപോലെ പ്രതിബിംബി ക്കണം. അതേ അളവിലും ശോഭയിലും പ്രതിബിംബിക്കണം.

(2) ആത്മാവിനാൽ തേജസ്സിന്മേൽ തേജസ്സു പ്രാപിച്ച് രൂപാന്തരപ്പെട ണം. അതായത് ഓരോ ദിവസവും കൂടിക്കൂടി വരുന്ന അളവിൽ തേജസ്സ് പ്രാപിക്കണം.

(3) ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭി ക്കണം (2കൊരി. 4.4).

(4) യേശുക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരി ജ്ഞാനം വിളങ്ങിക്കേണ്ടതിന് പ്രകാശിക്കണം (2കൊരി. 4.6).

(5) കൃപ പെരുകി ദൈവത്തിന്റെ മഹിമയ്ക്കായി സ്തോത്രം വർദ്ധിക്ക

ണം (2കൊരി. 4.15). ഈ വലിയ നിക്ഷേപം മൺപാത്രങ്ങളിലാണോ സൂക്ഷി ക്കേണ്ടതെന്നു തോന്നുക സ്വാഭാവികമാണ്. എന്നാൽ ദൈവം നി ക്ഷേപ ങ്ങളുടെയും പാത്രങ്ങളുടെയും ഉടമസ്ഥനാണ്. ദൈവം വിലയേറിയതായി കാണുന്നത് മൺപാത്രങ്ങളെയാണ്. 1കൊരി. 1.27-ൽ ജ്ഞാനമുള്ളതിനെയും ബലമുള്ളതിനെയും മറ്റും ലജ്ജിപ്പിക്കാനായി ദൈവം ഭോഷത്തമായതിനെ യും ബലഹീനമായതിനെയും നികൃഷ്ടമായതിനെയും കുലഹീനമായതിനെ യും ഏതുമില്ലാത്തതിനെയും തിരഞ്ഞെടുത്തു എന്ന് പറയുന്നു. ദൈവസന്നി ധിയിൽ ഒരു ജഡവും പ്രശംസിക്കാതിരിക്കാൻ ദൈവം ഇങ്ങനെചെയ്തു.

പെട്ടെന്ന് പൊട്ടിപ്പോകുന്നതാണ് മൺപാത്രങ്ങൾ. ചൂളയിൽ ചുട്ട് എടു ക്കുന്ന പാത്രങ്ങളായതുകൊണ്ട് തീക്ഷ്ണമായ തീച്ചൂളയിൽ അവ പെ ാട്ടിപ്പോകുകയില്ല, മറിച്ച് ഒന്നുകൂടെ ദൃഢമാകുകയേയുള്ളൂ. അവയ്ക്ക് സ്വയമായി പ്രശംസിക്കാൻ യാതൊന്നുമില്ലതാനും. സൗന്ദര്യത്തെക്കുറിച്ചോ ഭംഗിയെക്കുറിച്ചോ വിലയെക്കുറിച്ചോ ഒന്നും പുകഴാനുമില്ല. വിലയും ഭംഗിയും ഗുണവും ഒന്നുമില്ലാത്ത ഈ മൺപാത്രങ്ങൾ വിലയേറിയതായി കണക്കാക്കപ്പെടുന്നത് നിക്ഷേപം ഉൾക്കൊള്ളുമ്പോൾ മാത്രം! അന്ന് നിക്ഷേപമുള്ളതുകൊണ്ടു മാത്രം അതിന്റെ വില നിസ്സീമമാണുതാനും.

ഉടഞ്ഞുപോകേണ്ട സാഹചര്യങ്ങൾ ഒന്നിനു പുറകെ ഒന്നായി സംഭ വിച്ചുകൊണ്ടേയിരിക്കുന്നു. അവയുടെ ഒരു വിവരണം 2കൊരി. 4.8 മുതൽ കാണാം.

1. സകല വിധത്തിലും കഷ്ടം സഹിക്കുന്നവർ എങ്കിലും ഇടുങ്ങിയി രിക്കുന്നില്ല.
2. ബുദ്ധിമുട്ടുന്നവർ എങ്കിലും നിരാശപ്പെടുന്നില്ല.
3. ഉപദ്രവം അനുഭവിക്കുന്നവർ എങ്കിലും ഉപേക്ഷിക്കപ്പെടുന്നില്ല.
4. വീണുകിടക്കുന്നവർ എങ്കിലും നശിച്ചുപോകുന്നില്ല.

എന്തെല്ലാം സമ്മർദ്ദം പുറത്തുനിന്നുണ്ടായാലും അകത്തുനിന്ന് അത്യ ന്തശക്തി ആ സമ്മർദ്ദത്തെ ബാലൻസു ചെയ്ത് മൺപാത്രം തകരാതെ സൂക്ഷിക്കുന്നത്രേ. ഈ മഹാഭാഗ്യം മൺപാത്രങ്ങൾക്കു മാത്രം വലിയ വനായ ദൈവം ഒരുക്കിയിരിക്കുന്നു. എല്ലാ വശത്തു നിന്നും എല്ലാത്തര ത്തിലുമുള്ള കഷ്ടവും ബുദ്ധിമുട്ടും ഉപദ്രവവും തകർച്ചയും അനുഭവി ക്കുന്നു എങ്കിലും അകത്ത് അത്യന്തശക്തി നിറച്ചിരിക്കുന്നു എന്ന ഒറ്റക്കാ രണം കൊണ്ടു മാത്രം ഇവയെയൊക്ക അതിജീവിക്കുന്നു.

പക്ഷേ, എന്തിനാണ് ദൈവം ഈ അവസ്ഥയിലൂടെ കൊണ്ടുപോകു ന്നത്? ഈ നിഗൂഢതയുടെ ഉത്തരം അവിടന്നു മാത്രം അറിയുന്നു. ദൈവ ത്താൽ തിരഞ്ഞെടുക്കപ്പെട്ടു എന്നതുകൊണ്ടു മാത്രം സകല കഷ്ടങ്ങ ളിൽനിന്നും മറെക്കപ്പെടുന്ന ഒരു ഇൻഷുറൻസ് പദ്ധതി പോലെ ജീവിതം പരിരക്ഷിക്കപ്പെടുന്നില്ല. അവയിലൂടെയൊക്കെയും എല്ലായിടത്തും എല്ലാ യ്പ്പോഴും ജയോത്സവമായി (2കൊരി. 2.14) ദൈവം നടത്തുന്നു. എങ്കിലും

ഒരു പ്രത്യേക ഉദ്ദേശ്യം 2കൊരി. 4. 15-ൽ നാം കാണുന്നു.

കൃപ അനേകരിലും പെരുകണം.

ദൈവനാമം മഹിമപ്പെടണം.

സ്തോത്രം വർദ്ധിപ്പിക്കണം.

ഈ മഹത്തായ ദൈവികപദ്ധതിയിൽ പങ്കാളിയാകാനുള്ള മഹാഭാഗ്യം ഈ മൺപാത്രങ്ങൾക്കു മാത്രം വലിയവനായ ദൈവം ഒരുക്കിയിരിക്കുന്നു.

പ്രിയപ്പെട്ട ദൈവപൈതലേ, നീ ഏതുതരം പാത്രമാണ് എന്ന് നീ തന്നെ ഇന്ന് കണ്ടെത്തുക. ഉടഞ്ഞ പാത്രമായി തമ്പുരാന്റെ കൈകളിൽ നിന്നെ കണ്ടെത്തുന്നുവോ? തിരഞ്ഞെടുക്കപ്പെട്ട പാത്രമാണ് എന്ന് ഉറപ്പുണ്ടോ? കുശവന്റെ കയ്യിലെ വഴങ്ങിക്കൊടുത്ത പാത്രമാണോ? അതോ നിന്നെ ഏൽപ്പിച്ച ശുശ്രൂഷ വിശ്വസ്തതയോടെ ചെയ്യുന്നു എങ്കിലും ആരും ഗൗനിക്കാത്ത കൽപ്പാത്രമാണോ? വെറുമ്പാത്രമായി മൂലയിൽ മാറിയിരിക്കുകയാണോ? ഉടമസ്ഥന് ഉപയോഗമുള്ള മാന പാത്രമാണോ? ഇവയെക്കാളെല്ലാമുപരിയായി അത്യന്തശക്തി നിറച്ച മൺപാത്രമാണെന്നുള്ള ബോദ്ധ്യമുണ്ടോ?

## 2

# തന്നോടുതന്നെ സംസാരിക്കുന്നത് എങ്ങനെ?

*മരണവും ജീവനും നാവിന്റെ അധികാരത്തിൽ ഇരിക്കുന്നു. അതിൽ ഇഷ്ടപ്പെടുന്നവർ അതിന്റെ ഫലം അനുഭവിക്കും (സദൃശവാക്യങ്ങൾ 18.21).*

വിശ്വസിച്ചാലും ഇല്ലെങ്കിലും നാം നമ്മുടെ നാവുകൊണ്ടു സംസാരിക്കുന്ന വാക്കുകൾക്ക് വളരെ ശക്തിയുണ്ട്. എന്നും പ്രോത്സാഹിപ്പിക്കുകയും പണിതെടുക്കുകയും ചെയ്യുന്ന വാക്കുകളാണ് ഒരു ദൈവപൈതലിനോട് ദൈവവചനം സംസാരിക്കുന്നത്. ഒരു വ്യക്തി അഭിമുഖീകരിക്കുന്ന വൈവിധ്യമുള്ള സാഹചര്യങ്ങൾക്ക് അനുസരിച്ച് തക്കതായ വാഗ്ദത്തങ്ങൾ നൽകി തിരുവചനം അവനെ മുമ്പോട്ട് നയിക്കുന്നു. അവ ഏറ്റെടുക്കാനും ഏറ്റുപറയാനും വചനം നമ്മെ ഉദ്ബോധിപ്പിക്കുന്നു. എബ്രായർ പതിനൊന്നാം അദ്ധ്യായം മുഴുവൻ വിശ്വാസവീരൻമാരുടെ കാര്യങ്ങളാണ് പറഞ്ഞിരിക്കുന്നത്. ഹാനോക്ക് മുതലുള്ള വിശ്വാസികളുടെ കാര്യങ്ങൾ ഒന്നിനുപുറകെ ഒന്നായി വർണ്ണിച്ചിട്ട് ഇടയ്ക്ക് 13-ാം വാക്യം പറയുന്നത് ശ്രദ്ധിക്കുക, “ഇവർ എല്ലാവരും വാഗ്ദത്തനിവൃത്തി പ്രാപിക്കാതെ ദൂരത്തുനിന്ന് അതു കണ്ട് അഭിവന്ദിച്ചും ഭൂമിയിൽ തങ്ങൾ അന്യരും പരദേശികളും എന്ന് ഏറ്റുപറഞ്ഞും കൊണ്ട് വിശ്വാസത്തിൽ മരിച്ചു.” അവരുടെ തുടക്കവും അവസാനവും വിശ്വാസത്തിൽ തന്നെയായിരുന്നു. ഇടയ്ക്കിടയ്ക്ക് അവർ വാഗ്ദത്തങ്ങളെ ദൂരത്തുനിന്ന് കണ്ട് ഉറപ്പുപ്രാപിച്ച് ആലിംഗനം ചെയ്ത് ഏറ്റുപറഞ്ഞ് അവസാനിച്ചു. ഇങ്ങനെ പറയുന്നവർ ഒരു പിതൃദേശം അന്വേഷിക്കുന്നു എന്ന് കാണിക്കുന്നു (എബ്രാ. 11.14). അതായത് അവർ ലക്ഷ്യബോധമുള്ളവരായിരുന്നു എന്ന് സാരം. എന്തിനേറെ? രക്ഷിക്കപ്പെടുവാനുള്ള വ്യവസ്ഥ തന്നെ ഹൃദയം കൊണ്ട് വിശ്വസിക്കുന്നതിൽ ഒതുങ്ങി നിൽക്കുന്നില്ലല്ലോ. ഹൃദയം കൊണ്ട് വിശ്വസിക്കയും വായ്കൊണ്ട് ഏറ്റുപറയുകയുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും എന്നാണല്ലോ പറഞ്ഞിരിക്കുന്നത്.

ഒരു കുഞ്ഞ് വളരുന്ന സമയത്ത് അവനോട് സ്നേഹത്തിന്റെയും പ്രോത്സാഹനത്തിന്റെയും വാക്കുകൾ പറഞ്ഞ് ശീലിപ്പിക്കുകയാണെങ്കിൽ ക്രമേണ അവൻ അനുഗ്രഹിക്കപ്പെടും എന്നത് നിസ്തർക്കമായ ഒരു കാര്യമാണ്. മറിച്ച് നിന്ദയുടെയും ശാപത്തിന്റെയും വാക്കുകൾ കേട്ട് വളരുന്ന കുഞ്ഞിന്റെ സ്വഭാവത്തിലും കാഴ്ച്ചപ്പാടിലുമൊക്കെ നിഷേധാത്മകമായ സമീപനം തന്നെയാവും ഉണ്ടാകുന്നത്. നാം എല്ലായ്പ്പോഴും ഏറ്റുപറയാനായി തിരുവചനത്തിൽ പറഞ്ഞിരിക്കുന്നത് എബ്രായർ. 13.6-ൽ നാം കാണുന്നു. “ആകയാൽ കർത്താവ് എനിക്ക് തുണ ഞാൻ പേടിക്കയില്ല. മനുഷ്യൻ എന്നോട് എന്തു ചെയ്യും” എന്ന് നമുക്ക് ധൈര്യത്തോടെ പറയാം. “ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല” എന്ന വാഗ്ദത്തം ഓർപ്പിച്ചിട്ടാണ് ഇങ്ങനെ പറയാൻ നമ്മോടു പറയുന്നത്.

വീണ്ടും വചനം പറയുന്നത് ശ്രദ്ധിക്കുക. നമ്മുടെ യേശുകർ ത്താവ് ശ്രേഷ്ഠമഹാപുരോഹിതനായി ആകാശത്തിൽക്കൂടെ കടന്നുപോയവനായതുകൊണ്ട് നാം നമ്മുടെ സ്വീകാരം മുറുകെ പിടിച്ചുകൊൾക (എബ്രാ. 4.14). അതുകൊണ്ട് നാം ഏറ്റുപറയുന്ന വാക്കുകൾക്ക് ദൂരവ്യാപകമായ അർത്ഥവും വ്യാപ്തിയുമുണ്ട്. ഞാൻ നിന്നെ ശക്തീകരിക്കും സഹായിക്കും (യെശയ്യാവ് 41. 10) എന്നൊക്കെ ദൈവം വാഗ്ദത്തം ചെയ്യുന്നത് നമ്മുടെ കഴിവുകേടും ഗതികേടും സാഹചര്യങ്ങളുമെല്ലാം നന്നായി അറിയാവുന്നതുകൊണ്ടാണ്. നാം ചെയ്യേണ്ടതായ കാര്യങ്ങൾ നാം തന്നെ ചെയ്തേ മതിയാകുകയുള്ളൂ. ദൈവവചനത്തിൽ തന്നോടുതന്നെ സംസാരിക്കുന്ന ചിലരെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അനുഗ്രഹവും ശാപവും വാക്കുകൾ കൊണ്ട് നേടിയെടുത്തവർ അനേകരാണ്.

**1. യിസ്രായേൽ മക്കൾ (സംഖ്യാ. 14.20)**

ഏറ്റവും പ്രധാനപ്പെട്ട ഉദാഹരണം സംഖ്യാ 14-ാമദ്ധ്യായത്തിൽ നാം കാണുന്നു. മോശെയുടെ നേതൃത്വത്തിൽ യിസ്രായേൽജനം കനാൻനാടിന് അടുത്തെത്തി. ഇന്നത്തെ കണക്കനുസരിച്ച് ഇരുനൂറു കിലോമീറ്റർ അടുത്തെത്തി. ഇന്നു കാറിലാണെങ്കിൽ മൂന്നു മണിക്കൂർ കൊണ്ട് എത്തിച്ചേരാവുന്ന ദൂരം! മോശ ആ സമയത്ത് പന്ത്രണ്ടു പേരെ കനാൻദേശം ഒറ്റുനോക്കാൻ അയച്ചു. പോയതിൽ രണ്ടുപേർ തിരിച്ചുവന്ന് ദേശത്തെക്കുറിച്ച് വളരെ നല്ല റിപ്പോർട്ടാണ് കൊടുത്തത്. പക്ഷേ, പത്തുപേർ അവിടെയുള്ള അനാക്യമല്ലന്മാരെക്കുറിച്ച് പറഞ്ഞിട്ട് നമുക്ക് അവിടെയുള്ളവരെ ജയിക്കാൻ സാധ്യമല്ല എന്നു പറഞ്ഞ് ജനത്തിന്റെ ഹൃദയം ഉരുകുമാറാക്കി (സംഖ്യ 13.28-30). പക്ഷേ, കാലേബും യോശുവയും മാത്രം ജനത്തെ ധൈര്യപ്പെടുത്താൻ ശ്രമിച്ചു. നാം അത് കൈവശമാക്കുക. നമുക്ക് അത് ജയിക്കാൻ കഴിയും എന്ന് പറഞ്ഞു. പക്ഷേ, പത്തു പേർ പറഞ്ഞതാണ് ജനം സ്വീകരിച്ചത്. അവർ പിറുപിറുക്കാനും കരയാനും തുടങ്ങി. അവർ പറഞ്ഞതു ശ്രദ്ധിക്കുക, “ഞങ്ങൾ മിസ്രയീം ദേശത്തുവെച്ച് മരിച്ചുപോയി

എങ്കിൽ കൊള്ളായിരുന്നു. അല്ലെങ്കിൽ ഈ മരുഭൂമിയിൽ വെച്ച് മരിച്ചു പോയിരുന്നു എങ്കിൽ കൊള്ളായിരുന്നു" (സംഖ്യ. 14.2) എന്നു തുടങ്ങി അവിശ്വാസത്തിന്റെ വാക്കുകളാണ് അവർ സംസാരിച്ചത്. അവർ കാൺകെ ഇത്രയും അത്ഭുതങ്ങൾ ചെയ്ത ദൈവത്തെ അവർ അവിശ്വസിച്ചു. യോശുവയും കാലേബും വളരെ കാര്യമായി ജനത്തെ സമാധാനിപ്പിക്കാൻ നോക്കിയെങ്കിലും അവർ ചെവിക്കൊണ്ടില്ല. ദൈവകോപം ജ്വലിക്കാൻ ഇടയായി. മോശ അവർക്കുവേണ്ടി മദ്ധ്യസ്ഥത ചെയ്തതുകൊണ്ടു മാത്രം അവർ ഒന്നടങ്കം നശിക്കാൻ ഇടയായില്ല (സംഖ്യ 14.11). എങ്കിലും ഇത്തവണ ദൈവം അവരെ കഠിനമായി ശിക്ഷിച്ചു. അത് വ്യക്തമായി സംഖ്യാ 14.28-ൽ നാം കാണുന്നു. "ഞാൻ കേൾക്കെ നിങ്ങൾ പറഞ്ഞതുപോലെ തന്നെ എന്നാണ ഞാൻ നിങ്ങളോട് ചെയ്യുമെന്ന് യഹോവ അരുളിച്ചെയ്യുന്നു. ഈ മരുഭൂമിയിൽ നിങ്ങളുടെ ശവങ്ങൾ വീഴും. യെഫുന്നയുടെ മകൻ കലേബും നൂന്റെ മകൻ യോശുവയും ഒഴികെ ഇരുപതു വയസ്സു മുതൽ മേലോട്ട് എണ്ണപ്പെട്ടവരായി എന്റെ നേരെ പിറുപിറുത്തവരായ നിങ്ങളുടെ എണ്ണത്തിൽ ആരും ഞാൻ നിങ്ങളെ പാർപ്പിക്കുമെന്ന് സത്യം ചെയ്തിട്ടുള്ള ദേശത്ത് കടക്കയില്ല...." ഇരുപത് വയസ്സിനു മുകളിൽ പ്രായമുള്ള സകലരും മരിച്ചുതീരുന്നതുവരെ നാൽപ്പതു വർഷം മരുഭൂമിയിൽ അവർ അലഞ്ഞു. കൈയെത്താവുന്ന ദൂരത്തിൽ അനുഗ്രഹം കൈവന്നിട്ടും അനുഗ്രഹം അവരെ വിട്ടകന്നു പോയി. എന്തുകൊണ്ടെന്ന് ചിന്തിച്ചുനോക്കൂ. അവരുടെ അധരങ്ങളാൽ അവിവേകം ഉച്ചരിച്ചതുകൊണ്ടു മാത്രം അവർ ശാപയോഗ്യരായിത്തീർന്നു.

**2. ധനവാനായ മൂഢൻ (ലൂക്കോ. 12.19)**

ഈ മനുഷ്യൻ തന്റെ പ്രവൃത്തികളിൽ വളരെ സംതൃപ്തനായിരുന്നു. ലോകപ്രകാരമുള്ള എല്ലാ കഴിവുകളും ഗുണങ്ങളും അവനുണ്ട്. വളരെ പ്ലാനിംഗ് ഉണ്ട്. കഠിനാദ്ധ്വാനിയായ മനുഷ്യനാണ്. ദീർഘവീക്ഷണമുണ്ട്. എങ്ങനെ സമ്പാദിക്കാം എന്നതിനെപ്പറ്റി വ്യക്തമായ കാഴ്ചപ്പാടുണ്ട്. തന്റെ കഴിവുകളെല്ലാം അവൻ പ്രയോഗിച്ചു. ഭൂമി നന്നായി വിളഞ്ഞപ്പോൾ "തന്നോടു തന്നേ" ചില കാര്യങ്ങൾ പറഞ്ഞു.

1. *ഞാൻ എന്തു ചെയ്യേണ്ടു?* എന്റെ വിളവ് കൂട്ടിവെക്കാൻ സ്ഥലം പോരാ എന്ന് ഉള്ളിൽ വിചാരിച്ചു.

2. *ഞാൻ ഇത് ചെയ്യും.* കളപ്പുരകളെ പൊളിച്ച് അധികം വലിയവ പണിയും. എന്റെ വിളവും വസ്തുവകയുമെല്ലാം അതിൽ കൂട്ടിവെക്കും.

3. *എന്നോടു തന്നേ ഞാൻ പറയും.* എന്താണെന്നോ? ആശ്വസിക്കുക, തിന്നുക, കുടിക്കുക, ആനന്ദിക്കുക. ഏറിയ ആണ്ടുകൾക്ക് അനവധി വസ്തുവക സ്വരൂപിച്ച് വെച്ചിരിക്കുന്നു.

എന്നാൽ ദൈവം അവനെ മൂഢാ എന്നു വിളിക്കുന്നു. കാരണമെന്താണെന്നോ? ദൈവവിഷയമായി സമ്പന്നനാകാതെ തനിക്കു തന്നെ

നിക്ഷേപിക്കുന്നവൻ കൂട്ടിവെച്ചത് അനുഭവിക്കാൻ യോഗമില്ലാതെ കടന്നു പോകുന്നതിനുള്ള സാദ്ധ്യതയുണ്ട്. ഈ ലോകത്തിലെ സമ്പത്തിൽ മാത്രം കണ്ണ് ഉടക്കിവെച്ച ജീവിതം!!

**3. നെബൂഖദ്നേസർ—അഹങ്കാരംകൊണ്ട് തകർന്ന ജീവിതം (ദാനീ. 4.30)**

ഏതു ജീവിതത്തെയും നശിപ്പിക്കുന്നതിനു മുൻപ് ദൈവം മുന്നറിയിപ്പ് കൊടുക്കാറുണ്ട്. ദൈവം ശിക്ഷാവിധി അയയ്ക്കുന്നതിന് ഒരു വർഷം മുമ്പു തന്നെ രാജാവിന്റെ പോക്ക് ശരിയല്ല എന്നും കഠിനമായ ശിക്ഷാവിധി നിയമിച്ചുകഴിഞ്ഞു എന്നും ദാനീയേലിൽക്കൂടെ വ്യക്തമായി ഇടപെട്ടു. അതിനെ അവഗണിച്ചു തന്നെ അവൻ മുമ്പോട്ട് പോയി.

ദാനീ. 4.30 ശ്രദ്ധിച്ചാലും. "ഇത് ഞാൻ ***എന്റെ*** ധനമാഹാത്മ്യത്താൽ ***എന്റെ*** പ്രതാപമഹത്വത്തിനായി പണിത മഹതിയാം ബാബിലോൻ അല്ലേയാ?" അഹങ്കാരത്തിന്റെ വാക്കുകൾ! ദൈവം ചില സന്ദർഭങ്ങളിൽ തന്റെ പദ്ധതി നിവർത്തിക്കുവാൻ അനേകരെ, മിണ്ടാപ്രാണികളെയും തിരഞ്ഞെടുക്കാറുണ്ട്! ഉദാഹരണമായി ബിലെയാമിന്റെ കഴുതയെയും ഏലിയാവിനു വേണ്ടി കാക്കയെയും തിരഞ്ഞെടുത്തില്ലേ? ദൈവജനത്തെ ശിക്ഷിക്കാനായി നെബൂഖെദ്നേസരിനെ തിരഞ്ഞെടുത്തു എന്ന് മാത്രമേയുള്ളൂ. അതിൽ തനിക്ക് പുകഴാനൊന്നുമില്ല എന്നു ഗ്രഹിക്കാനുള്ള വിവേകം തനിക്കില്ലായിരുന്നു താനും! അവന്റെ അഹങ്കാരം നിമിത്തം ദൈവിക ന്യായവിധിയുടെ വാൾ അവന്റെ മേൽ വീണു. തീവ്രമായ മാനസികരോഗം പിടിപെട്ട് മൃഗത്തെപ്പോലെ വനാന്തരങ്ങളിൽ അലഞ്ഞു എങ്കിലും കരുണയുള്ള ദൈവം അവനായി ഒരു നല്ല അവസാനം ഒരുക്കി. അവന് ഏഴു കാലമാണ് ശിക്ഷാകാലമായി ഒരുക്കിയത്. ആ കാലം കഴിഞ്ഞപ്പോൾ അവൻ (1) കണ്ണ് സ്വർഗ്ഗത്തേക്ക് ഉയർത്തി. (2) ബുദ്ധി മടങ്ങി വന്നു. (3) അത്യുന്നതനായവനെ വാഴ്ത്തി. (4) എന്നേക്കും ജീവിച്ചിരിക്കുന്നവനെ സ്മരിച്ചു. അതായത് ഏറ്റെടുത്തു, ബഹുമാനിച്ചു, സാക്ഷിച്ചു. അവിടത്തെ മഹത്വത്തിന് പൂർണ്ണമായും വിധേയപ്പെടുത്തി. തെറ്റ് ഏറ്റുപറഞ്ഞ് സ്വയം വിനയപ്പെടുത്തി. അപ്പോൾ നഷ്ടപ്പെട്ടവയെല്ലാം ദൈവം മടക്കിക്കൊടുത്തു. ബുദ്ധി, മഹിമ, മുഖപ്രകാശം, രാജത്വത്തിന്റെ യഥാസ്ഥാനം, ശ്രേഷ്ഠമഹത്വം എന്നിവ അധികമായി സിദ്ധിച്ചു. തന്നോടു തന്നെ അഹങ്കാരത്തിന്റെ വാക്കുകൾ പറഞ്ഞു എങ്കിലും ദൈവം കരുണകാണിച്ചു. അവൻ തന്റെ ജീവിതത്തെ വിനയപ്പെടുത്തി!!

**4. ശിംശോൻ**

*ഞാൻ ഫെലിസ്ത്യരോടുകൂടെ മരിക്കട്ടെ (ന്യായാ. 16.30).*

ജനിക്കുന്നതിനു മുമ്പേ ശിംശോനെ പ്രത്യേകമായി വിളിച്ചു വേർതിരിച്ചതാണ്. ജഢമോഹത്തിന് കീഴ്പ്പെട്ട് പോകരുതാത്തയിടത്തും ചെല്ലരുതാ

ത്തയിടത്തും ജീവിതം ചെലവിട്ടു. താൻ കെണിയിലകപ്പെട്ടു എന്ന് തിരിച്ച റിയാൻ അനേക അവസരങ്ങൾ ലഭിച്ചു എങ്കിലും അവയെല്ലാം അഗണ്യമാക്കി. അങ്ങനെ ദൈവകൃപയിൽനിന്നും ദൈവസാന്നിദ്ധ്യത്തിൽനിന്നും അന്യപ്പെട്ടു പോയി. യിസ്രായേലിന്റെ ന്യായാധിപതിയായി വിളങ്ങിയവൻ ശത്രുക്കളാൽ അപമാനിക്കപ്പെട്ട് അന്ധനായി കാരാഗൃഹത്തിൽ മാവ് പെടിക്കുന്നവനായി അധഃപ്പതിച്ചു. ഒടുവിൽ അവൻ പരിഹാസപാത്രമായി ശത്രുക്കളുടെ ക്ഷേത്രത്തിൽ ബന്ധിക്കപ്പെട്ടിരിക്കുമ്പോൾ ചെയ്ത പ്രാർത്ഥനയാണ് മുകളിൽ ഉദ്ധരിച്ചത്. അവൻ വീണ്ടും അനുതാപത്തോടെ പ്രാർത്ഥിച്ചിരുന്നെങ്കിൽ ദൈവം അവനോട് ക്ഷമിച്ച് യഥാസ്ഥാനപ്പെടുത്തുകയില്ലായിരുന്നുവോ എന്ന് ഞാൻ പലപ്പോഴും ചിന്തിക്കാറു്. പക്ഷേ, അവൻ പറഞ്ഞതു തന്നേ അവന് ഭവിച്ചു. അവൻ ഫെലിസ്ത്യരോടുകൂടെ മരിച്ചു.

**5. ഹാമാൻ**

*എങ്കിലും യഹൂദനായ മോർദ്ദേഖായി രാജാവിന്റെ പടിവാതിൽ ക്കൽ ഇരിക്കുന്നത് കാണുന്നേടത്തോളം ഇതൊന്നുകൊണ്ടും എനിക്ക് തൃപ്തിയില്ല (എസ്ഥേർ 5.11–13).*

തന്റെ പ്രൗഢിയിലും ഉയർച്ചയിലും മതിമറന്ന് സ്വയം പ്രശംസിച്ചു. തന്റെ നാളുകൾ എണ്ണപ്പെട്ടതു കാണാൻ കണ്ണില്ലാതെ തന്റെ ഉയർച്ചയിൽ സ്വയം മറന്നു. തന്നെ മോർദ്ദേഖായി മാനിക്കുന്നതുപോരാ എന്ന ഒറ്റക്കാരണത്താൽ മോർദ്ദേഖായിയെ കൊല്ലാനായി പദ്ധതി ആസൂത്ര ണം ചെയ്തു. മോർദ്ദേഖായിയെ കാണുന്നേടത്തോളം തനിക്ക് ഒരു തൃപ്തിയുമില്ലത്രേ. നാശത്തിനു മുമ്പേ ഗർവ്വം, വീഴ്ചയ്ക്കു മുൻപേ ഉന്നതഭാവം!

**6. ശലോമോൻ**

*ഞാൻ എന്നോടു തന്നെ പറഞ്ഞു, വരിക ഞാൻ നിന്നെ സന്തോ ഷം കൊണ്ട് പരീക്ഷിക്കും... (സഭാ. 2.1).*

ശലോമോന് ദൈവം രണ്ടു പ്രാവശ്യം നേരിട്ട് പ്രത്യക്ഷപ്പെട്ട് മറ്റാർ ക്കും കൊടുത്തിട്ടില്ലാത്ത ജ്ഞാനവും മഹിമയും ധനവും പകർന്നു കൊടുത്തു. എങ്കിലും ദൈവാനുഗ്രഹം മായയല്ല എന്ന് കാണാൻ കണ്ണില്ലാതെപോയി. അവൻ ദൈവികജ്ഞാനത്തെ വഴി തിരിച്ചു വിട്ടു. സഭാപ്രസംഗിയിൽ മുഴുവൻ എല്ലാം മായ എന്നാണ് ശലോമോൻ തുടരെത്തുടരെ പറയുന്നത്. ദൈവാനുഗ്രഹത്താൽ മാത്രം ഏറ്റവും വലിയ ജ്ഞാനിയും ചിന്തകനും പ്രഗൽഭനും ഒക്കെയായിരുന്നു. എങ്കിലും ക്രമേണ ജീവിതം ജഡികസുഖങ്ങളിലും ലോക ഇമ്പങ്ങളിലും മാത്രം മുഴുകി. ദൈവകൽപ്പന ലംഘിച്ച് അന്യജാതിക്കാരായ സ്ത്രീകളെ സ്നേഹിച്ചു. സമ്പത്ത് ധാരാളമായി വർദ്ധിപ്പിച്ചു. ആഢംബര ജീവിതത്തിൽ മുമ്പോട്ടുപോയി. കണ്ണ് ആഗ്രഹിച്ചതൊന്നും നിഷേധിച്ചില്ല. അറിവ് വർദ്ധിപ്പിക്കുന്നവൻ ദുഃഖവും വർദ്ധിപ്പിക്കുന്നു എന്ന് അവൻ കണ്ടെ

ത്തി (സഭാ. 1.18). പക്ഷേ, സ്വർഗ്ഗീയ അറിവ് തൃപ്തിവരുത്തുന്നതാണ് ദുഃഖം വരുത്തുന്നതല്ല എന്ന് അവൻ മനസ്സിലാക്കിയില്ല. യഥാർത്ഥമായ ജ്ഞാനത്തിൽ ഉറച്ചുനിന്നിരുന്നു എങ്കിൽ ഒരു ദൈവപൈതലിന്റെ അന്തം ഈ മായയായ ലോകത്തിൽ ഉറപ്പുള്ള ഒരു അന്തമാണന്ന് അവൻ ഗ്രഹിക്കുമായിരുന്നു. ദൈവകൃപ നഷ്ടപ്പെടുത്തി. ദൈവകൃപയുടെ വിലയും യാഥാർത്ഥ്യവും മാത്രം ഈ ലോകത്തിൽ മായയല്ല എന്നു ഗ്രഹിക്കാൻ കഴിവില്ലാതെ പോയി. ദൈവഹിതത്തിന് പുറത്ത് അസ്തമിച്ചു.

**7. ഇയ്യോബ്**

*...യഹോവ തന്നു, യഹോവ എടുത്തു, യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ (ഇയ്യോ. 1.21).*

*അവൻ എന്നെ കൊന്നാലും ഞാൻ അവനെ തന്നെ കാത്തിരിക്കും, ഞാൻ എന്റെ നടപ്പ് അവന്റെ മുമ്പാകെ തെളിയിക്കും (ഇയ്യോ. 13.15).*

*എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു എന്നും അവൻ ഒടുവിൽ പൊടിമേൽ നിൽക്കും എന്നും ഞാൻ അറിയുന്നു. എന്റെ ത്വക്ക് ഇങ്ങന നശിച്ചശേഷം ഞാൻ ദേഹസഹിതനായി ദൈവത്തെ കാണും. ഞാൻ തന്നെ അവനെ കാണും. അന്യനല്ല എന്റെ സ്വന്ത കണ്ണ് അവനെ കാണും (ഇയ്യോ. 19.25).*

സമൃദ്ധിയുടെ ഉച്ചകോടിയിൽനിന്ന് പെട്ടെന്നൊരു ദിവസം ഒന്നുമില്ലാത്തവനായിത്തീർന്നു. ദൈവം സകലവും നൽകി എങ്കിലും സകലവും കവർന്നുകളഞ്ഞത് സാത്താനാണെന്ന് അവൻ ഗ്രഹിച്ചില്ല. എല്ലാം നഷ്ടപ്പെട്ടപ്പോൾ പറയുന്നത് യഹോവ തന്നു, യഹോവ എടുത്തു. യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ എന്നാണ്. എന്നു തന്നെയല്ല ഉറ്റ സ്നേഹിതന്മാർ കുറ്റപ്പെടുത്തി. തന്റെ കുഴപ്പം കൊണ്ടാണ് ഇങ്ങനെയെല്ലാം സംഭവിച്ചത് എന്ന് അവർ സ്ഥാപിച്ചു. അപ്പോഴും അവൻ ഏകനായി ദൈവത്തെ മുറുകെപ്പിടിച്ചു. തന്റെ സാക്ഷി സ്വർഗ്ഗത്തിലും തന്റെ ജാമ്യക്കാരൻ ഉയരത്തിലും ഇരിക്കുന്നു എന്ന് ഉറപ്പിച്ചു പറഞ്ഞു (ഇയ്യോ. 16.19). തന്റെ സ്വന്ത കണ്ണുകൊണ്ടു തന്നെ തന്റെ വീടുപ്പുകാരനെ കാണും എന്ന് മൂന്നു പ്രാവശ്യമാണ് തറപ്പിച്ചുപറഞ്ഞത്. അവൻ പറഞ്ഞതുപോലെ തന്നേ അവൻ ദൈവത്തെ കണ്ടു. തിരുമൊഴികൾ കേട്ടു. അവന് നഷ്ടപ്പെട്ടതെല്ലാം തിരിച്ചുകൊടുക്കുന്നതിനായി ദൈവം അവന്റെ അടുത്തേക്ക് ഇറങ്ങി വന്നു. എന്നിട്ട് അവിടത്തെ മഹത്വത്തിന്റെ വ്യാപ്തി എന്തെന്ന് അവന് വിശദമായി മനസ്സിലാക്കിക്കൊടുത്തു. കഷ്ടതയുടെ നടുവിൽ താൻ ഏറ്റുപറഞ്ഞതു തന്നെ അവന്റെ ജീവിതത്തിൽ സംഭവിച്ചു. അവനെ വളരെയധികം വേദനിപ്പിച്ച സ്നേഹിതന്മാർക്കുവേണ്ടി പ്രാർത്ഥിക്കാനുള്ള ഹൃദയവിശാലതയും അവന് ഉണ്ടായി. അനുഗൃഹീതമായ അവസാനമാണ് അവനു ലഭിച്ചത്.

**8. കോരഹ്പുത്രന്മാർ**

*എന്റെ ആത്മാവേ, നീ വിഷാദിച്ച് ഉള്ളിൽ ഞരങ്ങുന്നത് എന്ത്? അവൻ എന്റെ മുഖപ്രകാശരക്ഷയും എന്റെ ദൈവവുമാകുന്നു എന്നിങ്ങനെ ഞാൻ ഇനിയും അവനെ സ്തുതിക്കും (സങ്കീ. 42.11).*

മാതാപിതാക്കളും സഹോദരരും സമ്പത്തും എല്ലാം ദൈവകോപത്തിനിരയായി നഷ്ടപ്പെട്ടയിടത്തുനിന്നാണ് അവരുടെ കഥ ആരംഭിക്കുന്നത്. മോശയോട് മത്സരിച്ചതുകൊണ്ട് ഭൂമി വായ്പിളർന്ന് കോരഹിനെയും കൂട്ടരെയുമെല്ലാം വിഴുങ്ങിക്കളഞ്ഞു. ആ വലിയ സമൂഹത്തിന് ഒരു അടയാളമായി കോരഹിന്റെ പുത്രന്മാർ മാത്രം ശേഷിച്ചു. യഹോവയോട് മത്സരിച്ചാൽ ഇതാണ് അനുഭവം എന്ന് അവരെ കാണുമ്പോൾ എല്ലാവരും മനസ്സിലാക്കി. സമാഗമനകൂടാരത്തിൽ അവരുടെ ചുമതല വതിൽകാവൽക്കാരുടേതായിരുന്നു. വാതിൽകാവൽക്കാരുടെ ചുമതല വലുതാണെങ്കിലും അകത്തു നടക്കുന്ന ആരാധനയിലും സന്തോഷപ്രകടനങ്ങളിലും ഒന്നും അവർക്ക് ഒരു പങ്കുമില്ല. വല്ലപ്പോഴും ലഭിക്കുന്ന ഇടവേളകളിലാകാം അവർ ആലയത്തിലെ സന്തോഷത്തിലും ആരാധനയിലും പങ്കുചേരുന്നത്! എന്നിട്ടും അവർ പാടുന്ന പാട്ടുകൾ അവരുടെ ആത്മാവിന്റെ സന്തോഷം പ്രകടമാക്കുന്ന മനോഹരഗീതങ്ങളാണ്. അവരുടെ ആത്മാവ് വിഷാദിച്ച് ഉള്ളിൽ ഞരങ്ങുന്ന അനുഭവം അവർക്ക് പലപ്പോഴും ഉണ്ടായിരുന്നു എന്നു വേണം കരുതാൻ. ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ കടുത്ത ഡിപ്രഷന് അവർ പലപ്പോഴും അടിമപ്പെട്ടു. ആ സമയത്തൊക്കെ അവർ അതിനുള്ള മരുന്നും കണ്ടുപിടിച്ചു!! അവർ തങ്ങളോടുതന്നേ പറയുന്നത് "അവിടന്ന് എന്റെ മുഖപ്രകാശക രക്ഷ, എന്റെ ദൈവം എന്നിങ്ങനെ ഞാനിനിയും അവിടത്തെ സ്തുതിക്കും" എന്നത്രേ. അവരെ ധൈര്യപ്പെടുത്താനോ ആശ്വസിപ്പിക്കാനോ ഒരുത്തരുമില്ലായിരുന്നു. എങ്കിലും ഈ മനോഭാവം അവർ വളർത്തിയെടുത്തു. വിഷാദത്തിന് മറുമരുന്ന് സ്തുതി മാത്രം!! അവരുടെ സങ്കീർത്തനങ്ങളിലെ അനുഗ്രഹിക്കപ്പെട്ട ഉൾക്കാഴ്ച ശ്രദ്ധിച്ചാലും.

സങ്കീ. 43.4—എന്റെ പരമാനന്ദമായ ദൈവം.

സങ്കീ. 44.3—തങ്ങളുടെ വാളുകൊണ്ടല്ല അവർ ദേശത്തെ കൈവശമാക്കിയത്. നിന്റെ വലങ്കൈയ്യും നിന്റെ ഭുജവും നിന്റെ മുഖപ്രകാശവും കൊണ്ടത്രേ.

സങ്കീ. 45.1—എന്റെ ഹൃദയം ശുഭവചനത്താൽ കവിയുന്നു. എന്റെ കൃതി രാജാവിനുവേണ്ടിയുള്ളത് എന്ന് ഞാൻ പറയുന്നു. എന്റെ നാവ് സമർത്ഥനായ ലേഖകന്റെ എഴുത്തുകോൽ ആകുന്നു (കവിയുന്നു, പറയുന്നു, ആകുന്നു).

സങ്കീ. 46.1—ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു. കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്തതുണയാകുന്നു.

സങ്കീ. 47.7—ഒരു ചാതുര്യകീർത്തനം പാടുവിൻ.

സങ്കീ. 48.2—മഹാരാജാവിന്റെ നഗരമായി ഉത്തരഗിരിയായ സീയോൻ പർവ്വതം ഉയരം കൊണ്ട് മനോഹരവും സർവ്വഭൂമിയുടെയും ആനന്ദവുമാകുന്നു.

സങ്കീ. 49.7—സഹോദരൻ ശവക്കുഴി കാണാതെ എന്നേക്കും ജീവിച്ചിരിക്കേണ്ടതിന് അവനെ വീണ്ടെടുപ്പാനോ ദൈവത്തിന് വീണ്ടെടുപ്പുവില കൊടുപ്പാനോ ആർക്കും കഴിയുകയില്ല. അവരുടെ പ്രാണന്റെ വീണ്ടെടുപ്പ് വിലയേറിയത്.

സങ്കീ. 84.1—സൈന്യങ്ങളുടെ യഹോവേ, തിരുനിവാസം എത്ര മനോഹരം.

പ്രോത്സാഹിപ്പിക്കുവാനും അംഗീകരിക്കുവാനും ആരുമില്ലെങ്കിലും അവർ തങ്ങളോടുതന്നെ പറയുന്ന കാര്യങ്ങൾ എത്ര മഹത്തരമെന്ന് ചിന്തിച്ചിട്ടുണ്ടോ? ഇന്നും നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും അവ ഭക്തർക്ക് ഏറ്റവും സന്തോഷം നൽകുന്ന ഗീതങ്ങളാണല്ലോ.

**9. ദാവീദ്**

*എൻ മനമേ, യഹോവയെ വാഴ്ത്തുക. എന്റെ സർവ്വ അന്തരംഗവുമേ അവന്റെ വിശുദ്ധനാമത്തെ വാഴ്ത്തുക (സങ്കീ. 103.1).*

ഒന്നുമറിയാതെ ആടിപ്പാടി നടന്ന ഇടയനായി ജീവിച്ചപ്പോഴേ ദൈവം അവനെ കണ്ടു, അഭിഷേകം ചെയ്തു, അഭ്യസിപ്പിച്ചു, രാജസിംഹാസനത്തിൽ ഇരുത്തി. ഗുരുതരമായ പിഴവുകൾ എല്ലാം ക്ഷമിച്ചു. അതുകൊണ്ട് അവന് പറയാനും വാഴ്ത്താനും ഓർക്കാനും ധാരാളമുണ്ട്. അവന്റെ സകല സങ്കീർത്തനങ്ങളും മനസ്സിനെ ധൈര്യപ്പെടുത്തുന്ന അനുഗൃഹീത വാക്യങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുന്നു. 103-ാം സങ്കീർത്തനം മാത്രം വിശദമായി ചിന്തിക്കാനൊരുമ്പെടുകയാണ്. ദൈവത്തെ സ്തുതിച്ച് പറയുന്ന വാക്കുകൾ ശ്രദ്ധിക്കുക.

അകൃത്യം മോചിക്കുന്ന ദൈവം.

സകല രോഗങ്ങളെയും സൗഖ്യമാക്കുന്നു.

ജീവനെ നാശത്തിൽ നിന്ന് വീണ്ടെടുക്കുന്നു.

ദയയും കരുണയും അണിയിക്കുന്നു.

യൗവ്വനം പുതുക്കിത്തരുന്നു.

നന്മകൊണ്ട് തൃപ്തിവരുത്തുന്നു.

പാപങ്ങൾക്ക് തക്കവണ്ണം നമ്മോടു ചെയ്യുന്നില്ല.

അകൃത്യങ്ങൾക്ക് ഒത്തവണ്ണം നമ്മോടു പകരംചെയ്യുന്നതുമില്ല.

ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതുപോലെ അവന്റെ ദയ അവന്റെ ഭക്തന്മാരോട് വലുതായിരിക്കുന്നു.

അപ്പനു മക്കളോട് കരുണ തോന്നുന്നതുപോലെ യഹോവയ്ക്ക് തന്റെ ഭക്തന്മാരോട് കരുണ തോന്നുന്നു.

ഒരു ജീവിതത്തിന്റെ എല്ലാ വശങ്ങളെയും വർണ്ണിക്കുന്ന ഒരു സങ്കീർത്തനമാണ് ഇത്. അതുകൊണ്ട് ദൈവം ചെയ്യുന്ന നന്മകൾ എണ്ണിഎണ്ണി പറഞ്ഞ് സ്തുതിക്കുക. അങ്ങനെയാണ് അവൻ ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യനായി കണക്കാക്കപ്പെട്ടത്.

**10. ആസാഫ്**

*ദൈവം യിസ്രായേലിന് നിർമ്മലഹൃദയമുള്ളവർക്കു തന്നെ നല്ല വൻ ആകുന്നു നിശ്ചയം (സങ്കീ. 73.1).*

നമ്മിലനേകരെപ്പോലെ പ്രതിസന്ധിഘട്ടത്തിൽ ആസാഫും പതറിപ്പോയി, എന്തുകൊണ്ട് എനിക്കിങ്ങനെ സംഭവിച്ചു? ഈ ചോദ്യം ഒരിക്കലെങ്കിലും ചോദിക്കാത്ത ആരെങ്കിലും കാണുമോ? ദൈവവുമായി നല്ല ബന്ധത്തിൽ കഴിഞ്ഞിരുന്ന ആസാഫിന് എന്നും പ്രശ്നങ്ങൾ! ഒരു നീക്കുപോക്കുമില്ല. പക്ഷേ, ദുഷ്ടന്മാർക്ക് പ്രകടമായി ഒരു പ്രശ്നവുമില്ലതാനും. അവർ നിത്യം സുഖം അനുഭവിച്ച് അഹങ്കാരത്തോടുകൂടെത്തന്നെ മുമ്പോട്ട് പോകുന്നു. ഈ വൈരുദ്ധ്യം തനിക്ക് സഹിക്കാൻ നിവൃത്തിയില്ലാതെ വന്നപ്പോൾ താൻ പ്രശ്നവുമായി ദൈവസന്നിധിയിലേക്ക് ചെന്ന് അവിടെ ഭാരം ഇറക്കിവെച്ചു. അപ്പോഴാണ് ദൈവം അവന് ഒരു പുതിയ ഉൾക്കാഴ്ച കൊടുത്തത്. ദുഷ്ടന്മാരുടെ സൗഖ്യം കണ്ട്

1. അവൻ ഹൃദയത്തിൽ വ്യസനിച്ചു.
2. അന്തരംഗത്തിൽ കത്തു കൊണ്ടു.
3. തന്നെത്താൻ പൊട്ടനും ഒന്നും അറിയാത്തവനും പോലെ ആയിത്തീർന്നു.
4. ഒരു മൃഗത്തെപ്പോലെ വിവേകശൂന്യനായിത്തീർന്നു.

പക്ഷേ, ദൈവം അവനോടിടപെട്ടപ്പോൾ അവന് താനും ദുഷ്ട നും തമ്മിലുള്ള അന്തരം മനസ്സിലാക്കി.

| **ദുഷ്ടന്മാർ** | **നീതിമാന്മാർ** |
|---|---|
| വഴുവഴുപ്പിലാണ് നിൽക്കുന്നത് | —വീഴാതെവണ്ണം വലങ്കൈക്കു പിടിച്ചിരിക്കുകയാണ് |
| നാശത്തിൽ തള്ളിയിടുന്നു | —ആലോചനയാൽ നടത്തുന്നു |
| ദൈവം ഉണരുമ്പോൾ രൂപത്തെ തുച്ഛീകരിക്കുന്നു | —മഹത്വത്തിലേക്ക് കൈക്കൊള്ളും |
| ക്ഷണത്തിൽ ശൂന്യമായി മെരുൾച്ചകളാൽ മുടിഞ്ഞുപോയിരിക്കുന്നു | —ദൈവം എന്നേക്കും ഹൃദയത്തിന്റെ പാറയും ഓഹരിയുമാണ് |

ഈ വ്യത്യാസം വളരെ വ്യക്തവും തീർച്ചയുള്ളതുമാണ്. ഈ കാഴ്ചപ്പാട് ലഭിച്ചപ്പോൾ തന്റെ ദുഃഖം എല്ലാം തീർന്നു. തന്നെയുമല്ല തന്റെ ഭാഗ്യാവസ്ഥയോർത്ത് അവൻ സന്തോഷിച്ചു.

**11. രക്തസ്രവക്കാരി**

*അവന്റെ വസ്ത്രം എങ്കിലും തൊട്ടാൽ ഞാൻ രക്ഷപ്പെടും എന്നു പറഞ്ഞ്... (മർക്കോ. 5.25-31).*

ശാരീരികമായി അവൾ ഏറ്റവും തകർന്നവൾ ആയിരുന്നു. പന്ത്രണ്ടു വർഷമായി തുടരുന്ന വ്യാധി കാരണം ശരീരത്തിൽ രക്തവും ബലവുമില്ലാതെ ഏറ്റവും പരവശയായിത്തീർന്നു. മാനസികമായി ഏറ്റവും തകർന്ന അവസ്ഥയിലെത്തി. ന്യായപ്രമാണപ്രകാരം അവൾക്ക് ആരുമായും സമ്പർക്കത്തിന് അനുവാദമില്ല. സമൂഹത്തിൽനിന്നും മാറ്റി നിർത്തപ്പെട്ട് പന്ത്രണ്ടു വർഷമായി ഏതാണ്ട് ഒറ്റപ്പെട്ട അവസ്ഥയിലായിത്തീർന്നു. മുതൽ മുഴുവൻ വൈദ്യന്മാർക്ക് കൊടുത്ത് ഒരു വിടുതലുമില്ലാതെ സാമ്പത്തികമായും തകർന്ന അവസ്ഥയിലായിത്തീർന്നവളാണ്. അവൾ യേശുവിനെക്കുറിച്ച് കേട്ടപ്പോൾ സ്വയം പറഞ്ഞത് ശ്രദ്ധിക്കുക, "യേശുവിന്റെ വസ്ത്രം എങ്കിലും തൊട്ടാൽ രക്ഷപ്പെടും" എന്ന് തന്നോടുതന്നേ പറഞ്ഞ് യേശു പോലും അറിയാതെ വസ്ത്രത്തിന്റെ തൊങ്ങലിൽ തൊട്ടു. ദൈവം അവളുടെ വിശ്വാസത്തെ മാനിച്ചു. അവൾക്ക് സൗഖ്യം ലഭിച്ചു. അനേകർ ആൾക്കൂട്ടത്തിൽ യേശുവിനെ തൊട്ട് ഉരുമ്മിപ്പോയി. പക്ഷേ, വിശ്വാസത്തോടെ മനഃപൂർവ്വമായി വസ്ത്രത്തിന്റെ തൊങ്ങൽ തൊട്ടവൾക്കു മാത്രം സൗഖ്യം അനുഭവിക്കാൻ കഴിഞ്ഞു.

മേൽപ്പറഞ്ഞ വേദഭാഗങ്ങളിലെല്ലാം തെളിഞ്ഞുകാണുന്ന വാസ്തവം ശ്രദ്ധിച്ചുവോ? ദൈവാനുഗ്രഹം തനിയെ വരുന്നു എന്ന് കരുതരുത്. അനുഗ്രഹം ഏറ്റെടുക്കാനുള്ള ഒരു അന്തരീക്ഷം ജീവിത ത്തിൽ ഉണ്ടാക്കിയെടുക്കണം. എത്ര പ്രതികൂലമായ സാഹചര്യങ്ങളാണെങ്കിലും ദൈവത്തിലുള്ള വിശ്വാസത്തിൽ ആശ്രയിച്ച് സ്വയം ബലപ്പെടുത്തി സ്തുതിച്ച് അനുഗ്രഹത്തിന്റെ വാക്കുകൾ സ്വയം ഏറ്റുപറഞ്ഞ് അനുഗ്രഹം പ്രാപിക്കുക.

3

# നിന്റെ പുതപ്പ് അടിയന്റെമേൽ ഇടണമേ

*നിന്റെ പുതപ്പ് അടിയന്റെ മേൽ ഇടണമേ. നീ എന്റെ വീണ്ടെടുപ്പുകാരനല്ലോ (രൂത്ത് 3.9).*

കിഴക്കൻരാജ്യങ്ങളിൽ പുതപ്പ് ഒരു സ്ത്രീയുടെ മേൽ ഇടുക എന്നു പറഞ്ഞാൽ വിവാഹബന്ധത്തിലൂടെ അവളെ സ്വന്തമാക്കുക എന്നാണു വിവക്ഷിക്കുന്നത്. അതായത്, അവളെ സ്വന്ത അവകാശമായും സംരക്ഷണപാത്രമായും അംഗീകരിച്ചിരിക്കുന്നു എന്നതിന്റെ തെളിവ്. രൂത്തിനെ വീണ്ടെടുക്കാൻ നിയമപ്രകാരം യോഗ്യതയും അവകാശവുമുള്ള ബോവസിനോട് അവൾ ചെയ്യുന്ന അപേക്ഷയാണിത്.

നമ്മുടെ വീണ്ടെടുപ്പുകാരൻ യേശുകർത്താവാണ്. വെറുതെ പറയുകയല്ല. വലിയ വില കൊടുത്ത് ശത്രുവിന്റെ കയ്യിൽനിന്നു വലിച്ചെടുത്ത് പുതപ്പിൻ കീഴിൽ ചേർത്ത് സ്വന്തമാക്കിയ ഒരു ബന്ധമാണ് നമുക്ക് അവിടന്നുമായിട്ടുള്ളത്. വേറെ എങ്ങും ലഭിക്കാത്ത ആനന്ദം നൽകുന്ന, അതിമോദത്തോടെ വസിക്കാൻ കൃപ നൽകുന്ന ശ്രേഷ്ഠമായ ആത്മബന്ധമാണ് യേശുകർത്താവുമായിട്ടുള്ളത് (ഉത്തമ. 2.3) അതിമോദത്തോടെയാണ് ആ തണലിൽ ഇരിക്കുന്നത്. ഏറ്റവും ഇഷ്ടപ്പെടുന്ന സഖിത്വത്തിൽ സ്നേഹക്കൊടിയുടെ കീഴിൽ ഉള്ളിന്റെ ഉള്ളിൽനിന്ന് അതിസന്തോഷത്തോടെ വിശ്രമിക്കുന്ന അനുഭവമാണ് യേശുകർത്താവിനോടുള്ള ആത്മബന്ധം!

യേശുകർത്താവിന്റെ തേജസ്സിനാൽ മൂടപ്പെടുന്ന ഒരു അനുഭവത്തിനു വേണ്ടി വാഞ്ഛിക്കുന്ന ഒരു ഹൃദയഭാവത്തെ നമുക്കിതിനോടുപമിക്കാം. അങ്ങ് എനിക്കു മറവിടമാകുന്നു എന്നത്രേ സങ്കീർത്തനക്കാരൻ പറയുന്നത് (സങ്കീ. 32.7). ലംഘനം ക്ഷമിച്ചും പാപം മറെച്ചും കിട്ടിയവന്റെ പ്രത്യേക പദവിയാണ് ഈ അനുഭവം. അങ്ങനെയുള്ളവന്റെമേൽ ദൃഷ്ടിവെക്കുകയും ആലോചനയാൽ നടത്തുകയും ചെയ്യുന്ന വിശേഷ അനുഭവവുമുണ്ട്. അത്യുന്നതന്റെ മറവിൽ വസിക്കാൻ നീ നിന്നെത്തന്നെ ഒരുക്കുന്നു എങ്കിൽ ഒരു പ്രത്യേക സുരക്ഷിതത്വം ഉണ്ട് (സങ്കീ. 91.1). കൊള്ളയിടുന്ന

വരുടെയും ചുറ്റിവളയുന്ന ശത്രുക്കളുടെയും നടുവിൽ കണ്ണിന്റെ കൃഷ്ണ മണി പോലെ കാത്ത് ചിറകിന്റെ മറവിൽ മറെയ്ക്കുന്നവനാണ് നമ്മുടെ ദൈവം (സങ്കീ. 17.9).

നമ്മെ അവിടത്തെ കൂട്ടായ്മയിൽ മറെക്കാൻ തൽപ്പരനായ വലിയ ദൈവമാണു നമുക്കുള്ളത്. യഹോവയെ തന്റെ വെളിച്ചവും ജീവന്റെ ബല വുമായി കണ്ടവർക്ക് ദൈവം ഒരു പ്രത്യേക പദവി നൽകിയിരിക്കുന്നത് സങ്കീ. 27.5-ൽ നമുക്ക് കാണാം. യഹോവയുടെ മനോഹരത്വം കാണാൻ കൊതിക്കുന്ന അവരെ അനർത്ഥദിവസത്തിൽ തിരുനിവാസത്തിന്റെ മറ വിൽ മറെക്കും. എന്നിട്ട് തക്കസമയം വരുമ്പോൾ എല്ലാവരും കാൺകെ പാറമേൽ ഉയർത്തും. മറെക്കുകയും തന്റെ കൂടാരത്തിൽ ആരും കാ ണാതെ ഒളിപ്പിക്കുകയും ചെയ്യുന്നവരെ തക്ക സമയത്ത് അവിടന്നു തന്നെ പാറമേൽ ഉയർത്തും. അവിട ത്തെ കൂട്ടായ്മയിൽ മറെക്കുന്നു, സാന്നിദ്ധ്യ ത്തിൽ മറെക്കുന്നു എന്നൊക്കെ നമുക്ക് ഇതിനെ വിശേഷിപ്പിക്കാം.

തിരുസാന്നിദ്ധ്യത്തിന്റെ മറവിൽ മറെക്കുകയും അവിടത്തെ കൂടാര ത്തിൽ ഒളിപ്പിക്കുകയും ചെയ്യുന്ന അനുഭവം അവിടത്തെ ഭക്തന്മാരുടെ വിശേഷപദവിയാണ് (സങ്കീ. 31.19,20). അവിടത്തെ ഭക്തന്മാർക്കുവേണ്ടി സംഗ്രഹിച്ച്, കരുതി, മനുഷ്യപുത്രന്മാർ കാൺകെ പ്രവർത്തിക്കാനായി നന്മ ഒരുക്കുന്ന ദൈവമാണ് നമ്മുടെ ദൈവം. എത്ര മഹത്തായ പദവി! ഏതു സമയത്തും തന്റെ അടുക്കൽ മറവിനായി അണയത്തക്കവെയണ്ണം ഒരുക്കപ്പെട്ട അഭയസ്ഥാനമത്രേ അവിടത്തെ സന്നിധി (സങ്കീ. 143.9). അത് അവിടത്തെക്കുവേണ്ടി ദാഹിക്കുന്ന ഏവരുടെയും കൈകളെ തന്നിലേക്ക് മലർത്തുന്നവരുടെയും (സങ്കീ. 143.6) പ്രത്യേക പദവിയാണ്.

ന്യായപ്രമാണത്തെ പ്രിയപ്പെടുകയും ദൈവവചനത്തിൽ പ്രത്യാശ വെക്കുകയും ചെയ്യുന്നവർക്ക് (സങ്കീ. 119.114) അവിടന്ന് മറവിടമാകുന്നു. ഏത് അവസരത്തിനും വേണ്ടതായ വാഗ്ദത്തങ്ങൾ അവിടത്തെ ആവനാഴി യിലുണ്ട്. നമ്മുടെ യഥാർത്ഥ അവസ്ഥ മനസ്സിലാക്കി തക്കതായ വാഗ്ദത്തം മുറുകെപ്പിടിച്ച് അവിടത്തെ അടുക്കൽ മറവിനായി ചെല്ലുകയേ വേണ്ടൂ.

അബ്രഹാമിനെ ദൈവം മറെച്ചു. ഞാൻ നിന്റെ അതിമഹത്തായ പ്രതിഫ ലവും പരിചയുമാണെന്ന് അവനോടു തന്നെ വാഗ്ദത്തം ചെയ്തു. സർവ്വ ശക്തനായ ദൈവം തന്നെക്കൊണ്ടു തന്നെ അബ്രഹാമിനെ മറെക്കുകയാ ണ്. നൂറ്റാണ്ടുകളോളം നിലവിലുള്ള വാഗ്ദത്തത്തിന്റയും ഉടമ്പടിയുടെയും തുടക്കമായിരുന്നു അത്. വിശ്വാസികളുടെ പിതാവായി അവന്റെ ജീവിതം ആരംഭിച്ചു. പിന്നീട് ദൈവത്തിന്റെ സ്നേഹിതൻ എന്ന പേരും സമ്പാദിച്ചു. ദൈവം നടപ്പിലാക്കാനുദ്ദേശിച്ച പല തീരുമാനങ്ങളും ദൈവം അബ്രഹാമു മായി പങ്കുവെക്കുന്നു. രണ്ടായിരം വർഷങ്ങൾക്കുശേഷം കാൽവറിയിൽ തന്റെ ഓമനപ്പുത്രനെ യാഗമാക്കിയപ്പോൾ അവിടന്ന് അനുഭവിച്ച തീവ്ര മായ വേദനയുടെ ഒരു പങ്ക് മോറിയാമലയിൽ യിസഹാക്കിനെ യാഗം കഴി

ക്കാൻ ഒരുങ്ങിയപ്പോൾ അബ്രഹാം അനുഭവിക്കാൻ അവിടന്ന് ഇടയാക്കി. അതേ അബ്രഹാമിന്റെ മേൽ ദൈവത്തിന്റെ പുതപ്പുണ്ടായിരുന്നു.

മോശ മരുഭൂമിയിൽ ദൈവത്തോട് സംസാരിക്കാൻ പർവ്വതത്തിൽ കയറിപ്പോയി. മേഘവും ദൈവതേജസ്സും അവരെ ഇരുവരെയും മൂടി (പുറ. 24.12,15,16). സ്നേഹിതനോട് സംസാരിക്കുന്നതുപോലെ ദൈവം അവനോട് സംസാരിച്ചു. മോശയുടെ മുഖം പ്രകാശിച്ച് ത്വക്ക് തിളങ്ങുന്ന അനുഭവവുമുണ്ടായി. യിസ്രായേൽമക്കളോട് ദൈവം കോപിച്ചപ്പോൾ പല തവണ മോശ ഇടിവിൽനിന്ന് മദ്ധ്യസ്ഥതചെയ്യുന്നതായി കാണാം. ദൈവം കാണിച്ചുകൊടുത്ത ഒരു പാറയുടെ വിള്ളലിൽനിന്ന് ദൈവമഹത്വം നേരിട്ടു കാണാനും ദൈവം ഇടയാക്കി. അതേ, മോശെയുടെ മേൽ ദൈവത്തിന്റെ പുതപ്പുണ്ടായിരുന്നു.

മറുരൂപമലയിൽ ശിഷ്യന്മാരുടെ മേൽ ദൈവതേജസ്സിന്റെ പുതപ്പു വീണു. ആ മഹത്വത്തിൽ ഇരുന്നപ്പോൾ അവിടെത്തന്നെ എപ്പോഴും ആയിരുന്നാൽ മതിയെന്ന് അവർ കൊതിച്ചുപോയി. മേഘം വിട്ടുപിരിഞ്ഞപ്പോൾ മാത്രമാണ് അവർ യഥാർത്ഥജീവിതത്തിലേക്ക് മടങ്ങിവന്നത്. ദൈവസാമീപ്യം ഏറ്റവും ആഹ്ലാദകരമായ അനുഭവമാണെന്ന് അവർ കണ്ടെത്തി. പിന്നീട് പത്രോസ് പറയുന്നത് തങ്ങൾ അവന്റെ മഹിമ കണ്ട സാക്ഷികളാണ് എന്നത്രേ.

ദാനീയേൽ സിംഹക്കുഴിയിൽ എറിയപ്പെട്ടപ്പോൾ ദൈവം തന്റെ പുതപ്പിനാൽ മറെച്ചു. സിംഹങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞതേയില്ല തന്നെ! അതുപോലെ ശദ്രക്ക്, മേശെക്ക്, അബേദ്നെഗോ എന്നിവർ തീച്ചൂളയിൽ എറിയപ്പെട്ടപ്പോൾ ദൈവത്തിന്റെ തേജസ്സുകൊണ്ട് അവരെ മുഴുവനായി മറെച്ചു. പുറത്തു വന്നപ്പോൾ തീയുടെ മണം പോലും തട്ടാതെ ദൈവം തന്റെ പുതപ്പുകൊണ്ട് അവരെ മറെച്ചു.

ഏലീയാവിന്റെ പുതപ്പ് എലീശയുടെ മേൽ ഇട്ടു (1രാജാ. 19.19) ഒന്നും പറഞ്ഞതായി കാണുന്നില്ല. എന്നാൽ തന്റെമേൽ ദൈവവിളിയും ഏലീയാവിന്റെ ഇരട്ടി ശക്തിയും ഉണ്ട് എന്നു മനസ്സിലാക്കാൻ എലീശായ്ക്ക് കൂടുതലൊന്നും വേണ്ടായിരുന്നു.

നമ്മുടെ വായനഭാഗം രൂത്ത് ബോവസിനോടു പറയുന്ന വാക്കുകളാണ്. അനാഥയും വിധവയും പരദേശിയുമായ രൂത്തിന് ഒരു വിശ്രമസ്ഥലം ബോവസിന്റെ അടുക്കൽ മാത്രമേ ഉള്ളൂ എന്ന് അവൾ തിരിച്ചറിഞ്ഞു. ബോവസ് അവളുടെ വീണ്ടെടുപ്പുകാരനായി പ്രവർത്തിച്ച് അവൾക്ക് പൂർണ്ണസുരക്ഷിതത്വവും ഭദ്രതയും നൽകി. അവളുടെ സ്വപ്നങ്ങൾ വീണ്ടും പൂവണിഞ്ഞു. നീ യഹോവയാൽ അനുഗ്രഹിക്കപ്പെട്ടവൾ എന്നത്രേ തന്റെ പുതപ്പിന്റെ അടിയിൽ ആശ്രയം തേടിയ രൂത്തിനോട് ബോവസ് പറയുന്നത് (രൂത്ത് 3.10).

നമുക്ക് ഒരു വീണ്ടെടുപ്പുകാരൻ ഉണ്ട്. അത് നമുക്കുവേണ്ടി തന്റെ

ചങ്കിലെ ചോര മുഴുവൻ ഊറ്റിയ യേശുകർത്താവത്രേ. ഈ വീണ്ടെ ടുപ്പുകാരന്റെ പുതപ്പിനടിയിൽ നമുക്ക് ആശ്രയം കണ്ടെത്താം. നാം അപ്പോൾ പൂർണ്ണമായും അവിടത്തേക്കുള്ളവരത്രേ. സ്വർഗ്ഗത്തിലെ സകല ആത്മിക അനുഗ്രഹങ്ങളാലും നമ്മെ അവിടന്ന് അനുഗ്രഹിച്ചിരിക്കുകയാണ്. നാം അവിടത്തെ ക്രസ്തുവിലൂടെ പിതാവാം ദൈവത്തിന്റെ മക്കളും അവകാശികളുമാണ്. അവിടത്തെ വിളി, ശുശ്രൂഷ, ആത്മാക്കളെക്കുറിച്ചുള്ള ഭാരം, ലക്ഷ്യം എല്ലാം നമ്മുടേതായിത്തീരുകയാണ്.

അതേ കർത്താവേ, ഞാൻ ഏറ്റെടുക്കാൻ ഒരുക്കമാണ്. അങ്ങയുടെ പുതപ്പ് അടിയന്റെമേൽ ഇടണമേ!

## 4

# ഒരു കുറവുമില്ലാത്ത ജീവിതം

*...രക്ഷയ്ക്ക് വിശ്വാസത്താൽ കാക്കപ്പെടുന്ന നിങ്ങൾക്കുവേണ്ടി സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നതും ക്ഷയം, മാലിന്യം, വാട്ടം എന്നിവ ഇല്ലാത്തതുമായ അവകാശത്തിനായിത്തന്നേ വീണ്ടും ജനിപ്പിച്ചിരിക്കുന്നു (1പത്രോസ് 1.5).*

*അവൻ അവളെ വചനത്തോടു കൂടിയ കൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിനും കറ, ചുളുക്കം മുതലായത് ഒന്നുമില്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തനിക്കു തന്നേ തേജസ്സോടെ മുൻനിറുത്തേണ്ടതിനും തന്നെത്താൻ അവൾക്കുവേണ്ടി ഏൽപ്പിച്ചുകൊടുത്തു (എഫെ. 5.27).*

വലിയവനായ ദൈവം നമ്മെ ഓരോരുത്തരെയും കുറിച്ച് ആഗ്രഹിക്കുന്നത് ക്രിസ്തു എന്ന തലയോളം വളരേണം എന്നാണ്. ഒരു ഊനവുമില്ലാത്ത ദൈവത്തിന്റെ കുഞ്ഞാടായ ക്രിസ്തുവിനെപ്പോലെ ഊനമില്ലാത്ത ജീവിതത്തിന്റെ ഉടമകളായി നാം ആയിത്തീരേണം. അതാണ് നന്മയും പ്രസാദവുമുള്ള അവിടത്തെ പൂർണ്ണഹിതം. രക്ഷിക്കപ്പെടുന്ന നാൾ മുതൽ പിന്നെയങ്ങോട്ട് ക്രിസ്തീയജീവിതം എന്നത് ഒരു യാത്ര അഥവാ ഓട്ടം അഥവാ വളർച്ച എന്നിങ്ങനെ ഒരു പ്രത്യേക അനുഭവം തന്നെയാണ്. ലക്ഷ്യസ്ഥാനത്ത് എത്തുന്നതുവരെ നാം മുന്നോട്ട് പോയേ പറ്റൂ.

പലപ്പോഴും നാം അറിയാതെ നമ്മുടെ ജീവിതമാകുന്ന വസ്ത്രം കറ പുരണ്ട് വികൃതമാകാറുണ്ട്. ചുളുക്കം വീണ് ഉപയോഗശൂന്യമാകാറുണ്ട്. വാട്ടവും ക്ഷയവും മാലിന്യവും സംഭവിക്കാറുമുണ്ട്. ഇവയെപ്പറ്റി അൽപ്പം വിശദമായി നാം ചിന്തിച്ചാലോ?

വെളിപ്പാട് 19.7,8-ൽ നാം കാണുന്നത് അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു. അവൾക്ക് ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിപ്പാൻ കൃപ ലഭിച്ചിരിക്കുന്നു. ആ വിശേഷവസ്ത്രം വിശുദ്ധന്മാരുടെ നീതിപ്രവൃത്തികൾ തന്നെ എന്നാണ്. കുഞ്ഞാടിന്റെ കാന്തയാകാൻ തിരഞ്ഞെടുക്കപ്പെട്ടവൾക്ക് "തന്നെത്താനു"ള്ള ഒരു ക്കം വേണം. ശുദ്ധവും

ശുഭ്രവുമായ വിശേഷവസ്ത്രം എന്നത് ജീവിതമാകുന്ന വസ്ത്രത്തെ വിശുദ്ധിയോടെ കാത്തുസൂക്ഷിക്കുന്നതിനെ കുറിക്കുന്നു. “നിന്റെ വസ്ത്രം എല്ലായ്പ്പോഴും വെള്ളയായിരിക്കട്ടെ. നിന്റെ തലയിൽ എണ്ണ കുറയാതിരിക്കട്ടെ” എന്ന് സഭാ. 9.8-ൽ കാണുന്നു. നിന്റെ ജീവിതം എല്ലായ്പ്പോഴും വിശുദ്ധവും അഭിഷേകത്തിന്റെ നിറവിലും ആയിരിക്കട്ടെ എന്നു സാരം. യേശുകർത്താവിന്റെ രണ്ടാമത്തെ വരവിങ്കൽ അല്ലെങ്കിൽ നാം മരിക്കുമ്പോൾ നമ്മുടെ പണമോ പ്രതാപമോ സ്ഥാനമാനങ്ങളോ ഒന്നും നമ്മെ പിന്തുടരുകയില്ല. പക്ഷേ, നമ്മുടെ നീതിപ്രവൃത്തികൾ മാത്രം നമ്മെ പിന്തുടരും (വെളി. 14.13). നമ്മുടെ സകല പ്രവൃത്തികളും തീയിലൂടെ എന്നപോലെ ശോധനചെയ്ത് ഉദ്ദേശ്യം, കൊടുത്ത വില (സഹിച്ച ത്യാഗം), മനോഭാവം മുതലായവ എല്ലാം വെളിപ്പെട്ടുവരുന്ന ഒരു സമയമുണ്ട് (1കൊരി. 3.12). നാം ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തിയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിന് നാമെല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പിൽ നിൽക്കേണ്ട ഒരു ദിവസമുണ്ട് (2കൊരി. 5.10). അപ്പോൾ നമ്മുടെ പ്രവൃത്തി നമ്മോടുകൂടെ സ്വർഗ്ഗത്തിൽ വിലമതിക്കപ്പെടും. ആത്മമണവാളനായ നമ്മുടെ നാഥന്റെ കാന്ത ശുദ്ധവും ശുഭ്രവുമായ വസ്ത്രം ധരിച്ചിരിക്കണം. അതിനു തടസ്സമായി പല കാര്യങ്ങളുമുണ്ട്.

**1. കറ (എഫെ. 5.27)**

നമ്മുടെ സ്വയമായ നീതിപ്രവൃത്തികൾ എല്ലാം കറ പുരണ്ട തുണി പോലെയാണെന്ന് യെശ. 64.6-ൽ കാണുന്നു. അംഗീകാരത്തിനുവേണ്ടിയും ശ്രദ്ധിക്കപ്പെടാൻവേണ്ടിയും അനേകർ പലതും ചെയ്യാറുണ്ട്. അവ ദൈവസന്നിധിയിൽ ഒട്ടും അംഗീകരിക്കപ്പെടാനേ സാധ്യമല്ല. കറ പുരണ്ട വസ്ത്രം പോലെ മാറ്റിവെക്കപ്പെടാൻ അല്ലെങ്കിൽ ധരിക്കേണ്ട എന്നു കരുതി തിരസ്കരിക്കപ്പെടാൻ ഇടയാക്കുമത്രേ. നാം അറിയാതെ അശ്രദ്ധകൊണ്ടും അവഗണനകൊണ്ടും വസ്ത്രത്തിന്മേൽ പുരളുന്നതാണ് കറ. നമ്മുടെ വിലപ്പെട്ട വിശേഷവസ്ത്രങ്ങൾ കറ പിടിച്ചാൽ പിന്നെ നാം അത് ഉപയോഗിക്കുവാൻ മടിക്കുകയില്ലേ?

എന്താണ് നമ്മുടെ ജീവിതമാകുന്ന വസ്ത്രത്തിലെ കറ? യൂദായുടെ ലേഖനം 23-ാം വാക്യത്തിൽ നാം കാണുന്നത് ജഡത്താൽ കറ പിടിച്ച അങ്കിപോലും പകെച്ചുകൊണ്ട് ചിലരെ രക്ഷിക്കാനാണ്. ജഡികമായ ചിന്തകളും ജീവിതശൈലികളും ആത്മിക ജീവിതത്തിൽ കറയാണ്. നോട്ടം, സംസാരം, ചിന്ത എല്ലാം വിശുദ്ധമായിരിക്കണം. നമുക്ക് നമ്മുടെ ജീവിതത്തെ ശോധനചെയ്യാം. എന്തെങ്കിലും കറ ജീവിതത്തിൽ ഒളിഞ്ഞിരിപ്പുണ്ടോ?

**2. ചുളുക്കം (എഫെ. 5.27)**

വസ്ത്രത്തിന്മേൽ കഠിനമായ മർദ്ദം അഥവാ ഞെരുക്കം സംഭവിക്കു

മ്പോഴാണ് ചുളുക്കം സംഭവിക്കുന്നത്. നല്ല നേർമ്മയുള്ള തുണികൾ വാഷിംഗ് മെഷീനിൽ നനച്ചു പിഴിഞ്ഞെടുക്കുമ്പോൾ ഒരിക്കലും നേരെയാക്കാൻ പറ്റാത്തവിധം ചുളുക്കം സംഭവിക്കുന്നത് പ്രായോഗിക ജീവിതത്തിൽ നാം കണ്ടുവരാറുണ്ട്. കഠിനമായ പ്രഷറിന് വിധേയപ്പെടുമ്പോഴാണ് ഇങ്ങനെ ചുളുക്കം സംഭവിക്കുന്നത്.

ഈ ലോകത്തിന്റെ ചിന്തകളും ജഡികചിന്തകളും കൂടെ ഞെരുക്കിയിട്ട് വിതെച്ച വചനം ഫലം പുറപ്പെടുവിക്കാൻ സാധിക്കാതെപോകുന്നു എന്ന് യേശുകർത്താവ് ഒരു ഉപമയിലൂടെ പഠിപ്പിച്ചു (മത്താ. 13.22; ലൂക്കോ. 8.14). വിലയേറിയതിലേക്കുള്ള ശ്രദ്ധ മാറിപ്പോയിട്ട് ഫലം കൊടുക്കാത്ത അനുഭവത്തിൽ അനേകർ ഇന്ന് എത്തുന്നുണ്ട്. മറ്റു സമ്മർദ്ദങ്ങൾക്കു വഴങ്ങി ജീവിതവസ്ത്രത്തിൽ ചുളുക്കം പറ്റുന്നവർ അനേകരാണ്. വല്ലാത്ത ചുളുക്കം പറ്റിയാൽ വസ്ത്രം പാഴായിപ്പോകും. യാതൊരു തരത്തിലും ശരിയാക്കാനാകാതെ കളയുക മാത്രമേ നിർവ്വാഹമുള്ളൂ. അങ്ങനെ ഒരവസ്ഥ നമ്മുടെ ആരുടെയും ജീവിതത്തിൽ സംഭവിക്കാതിരിക്കട്ടെ. (Beware of the barrenness of a busy life.)

**3. ക്ഷയം (1പത്രോ. 1.4)**

പഴകുമ്പോഴാണ് ക്ഷയം സംഭവിക്കുന്നത്. ഏതു വസ്തുവിനും ഒരു എക്സ്പയറി ഡേറ്റ് ഉണ്ട്. അതിനപ്പുറം അതിന്റെ ഗുണമേന്മ നഷ്ടപ്പെട്ടു കൊണ്ടിരിക്കും. എത്ര മനോഹരമായി നിർമ്മിച്ച ഭവനമായാലും വർഷങ്ങൾ കഴിയുമ്പോൾ വല്ലാത്ത ക്ഷയം സംഭവിച്ച അവസ്ഥയിലായിപ്പോകുന്നത് കണ്ടിട്ടില്ലേ? വസ്ത്രം പഴകുമ്പോൾ പിഞ്ചിക്കീറുന്ന അവസ്ഥയിലായിപ്പോകും. ഒരു കാലത്ത് ദൈവിക ദർശനം പ്രാപിച്ച് വളരെ ദൈവകൃപ അനുഭവിച്ച ദൈവമക്കൾ വളരെ കരുതലോടെയിരിക്കേണ്ടത് ഏറ്റവും അത്യാവശ്യം! തങ്ങൾ പ്രാപിച്ച കൃപ നഷ്ടപ്പെടാതെയും കൃപയിൽനിന്ന് വീണുപോകാതെയും കൃപ പഴകിപ്പോകാതെയും ശ്രദ്ധിക്കണം. ഒരിക്കൽ ലഭിച്ച കൃപയുടെ ബലത്തിൽ ജീവിതാവസാനം വരെ മുന്നോട്ടു പോകാം എന്ന് വ്യാമോഹിക്കരുത്. ഒരു സന്ദർഭത്തിൽ ലഭിച്ച കൃപ ആ സന്ദർഭത്തിനു മാത്രമേ ഉതകുകയുള്ളൂ. അതുകൊണ്ടാണ് വലിയവനാ യ ദൈവം ഓരോ ദിവസവും രാവിലെ തോറും പുതിയ ദയയും പുതിയ വിശ്വസ്തതയും ഒരുക്കിവെച്ചിട്ട് നമ്മെ ഉണർത്തി എഴുന്നേൽപ്പിക്കുന്നത് (വിലാ. 3.23). എന്തിനേറെ യിസ്രായേൽമക്കൾക്ക് ഭക്ഷിക്കണമെങ്കിൽ അവരവർ തന്നെ ഓരോ ദിവസവും അതിരാവിലെ സൂര്യൻ ഉദിക്കുന്നതിനു മുമ്പ് പാളയത്തിനു പുറത്തിറങ്ങി മണൽത്തരികളുടെയിടയിൽനിന്ന് മന്നാ പെറുക്കണമായിരുന്നു. പിറ്റെന്നാളേക്ക് അത് കൃമിച്ചു നാറിപ്പോകുമായിരുന്നു. പുതിയ മന്നാ പുതിയ ദിവസത്തേക്ക് ദൈവം അവർക്കായി കരുതിയിരുന്നു. അതുപോലെ തന്നെ ദിനം തോറും അവിടന്ന് ഒരുക്കുന്ന പുതിയ

കൃപകൾ ഏറ്റെടുത്ത് ജീവിതത്തെ എന്നും പുതുമയോടെ കാക്കുവാൻ ദൈവം നമുക്ക് ഇടയാക്കട്ടെ.

**4. വാട്ടം (1പത്രോ. 1.4)**

ചൂടു കൂടുമ്പോൾ സസ്യങ്ങൾക്കു വാട്ടം തട്ടുന്നതു കണ്ടിട്ടില്ലേ? ആത്മിക ജീവിതത്തിലും കഠിനപരിശോധനയിൽ വാട്ടംതട്ടാൻ സാദ്ധ്യതയുണ്ട്. വീണ്ടെടുക്കപ്പെട്ടവർ മരുഭൂമിയിലൂടെ നടക്കുമ്പോൾ വാട്ടംതട്ടാൻ എല്ലാ സാദ്ധ്യതയുമുണ്ട്. അതുകൊണ്ട് നാം എന്തുചെയ്യണം? അതിനുള്ള ഉത്തരം ഉത്തമഗീതത്തിൽ നാം കാണുന്നു. ഉത്തമ. 8.5-ൽ "മരുഭൂമിയിൽ നിന്ന് പ്രിയന്റെ മേൽ ചാരിക്കൊണ്ടു വരുന്നോരിവൾ ആര്" എന്ന ഒരു ചോദ്യം കാണുന്നു. ഈ മരുഭൂമിയാത്ര പ്രിയന്റെ മേൽ ചാരിക്കൊണ്ടു നിർവ്വഹിക്കണം. നാരകത്തിന്റെ ചുവട്ടിൽ ആർക്കും കനിവ് തോന്നാത്ത സമയത്ത് കനിവുതോന്നി തന്റേതാക്കി മാറ്റുവാനായി ഉണർത്തിയ ഒരുവനുണ്ട് (ഉത്ത. 2.2-5). അവിടന്ന് ചൂടടിക്കാതെ സ്നേഹക്കൊടിക്കീഴിൽ പിടിച്ച് ആനന്ദം പൊഴിയുന്ന വീഞ്ഞുവീട്ടിലേക്ക് കൂട്ടിക്കൊണ്ടുവന്നു! ഇതാണ് അവളുടെ ഭൂതകാലം. ഇന്ന് അവൾ ആ പ്രിയന്റെ മാറിൽ ചാരി മരുഭൂമിയിലൂടെ മുന്നോട്ട് യാത്രചെയ്യുകയാണ്. ഇതാണ് അവളുടെ വർത്തമാനകാലം. ഇനി അവൾക്ക് അതിമനോഹരമായ ഒരു ഭാവികാലവുമുണ്ട്. അതെന്താണെന്ന് ഉത്തമഗീതം 6.10-ൽ നാം കാണുന്നു. അരുണോദയം പോലെ ശോഭയും ചന്ദ്രനെപ്പോലെ സൗന്ദര്യവും സൂര്യനെപ്പോലെ നിർമ്മലതയും കൊടികളോടുകൂടിയ സൈന്യം പോലെ ഭയങ്കരത്വവും ഉള്ളോരിവൾ ആര്? ഇതാണ് വാട്ടമേൽക്കാതെ പ്രിയന്റെ മേൽ ചാരിക്കൊണ്ടു വരുന്നവളുടെ ഭാഗ്യാവസ്ഥ. നീ ഇത് വാസ്തവമായി ആഗ്രഹിക്കുന്നുവോ? എങ്കിൽ ഇന്ന് പ്രിയന്റെമേൽ ചാരി യാത്രചെയ്യാനായി നീ തീരുമാനിക്കുക. എങ്കിൽ ജയാളിയായും മനോഹരിയായും നീ അവസാനിക്കുക തന്നേ ചെയ്യും.

**5. മാലിന്യം (1പത്രോ. 1.5)**

ഏതൊരു വസ്തുവും മാലിന്യമില്ലാതായേ മതിയാകൂ. പൊന്ന് സകല കറയും തീർത്ത് ശുദ്ധീകരിച്ചിട്ടാണ് ഉപയോഗിക്കുന്നത്. നിലത്ത് ഉലയിൽ ഏഴു പ്രാവശ്യം ശുദ്ധിചെയ്തിട്ടാണ് വെള്ളിയെ മാലിന്യരഹിതമാക്കുന്നത്. യോഹന്നാൻ അപ്പൊസ്തലൻ സർദ്ദീസിലെ സഭയ്ക്ക് എഴുതുന്ന കത്തിൽ അവരുടെ പ്രവൃത്തി പൂർണ്ണതയുള്ളതായി കണ്ടില്ല എന്ന് ഒരു കൂട്ടരോട് പറയുന്നതായി കാണാം (വെളി. 3.2-4). അതോടൊപ്പം തന്നെ ഉടുപ്പ് മലിനമാകാത്ത ചിലരുണ്ടെന്നും എടുത്ത് പറഞ്ഞിരിക്കുന്നു. ജയിക്കുന്നവർ വെള്ളയുടുപ്പ് ധരിക്കും എന്നു കൂടി പറഞ്ഞ് ആ സഭയ്ക്കുള്ള ദൂത് അവസാനിപ്പിക്കുന്നു. അശ്രദ്ധകൊണ്ടും നിശ്ചിന്തകൊണ്ടും നിർവ്വിചാരത കൊണ്ടും മാലിന്യം ജീവിതത്തിൽ കയറിപ്പറ്റുന്നു. എങ്കിലും ഭാര

പ്പെടേണ്ട. മാലിന്യപരിഹാരത്തിനായി ക്രൂശിൽ തുറന്ന ഒരു ഉറവയുണ്ട്. "അന്നാളിൽ...പാപത്തിന്റെയും മാലിന്യത്തിന്റെയും പരിഹാരത്തിനായി ഒരു ഉറവ തുറന്നിരിക്കും" (സെഖ. 13.1).

ആ ഉറവയിൽ ചെന്ന് കഴുകി മാലിന്യം മാറ്റാൻ അവിടന്ന് അലിവോടെ നമ്മെ ഉദ്ബോധിപ്പിക്കുന്നു.

പ്രിയ ദൈവപൈതലേ, കറ, ചുളുക്കം, ക്ഷയം, വാട്ടം, മാലിന്യം തുടങ്ങിയവ ഒന്നുമില്ലാതെ ശുദ്ധവും ശുഭ്രവും നിഷ്കളങ്കവുമായി നമ്മുടെ ജീവിതം കാണപ്പെടുവാൻ അവിടന്ന് ഇടയാക്കട്ടെ.

## 5

# എന്റെ ഹൃദയം ശുഭവചനത്താൽ കവിയുന്നു

*എന്റെ ഹൃദയം ശുഭവചനത്താൽ കവിയുന്നു. എന്റെ കൃതി രാജാവിനു വേണ്ടിയുള്ളത് എന്ന് ഞാൻ പറയുന്നു. എന്റെ നാവ് സമർത്ഥനായ ലേഖ കന്റെ എഴുത്തുകോൽ ആകുന്നു. നീ മനുഷ്യ പുത്രന്മാരിൽ അതിസുന്ദ രൻ. ലാവണ്യം നിന്റെ അധരങ്ങളിന്മേൽ പകർന്നിരിക്കുന്നു. അതുകൊണ്ട് ദൈവം നിന്നെ എന്നേക്കും അനു ഗ്രഹിച്ചിരിക്കുന്നു. വീരനായുള്ളോവേ, നിന്റെ വാൾ അരെക്ക് കെട്ടുക. നിന്റെതേജസ്സും നിന്റെ മഹിമയും തന്നേ. സത്യവും സൗമ്യതയും നീതിയും പാലിക്കേണ്ടതിന് നീ മഹിമയോടെ കൃതാർത്ഥനായി വാഹനമേറി എഴുന്നെള്ളുക, നിന്റെ വലങ്കൈ ഭയങ്കര കാര്യങ്ങളെ നിനക്ക് ഉപദേശിച്ച് തരുമാറാകട്ടെ (സങ്കീ. 45.1-4).*

മനോഹരമായ ഈ സങ്കീർത്തനത്തിലെ ആദ്യത്തെ നാലു വാക്യങ്ങൾ മാത്രം ചിന്തിക്കാനായി തിരഞ്ഞെടുക്കുകയാണ്. ഇത് എഴുതിയത് കോ രഹ്പുത്രന്മാരാണ്. അവരുടെ അവസ്ഥ എന്താണെന്നും അത് എങ്ങനെ സംഭവിച്ചു എന്നുമൊക്കെ സംഖ്യ 16-ാമദ്ധ്യായത്തിൽ കാണുന്നുണ്ട്. കോര ഹിന്റെ നേതൃത്വത്തിൽ ഒരു വലിയ മത്സരം മോശെക്കു വിരോധമായി നടന്നു. ദാഥാൻ, അബീരാം എന്നിവരും കൂട്ടത്തിൽ കൂടി. ദൈവം ഒരു അപൂർവ്വകാര്യം ചെയ്ത് ആ മത്സരം അമർത്തി. ഭൂമി വായ് പിളർന്ന് ആ മൂന്നു പേരെയും അവരുടെ കുടുംബങ്ങളെയും അവരോടു ചേർന്നിട്ടുള്ള എല്ലാവരെയും അവരുടെ സർവ്വസമ്പത്തോടും കൂടെ വിഴുങ്ങിക്കളഞ്ഞു. എന്നാൽ കോരഹിന്റെ പുത്രന്മാർ മാത്രം ആ കൂട്ടത്തിൽ ചേരാതെ മാറിക്ക ളഞ്ഞു. സംഖ്യ 26.11-ൽ പറയുന്നത് അവർ ഒരു അടയാളമായിത്തീർന്നു എന്നത്രേ. അതായത് അവരെക്കാണുമ്പോൾ ദൈവത്തോട് മത്സരിച്ചാൽ ഇങ്ങനെയിരിക്കും എന്ന് എല്ലാവരും മനസ്സിലാക്കി. മാതാപിതാക്കളും ഉറ്റ വരും സമ്പത്തും എല്ലാം നഷ്ടപ്പെട്ട് അനാഥരായി ദൈവത്തെ മാത്രം ആശ്ര യിച്ചുവന്ന ആ കോരെഹ്പുത്രന്മാരുടെ ജോലി എന്താണെന്നോ? സമാഗ മനകൂടാരത്തിന്റെ വാതിൽകാവൽക്കാർ എന്നതായിരുന്നു. ഇന്നത്തെ

കാലത്തെ ഭാഷയിൽ പറഞ്ഞാൽ സെക്യൂരിറ്റിപ്പണി! ഒരു സ്ഥാപനത്തിലെ ഏറ്റവും ശമ്പളം കുറവുള്ള ജോലി കാവൽക്കാർക്കാണ്. പക്ഷേ, അവരുടെ സേവനം വളരെ വിലപ്പെട്ടതാണു താനും! അകത്തു നടക്കുന്ന യാതൊരു പരിപാടിയിലും നേരിട്ട് പങ്കെടുക്കാൻ അവർക്കാകുകയുമില്ല. എങ്കിലും കോരഹ്പുത്രന്മാരുടെ ആത്മാവിന്റെ ദാഹവും ആരാധനയുമെല്ലാം അവർ രചിച്ച സങ്കീർത്തനങ്ങളിൽ നിഴലിച്ചു കാണാം. അവയിലൊന്നാണ് 45-ാം സങ്കീർത്തനം.

45-ാം സങ്കീർത്തനം തുടങ്ങുന്നതുതന്നെ *എന്റെ ഹൃദയം ശുഭവചനത്താൽ കവിയുന്നു* എന്ന മുഖവുരയോടെയാണ്. വാസ്തവത്തിൽ അവരുടെ അനുഭവവും പറയാനുള്ള കാര്യങ്ങളുമെല്ലാം ഒരു ട്രാജഡിയല്ലേ? പക്ഷേ, അവരുടെ ഹൃദയം നിറഞ്ഞുകവിയുന്നതാണ് അവരുടെ വായ് പ്രസ്താവിക്കുന്നത്. അത് ശുഭവചനമാണ്. അനേകരെ ധൈര്യപ്പെടുത്തുന്നതും സന്തോഷിപ്പിക്കുന്നതും ബലപ്പെടുത്തുന്നതുമായ ദൈവവചനമാണ് അവർക്കു പറയാനുള്ളത്. അവരുടെ അധരങ്ങളിൽനിന്ന് പുറപ്പെടുന്നത് മുഴുവൻ രാജാവിനുവേണ്ടി മാത്രമുള്ള വചനമാണ്. അവരുടെ നാവ് ദൈവമഹത്വത്തിനായി മാത്രം മാറ്റിവെച്ചിരിക്കുകയുമാണ്. മൂന്ന് വാക്കുകൾ ശ്രദ്ധിച്ചാലും.

കവിയുന്നു – Think God's Word
പറയുന്നു – Speak God's Word
ആകുന്നു – Act on God's Word

അപ്പോൾ ഏതൊരു വ്യക്തിക്കും ദൈവത്തിന്റെ ഏറ്റവും നല്ലത് അനുഭവിക്കാൻ സാധിക്കും.

ദൈവവചനം സംസാരിക്കുന്നത് ഏറ്റവും നല്ലത്. ദൈവം ഇസ്രായേൽ മക്കൾക്ക് കൊടുത്ത കൽപ്പന ആവർത്തനം 6.6,7,8,9 വാക്യങ്ങളിൽ നാം കാണുന്നു. *ഇന്ന് നിന്നോടു കൽപ്പിക്കുന്ന ഈ വചനങ്ങൾ നിന്റെ ഹൃദയത്തിൽ ഇരിക്കേണം. നീ അവയെ നിന്റെ മക്കൾക്ക് ഉപദേശിച്ച് കൊടുക്കുകയും നീ വീട്ടിൽ ഇരിക്കുമ്പോഴും വഴി നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും അവയെക്കുറിച്ച് സംസാരിക്കുകയും വേണം. അവയെ അടയാളമായി നിന്റെ കൈ മേൽ കെട്ടേണം. അവ നിന്റെ കണ്ണുകൾക്കു മദ്ധ്യേ പട്ടമായി ഇരിക്കേണം. അവയെ നിന്റെ വീട്ടിന്റെ കട്ടളകളിൻമേലും പടിവാതിലുകളിലും എഴുതേണം.*

(1) കോരഹ്പുത്രന്മാർക്കു പറയാനുള്ളത് അവരുടെ ഹൃദയത്തിൽ തട്ടിയാണ് അവർ പറയുന്നത്. തങ്ങളുടെ തകർച്ചയുടെ മദ്ധ്യത്തിൽ ഒരു കാര്യം അവർ കണ്ടെത്തി. പിറുപിറുത്ത്, കുശുമ്പു പറഞ്ഞ് യാതൊരു പ്രശ്നവും അനുഭവിച്ചിട്ടില്ലാത്ത മറ്റുള്ളവരെ നോക്കി സ്വയസഹതാപം പറഞ്ഞു പരിതപിക്കാനല്ല ദൈവം അവർക്ക് ജീവിതം നൽകിയത് എന്ന് അവർ കണ്ടെത്തി. പിന്നെയോ ഹൃദയം നിറഞ്ഞ നന്ദിയോടെ ആമോദ

ത്തോടെ ആനന്ദത്തോടെ ദൈവത്തെ സ്തുതിക്കാനാണ് ദൈവം ആയുസ്സ് തന്നത് എന്ന കണ്ടെത്തൽ അവരെ പുതിയ വ്യക്തിത്വമുള്ളവരാക്കി ത്തീർത്തു. അങ്ങനെ സ്തുതിക്കാൻ തുടങ്ങിയപ്പോൾ ഹൃദയം നിറഞ്ഞു കവിയാൻ തുടങ്ങി.

(2) അങ്ങനെ ഹൃദയം നിറഞ്ഞുകവിയാൻ തുടങ്ങിയപ്പോൾ അവർ ഒരു വസ്തുത മനസ്സിലാക്കി. അതായത് തങ്ങളുടെ കൃതി രാജാവിനുവേണ്ടി മാത്രമുള്ളതാണ്. തങ്ങളുടെ അധരങ്ങളിൽനിന്ന് പുറപ്പെടുന്നതൊക്കെ ദൈവത്തെ മഹത്വപ്പെടുത്താൻ മാത്രമുള്ളതാണ്.

(3) തങ്ങളുടെ നാവ് തങ്ങളെ വീണ്ടെടുത്തു നടത്തുന്ന പരിശുദ്ധാത്മാവിന്റെ ഉപകരണം മാത്രമാണ്. പരിശുദ്ധാത്മാവിന്റെ പൂർണ്ണനിയന്ത്രണത്തിലുള്ള നാവാണ്.

ഇപ്രകാരമുള്ള കാഴ്ചപ്പാട് കിട്ടിയപ്പോൾ, അവർ പൂർണ്ണമായും ദൈവത്തിന് തങ്ങളെത്തന്നെ സമർപ്പിച്ചു. അപ്പോൾ അനർഗ്ഗളമായ ഒരു ഒഴുക്കുപോലെ തങ്ങളുടെ ദൈവത്തെക്കുറിച്ച് മനോഹരമായ കാര്യങ്ങളാണ് തങ്ങളുടെ നാവിലൂടെ ഒഴുകിവന്നത്. നമ്മുടെ ദൈവത്തിന്റെ മഹത്വത്തെക്കുറിച്ച് വിലയേറിയ ആറു കാര്യങ്ങൾ അവർ കണ്ടെത്തി.

(i) ***നീ മനുഷ്യപുത്രന്മാരിൽ അതിസുന്ദരൻ.*** ഉത്തമഗീതത്തിൽ ശൂനേംകാരത്തിയോട് യെരുശലേം പുത്രിമാർ ഇവളുടെ പ്രിയന് എന്തു വിശേഷതയാണുള്ളത് എന്ന് അത്ഭുതത്തോടെ ചോദിക്കുന്നതായി കാണുന്നു. അപ്പോൾ അവൾക്കു പറയാനുള്ളത് തന്റെ പ്രിയൻ വെണ്മയും ചുവപ്പും ഉള്ളവൻ. പതിനായിരം പേരിൽ അതിശ്രേഷ്ഠനാണ് എന്നത്രേ (ഉത്ത. 5.10). വിശുദ്ധിയും വീണ്ടെടുപ്പും മുഖമുദ്രയാക്കിയ ശ്രേഷ്ഠനായവനാണ് നമ്മുടെ ദൈവം! സ്വഭാവത്തിൽ, വിശുദ്ധിയിൽ, സ്നേഹത്തിൽ, കൃപയിൽ, കരുണയിൽ എല്ലാം ശ്രേഷ്ഠനായവൻ അവിടന്നാണ്. ആ ദിവ്യസൗന്ദര്യത്തോട് കിടപിടിക്കുവാൻ ലോകത്തിൽ മറ്റാർക്കും സാദ്ധ്യമല്ല തന്നെ.

ദാവീദിന് ഒരേ ഒരു കാര്യം മാത്രമേ ആഗ്രഹമുള്ളൂ. തന്റെ ദൈവത്തിന്റെ മനോഹരത്വം കാണണം (സങ്കീ. 27.4). ജീവിതത്തിൽ ചില തീരുമാനങ്ങളെടുത്ത് ക്രമപ്പെടുത്തുന്നവർക്ക് രാജാവിനെ അവിടത്തെ സൗന്ദര്യത്തോടെ ദർശിക്കാം (യെശ. 33.15-17) എന്നും നാം വചനത്തിൽ കാണുന്നു. വെളിപ്പാട് ഒന്നാമദ്ധ്യായത്തിൽ അതിസുന്ദരനും തേജോമയനുമായ കർത്താവിന്റെ അംഗപ്രത്യംഗവർണ്ണനയുണ്ട്. അവിടന്ന് ജീവിതങ്ങളെ പണിതെടുക്കുന്നവനും ഹൃദയങ്ങളെ തണുപ്പിക്കുന്നവനും വ്യക്തിത്വങ്ങളെ പുഷ്ടിപ്പെടുത്തുന്നവനുമാണ്.

(ii) ***ലാവണ്യം നിന്റെ അധരങ്ങളിന്മേൽ പകർന്നിരിക്കുന്നു.*** യേശുവിന്റെ വായിൽനിന്നു പുറപ്പെട്ട ലാവണ്യവാക്കുകൾ എന്ന് ലൂക്കോസ് 4.22-ൽ നാം കാണുന്നു. ഏതുതരത്തിലുള്ള വ്യക്തികളോടും ഇടപെടാൻ തക്കതായ കൃപയുള്ള വാക്കുകളാണ് യേശു സംസാരിക്കുന്നത്.

തന്നെ സ്നേഹിക്കുന്നവരോട് ലാവണ്യവാക്കുകൾ.
അശരണരോട് സാന്ത്വനവാക്കുകൾ.
മനസ്താപമുള്ളവരോട് ധൈര്യപ്പെടുത്തുന്ന വാക്കുകൾ.
ദുഃഖിക്കുന്നവരോട് ആശ്വാസത്തിന്റെ വാക്കുകൾ.

തന്നെ പരീക്ഷിക്കാനായി മാത്രം അടുത്തുവരുന്നവരോട് അതിനു തക്കതായ വാക്കുകൾ ബുദ്ധിയോടെ ഉപയോഗിക്കുന്നതായും നാം കാണുന്നുണ്ട്. ചുരുക്കിപ്പറഞ്ഞാൽ ഏത് അവസരത്തിനും വേണ്ടിയതായ മനോഹരവാക്കുകൾ അവിടത്തേക്കുണ്ട്.

(iii) ***ദൈവം നിന്നെ എന്നേക്കും അനുഗ്രഹിച്ചിരിക്കുന്നു.*** എന്റെ രാജാവായ കർത്താവ് എന്നും എന്നേക്കും ദൈവത്താൽ അഭിഷിക്ത നാണ്. അനുഗ്രഹിക്കപ്പെട്ടവനാണ്. അൽഫയും ഒമേഗയുമാണ്. ആദിയും അന്തവുമാണ്. മരിച്ചവനായിരുന്ന് എന്നേക്കും ജീവിക്കു ന്നവനാണ്. മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ അവിടന്നിനുണ്ട്. ഭൂമിയിലെ സകല ഉന്നതന്മാർക്കും മീതെ ജാഗരിക്കുന്ന അത്യുന്നതനാണ് (സഭാ. 5.8). നിത്യരാജത്വം അവിടത്തേക്കുള്ളത്. ഈ ലോകത്തിലും അധോലോകത്തിലുമുള്ള സകല മുഴങ്കാലും മടങ്ങുന്ന നാമമാണ് (ഫിലി. 2.10).

(iv) ***സാക്ഷാൽ വീരനായിട്ടുള്ളവനാണ്.*** അവിടന്ന് വാളെടുക്കുന്ന വീരനാണ്. തേജസ്സും മഹിമയും അവിടത്തെ ചുറ്റിയിരിക്കുകയാണ്. തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും അവിടന്നാണ്. (എബ്രാ. 1.3) സകലത്തെയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനാണ്. മഹത്വവും ബഹുമാനവും അണിഞ്ഞവനാണ്. (എബ്രാ. 2.9).

(v) ***അവിടത്തെ സ്വഭാവവിശേഷം—സത്യവും സൗമ്യതയും നീതിയും പാലിക്കുന്നവൻ.*** വഴിയും സത്യവും ജീവനുമായവൻ അവിടന്നു മാത്രം. സത്യത്തിനു സാക്ഷി നിൽക്കാൻ വന്നവൻ അവിടന്നു മാത്രം (യോഹ. 18.37). കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിന്റെ സൗമ്യത അവസാനത്തോളവും പ്രകടിപ്പിച്ചവനാണ് അവിടന്ന് (യെശ. 53.7). താൻ സൗമ്യതയും താഴ്മയുമുള്ളവനാകയാൽ തന്റെ നുകം ഏറ്റുകൊണ്ട് തന്നോടു പഠിപ്പിൻ എന്ന് ആഹ്വാനം ചെയ്തവനാണ് അവിടന്ന് (മത്താ. 11.29).

(vii) ***ഭയങ്കരകാര്യങ്ങളെ ഉപദേശിച്ചുതരുന്ന ഒരു വലങ്കൈ അവിടത്തേക്കുണ്ട്.*** അവിടത്തെ വലങ്കൈ മഹത്വമുള്ള വലങ്കൈയാണ് (പുറ. 15.6; സങ്കീ. 98.1). താങ്ങുന്ന വലങ്കൈയാണ് (സങ്കീ. 18.35). നിന്റെ വലങ്കൈ എന്നെ താങ്ങി, നിന്റെ സൗമ്യത എന്നെ വലിയവനാക്കിയിരിക്കുന്നു. ദൈവം താങ്ങിയെങ്കിലേ വലിയവനാകുകയുള്ളൂ. സ്വയം വലിയവനാകാൻ എല്ലാവരും മത്സരിക്കുന്ന കാലഘട്ടത്തിൽ എളിയവരെ വലിയവരാക്കാൻ മഹത്വമുള്ള ഭുജം ജാഗരിക്കുന്നു. അവിടന്ന് ഉറക്കത്തിൽ താങ്ങുന്ന ദൈവമാണ് (സങ്കീ. 3.5). സമാധാനത്തോടെ ഉണർന്നെഴുന്നേൽക്കുന്നത് അവിടത്തെ കൃപയാണ്. നീതിയുള്ള വലങ്കൈകൊണ്ട് താങ്ങും ശക്തീക

രിക്കും. ഒറ്റക്കാരണം മാത്രം! നീ എന്റെ ദാസൻ, ഞാൻ നിന്നെ തിരഞ്ഞെടുത്തിരിക്കുന്നു! (യെശ. 41.10). അവിടന്ന് വലങ്കൈക്കു പിടിച്ചു നടത്തുന്ന ദൈവമാണ് (സങ്കീ. 73.23). അവിടത്തെ വലങ്കൈയിൽ ദീർഘായുസ്സുണ്ടത്രേ (സദൃ. 3.16). അവിടത്തെ വലങ്കൈ രക്ഷിക്കുന്ന വലങ്കൈയാണ്. (സങ്കീ. 138.7). മോശയുടെ വലങ്കൈക്ക് അത്ഭുതം ഒന്നും പ്രവർത്തിക്കാൻ കഴിവില്ല. പക്ഷേ, തന്റെ മഹത്വമുള്ള ഭുജം മോശയുടെ വലങ്കൈക്കൽ അവിടന്ന് ചെല്ലുമാറാക്കി (യെശ. 63.12). പിന്നെ അത്ഭുതം നടന്നതിൽ എന്തെങ്കിലും അതിശയമുണ്ടോ?

അതേ, "എന്റെ ഹൃദയം ശുഭവചനത്താൽ കവിയുന്നു. എന്റെ കൃതി രാജാവിനുവേണ്ടിയുള്ളത് എന്ന് ഞാൻ പറയുന്നു. എന്റെ നാവ് സമർത്ഥനായ ലേഖകന്റെ എഴുത്തുകോൽ ആകുന്നു."

# 6
# വശീകരിച്ച് മരുഭൂമിയിൽ കൊണ്ടുചെല്ലും

*അതുകൊണ്ട് ഞാൻ അവളെ വശീകരിച്ച് മരുഭൂമിയിൽ കൊണ്ടു ചെന്ന് അവളോട് ഹൃദ്യമായി സംസാരിക്കും. അവിടെനിന്ന് ഞാൻ അവൾക്ക് മുന്തിരിത്തോട്ടങ്ങളെയും പ്രത്യാശയുടെ വാതിലായ ആഖോർതാഴ്വര യെയും കൊടുക്കും. അവൾ അവിടെ അവളുടെ യൗവ്വനകാലത്തിലെ ന്നപോലെയും അവൾ മിസ്രയീംദേശത്തുനിന്ന്  പുറപ്പെട്ടുവന്ന നാളിലെ ന്നപോലെയും വിധേയ ആകും. അന്നാളിൽ നീ എന്നെ ബാലീ (ഉടയവൻ) എന്നല്ല ഈശീ (ഭർത്താവേ) എന്ന് വിളിക്കും എന്ന് യഹോവയുടെ അരു ളപ്പാട് (ഹോശേയ 2.14-16).*

ഇവിടെ നാം യഥാസ്ഥാനത്തിന്റെ മനോഹരമായ ഒരു വാഗ്ദത്തം കാണുന്നു. ദൈവത്തെ വിട്ടകന്നുപോയ ജനത്തെ ഏതുവിധേനയും തന്നി ലേക്ക് വീണ്ടും അടുപ്പിക്കാൻ വെമ്പൽകൊള്ളുന്ന ഒരു ദീർഘക്ഷമയുള്ള ദൈവത്തെയാണ് ഹോശേയപ്രവാചകൻ നമ്മെ പരിചയപ്പെടുത്തുന്നത്. അഞ്ചു കാര്യങ്ങളാണ് ദൈവം ഇവിടെ വാഗ്ദത്തം ചെയ്യുന്നത്.

1. വശീകരിക്കും
2. മരുഭൂമിയിൽ കൊണ്ടുചെല്ലും.
3. ഹൃദ്യമായി സംസാരിക്കും.
4. അവൾക്ക് കൊടുക്കുന്ന പ്രതിഫലം
5. അവൾ പത്തെപ്പോലെയാകും

ഇവ ഓരോന്നോരോന്നായി നമുക്ക് ചിന്തിച്ചാലോ?

### 1. വശീകരിക്കും

ക്രിസ്തുവിന്റ സ്നേഹം ആകർഷിക്കുന്ന സ്നേഹമാണ്. അത് അനുഭ വിച്ചവർക്കു മാത്രമേ അതിന്റെ പ്രത്യേകത മനസ്സിലാകുകയുള്ളൂ. അല്ലാ ത്തവർക്ക് ഇത് വലിയ വിഡ്ഢിത്തമായിട്ടു മാത്രമേ തോന്നുകയുള്ളൂ.

ഉത്തമഗീതം 1.4 ശ്രദ്ധിച്ചാലും. *നിന്റെ പിന്നാലെ എന്നെ വലിക്ക. നാം ഓടിപ്പോക!* ആകർഷണത്തിന്റെ തീവ്രത വെളിപ്പെടുത്തുന്ന വരികളാണിവ.

ശലോമോന്റെ സകല സമ്പത്തിനും പ്രൗഢിക്കും അപ്പുറമായ ആകർഷണ മാണ് ശൂനേംകാരത്തിക്ക് ഇടയച്ചെറുക്കനോടുള്ളത്.

യിരെമ്യാവ് 31.3 ശ്രദ്ധിക്കുക. യിസ്രായേലിനെ നിത്യസ്നേഹം കൊണ്ട് സ്നേഹിച്ചിരിക്കുന്നതിനെ അവിടെ വർണ്ണിച്ചിരിക്കുന്നു. ഒരു സാഹചര്യ ത്തിനും വേർപെടുത്താൻ സാധിക്കാത്ത സ്നേഹമാണ് നിത്യസ്നേഹം. ഇതാണ് സ്രഷ്ടാവിനു നമ്മോടുള്ള സ്നേഹം.

വീണ്ടും ഹോശേയ 11.4 ശ്രദ്ധിച്ചാലും. മനുഷ്യപാശങ്ങൾകൊണ്ട് സ്നേഹ ബന്ധനങ്ങൾകൊണ്ട് തന്നെ ഞാൻ അവരെ വലിച്ചു. അതേ അദ്ധ്യായം 1 മുതൽ 4 വരെയുള്ള വാക്യങ്ങൾ നോക്കിയാൽ ഈ മഹാദൈവം വളരെ വലിയ കാര്യമാണുചെയ്തത്. (1) സ്നേഹത്തിന് പ്രതികരിക്കാൻ അറിയുന്ന തിനു മുൻപേ അവിടന്ന് സ്നേഹിച്ചു. (2) ബന്ധനത്തിൽനിന്ന് സ്വതന്ത്രരാകാൻ വിളിച്ചു. (3) നടപ്പാൻ ശീലിപ്പിച്ചു. (4) ഭുജങ്ങളിൽ എടുത്തു. (5) സൗഖ്യമാക്കി. (6) നുകം മാറ്റി തീനിട്ട് കൊടുത്തു. (7) അടിമച്ചങ്ങല നീക്കി സ്വതന്ത്രരാക്കി. (8) ആർത്തി തീർത്തു കൊടുത്തു. ഇതൊക്കെയായിട്ടും ഈ ദൈവത്തെ അവർ അറിഞ്ഞില്ല.

യോഹന്നാൻ 6.44 നോക്കുക. സ്വർഗ്ഗസ്ഥനായ പിതാവ് ആകർഷിച്ചിട്ട ല്ലാതെ ആർക്കും പുത്രന്റെ അടുക്കൽ വരുവാൻ കഴിയുകയില്ല. അപ്പോൾ ഒരു ആകർഷണം ഉണ്ടെന്നല്ലേ ധ്വനിക്കുന്നത്?

യോഹന്നാൻ 12-ന്റെ 32 ശ്രദ്ധിക്കുക. ഭൂമിയിൽനിന്ന് ഉയർത്തപ്പെ ട്ടാൽ എല്ലാവരെയും തങ്കലേക്ക് ആകർഷിക്കും എന്ന് പുത്രനായ യേശുകർത്താവ് പറയുന്നു. നൂറ്റാണ്ടുകളായി ഈ യാഥാർത്ഥ്യം നാം കണ്ടുകൊണ്ടിരിക്കുകയാണ്. അന്ധകാരത്തിന്റെയും മൂഢതയുടെയും അന്ധവിശ്വാസത്തിന്റെയും നടുവിൽ ബന്ധിതരായിരിക്കുന്ന അനേകരെ ആകർഷിച്ചുകൊണ്ടിരിക്കുന്ന ക്രിസ്തുവിന്റെ സ്നേഹം പോലെ ഒന്ന് ഈ ലോകത്തിൽ ഇല്ല. ലോകത്തിൽ ലഭ്യമായിരിക്കുന്ന സകലത്തിലും വലു താണ് ക്രിസ്തുവിന്റെ സ്നേഹം.

**2. മരുഭൂമിയിൽ കൊണ്ടുചെല്ലും**

(1) ***മരുഭൂമിയിൽ:*** മരുഭൂമിയുടെ അനുഭവം ജീവിതത്തിൽ അനിവാര്യ മാണ്. ഈ ഭൂമിയിൽ ആരും അത് സ്വതവേ ആഗ്രഹിക്കുന്നില്ല. എന്നിരു ന്നാലും ദൈവം തിരഞ്ഞെടുത്തവരും ദൈവം ഉപയോഗിച്ചിട്ടുള്ളവരുമായ എല്ലാവരും തന്നെ ജീവിതത്തിൽ മരുഭൂമിയുടെ അനുഭവത്തിൽക്കൂടെ എന്നെങ്കിലുമൊക്കെ കടന്നുപോയിട്ടുണ്ട്. യിസ്രായേല്യർ മിസ്രയീമിൽ നിന്ന് വിജയശ്രീലാളിതരായി പുറപ്പെട്ടപ്പോൾ കനാനിൽ ചെല്ലാൻ എളുപ്പ വഴികൾ പലതുണ്ടായിരുന്നു. എന്നാൽ ദൈവം നടത്തിയത് മരുഭൂമിയി ലൂടെ തന്നെയാണ്. അവർക്ക് എങ്ങനെയെങ്കിലും പാലും തേനും ഒഴു കുന്ന ദേശത്ത് എത്രയും പെട്ടെന്ന് എത്തിയാൽ മാത്രം മതി! ഇത്രയും മഹാത്ഭുതങ്ങൾ ചെയ്ത മഹാദൈവത്തിന് മരുഭൂമിയിലൂടെ നടത്താതെ

വേഗം അവരെ കനാനിൽ കൊണ്ടുവന്നുകൂടേണ്ട എന്ന് ആരും ചിന്തിച്ചു പോകും. നീ വർഷങ്ങൾ അടിമകളായി കഷ്ടപ്പെട്ട് ജീവിച്ച അവർക്ക് നാളിതുവരെയും ജീവിതത്തിൽ ഒരു ക്രമീകരണമോ അഭ്യസനമോ ഒന്നും ലഭിച്ചിട്ടില്ല.

മാത്രവുമല്ല, മിസ്രയീം ദേശത്തെ മ്ലേച്ഛതകൾ എല്ലാം കണ്ടും കേട്ടും അവയുടെ ഭാഗഭാക്കായും തീർന്ന അവർക്ക് തെറ്റും ശരിയും എന്തെന്ന് ആരും പഠിപ്പിച്ചു കൊടുത്തിട്ടില്ല. ദൈവാനുഗ്രഹം പ്രാപിക്കത്തക്ക പക്വതയും പരിജ്ഞാനവും ഒന്നും പ്രാപിച്ചിട്ടേയില്ല. അനുഗ്രഹം അനുഭവിക്കുന്നതിനു മുൻപേ അവരെ അതിനായി ഒരുക്കേണ്ടത് അത്യാവശ്യമല്ലേ? തന്റെ ജനത്തെ താൻ തിരഞ്ഞെടുത്തത് ഒരു പ്രത്യേക ഉദ്ദേശ്യത്തിനായിട്ടാണ്. അവരെ തനിക്കായി വേർതിരിച്ചത് സ്വന്തജനവും ശ്രേഷ്ഠജനവും വിശുദ്ധജനവും ആയിത്തീരാനാണ്. അങ്ങനെയായിത്തീരാൻ വേണ്ടി അവർക്ക് അഭ്യസനം കൊടുത്തേ മതിയാകൂ. അതിന് പറ്റിയ കളരി മരുഭൂമി തന്നെയാണ്.

വലിയ അനുഭവങ്ങൾ എല്ലായ്പ്പോഴും ഉത്തുംഗത്തിൽ തന്നെ തുടരണമെന്നില്ല. മറുരൂപമലയിലെ അനുഭവം കഴിഞ്ഞ് താമസിയാതെ യേശു കർത്താവ് ക്രൂശിനെ അഭിമുഖീകരിച്ചു എന്ന് ഓർക്കുക. കെരീത്തിലെയും സാരെഫാത്തിലെയും കർമ്മേലിലെയും ശ്രേഷ്ഠമായ നടത്തിപ്പ് കഴിഞ്ഞ ഏലിയാവ് ചൂരച്ചെടിയുടെ തണലിൽ മരണം ആഗ്രഹിച്ചുപോകുന്ന സാഹചര്യത്തിലും എത്തിപ്പെടുന്നു. ദൈവത്തോട് പെനീയേലിൽവെച്ച് മല്ലുപിടിച്ച് ജയിച്ച യാക്കോബ് താമസിയാതെ ശേഖേമിൽ വളരെയധികം നഷ്ടം ഭവിച്ചവനായിത്തീരുന്നില്ലേ? സമൃദ്ധിയുടെ നടുവിൽ ദൈവശബ്ദം കേൾക്കാൻ വഴങ്ങാത്തവർ മരുഭൂമിയുടെ അനുഭവത്തിൽ അതിനായി കേഴുന്നവരായിത്തീരുന്നത് കണ്ടുവരാറില്ലേ?

(2) ***കൊണ്ടുചെല്ലും.*** ദൈവമക്കൾ ഏതു മരുഭൂമിയിലും തനിച്ചല്ല. മരുഭൂമിയിലേക്ക് അയച്ചു എന്നല്ല പറഞ്ഞിരിക്കുന്നത്. കർത്താവ് തന്നെയാണ് കൊണ്ടുപോയത്. “നീ പൊയ്ക്കോ” എന്നു പറഞ്ഞ് മരുഭൂമിയിൽ തള്ളിവിടുന്ന അനുഭവമല്ല. മരുഭൂമിയുടെ അനുഭവം ഒരു പ്രത്യേക ഉദ്ദേശ്യത്തോടെ ദൈവത്താൽ നിയന്ത്രിക്കപ്പെട്ടിരിക്കുകയാണ്. നദികളിൽകൂടെ കടക്കുമ്പോൾ നദി കവിയാതെ കരുതുന്നവനും തീയിലൂടെ കടക്കുമ്പോൾ വെന്തുപോകാതെ കരുതുന്നവനുമായ ദൈവം മരുഭൂമിയിലും കൂടെയുണ്ട്. മരുഭൂമിയിൽ പകൽസമയം കഠിനചൂടാണെന്നും രാത്രി കൊടും തണുപ്പാണെന്നും അവിടന്നറിയുന്നു. ദാഹം ശമിപ്പിക്കാൻ മരുഭൂമിയിൽ ഒരു വഴിയുമില്ലെന്നും അവിടത്തേക്കറിയാം. എന്നാൽ തന്റെ ജനം—തിരഞ്ഞെടുക്കപ്പെട്ട തന്റെ ജനം—മരുഭൂമിയിലൂടെ നാൽപ്പതു വർഷം നടന്നപ്പോൾ അവിടന്ന് മരുഭൂമിയെ ജലതടാകമാക്കിമാറ്റി. അവരെ അനുഗമിച്ച പാറയിൽനിന്ന് ദൈവം നദികളെ ഒഴുക്കിക്കൊടുത്തു! പകൽ

മേഘസ്തംഭം ഒരു കുടപോലെ സൂര്യന്റെ കൊടും ചൂടിൽനിന്ന് അവരെ സംരക്ഷിച്ചു. രാത്രിയിൽ ദീപമായും പുതപ്പായും അവിടത്തെ സാന്നിദ്ധ്യം ദീപസ്തംഭമായി അവരോടുകൂടെയുായിരുന്നു.

**3. ഹൃദ്യമായി സംസാരിക്കും**

യാതൊരു ആശ്വാസവും തരാത്ത മരുഭൂമിയിൽ തണുപ്പിക്കുന്നത് ഒന്നുമില്ല. അങ്ങനെയുള്ള അന്തരീക്ഷത്തിലാണ് കുളിർമയുടെ വിലയറിയുന്നത്. സാധാരണ സമൃദ്ധിയുടെയും സന്തോഷത്തിന്റയും നടുവിൽ ദൈവശബ്ദം കേൾക്കാൻ ഒരുക്കമോ താൽപ്പര്യമോ സമയമോ ഇല്ല എന്നുള്ളത് ഒരു യാഥാർത്ഥ്യം അല്ലേ? ദൈവശബ്ദം കേട്ടാൽ മാത്രം മതി എന്ന ഒരു മനോഭാവവും വരാറില്ലല്ലോ. ദൈവം ഇതറിഞ്ഞ് അവിടത്തേക്ക് നമ്മോട് ഇടപെടാൻ വേണ്ടി മാത്രമാണ് മരുഭൂമിയുടെ അനുഭവത്തിലേക്ക് നയിക്കുന്നത്.

ഏലിയാവ് ഏകനായി മരുഭൂമിയുടെ അനുഭവത്തിൽ ദുഃഖിച്ചും നിരാശപ്പെട്ടും നിന്നപ്പോൾ ആ മൃദുസ്വരം കേട്ടു. താൻ മരുഭൂമിയിൽ കിടന്നു മരിക്കേണ്ടവനല്ല എന്നും തന്റെ ശുശ്രൂഷ അവസാനിച്ചിട്ടില്ല എന്നും ഇനിയും പലതും ചെയ്തുതീർക്കാനുണ്ടെന്നും ദൈവം തന്നെ ഗ്രഹിപ്പിച്ചു. അവൻ ധൈര്യം പ്രാപിച്ച് മടങ്ങിവന്ന് പൂർവ്വാധികം ശക്തിയോടെ വേലചെയ്തു. മഗ്ദലനമറിയ ദുഃഖത്തോടെ കരഞ്ഞപ്പോൾ മറിയയേ എന്നുള്ള ഇമ്പസ്വരം കേട്ടു. അബ്രഹാം ഏകനായി ഇറങ്ങിത്തിരിച്ചപ്പോൾ പല തവണ ആ ശബ്ദം കേട്ടു. മരുഭൂമിയിൽ ഹാഗാർ ഏകയായി നിലവിളിച്ചപ്പോൾ, അതും ഒന്നല്ല രണ്ടു തവണ, അവളോട് ഇമ്പമായി സംസാരിക്കാൻവേണ്ടി വലിയവനായ ദൈവം തന്റെ ദൂതനെ അയച്ചില്ലേ? അവൾക്കുവേണ്ടി മാത്രം ഒരു ഉറവ തുറന്നുകൊടുത്ത് തണുപ്പിച്ചില്ലേ? കഴിഞ്ഞകാലത്ത് നീയും എത്രയോ തവണ ആ ഇമ്പസ്വരം കേട്ടിരിക്കുന്നു. തന്റെ ജനം മരുഭൂമിയിലൂടെ പോകുന്നത് അവിടന്ന് വീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. പ്രശ്നങ്ങളുടെ നടുവിൽ ഭയപ്പെടുത്താനല്ല, ആശ്വസിപ്പിക്കാനും വിടുവിക്കാനും ഒരുങ്ങിയിരിക്കുന്ന ഒരു ദൈവമത്രേ നമ്മുടെ ദൈവം. മരുഭൂമിയുടെ അവസ്ഥയിൽ മാത്രമേ ആ ഇമ്പസ്വരത്തിന്റെ ഹൃദ്യത മനസ്സിലാക്കാനും അംഗീകരിക്കാനും സാധ്യമാകുകയുള്ളൂ. ഈ ലോകത്തിൽ നമുക്ക് അനുഭവിക്കാവുന്ന ഏറ്റവും ഭാഗ്യമേറിയ അനുഭവം ആ ഇമ്പസ്വരം കേൾക്കുന്നതാണ് എന്ന് ഓർക്കുക.

**4. അവൾക്ക് കൊടുക്കുന്ന പ്രതിഫലം**

എന്നും മരുഭൂമിയുടെ അനുഭവത്തിൽ സംസാരിച്ചുകൊണ്ടേയിരിക്കുകയല്ല. അവിടന്നു മാത്രം അറിയുന്ന ഒരു കാലപരിധി മരുഭൂമിയുടെ അനുഭവത്തിനുണ്ട്. തനിക്ക് സംസാരിക്കാനുള്ളത് എല്ലാം അവളോടു പറഞ്ഞു. പഠിപ്പിക്കാനുള്ളതെല്ലാം പഠിപ്പിച്ചു. അവൾ ആ സന്ദർഭത്തിൽ

പൂർണ്ണമായും വിധേയപ്പെട്ട് അവിടന്ന് സംസാരിച്ചതും പഠിപ്പിച്ചതും എല്ലാം ഹൃദയത്തിൽ ഒപ്പിയെടുത്തു. ഇനി അവളെ മരുഭൂമിയിൽനിന്ന് പുറത്തുകൊണ്ടുവരിക എന്നതാണ് അവിടന്നു ചെയ്യുന്നത്. നിരാശയിൽനിന്ന് ഉയർത്തി മുന്തിരിത്തോട്ടങ്ങളെയും ആഖോർതാഴ്വരയെയും കൊടുക്കുന്നു. കുളിർമയുടെയും സമൃദ്ധിയുടെയും ഫലപുഷ്ടിയുടെയും പ്രതീകമായ മുന്തിരിത്തോട്ടങ്ങളുടെ ഉടമസ്ഥാവകാശം കൊടുക്കുകയാണ്. നഷ്ടപ്പെട്ടത് മുഴുവൻ തിരിച്ചുനൽകുന്ന ദൈവമാണ് നമ്മുടെ ദൈവം. ഇനിയും അവൾക്ക് ഉത്തരവാദിത്വങ്ങളും ചുമതലകളുമുണ്ട്. അവയൊക്കെ അവൾ ഈ പുതിയ ബലത്തോടെ നിറവേറ്റട്ടെ. തീർന്നില്ല അവൾക്കുവേണ്ടി ഒരു പ്രത്യാശയുടെ വാതിൽ തുറന്നുകൊടുത്തു. ആഖോർതാഴ്വരയെ അവൾക്ക് കൊടുത്തു. യോശുവയുടെ നേതൃത്വത്തിൽ ജനം യോർദ്ദാൻ കടന്ന് ദൈവികപദ്ധതിയും ദൈവികനിയോഗവും അനുസരിച്ച് യെരീഹോപട്ടണം പിടിച്ചെടുത്തു. എങ്കിലും ആ പട്ടണം പൂർണ്ണമായി നശിപ്പിച്ച് ശപഥാർപ്പിതമാക്കാനാണ് ദൈവം കൽപ്പിച്ചത്. ആഖാൻ എന്നൊരാൾ ചില വസ്തുക്കൾ മോഷ്ടിച്ച് പാപം ചെയ്യുകയാൽ ദൈവകോപം ജനത്തിന്മേലുണ്ടായി. അടുത്ത യുദ്ധത്തിൽ അവർ പരാജിതരായി. തുടർന്ന് അവർ തങ്ങളെ ശോധന ചെയ്ത് ആഖാനെ പിടികൂടി കല്ലെറിഞ്ഞ് കൊന്നു. അവിടെ വളരെ കല്ല് കൂട്ടിവെച്ച് ആ സ്ഥലത്തിന് ആഖോർതാഴ്വര എന്ന് പേരും നൽകി. അങ്ങനെ യഹോവയുടെ ഉഗ്രകോപം മാറി അവരോടൊപ്പം തന്റെ സാന്നിധ്യം അവർക്കു നൽകി. അവിടത്തെ സാന്നിധ്യവും സഹായവും മടക്കിനൽകാൻ നിമിത്തമായതാണ് ആഖോർതാഴ്വര. ഇവിടെ ഇതാ മരുഭൂമിയിൽനിന്ന് അവൾക്ക് പ്രത്യാശയുടെ വാതിൽ തുറന്നുകൊടുക്കുന്നു. നീ എന്നും മരുഭൂമിയിൽ കിടക്കേണ്ടവളല്ല. നിന്നെക്കുറിച്ച് നിന്റെ ദൈവത്തിനു വലിയ പദ്ധതിയുണ്ട് എന്നല്ലേ അതിന്റെയർത്ഥം?

**5. അവൾ പണ്ടത്തെപ്പോലെയാകും.**

അവിടെ അവൾ തന്റെ യൗവ്വനകാലത്തെന്നപോലെയും മിസ്രയീമിൽനിന്ന് പുറപ്പെട്ടുവന്ന നാളിലെന്നപോലെയും പാട്ടുപാടും എന്നത്രേ ഇംഗ്ലീഷിൽ കൊടുത്തിരിക്കുന്നത് (KJV). ചെങ്കടൽ കടന്നപ്പോൾ യിസ്രായേല്യരെല്ലാവരും സന്തോഷത്തോടെ പാട്ടു പാടി സ്തുതിച്ചത് പുറപ്പാട് 15-ാമദ്ധ്യായത്തിൽ കാണുന്നു. അന്ന് കഠിനമായ ബന്ധനത്തിൽനിന്ന് വിടുവിക്കപ്പെട്ടപ്പോൾ അവർക്ക് പാട്ടും സ്തുതിയും നൃത്തവും ഒക്കെ ഉണ്ടായിരുന്നു. പിന്നീട് എന്നോ അത് നഷ്ടപ്പെട്ടുപോയി. വീണ്ടും അതുപോലെ അവൾ സന്തോഷത്തിന്റെയും ആനന്ദത്തിന്റെയും പ്രകടനമായ പാട്ടുകൾ പാടുന്നത് മരുഭൂമിയുടെ അനുഭവത്തിൽ ദൈവവുമായി കൂട്ടിമുട്ടിയ പ്പോൾ മാത്രമാണത്രേ! സന്തോഷം വരുമ്പോഴാണ് പാട്ടുകൾ വരുന്നത്. അവിടന്നുമായി ഏകാന്തതയിൽ സമയം ചെലവഴിച്ചപ്പോൾ നഷ്ടപ്പെട്ട പാട്ടും സന്തോഷവും ആനന്ദവും എല്ലാം തിരിച്ചുകിട്ടി.

ഇനിയവൾ പുതിയ അനുഭവങ്ങളിലൂടെ ദൈവത്തെ ഗാഢമായി രുചിച്ചറിഞ്ഞുകഴിഞ്ഞു. ഇനിയവൾക്ക് യജമാനനോടുള്ള ദാസ്യമനോഭാവമല്ല ദൈവത്തോട്. പിന്നെയോ വളരെ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്ന ഭർത്താവിനോടെന്നപോലെയുള്ള ഗാഢവും വ്യക്തിപരവും ആഴത്തിലുമുള്ള പ്രേമബന്ധമാണ് ദൈവത്തോടുള്ളത്. ഇവിടെ ഇതാ ഒരു പരിപൂർണ്ണമായ യഥാസ്ഥാനത്തിന്റെ വഴികൾ ഒരുക്കിക്കിട്ടുന്നതായി നാം കാണുന്നുണ്ട്.

പ്രിയപ്പെട്ട ദൈവപൈതലേ, ഇന്ന് നീ മരുഭൂമിയുടെ അനുഭവത്തിലാണോ? ഭയപ്പെടേണ്ട. നീ യഥാർത്ഥമായും അവിടത്തെ അനുഭവിച്ചറിയാനും നിന്നെ ആത്മികമായി പുതുക്കാനും ഉള്ള ഒരു അവസരമാണ് ഇത് എന്നോർത്ത് ധൈര്യപ്പെടുക.

## 7

# നിന്നെത്തന്നെ സൂക്ഷിച്ചുകൊൾക

ദൈവം നമ്മുടെ ഉറങ്ങാത്തകാവൽക്കാരനായി രാത്രിയും പകലും നമ്മെ സൂക്ഷിക്കുന്നു എന്ന് തിരുവചനം പഠിപ്പിക്കുന്നു. വീഴാതെ വണ്ണം നമ്മെ കാത്ത് അവിടത്തെ മഹിമാസന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിർത്തുവാൻ പ്രാപ്തനാണ് അവിടന്ന് (യൂദാ 24). ദൈവം നമ്മെ സൂക്ഷിക്കുന്നത് ഒരു വലിയ പദവിയാണെങ്കിലും ആ പദവി നാം പ്രാപിച്ചെടുക്കുവാൻ അൽപ്പമല്ലാത്ത ഒരുത്തരവാദിത്വം നമുക്കുണ്ട്. ദൈവം നമുക്ക് തന്നിരിക്കുന്നത് സ്വതന്ത്രമായ ഇച്ഛാശക്തിയാണ്. തിരുഹിതം അവിടന്ന് നമ്മുടെമേൽ അടിച്ചേൽപ്പിക്കുകയില്ല. തിരുഹിതവുമായി നാം സഹകരിച്ചാൽ മഹാത്ഭുതങ്ങൾ നമ്മുടെ ജീവിതത്തിൽ നിവർത്തിക്കുവാൻ അവിടന്ന് ഒരുങ്ങിയിരിക്കുന്നു.

**1. സകല ജാഗ്രതയോടും കൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക (സദൃ. 4.23)**

സദൃ. 4.21-ൽ ദൈവവചനങ്ങളെ ഹൃദയത്തിൽ നിറച്ചു സൂക്ഷിക്കുവാൻ പറഞ്ഞിരിക്കുന്നു. അവയെ കിട്ടുന്നവർക്ക് ജീവനും സർവ്വ ദേഹത്തിനും സൗഖ്യവും ആകുന്നു എന്നത്രേ പറഞ്ഞിരിക്കുന്നത്. വിലപ്പെട്ട ദൈവവചനങ്ങളെ നിന്റെ ഹൃദയത്തിൽ ശേഖരിച്ച് സകല ജാഗ്രതയോടും കൂടെ അതിനെ കാത്തുകൊൾക. ധൈര്യപ്പെടുത്തുന്നതും ബലപ്പെടുത്തുന്നതും ആശ്വസിപ്പിക്കുന്നതും പ്രോത്സാഹിപ്പിക്കുന്നതും പണിതെടുക്കുന്നതുമായ ദൈവവചനം കൊണ്ട് ഹൃദയം നിറയ്ക്കേണം. അപ്പോൾ ഭയവും ആകുലചിന്തയും നിന്നെ അലട്ടുകയില്ല. ജാഗ്രതയോടെ എന്ന് എടുത്തുപറയുന്നതിൽനിന്നും അവ നഷ്ടപ്പെടുവാനുള്ള സാദ്ധ്യതയുണ്ട് എന്നു ധ്വനിക്കുന്നില്ലേ? കയ്പ്പ് ഹൃദയത്തിൽ നിറയുമ്പോൾ ഹൃദയത്തെ ഭരിച്ചിരുന്ന ദൈവകൃപ നഷ്ടപ്പെട്ട് പോകുന്നു. ഇതിന് ഇടം കൊടുക്കാതെ കയ്പ്പുള്ള ചിന്ത വരുമ്പോൾ തന്നെ എല്ലാവരോടും സമാധാനം ആചരിച്ച്... എന്നു തുടങ്ങി ആരും ദൈവകൃപ വിട്ട് പിന്മാറുകയും വല്ല കൈപ്പുള്ള വേരും മുളെച്ച് കലക്കമുണ്ടാക്കി...കരുതിക്കൊൾവിൻ (എബ്രാ. 12.14-16)

എന്ന വചനംകൊണ്ട് ഹൃദയം നിറയ്ക്കണം. ഏകാന്തത തോന്നുമ്പോഴേ ഞാൻ നിന്നെ ഒരുനാളും കൈവെടിയുകയില്ല, ഉപേക്ഷിക്കുകയുമില്ല (എബ്രാ. 13.5) എന്ന ദൈവവചനം ധ്യാനിക്കണം. അപകർഷബോധം തളർത്തുമ്പോൾ ഞാൻ നിന്നെ വിലയേറിയവ നും മാന്യനുമായി സ്നേഹിച്ചിരിക്കയാൽ... (യെശ. 43.4) എന്ന വചനം കൊണ്ട് ഹൃദയം നിറയ്ക്കണം. ദൈവവചനത്തിലുള്ള മുറുകെപ്പറ്റുന്ന ആശ്രയത്താലല്ലാതെ നമുക്ക് ഹൃദയത്തെ ധൈര്യപ്പെടുത്തി മുമ്പോട്ടു ജീവിക്കാൻ സാധ്യമല്ല.

**2. നിന്നെത്തന്നെ (നിന്റെ മനസ്സിനെ) ജാഗ്രതയോടെ കാത്തുകൊൾക (ആവ. 4.9)** (Keep thy soul diligently—KJV)

*കണ്ണാലെ കണ്ടിട്ടുള്ള കാര്യങ്ങൾ നീ മറക്കാതെയും നിന്റെ ആയുഷ്കാലത്തൊരിക്കലും അവ നിന്റെ മനസ്സിൽനിന്നു വിട്ടുപോകാതെയും ഇരിപ്പാൻ മാത്രം സൂക്ഷിച്ച് നിന്നെത്തന്നെ ജാഗ്രതയോടെ കാത്തുകൊൾക.* ചിന്താശക്തിയുടെയും വിചാരത്തിന്റെയും ഇരിപ്പിടമായ മനസ്സിനെ അതുപോലെ കാക്കുക. ഓർമ്മയുടെ ഇരിപ്പിടം മനസ്സാണല്ലോ. നിന്റെ കഴിഞ്ഞ കാല ജീവിതത്തിൽ നീ അനുഭവിക്കുകയും പ്രാപിക്കുകയും ചെയ്ത സകല നന്മകളും മറക്കാതെയിരിപ്പാൻ പ്രത്യേകം സൂക്ഷിക്കുക. വലിയവനായ ദൈവം അനവധി അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ചാണ് മിസ്രയീമിൽനിന്ന് ജനത്തെ പുറപ്പെടുവിച്ചത്. ലോകത്ത് ഇന്നുവരെ ഒരു ജാതിയും അനുഭവിച്ചിട്ടില്ലാത്ത അത്ഭുതകരമായ കരുതലാണ് അവർ അനുഭവിച്ചത്. അവരെ മുഴുവൻ കനാനിൽ കൊണ്ടുപോകാൻവേണ്ടിത്തന്നെയാണ് ദൈവം അവരെ മിസ്രയീമിൽനിന്ന് പുറപ്പെടുവിച്ചത്. ദൈവത്തിൽനിന്ന് അനുഭവിച്ച സകല നന്മകളും മറക്കുന്ന സ്വഭാവം വച്ചുപുലർത്തിയതുകൊണ്ട് അവരിൽ രണ്ടു പേർക്കു മാത്രമേ കനാനിൽ പ്രവേശിക്കാൻ സാധിച്ചുള്ളൂ.

**3. നിന്റെ അധരത്തെ സൂക്ഷിച്ചുകൊൾക (മീഖാ 7.5; സങ്കീ. 39.1)**

ഒരു കടിഞ്ഞാണിട്ട് അധരത്തെ സൂക്ഷിച്ചുകൊൾക. നാം മിക്കപ്പോഴും പാപം ചെയ്യുന്നത് അധരംകൊണ്ടാണ്. നമ്മുടെ ധ്യാനത്തിങ്കൽ തീ കത്തണമെങ്കിൽ (സങ്കീ. 39.3) അധരങ്ങൾക്കു കടിഞ്ഞാണിടണം. ധ്യാനത്തിങ്കൽ തീ കത്തുമ്പോൾ നീ നാവെടുത്തു സംസാരിക്കണം. നിനക്കു കിട്ടിയ പുതിയ മർമ്മങ്ങളെ പ്രസ്താവിക്കണം. ഒരു വിടുവായന് ഒരിക്കലും ദൈവം ഉപയോഗിക്കുന്ന ഒരു മനുഷ്യനായിത്തീരാൻ സാധ്യമല്ല.

**4. നിന്റെ പ്രവൃത്തികളെ സൂക്ഷിച്ചുകൊൾക**

*ശത്രുക്കൾക്കു നേരെ പാളയമിറങ്ങുമ്പോൾ കൊള്ളരുതാത്ത കാര്യമൊന്നും ചെയ്യാതിരിപ്പാൻ നീ സൂക്ഷിച്ചുകൊള്ളണം (ആവ. 23.9).*

ശത്രുക്കൾക്കുനേരെ പാളയമിറങ്ങുമ്പോൾ യുദ്ധംചെയ്യാൻ അതീവ ബലവും തയാറെടുപ്പും ആവശ്യമാണ്. നാം എന്നും ഒരു യുദ്ധക്കള

ത്തിലാണ്. ലോകം, ജഡം, പിശാച് എന്നിവയോട് നിരന്തരമായ യുദ്ധം നമുക്കുണ്ട്. പ്രാർത്ഥനാജീവിതവും വിശ്വാസജീവിതവും ഇതിന് ഏറ്റവും അത്യാവശ്യമത്രേ. പ്രാർത്ഥനാ ജീവിതത്തിന് തുരങ്കംവെക്കുന്ന യാതൊരു പ്രവൃത്തിയും നിന്നിലുണ്ടാകാതെയിരിപ്പാൻ സൂക്ഷിച്ചുകൊൾക. പ്രാർത്ഥനക്കോട്ടയിൽ വിടവുകൾ ഉണ്ടാകരുത്.

**5. അവന്റെ കൽപ്പനകളെ പ്രമാണിപ്പാൻ സൂക്ഷിച്ചുകൊൾക (യോഹ. 14.15, 23; 1യോഹ. 2.3; 5.3)**

അനുസരണത്തിന്റെ പാതയിൽ നടക്കാൻ ഒട്ടും വൈമുഖ്യം കാണി ക്കരുത്. അനുസരണത്തിന്റെയും ആശ്രയത്തിന്റെയും പാതയിൽ എന്നും അനുഗ്രഹമുണ്ട്. “നിങ്ങൾ എന്റെ വചനത്തിൽ നിലനിൽക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും” (യോഹ. 8.31). നിലനിൽക്കുന്ന സ്വാതന്ത്ര്യം അനുഭവിക്കണമെങ്കിൽ സത്യത്തിൽ നിലനിൽക്കണം. സത്യത്തിൽ നിലനിൽക്കണമെങ്കിൽ വചനത്തിൽ നിലനിൽക്കണം. ആശ്രയവും അനുസരണവുമില്ലാതെ സ്വാതന്ത്ര്യം അനുഭവിക്കാൻ സാധ്യമല്ല.

**6. നിന്നെത്തന്നെ നിർമ്മലനായി സൂക്ഷിച്ചുകൊൾക (1തിമോ. 5. 23)**

അവിടന്ന് വിശുദ്ധനാകുന്നതുകൊണ്ട് നാമും വിശുദ്ധരാകേണം എന്നാണ് ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്. വിശുദ്ധമായി ജീവിക്കുന്നതിന് ഒരു താൽപ്പര്യവും സാഹചര്യവും തരാത്ത ലോകത്തിൽ നാം ജീവിക്കുമ്പോൾ അവിടന്നിനോടുകൂടെ. അവിടന്നിൽ, അവിടന്നിനുവേണ്ടി ജീവിച്ചെങ്കിലേ വിശുദ്ധമായി ജീവിക്കാൻ സാധ്യമാകുകയുള്ളൂ. ഇത് നമ്മുടെ പൂർണ്ണ ഉത്തരവാദിത്തത്തിൽ പെട്ട കാര്യമാണ്. നിർമ്മലനായി ജീവിക്കുവാൻ ഹൃദയത്തിൽ ഒരു വാഞ്ഛ ഉണ്ടാകേണ്ടിയിരിക്കുന്നു. രാജാവിന്റെ ഭോജനം കൊണ്ടും അവൻ കുടിക്കുന്ന വീഞ്ഞുകൊണ്ടും തന്നെത്താൻ അശുദ്ധമാക്കുകയില്ല എന്ന് ദാനീയേൽ തന്നെത്താൻ ഹൃദയത്തിൽ നിശ്ചയിച്ചുവത്രേ (ദാനീ. 1.8). ദാനീയേലും സ്നേഹിതരും അങ്ങനെ നിശ്ചയിച്ചുറച്ചപ്പോൾ ദൈവം അവരെ മാനിച്ച് അത്ഭുതകരമായി ഉയർത്തി.

**7. ദൈവത്തിൽനിന്ന് ജനിച്ചവൻ തന്നെത്താൻ സൂക്ഷിക്കുന്നു ദുഷ്ടൻ അവനെ തൊടുന്നതുമില്ല (1യോഹ. 5.18)**

നമ്മുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്ന പോലെ ആരെ വിഴുങ്ങേണ്ടൂ എന്ന് തിരഞ്ഞ് ചുറ്റി നടക്കുന്നത്രേ (1പത്രോ. 5.8). അപ്പോൾ സംരക്ഷണമില്ലാതെ നിർവിചാരികളായി നടക്കുന്നവരാണ് ആദ്യം അവന് ഇരയാകുന്നത്. അതുകൊണ്ട് എപ്പോഴും അത്യുന്നതന്റെ മറവിൽ അഥവാ കുഞ്ഞാടിന്റെ രക്തവളപ്പിൽ തന്നെയായിരിക്കുവാൻ നീ

പ്രത്യേകം ഉത്സാഹിക്കുകയും ശ്രദ്ധിക്കുകയും ചെയ്യുക. ഒരു ബാധയും അടുത്തുവരാത്ത മറവിൽ നിന്നെത്തന്നെ ഒളിപ്പിക്കുക. പിന്നെ ഒരിക്കലും ദുഷ്ടനു നിന്നെ തൊടുവാനേ സാധ്യമല്ലാ.

**8. ലോകത്താലുള്ള കളങ്കം പറ്റാതെ നിന്നെത്തന്നെ കാത്തുകൊൾക (യാക്കോ. 1.27)**

ശുദ്ധവും നിർമ്മലവുമായ ഭക്തി, ജീവിതത്തിൽ കൈവരിക്കാൻ ഉത്സാഹിക്കുക. പൗലോസ് തിമോഥെയോസിന് എഴുതുമ്പോൾ നമുക്കെല്ലാവർക്കും അനുകരിക്കാൻ സാധ്യമായ ഒരു കാര്യം പറയുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ? അതായത് ശുദ്ധഹൃദയം, നല്ല മനസ്സാക്ഷി, നിർ വ്യാജവിശ്വാസം എന്നിവയാൽ ഉളവാകുന്ന സ്നേഹമാണ് ജീവിത ത്തിൽ കാതലായി കാണേണ്ടത് എന്ന് എടുത്തു പറഞ്ഞിരിക്കുന്നു (1തിമോഥി. 1.5). ഈ കാര്യത്തിന് ജീവിതത്തിൽ ഊന്നൽകൊടുത്താൽ ജീവിതം അനുഗ്രഹസംപൂർണ്ണമായിരിക്കുമെന്നതിനു സംശയമേവേണ്ട. വീണ്ടും യാക്കോബ് പറയുന്നത് ശ്രദ്ധിക്കുക. അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്നു കാണുകയും സഹായിക്കുകയും ചെയ്യുക (യാക്കൊ. 1.27). അവരിൽനിന്ന് നിനക്ക് തിരിച്ച് ഒന്നും പ്രതീക്ഷിക്കാൻ വകയില്ലല്ലോ. തിരിച്ചു കിട്ടുന്ന ഇടങ്ങളിൽ പ്രവർത്തിക്കാൻ എല്ലാവർക്കും താൽപ്പര്യമുണ്ട്. എന്നാൽ സ്വർഗ്ഗസ്ഥനയ പിതാവിന്റെ മുമ്പിൽ എത്തുന്ന പ്രവൃത്തിയാണ് ഒന്നുമില്ലാത്തവരെ സഹായിക്കുക എന്നത്. ഇപ്രകാരം പ്രവർത്തിക്കുന്നതിനോടൊപ്പം തന്നെ ലോകത്താലുള്ള കളങ്കം പറ്റാതെ തന്നെത്തന്നെ സൂക്ഷിക്കുക. നിഗളത്തിനും സ്വയപ്രശംസയ്ക്കും ഇടം കൊടുക്കരുത്.

**9. വിഗ്രഹങ്ങളോട് അകന്ന് സൂക്ഷിച്ചുകൊൾവിൻ (1യോഹ. 5.21)**

ദൈവത്തിനും നമുക്കും മദ്ധ്യേയുള്ള അനർഗ്ഗളമായ കൂട്ടായ്മയ്ക്കും സ്നേഹത്തിനും ഇടയ്ക്ക് യാതൊരു തടങ്കൽപാറയും വരരുത്. ദൈവത്തെക്കാളധികം ആരെയെങ്കിലുമോ എന്തിനെയെങ്കിലുമോ സ്നേഹിക്കുന്നു എങ്കിൽ അതു വിഗ്രഹമാണ്. സകല വിഗ്രഹങ്ങളെയും വിട്ടകന്ന് സൂക്ഷിക്കണം എന്ന് പ്രത്യേകം എടുത്തു പറഞ്ഞിരിക്കുന്നു.

**10. ദൈവസ്നേഹത്തിൽ നിങ്ങളെ സൂക്ഷിച്ചുകൊൾക (യൂദാ 21)**

വിശ്വാസത്തിൽ നമ്മെത്തന്നെ പണിതുയർത്തി ആത്മാവിൽ പ്രാർത്ഥിച്ച് മുന്നോട്ടു പോകണം എന്ന് ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. എന്നാൽ വിശ്വാസവും ആരാധനയും ദൈവസ്നേഹമില്ല എങ്കിൽ പൂർണ്ണമാകുകയില്ല. നമ്മെത്തന്നെ ദൈവസ്നേഹത്തിൽ മുമ്പോട്ടു പണിതുയർത്താൻ നമ്മുടെ ഭാഗത്ത് ബോധപൂർവ്വമായ ഒരു ശ്രമവും ഉത്സാഹവും നാം തന്നെ കാണിക്കേണ്ടതുണ്ട്. ഇന്നത്തെ കാലത്ത് ദൈവസ്നേ

ഹം ശിഥിലമായിക്കൊണ്ടിരിക്കുന്നതുകൊണ്ടാണ് സാത്താൻ ജീവിതങ്ങളെയും കൂട്ടായ്മകളെയും തകർക്കുന്നത്.

മേൽപ്പറഞ്ഞ ഭാഗങ്ങളിൽ നിന്നെല്ലാം വ്യക്തമാകുന്നത് ക്രിസ് തീയ ജീവിതത്തിൽ മുന്നേറുന്നതിനും വിജയകരമായി മുമ്പോട്ടു പോകുന്നതിനും നാം നമ്മുടെ ജീവിതത്തിൽ ഒരു വില കൊടുക്കേണ്ടിയിരിക്കുന്നു. സ്വയമായി നിയന്ത്രണം പാലിച്ച് ദൈവകരങ്ങളിൽ നമ്മെത്തന്നെ അർപ്പിച്ച് അവിടത്തെ കരങ്ങളിൽ താണിരുന്ന് വിനയത്തോടെയും താഴ്മയോടെയും നമുക്കു മുന്നേറാം. അതിന് ദൈവം നമ്മെ സഹായിക്കട്ടെ.

# 8
# നീ കിടക്കുന്നത് എവിടെ?

ദൈവകൃപ അനുഭവിച്ചവരും അല്ലാത്തവരും പല ഘട്ടങ്ങളിലാണ് അഥവാ അവസ്ഥകളിലാണ് നിലകൊള്ളുന്നത്. എല്ലാവരും ഒരേ നിലവാരത്തിലല്ല ജീവിക്കുന്നത്. ദൈവം അവനവന് വിശ്വാസത്തിന്റെ അളവ് പങ്കിട്ടതുപോലെ എല്ലാവരും സ്ഥിതിചെയ്യുന്നു എന്നതാണ് വാസ്തവം. കൂടുതൽ കൃപ അനുഭവിക്കുന്നവൻ ശ്രേഷ്ഠമായ ഒരു പദ്ധതിയിലാകാം. പക്വത കുറയുന്നവർ അതനുസരിച്ചാകാം ദൈവിക പദ്ധതിയിൽ നിൽക്കുന്നത്. തിരുവചനത്തിന്റെ വെളിച്ചത്തിൽ നമ്മുടെ യഥാർത്ഥ അവസ്ഥ ഒന്നു കണ്ടെത്താൻ ശ്രമിക്കാം.

**1. ക്രിസ്തീയ ജീവിതത്തിന്റെ ആരംഭത്തിന് തൊട്ടുമുൻപുള്ള അവസ്ഥ— നാശകരമായ കുഴിയിലും കുഴഞ്ഞചേറ്റിലും കിടന്നു.**

*നാശകരമായ കുഴിയിലും കുഴഞ്ഞചേറ്റിൽനിന്നും അവൻ എന്നെ കയറ്റി* (സങ്കീ. 40.2).

ഈ വിലപ്പെട്ട നാഥനെ കണ്ടെത്തുന്നതിനു മുൻപ് ഞാനും നിങ്ങളും നാശകരമായ കുഴിയിലും കുഴഞ്ഞചേറ്റിലുമാണ് കിടന്നിരുന്നത്. അന്നു നമ്മുടെ വായിൽ ഉണ്ടായിരുന്നത് നിലവിളി മാത്രം! ഈ ചേറ്റിൽനിന്ന് എങ്ങനെയെങ്കിലും ഒന്നു രക്ഷപ്പെടണം. സ്വയമായി രക്ഷപ്പെടാൻ ശ്രമിക്കുന്തോറും കൂടുതൽ ആഴത്തിൽ താണുപോകുന്നു. എന്നാൽ എന്റെയും നിന്റെയും നിലവിളി കേട്ട് ചാഞ്ഞുവരുവാൻ ഒരേ ഒരുവൻ മാത്രമുണ്ടായിരുന്നു. അതു മാത്രമാണ് എന്റെയും നിന്റെയും ജീവിതത്തിന്റെ വിജയം.

അവിടന്ന് താഴോട്ട് ആണ്ടുപോയ എന്നെ വലിച്ചുകയറ്റി. പുറത്തുനിന്ന് ഒരു സഹായമില്ലാതെ ആരും ചേറ്റിൽനിന്ന് ഇന്നുവരെയും രക്ഷപ്പെട്ടിട്ടില്ല. അവിടന്ന് എന്റെ വായിൽ പുതിയ ഒരു പാട്ട് തന്നു. അത് നമ്മുടെ ദൈവത്തിനുള്ള സ്തുതിയായിരുന്നു. കുഴഞ്ഞ ചേറ്റിൽ പുതഞ്ഞ എന്റെ കാലുകളെ ഒരു പാറമേൽ ഉറപ്പിച്ചു നിർത്തി. ആ പാറ ക്രിസ്തുവായിരുന്നു. ആർക്കും കനിവു തോന്നാത്ത രണ്ടു കൂട്ടരാണ് എളിയവരും ദരിദ്രരും. *ഞാൻ എളിയവനും ദരിദ്രനും ആയിരുന്നു* (സങ്കീ. 40.17). കനിവു തോന്നിയ ഒരുവൻ ഉണ്ടായിരുന്നതുകൊണ്ടു മാത്രം എന്റെ അവസ്ഥയ്ക്കു

മാറ്റം വന്നു. എന്നോടുള്ള അവിടത്തെ ഇടപെടൽ ഇതുകൊണ്ടൊന്നും അവസാനിച്ചില്ല. എന്റെ ചെവികളെ തിരുമൊഴികൾ കേൾക്കാനായി തുറന്നു (സങ്കീ. 40.6). എന്റെ ഉള്ളിൽ ന്യായപ്രമാണം തന്നു (സങ്കീ. 40.8). അവിടന്നിൽനിന്നു കേട്ടു പ്രാപിച്ചതുകൊണ്ടു മാത്രം എന്റെ അധരങ്ങളെ അടക്കാതെ മഹാസഭയിൽ അവിടത്തെ നീതിയെ ധൈര്യ പൂർവ്വം പ്രസംഗിച്ചു (സങ്കീ. 40.8-10). ഞാൻ അനുഭവിച്ചറിഞ്ഞതും രുചിച്ചറിഞ്ഞതുമായ ദയയും സത്യവും വിശ്വസ്തതയും രക്ഷയും പ്രസ്താവിക്കാൻ എനിക്ക് കൃപ ലഭിച്ചു.

**2. അജ്ഞതയിൽ കിടക്കുന്നു**

*ശമൂവേൽ...ദൈവത്തിന്റെ വിളക്ക് കെടുന്നതിനു മുമ്പേ ചെന്നു കിടന്നു...ശമൂവേൽ അന്നുവരെ യഹോവയെ അറിഞ്ഞിരുന്നില്ല* (1ശമൂ. 3.3-7). ശമൂവേൽ അന്നുവരെ യഹോവയെ അറിഞ്ഞിരുന്നില്ല എന്നുള്ളത് അത്ഭുതമല്ലേ? അവൻ ജനിക്കുന്നതിന് മുൻപേ യഹോവയ്ക്കായി പ്രതിഷ്ഠിക്കപ്പെട്ടവനായിരുന്നു. മുലകുടി മാറിയപ്പോഴേ ദൈവാലയത്തിൽ അവനെ കൊണ്ടുവിട്ടു. അന്നു മുതൽ എല്ലാ അനുഷ്ഠാനങ്ങളും യാഗങ്ങളും പാട്ടും ആരാധനയും കണ്ട് പ്രാർത്ഥനയുടെ അന്തരീക്ഷത്തിൽ ദിനംതോറും വസിച്ചവനാണ്. മന്ദിരത്തിൽ തന്നേ കിടന്നുറങ്ങിയവനുമാണ്. പക്ഷേ, ദൈവം അവനെ വ്യക്തിപരമായി വിളിച്ചപ്പോൾ മാത്രമാണ് സംസാരിക്കുന്ന, ജീവിക്കുന്ന ഒരു ദൈവമുണ്ടെന്ന് അവൻ ഗ്രഹിച്ചത്. അന്നുവരെ ദൈവത്തെപ്പറ്റിയുള്ള അജ്ഞതയിലാണ് അവൻ കിടന്നിരുന്നത്. ദൈവവിളിക്ക് പ്രതികരിച്ചപ്പോൾ അത് അനുഗ്രഹമായി മാറി.

ഇന്നത്തെ കാലത്ത് എല്ലാവർക്കും എല്ലാ സാഹചര്യങ്ങളും ഉണ്ട്. ടി.വി., റേഡിയോ തുടങ്ങിയവയിലൂടെ ധാരാളം പ്രസംഗങ്ങൾ കേൾക്കാനുള്ള സാഹചര്യങ്ങളുണ്ട്. ഒരു ദിനചര്യപോലെ പ്രാർത്ഥനയും കൂട്ടായ്മയും ഉണ്ട്. പക്ഷേ, വ്യക്തിപരമായി ഈ ദൈവത്തെ നേരിട്ടറിഞ്ഞിട്ടില്ല. ആ അറിവാണ് രൂപാന്തരപ്പെടുത്തുന്ന അറിവ്! നമ്മിൽ പലരും ദൈവിക സാഹചര്യങ്ങൾ ധാരാളമുണ്ടായിട്ടും അജ്ഞതയിലല്ലേ കിടക്കുന്നത്? ഇന്നു നമ്മുടെ ദൈവം മുൻകൈ എടുത്ത് ഹൃദയവാതിലിൽ മുട്ടിക്കൊണ്ടേയിരിക്കുകയാണ്. പ്രതികരിക്കാമോ? എങ്കിൽ നാം ധന്യരായി.

**3. വനാന്തരത്തിൽ കിടക്കുന്നു**

*അവൻ ആ സ്ഥലത്തെ കല്ലുകളിൽ...എടുത്ത് തലയിണയായി വെച്ച് കിടന്നുറങ്ങി (ഉൽപ്പ. 28.11).* യാക്കോബ് വലിയ സമ്പത്തിന്റെ അവകാശിയാണ്. ഏശാവിന്റെ പക്കൽനിന്നു ജ്യേഷ്ഠാവകാശം സൂത്രത്തിൽ കൈക്കലാക്കി. കൗശലത്തോടെ അപ്പന്റെ അനുഗ്രഹവും തട്ടിയെടുത്തു. യാക്കോബ് ജനനത്തിനു മുൻപേ ദൈവ ത്താൽ തിരഞ്ഞെടുക്കപ്പെട്ടവനാണ്. ദൈവത്തിന്റെ സമയത്ത് ഈ അനുഗ്രഹങ്ങളൊക്കെ പ്രാപിക്കാൻ

ദൈവം അവനുവേണ്ടി പ്രവർത്തിക്കുക തന്നേ ചെയ്യും. അവൻ ഇത്രമാത്രം തത്രപ്പെടേണ്ട കാര്യമൊന്നുമില്ല. അവന്റെ ഈ വക പ്രവൃത്തികളൊന്നും ഒരു ദൈവപൈതലിനു ചേർന്നതല്ല. അവൻ വീടു വിട്ട് ഓടിപ്പോകേണ്ടി വന്നു. ഏകനായി വനാന്തരത്തിൽ ഒരു കല്ല് തലയിണയായിവെച്ച് കിടന്നുറങ്ങു മ്പോൾ അവനു കാവലായി ദൈവദൂതന്മാരുടെ ഒരു ഗണം തന്നെയുണ്ട്. പരിശുദ്ധനായ ദൈവസന്നിധിയിൽനിന്ന് ഒരു നീണ്ട ഗോവേണി പാപിയായ താൻ കിടക്കുന്നിടത്തേക്ക് വെച്ചിട്ട് ദൈവം പ്രത്യക്ഷനായി തന്നോടു പല കാര്യങ്ങളും അരുളിച്ചെയ്യുന്നതായി നാം കാണുന്നു. ഏഴ് അനുഗ്രഹങ്ങളാണ് അവനു വാഗ്ദത്തം ചെയ്യുന്നത്. അവ എന്തൊക്കെയാണെന്നോ? (ഉൽപ്പ. 28.12-15).

1. നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും.
2. നിന്റെ സന്തതി ഭൂമിയിലെ പൊടിപോലെ ആകും.
3. നീ പടിഞ്ഞാറോട്ടും കിഴക്കോട്ടും വടക്കോട്ടും തെക്കോട്ടും പരക്കും.
4. നീ മുഖാന്തരവും നിന്റെ സന്തതി മുഖാന്തരവും ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും.
5. ഇതാ, ഞാൻ നിന്നോടുകൂടെയുണ്ട്.
6. നീ പോകുന്നേടത്തൊക്കെയും നിന്നെ കാത്ത് ഈ രാജ്യത്തേ ക്കു നിന്നെ മടക്കിവരുത്തും.
7. ഞാൻ നിന്നെ കൈവിടാതെ നിന്നോട് അരുളിച്ചെയ്തത് നിവർത്തിക്കും.

ശ്രേഷ്ഠമായ പല കാര്യങ്ങളും ദൈവം തന്നോട് അരുളിച്ചെയ്തു എങ്കിലും അവ ഏറ്റെടുക്കാനുള്ള പരിജ്ഞാനമോ പക്വതയോ അവന് അപ്പോൾ ഇല്ലായിരുന്നു. അന്ന് അവന്റെ ജീവിതത്തിൽ അവൻ വിലപ്പെട്ടതായി കണ്ടത് എന്തെന്ന് ഉൽപ്പ. 28.20-22 വരെ നാം കാണുന്നു.

1. ദൈവം എന്നോടുകൂടെ ഇരിക്കണം.
2. ഞാൻ പോകുന്ന ഈ യാത്രയിൽ എന്നെ കാക്കണം.
3. ഭക്ഷിപ്പാൻ ആഹാരം വേണം.
4. ധരിപ്പാൻ വസ്ത്രം തരണം.
5. എന്നെ എന്റെ അപ്പന്റെ വീട്ടിലേക്ക് സൗഖ്യത്തോടെ മടക്കി വരുത്തണം.
6. ഇത്രയുമൊക്കെ ചെയ്തുതന്നാൽ യഹോവ എനിക്ക് ദൈവമായിരിക്കും.
7. ഈ കല്ല് ദൈവത്തിന്റെ ആലയമായിരിക്കും.
8. നീ എനിക്കു തരുന്ന സകലത്തിലും ഞാൻ നിനക്കു ദശാംശം തരും.

നോക്കണേ! ദൈവം ചില കാര്യങ്ങൾ സാധിപ്പിച്ചു തന്നാൽ ഈ ദൈവത്തെ താൻ അംഗീകരിച്ച് ദശാംശം കൊടുക്കുമത്രേ. അവൻ ചോദിച്ച സകല കാര്യങ്ങളും ദൈവത്തിന്റെ വാഗ്ദത്തത്തിലുണ്ട്. ദൈവവിളിയുടെ ഗൗരവം മനസ്സിലാക്കാനുള്ള ഒരുക്കം ആ സമയത്ത് യാക്കോബിന് ഇല്ലാതെപോയി. അതുകൊണ്ട് അനുഗ്രഹം കുറെക്കാലത്തേക്ക് അവനെ വിട്ടുപോയി. യഥാർത്ഥമായി തകർന്ന് ഒരു ദൈവപൈതലാകുവാൻ വീണ്ടും ഇരുപതു വർഷം അവന് കാത്തിരിക്കേണ്ടി വന്നു.

നീ തിരഞ്ഞെടുക്കപ്പെട്ട ഒരു ദൈവപൈതലാണെങ്കിൽ നീ എവിടെയായാലും ഏതവസ്ഥയിലായാലും നിന്നെ കാത്തുസൂക്ഷിക്കുന്ന അദൃശ്യകരങ്ങളുണ്ട്. നിന്റെമേൽനിന്ന് ദൃഷ്ടി മാറ്റാതെ നിന്നെ കാത്തുസൂക്ഷിക്കുന്ന ദൈവത്തിനു സ്തോത്രം. ശ്രേഷ്ഠമായ ഉദ്ദേശ്യങ്ങളും പദ്ധതികളും അവിടത്തേക്ക് നിന്നെക്കുറിച്ചുണ്ട്. ദൈവികപദ്ധതിക്ക് സമർപ്പിക്കുവാൻ ദൈവം നിന്നെക്കുറിച്ച് ആഗ്രഹിക്കുന്നു. പക്ഷേ, നീ അതിനെക്കുറിച്ചു ചിന്തയില്ലാതെ താൽക്കാലികമായ അനുഗ്രഹങ്ങളിൽ മാത്രം കണ്ണും ചിന്തയും ഉടക്കി ജീവിക്കാൻ ഒരുമ്പെടുകയാണോ?

**4. ഉണങ്ങിവരണ്ട അനുഭവം—മരിച്ചവരുടെ ഇടയിൽ**

*ഉറങ്ങുന്നവനേ, ഉണർന്ന് മരിച്ചവരുടെ ഇടയിൽനിന്ന് എഴുന്നേൽക്ക. എന്നാൽ ക്രിസ്തു നിന്റെമേൽ പ്രകാശിക്കും (എഫെ. 5.14).* രക്ഷയുടെ സന്തോഷം അനുഭവിച്ച് തുള്ളിച്ചാടി നടന്നവർ ഇന്ന് മരിച്ചവരുടെ ഇടയിൽ ഉറങ്ങിക്കിടക്കുകയാണ്. എഫെ. 5.2-ൽ സ്നേഹത്തിൽ നടപ്പിൻ എന്ന് പ്രത്യേകിച്ച് ഉൽബോധിപ്പിച്ചിരിക്കുന്നു. എഫെസ്യർ 5.9-10 വാക്യങ്ങളിൽ *വെളിച്ചത്തിൽ നടപ്പിൻ* എന്നും എടുത്തുപറഞ്ഞിരിക്കുന്നു. സ്നേഹത്തിലും ലഭിച്ച വെളിച്ചത്തിലും നടക്കാതെയിരുന്നാൽ ഇരുട്ടിന്റെ മക്കളുമായി കൂട്ടാളികൾ ആയിത്തീരുക സ്വാഭാവികമാണ്. വ്യർത്ഥവാക്കുകളാൽ ചതിക്കപ്പെട്ട് ആയിരിക്കേണ്ട അവസ്ഥയിൽനിന്ന് അന്യപ്പെട്ട് പോകുന്ന അനുഭവ മുള്ളവരായി മാറും. നിന്നിലുള്ള വെളിച്ചം ഇരുട്ടായാൽ പിന്നെ നിന്റെ വാസം മരിച്ചവരുടെ ഇടയിലാണ്. ജീവനുള്ള നീ ഇന്ന് ശവങ്ങളുടെ ഇടയിലാണോ കിടക്കുന്നത്? പക്ഷേ, നിനക്ക് ഒരു വാഗ്ദത്തം തന്നിരിക്കുന്നു. ക്രിസ്തു നിന്റെ മേൽ പ്രകാശിക്കും. ദൈവത്തിനു നിന്നെ അങ്ങനെ കൈവിടാൻ ഒരു ഉദ്ദേശ്യവുമില്ല. അതിനു മുൻപ് നിന്റെ ഭാഗത്തുനിന്ന് ബോധപൂർവ്വമായ ഒരു ശ്രമം വേണം. എങ്കിലേ നിന്റെമേൽ ക്രിസ്തു പ്രകാശിക്കുകയുള്ളൂ. നീ മനഃപൂർവ്വം ഉണർന്നിട്ട് ഇപ്പോൾ കിടക്കുന്ന അവസ്ഥയിൽനിന്ന് എഴുന്നേൽക്കണം. ദൈവം നമ്മെ അനുഗ്രഹിക്കണമെങ്കിൽ നമ്മുടെ ഭാഗത്ത് എന്നും ബോധപൂർണ്ണമായ ഒരു ശ്രമം വേണം.

**5. ചൂരച്ചെടിത്തണലിൽ (പിന്മാറ്റാവസ്ഥയിൽ)**

*അവൻ ആ ചൂരച്ചെടിയുടെ തണലിൽ കിടന്നുറങ്ങുമ്പോൾ...(1 രാജാ. 19.5).*

ഏലിയാവ് ദൈവവുമായി തനിച്ച് കെരീത്ത്തോട്ടിലും സാരെഫാത്തിലും കഴിഞ്ഞ കാലമുണ്ടായിരുന്നു. അന്നൊക്കെ ആത്മികമായി താൻ ജ്വലിച്ചുനിന്നിരുന്നു. ആ വർദ്ധിച്ച ആത്മശക്തിയോടെ കർമ്മേലിൽ തിളങ്ങി. അസാദ്ധ്യമായ കാര്യങ്ങൾ കർമ്മേലിൽ സംഭവിച്ചു. പ്രാർത്ഥന കേൾക്കുന്ന ഒരു ദൈവമുണ്ടെന്ന് പരസ്യമായി തെളിയിച്ചു. ബാലിന്റെ നാനൂറ്റി അമ്പത് പ്രവാചകന്മാരെയും വെട്ടിക്കൊന്ന് ഒരു വലിയ ശുദ്ധീകരണത്തിനു തുടക്കമിട്ടു. താമസിയാതെ മുഴങ്കാലിന്മേൽനിന്ന് പ്രാർത്ഥനയിൽ പോരാടി. കാർമേഘം കടലിൽനിന്ന് പൊങ്ങുന്നതുവരെ പ്രാർത്ഥിച്ചു. ആത്മശക്തിയാൽ നിറഞ്ഞ് ആഹാബിന്റെ രാജകീയ രഥത്തിനു മുൻപേ നാൽപ്പതു കിലോമീറ്ററോളം ഓടി. ഇത്രയും വലിയ നേട്ടങ്ങളൊക്കെ കൈവരിച്ച താൻ എത്ര പെട്ടെന്നാണു വാടിത്തളർന്നത്! ഇസബേൽ ഭീഷണിപ്പെടുത്തിയപ്പോൾ താൻ എല്ലാം മറന്ന് മരുഭൂമിയിലേക്ക് ഓടിപ്പോയി. ഏകനായി ഒരു ദിവസത്തെ വഴി ദൂരം മരുഭൂമിയിലേക്ക് നടന്നുചെന്ന് ഒരു ചൂരച്ചെടിയുടെ തണലിൽ കിടക്കുകയാണ്. ശാരീരികമായും മാനസികമായും തളർന്ന് അവശനായി കിടക്കുകയാണ്. ശരീരം ജഡമാണല്ലോ. അതിന് ഇവയെല്ലാം കൂടെ താങ്ങാനുള്ള കഴിവില്ല. ശരീരം ക്ഷീണിച്ച അവസ്ഥയിൽ ഇസബേലിന്റെ ഭീഷണിയും കൂടി ആയപ്പോൾ താങ്ങാൻ കരുത്തില്ലാതെ ഭയന്നു വിറെച്ചുപോയി. തിരിഞ്ഞുനോക്കി ദൈവം പരിപാലിച്ച വിധങ്ങൾ ധ്യാനിക്കാൻ മറന്നുപോയി. സ്വമേധയാ മരുഭൂമിയി ലേക്ക് ഓടിപ്പോയി മരിക്കാനാശിച്ച് കിടന്ന് ഉറങ്ങിപ്പോയി.

ദൈവം തന്റെ ദാസന്റെ ക്ഷീണം മനസ്സിലാക്കി. രണ്ടു പ്രാവശ്യം അപ്പവും വെള്ളവും എത്തിച്ചു, ക്ഷീണമകറ്റി. അവനെ താങ്ങാൻ ആരും ഉണ്ടായിരുന്നില്ല, പട്ടിണിയായിരുന്നിരിക്കണം. സകലവും മനസ്സിലാക്കുന്ന ദൈവം അവനുവേണ്ടി സ്വർഗ്ഗീയരഥങ്ങളെ ഒരുക്കിക്കൊണ്ടിരിക്കുമ്പോൾ താനിവിടെ മരുഭൂമിയിൽ കിടന്നു മരിക്കാനൊരുമ്പെടുകയാണോ?

നിന്റെ ശുശ്രൂഷയിൽ അത്ഭുതങ്ങൾ ഉളവാക്കി ദൈവം നിന്നെ ഉപയോഗിച്ചെങ്കിൽ എന്നും എപ്പോഴും അങ്ങനെ സ്വാഭാവികമായി പരിണമിക്കും എന്ന് ചിന്തിച്ചുപോകരുത്. ജഡമായ നിന്നിലൂടെ തന്റെ മഹത്വകരമായ ശുശ്രൂഷ നിവർത്തിക്കുമ്പോൾ നിന്റെ ശാരീരികവും മാനസികവുമായ അവസ്ഥ നിന്റെ ശുശ്രൂഷയെ ഒരു അളവു വരെ സ്വാധീനിക്കും. കരുണയുള്ള വലിയ ദൈവം നമ്മുടെ അവസ്ഥ മനസ്സിലാക്കി നമ്മെ കൈവിടാതെ അവിടത്തെ വേല നിന്നിലൂടെ തുടർന്നും നിവർത്തിക്കും. ബലഹീനതയിൽ പുതുശക്തി പകർന്ന് മുന്നോട്ട് നടത്തുക തന്നെ ചെയ്യും. നിന്റെ ശുശ്രൂഷ തികെച്ചശേഷ മേ നിന്നെ എടുക്കുകയുള്ളൂ.

ഇവിടെ ഇതാ ഏലിയാവിനെ ശക്തിപ്പെടുത്തി മുന്നോട്ട് നടത്തുക യാണ്. തന്റെ ശുശ്രൂഷ ഇനിയും പൂർത്തിയാക്കാനുണ്ട്. അതുകൊ ണ്ട് ദൂതനെ അയച്ച് ഭക്ഷണം നൽകി. ആ പുതുബലത്തിൽ അവൻ ദൈവത്തോടു മുഖാമുഖം സംസാരിക്കാൻ ദൈവത്തിന്റെ പർവ്വതമായ ഹോരേബുവരെ പോയി. ദൈവം

അവനെ ആശ്വസിപ്പിച്ച് ധൈര്യപ്പെടുത്തി. താൻ ഏകനല്ല എന്നും ഏഴായിരം പേർ ഇസ്രായേലിൽ ബാലിനെ നമസ്കരിക്കാത്തവരായിട്ട് ഉണ്ട് എന്നും വെളിപ്പെടുത്തി ധൈര്യപ്പെടുത്തി. മൂന്നു പുതിയ ദൗത്യങ്ങൾ ഏൽപ്പിച്ച് തിരികെ വിട്ടു. മൂന്നാമത്തെ ദൗത്യമാണ് താൻ ആദ്യം നിവർത്തിക്കുന്നത്. തനിക്ക് ഒരു കൂട്ടായ്മ അത്യാവശ്യമെന്ന് അവൻ കണ്ടെത്തി എലീശയെ ആദ്യം ശുശ്രൂഷയ്ക്കായി തിരഞ്ഞെടുത്തു എന്നു വേണം അനുമാനിക്കാൻ!

**6. തൊഴുത്തുകളുടെ ഇടയിൽ കിടക്കുന്നു—പ്രതികൂലസാഹചര്യങ്ങളിൽ**

*നിങ്ങൾ തൊഴുത്തുകളുടെ ഇടയിൽ കിടക്കുമ്പോൾ പ്രാവിന്റെ ചിറക് വെള്ളികൊണ്ടും അതിന്റെ തൂവലുകൾ പൈമ്പൊന്നുകൊണ്ടും പൊതിഞ്ഞിരിക്കുന്നതുപോലെ ആകുന്നു (സങ്കീ. 68.13).* ആരും താമസിക്കാനും കിടക്കാനും ഇഷ്ടപ്പെടാത്ത ഇടമാണ് തൊഴുത്തുകൾ. എത്ര വൃത്തിയാക്കിയാലും ദുർഗന്ധം തീർത്തും പോകുകയില്ല. എങ്കിലും ഇതുപോലെയുള്ള പ്രതികൂലസാഹചര്യങ്ങളിലായിരിക്കാൻ എന്തുകൊണ്ടോ ചിലർ നിർബന്ധിതരാകുന്നു. ദൈവം അങ്ങനെയുള്ളവരുടെ അവസ്ഥയും അറിയുന്നു. ദൈവം അവരെ കാണുന്നത് തന്റെ പ്രാവായിട്ടാണ്. അതും വെള്ളികൊണ്ടും പൊന്നുകൊണ്ടും പൊതിഞ്ഞിരിക്കുന്ന ചിറകുകൾ ഉള്ള പ്രാവായിട്ടാണ്. വെള്ളി വീണ്ടെടുപ്പിനെയും പൊന്ന് രാജത്വത്തെയും കാണിക്കുന്നു. നീ ദൈവപൈതലാണെങ്കിൽ നീ ഏതു സാഹചര്യത്തിലായിരുന്നാലും ദൈവം നിന്നെ കാണുന്നത് വീണ്ടെടുക്കപ്പെട്ടവളായും രാജകീയ കുലീനത്വം പ്രാപിച്ചവളുമായിട്ടാണ് (1പത്രോ. 1.19; 2.9).

**7. നിന്റെ വാസം—ബോവസിന്റെ കാൽക്കൽ**

*അവളും പതുക്കെ ചെന്ന് അവന്റെ കാലിന്മേലുള്ള പുതപ്പു പൊക്കി അവിടെ കിടന്നു* (രൂത്ത് 3.7). അമ്മാവിയമ്മയുടെ ഉപദേശം രൂത്ത് അനുസരിച്ചു. തന്റെ വീണ്ടെടുപ്പുകാരൻ ബോവസാണെന്ന് മനസ്സിലാക്കി. പൂർണ്ണമായി അവനിൽ ആശ്രയിച്ച് അവന്റെ പുതപ്പിൻ കീഴിൽ പാർക്കാൻ അവൾ ഒരുങ്ങി. അമ്മാവിയമ്മയുടെ ആലോചന പരിശുദ്ധാത്മാവിന്റെ ആലോചനയെ കുറിക്കുന്നു. ബോവസ് നമ്മുടെ നല്ല വീണ്ടെടുപ്പുകാരനായ യേശുകർത്താവിനെ കുറിക്കുന്നു. നമ്മുടെ നല്ല ബോവസിന്റെ ചിറകിൻ കീഴിൽ—പുതപ്പിൻകീഴിൽ നിനക്ക് പൂർണ്ണസുരക്ഷിതത്വമുണ്ട്. അവിടെത്തന്നെ രാവിലെ സൂര്യൻ ഉദിക്കുന്നതുവരെ നീ വിശ്രമിച്ചുകൊൾക. നീതിസൂര്യനായ യേശുകർത്താവ് ഉദിച്ചുയരുന്ന—വീണ്ടും വരുന്ന—ദിവസം വരെ ആ പുതപ്പിൻകീഴിൽ തന്നെ ആയിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. ആ പുതപ്പ് നിന്നെ മൂടുമ്പോൾ നീ അവിടന്നിൽ മറഞ്ഞിരിക്കും.

**8. നിന്റെ കിടപ്പ്—അവിടത്തെ മാർവ്വിൽ**

*ബെന്യാമീൻ യഹോവെക്കു പ്രിയൻ...അവന്റെ ഗിരികളുടെ മദ്ധ്യേ അധി*

*വസിക്കുന്നു* (ആവ. 33.12). മോശ ജീവിതാവസാനത്തിൽ യിസ്രായേൽ മക്കളെ ഗോത്രം ഗോത്രമായി അനുഗ്രഹിക്കുന്ന ഭാഗമാണ് ആവർത്ത നപ്പുസ്തകം മുപ്പത്തി മൂന്നാമത്തെ അദ്ധ്യായം മുഴുവൻ. ബെന്യാമീൻ ഗോത്രത്തിനുള്ള അനുഗ്രഹമാണ് മേലുദ്ധരിച്ച വേദഭാഗം. ബെന്യാമീൻ യാക്കോബിന്റെ മക്കളിൽ ഏറ്റവും ഇളയവനായിരുന്നു. അവന്റെ മാതാ വായ റാഹേൽ അവൻ ജനിച്ചപ്പോൾ തന്നെ മരിച്ചുപോയി. യോസേഫ് മരിച്ചു എന്ന് യാക്കോബ് ധരിച്ചപ്പോൾ പിന്നെ ബെന്യാമീൻ അപ്പന്റെ ഓമ നപ്പുത്രനായി മാറി. പിതാവിന്റെ മാത്രമല്ല, സ്വർഗ്ഗസ്ഥനായ പിതാവിന്റെ യും ഓമനപ്പുത്രനാണ് ബെന്യാമീൻ എന്നാണ് നാം ഈ വേദഭാഗത്തുനി ന്ന് മനസ്സിലാക്കുന്നത്.

(1) അവൻ യഹോവെക്കു പ്രിയനായവനാണ്.

(2) നിർഭയം വസിക്കുന്നവനാണ്.

(3) ദൈവം അവനെ എല്ലായ്പ്പോഴും മറെച്ചുകൊള്ളുന്നു.

(4) ഗിരികളുടെ മദ്ധ്യേ വസിക്കുന്നു.(...he shall dwell between his shoulders—KJV ഇംഗ്ലിഷ് നോക്കുക.)

അതായത് യഹോവയാം ദൈവത്തിന്റെ മാറോടു ചേർന്ന് ഏറ്റവും പ്രിയനായ ബെന്യാമീൻ നിർഭയം വസിക്കുന്നത്രേ. ഏതൊരു ദൈവ പൈതലിന്റെയും ഏറ്റവും അഭികാമ്യമായ അവസ്ഥയാണ് ഇത്. ഏറ്റവും സുരക്ഷിതവും ഹൃദ്യവും ആനന്ദകരവും ആസ്വാദ്യകരവുമായ അനുഭ വമാണ് ഇത്. യോഹന്നാൻ യേശുവിന്റെ മാറോട് ചാരിയിരുന്ന് ഏറ്റവും പ്രിയനായി മാറി. യേശുകർത്താവിന്റെ ഹൃദയത്തുടിപ്പുകൾ ഏറ്റെടുത്ത് സ്നേഹത്തിന്റെ അപ്പോസ്തലനായി മാറി. നിന്റെ വാസം അവിടത്തെ കൃപ യിലും സാന്നിദ്ധ്യത്തിലും ചിറകിൻ മറവിലും എന്നും ആയിരിക്കുവാൻ ശ്രമിക്കുക. അങ്ങനെ നീ ഏറ്റവും പ്രിയനായി അവിടത്തെ ദിവ്യസ്വഭാവ ത്തിന് കൂട്ടാളിയായി മാറും.

ഇന്ന് നീ എങ്ങനെയാണ് ജീവിക്കുന്നത് എന്ന് ശോധനചെയ്യുക. മേൽപ്പറഞ്ഞ ഏതെങ്കിലും ഒരു അവസ്ഥയിലാകാൻ സാദ്ധ്യതയുണ്ട്. നിന്റെ വിശ്രമവും നിന്റെ വാസവും ക്രമപ്പെടുത്തി മുന്നേറുവാൻ ദൈവം നിന്നെ സഹായിക്കട്ടെ.

# 9
# ഒരു ഉറപ്പ്

*എന്റെ ഉടയവനും ഞാൻ സേവിച്ചുവരുന്നവനുമായ എന്റെ ദൈവത്തിന്റെ ദൂതൻ ഈ രാത്രിയിൽ എന്റെ അടുക്കൽനിന്നു പൗലോസേ, ഭയപ്പെടരുത്. നീ കൈസരുടെ മുമ്പിൽ നിൽക്കേണ്ടതാകുന്നു. നിന്നോടുകൂടെ യാത്രചെയ്തവരെ ഒക്കെയും ദൈവം നിനക്കു ദാനം ചെയ്തിരിക്കുന്നു എന്ന് പറഞ്ഞു. അതുകൊണ്ട് പുരുഷന്മാരേ, ധൈര്യപ്പെടുവിൻ എന്നോട് അരുളിച്ചെയ്തതുപോലെ തന്നേ സംഭവിക്കും എന്ന് ഞാൻ വിശ്വസിക്കുന്നു (അപ്പൊ. 27.23-25).*

ഏറ്റവും പ്രതികൂലമായ സാഹചര്യങ്ങളിൽ ഒറ്റയ്ക്ക് ഒരു മനുഷ്യൻ നടത്തുന്ന പ്രഖ്യാപനമാണ് ഇത്. ബന്ധിതനായ പൗലോസ് മറ്റു തടവുകാരോടുകൂടെ കപ്പലിൽ യാത്രയിലാണ്. കൂനിന്മേൽ കുരു എന്നപോലെ കഠിനമായ കൊടുങ്കാറ്റിൽ കപ്പൽ അകപ്പെട്ടു. ഭയം കൊണ്ട് എല്ലാവരും ആടിയുലഞ്ഞു. കപ്പലിലെ ചരക്കും മറ്റു സാധനങ്ങളുമെല്ലാം കടലിൽ കളഞ്ഞ്, പട്ടിണികൊണ്ട് ദിവസങ്ങളായി വലഞ്ഞ ഒരു ജനക്കൂട്ടം ഒരു പ്രത്യാശയ്ക്കും വകയില്ല എന്ന മട്ടിൽ മരണത്തെ പുൽകുവാൻ തയാറെടുത്തിരിക്കുകയാണ്. രക്ഷപ്പെടുമെന്നുള്ളത് ഒരു സ്വപ്നം മാത്രമായി ശേഷിച്ച സമയത്ത് ഇതാ ഒരുവൻ പ്രത്യാശയുടെ സന്ദേശവുമായി അവരുടെ ഇടയിൽ എഴുന്നേറ്റ് നിൽക്കുന്നു. ഇത്രയും ഉറപ്പോടെ ധൈര്യപ്പെടുത്തുന്ന ഒരു സന്ദേശം പ്രസ്താവിക്കുവാൻ മതിയായ കാരണങ്ങൾ അവനുണ്ട്.

### 1. എന്റെ ഉടയവനായ ഒരുവനുണ്ട്

അഡ്രസ്സുപോലമില്ലാതെ ആർക്കും വേണ്ടാതെ, ആർക്കും വിലയില്ലാതെ അങ്ങോട്ടും ഇങ്ങോട്ടും ഇട്ടു തട്ടുന്ന ഒരു വ്യക്തിത്വമല്ല എന്റേത്. ഏന്നെ വിലയേറിയവനും മാന്യനുമായി കണ്ട്, സ്നേഹിച്ച്, ഉയർത്തിയ ഒരു ഉടയവൻ എനിക്കുണ്ട്. ഞാൻ അവിടന്നിന്റെ സ്വന്തമാണ് (യെശ. 43.1,3,4). പൗലോസ് തനിക്കുവേണ്ടി പ്രത്യേക ഉദ്ദേശ്യത്തോടെ തെരഞ്ഞെടുത്ത പാത്രമാണെന്നാണ് കർത്താവ് അനന്യാസിനോട് അപ്പോസ്തലപ്രവൃത്തി 9.15-ൽ പറയുന്നത്. 2തിമോഥെയോസ് 2.21-ൽ സൂചിപ്പിക്കുന്നത്

താൻ ഉടമസ്ഥന് ഉപയോഗമുള്ള മാനപാത്രമാണ് എന്നത്രേ. അതേ എനിക്ക് ഒരു ഉടയവനുണ്ട്.

**2. അവിടത്തെ ഞാൻ സേവിക്കുന്നു**

തന്റെ ഭക്തന്മാരെ തനിക്കുവേണ്ടി വേർതിരിച്ചിരിക്കുന്ന ദൈവമുണ്ട് (സങ്കീ. 4.3). നമുക്ക് നമ്മുടെ ജീവിതത്തെ ശോധനചെയ്യാം. "സ്വന്തജനവും ശ്രേഷ്ഠജനവും വിശുദ്ധജന"വുമായി ഇരിക്കേണ്ടതിനാണ് തന്റെ മക്കളെ അവിടന്നു വേർതിരിച്ചിരിക്കുന്നത്. "അപ്പന് മക്കളോട് കരുണ തോന്നുന്നതുപോലെ" (സങ്കീ. 103.13) നമ്മോടു കരുണ തോന്നുന്ന ദൈവമത്രേ നമ്മുടെ ദൈവം. കൂടാതെ തനിക്കുള്ളവയെ അറിയുന്ന (യോഹ. 10.14) എല്ലാത്തരത്തിലും വ്യക്തിപരമായി എന്നെ അറിയുന്ന ഒരു വലിയ ദൈവത്തെയാണു ഞാൻ സേവിക്കുന്നത്.

**3. എന്റെ തകർച്ചയുടെ നേരത്ത് അവിടന്ന് തന്റെ ദൂതനെ അയച്ചു**

എപ്പോഴൊക്കെ ഞാൻ തളരുന്നുവോ അപ്പോഴെല്ലാം എന്നെ ശക്തിപ്പെടുത്താൻ മനസ്സുവെക്കുന്ന ദൈവമാണ് അവിടന്ന്. ഏലിയാവ് തളർന്നു ചൂരച്ചെടിയുടെ തണലിൽ മരിക്കാൻ ഇച്ഛിച്ചപ്പോൾ ആ സമയത്തെ ശാരീരികക്ലേശം മനസ്സിലാക്കി തന്റെ ദൂതനെ ചൂടടയും വെള്ളവുമായി അയച്ച ദൈവമാണ് എന്റേത്. പിന്മാറ്റത്തിൽ പോയ ശിഷ്യന്മാർ മീൻ പിടിച്ച് ക്ലേശിച്ചുവന്നപ്പോൾ "കുഞ്ഞുങ്ങളേ" എന്നു വിളിച്ച് ചൂടപ്പവുമായി കാത്തിരുന്ന ഒരു ദൈവമാണ് എന്റേത്. ഇസ്രായേൽമക്കൾ അടിമനുകത്തിൻ കീഴിൽ കഷ്ടപ്പെട്ടത് "കണ്ടു, കണ്ടു, കേട്ടു" എന്നു പറഞ്ഞ ദൈവമാണ് എന്റേത്. എലീശായെ പിടിക്കാൻ ശത്രുരാജാവ് സൈന്യത്തെ അയച്ചപ്പോൾ ചുറ്റും അഗ്നിരഥങ്ങളെയും കുതിരകളെയും നിരത്തിയ ദൈവമാണ് എന്റേത്. ആരോരുമില്ലാത്ത ഹാഗാർ വാവിട്ടു നിലവിളിച്ചപ്പോൾ അവൾക്കു വേണ്ടി മാത്രം വറ്റാത്ത ഒരു നീരുറവയെ തുറന്നവനാണ് എന്റെ ദൈവം. അങ്ങനെ എത്ര എത്ര സന്ദർഭങ്ങൾ!

**4. എന്നെക്കുറിച്ചുള്ള പ്ലാൻ വെളിപ്പെടുത്തി**

നീ കൈസരുടെ മുമ്പിൽ നിൽക്കേണ്ടവനാണ്, നശിച്ചുപോകേണ്ടവനല്ല എന്ന് എനിക്ക് വെളിപ്പെടുത്തിത്തന്നു. ലോകജനങ്ങൾ നശിച്ചുപോകുന്ന തരത്തിലുള്ള കഷ്ടത ഒരു ദൈവപൈതലിനുണ്ടാ യാൽ അവൻ നശിച്ചുപോകുന്നില്ല എന്നത് ഒരു യാഥാർത്ഥ്യം മാത്രമാണ്. നിന്റെയും എന്റെയും ജീവിതത്തെക്കുറിച്ച് അവിടത്തേക്ക് ഒരു പദ്ധതിയുണ്ട്. നാം പിണ്ഡാകാരമായിരുന്നപ്പോഴും നിയമിക്കപ്പെട്ട നാളുകൾ ഒന്നും ഇല്ലാതിരുന്നപ്പോഴും തുടങ്ങി നിനക്കുവേണ്ടി പലതും പ്ലാൻ ചെയ്തെടുത്ത ദൈവമാണ് അവിടന്ന്. പക്ഷേ, അതു വെളിപ്പെടുത്തിയതും തികച്ചെടുത്തതും നിന്റെ ഗതിമുട്ടിയ സന്ദർഭത്തിലാണെന്നു മാത്രം!

ഏലിയാവിനോട് നിനക്കു ദൂരയാത്ര ചെയ്യാനുണ്ടല്ലോ എന്നു

പറഞ്ഞാണു ശക്തീകരിച്ചത്. തന്റെ ശുശ്രൂഷ അവസാനിച്ചു എന്ന് കരുതിയിരുന്ന നിമിഷത്തിൽ ഇനിയും ശ്രേഷ്ഠമായ ശുശ്രൂഷയും മഹത്വപൂർണ്ണമായ അവസാനവും തനിക്കായി കരുതിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തിക്കൊടുത്തു. പക്ഷേ, ആ വെളിപ്പെടുത്തൽ ചുണ യോടെ ശുശ്രൂഷചെയ്ത നിമിഷങ്ങളിലല്ല വെളിപ്പെടുത്തിക്കൊടുത്തത്. ഗതിമുട്ടി തളർന്ന അവസരത്തിലാണ്. മോശ തന്റെ നല്ല കാല മെല്ലാം അവസാനിച്ചു എന്ന് കരുതിയപ്പോഴാണ് ദൈവം ഒരുക്കിവെച്ച ശുശ്രൂഷ കണ്ടെത്തിയത്.

**5. എനിക്ക് പുതിയ വാഗ്ദത്തം തന്നു**

നശിച്ചുപോകുമെന്നും കടൽ വിഴുങ്ങുമെന്നും കരുതിയപ്പോൾ എന്റെ ജീവൻ എനിക്കു തിരിച്ചുതന്ന ദൈവം എന്നെ ഒരു അനുഗ്രഹകാരണം കൂടെ ആക്കിത്തീർത്തു. ആ കപ്പലിൽ എല്ലാവരും മരിക്കാൻ ഒരുങ്ങിയിരുന്നപ്പോൾ പൗലോസ് കാരണം ആ ഇരുനൂ റ്ററിഎഴുപത്തിയാറു പേരെയും ദൈവം പൗലോസിന് ദാനമായി നൽകിയത്രേ. നീ ഒരാൾ മൂലം അവരെല്ലാം രക്ഷപ്പെടാനും ദൈവത്തെ അറിയാനും കാരണമാക്കിയിരിക്കുകയാണ്. അബ്രഹാമിനോട് അവിടന്ന് അരുളിച്ചെയ്തതെന്താണെന്ന് ശ്രദ്ധിക്കുക: നീ മുഖാന്തരം (അതായത് നിന്റെ അനുസരണം മൂലം) ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും എന്നാണ്. തന്റെ മക്കളെ ലോകത്തിന് ഉപ്പായും വെളിച്ചമായും അനുഗ്രഹമായും തീരാനാണ് അവിടന്നു വിളിച്ചിരിക്കുന്നത്.

**6. എന്നോട് അരുളിച്ചെയ്തതുപോലെ തന്നെ സംഭവിക്കും എന്ന് ഞാൻ ദൈവത്തെ വിശ്വസിക്കുന്നു**

വാഗ്ദത്തം ചെയ്തവനിലുള്ള പൂർണ്ണമായ ഉറപ്പു ശ്രദ്ധിച്ചാലും. അബ്രഹാം സാഹചര്യങ്ങളെ നോക്കാതെ ഓരോ ദിവസവും ഉറച്ചു വിശ്വസിച്ചു (റോമ. 4.19). അസംഭവ്യമായതു വിശ്വസിക്കാനുള്ള ഒറ്റക്കാരണം വാഗ്ദത്തം ചെയ്തവന്റെ വിശ്വാസ്യതയെക്കുറിച്ച് ഉറപ്പുണ്ടായിരുന്നതു കൊണ്ടാണ്. "ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്ന് ഞാൻ അറിയുന്നു" (2തിമോ. 1.12) എന്ന ഉറപ്പാണ് ഏതു സാഹചര്യത്തിലും കർത്താവിനു വേണ്ടി നേരെ നിൽക്കാൻ പൗലോസിന് ഉറപ്പുനൽകിയത്. ഇത് തലമുറകളായി നാം കണ്ടും അനുഭവിച്ചും പോരുന്ന ഒരു യാഥാർത്ഥ്യമത്രേ.

**7. എനിക്ക് ഒരു ദൂത് ഉണ്ട്**

അതുകൊണ്ട് നിങ്ങൾക്കു തരുവാൻ ഞാൻ ഒരു ദൂത് പ്രാപിച്ചിട്ടുണ്ട്. എല്ലാവർക്കും ദൂതില്ല. പലർക്കും വിഷയമേ ഉള്ളൂ. ദൂത് ആർക്കാണുള്ളത്? തന്റെ ഉടയവൻ ആരാണെന്ന് അനുഭവിച്ചറിഞ്ഞവർക്കും താൻ സേവിക്കുന്നത് വിശ്വസ്തനായ ദൈവത്തെയാണ് എന്ന് ഉറപ്പുള്ളവർക്കും മാത്രമാണ് മറ്റുള്ളവർക്ക് കൊടുക്കുവാൻ ദൈവത്തിൽനിന്ന് പ്രാപിച്ച ദൂതുള്ളത്.

"നിങ്ങൾ ധൈര്യപ്പെടുവിൻ, ഭയപ്പെടേണ്ട."

ഭയം കൊണ്ട് വിറളി പിടിച്ച് സകല ധൈര്യവും കെട്ടുകിടക്കുന്ന ഒരു സമൂഹത്തിന്റെ മദ്ധ്യത്തിൽ എഴുന്നേറ്റു നിന്ന് ഇപ്രകാരം ദൂത് പറയണമെങ്കിൽ ദൈവത്തിൽനിന്ന് നേരിട്ടു പ്രാപിച്ചെങ്കിലേ സാധ്യമാകൂ. ലോത്ത്, നോഹ എന്നിവരുടെ കാലത്തെ പോലെയുള്ള തലമുറയുടെ മദ്ധ്യത്തിൽ ഒരു അംഗീകാരവും ലഭിക്കാൻ ഇടയില്ലാത്ത ദൂതുമായി നിൽക്കണമെങ്കിൽ നീ സ്വയമേവ പ്രാപിച്ചേ മതിയാകുകയുള്ളൂ. അല്ലെങ്കിൽ മറ്റാരെങ്കിലും പറഞ്ഞ ദൂതിന്റെ അനുകരണമായ വെറും വിഷയമായി നിന്റെ ശുശ്രൂഷ തീർന്നുപോയേക്കാം.

ഇന്ന് ജീവിതത്തെ ശോധനചെയ്യാം. ഉടയവനായ ദൈവത്തെ നീ വാസ്തവമായി വിശ്വസിക്കുകയും സേവിക്കുകയും ചെയ്യുന്നുണ്ടോ? അവിടന്നിൽനിന്നു നേരിട്ടു പ്രാപിച്ച ദൂതും ശുശ്രൂഷയും നിനക്കുണ്ടോ?

# 10

# ഏകനായി

മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല എന്ന് കണ്ടുകൊണ്ടാണ് ദൈവം ആദാമിന് തക്കതുണയെ ഒരുക്കിക്കൊടുത്തത്. ഏതു വ്യക്തി യാണെങ്കിലും ഏകനായി ദീർഘനാൾ വസിക്കുന്നത് ആരോഗ്യകരമോ അഭിലഷണീയമോ അല്ല. എന്നാൽ ചില സന്ദർഭങ്ങളിൽ ദൈവസന്നി ധിയിൽ ഏകനായിരിക്കുന്നത് ഏറ്റവും അനുഗ്രഹകരവും പ്രയോജനക രവും ആണെന്ന് അനുഭവസ്ഥർ പറയുന്നു. ദൈവം ഉപയോഗിച്ചിട്ടുള്ള എല്ലാവരുടെയും ജീവിതത്തിൽ ഇങ്ങനെയുള്ള അനവധി സന്ദർഭങ്ങൾ കുറച്ചു കാലത്തേക്ക് കാണാൻ സാധിക്കും. ഏകനായി നിന്ന് ദൈവസ ന്നിധിയിൽ അനുഗ്രഹിക്കപ്പെട്ട അനേകരെ നാം ദൈവവചനത്തിലുട നീളം കാണുന്നുണ്ട്. അങ്ങനെയുള്ള ചിലരെപ്പറ്റി നമുക്കു ചിന്തിക്കാം. ഈ വിഷയം നമുക്ക് ഏറ്റവും അനുഗ്രഹകരമായി അനുഭവപ്പെടുമെന്നുള്ളത് നിസ്തർക്കമാണ്. നാം എല്ലാവരും പല സന്ദർഭങ്ങളിലും ഏകരായിത്തീ രുന്ന അനുഭവങ്ങളിൽ എത്തിപ്പെടാറുണ്ട്. ആ സന്ദർഭങ്ങളെ നമുക്ക് ഏറ്റവും മനോഹരമായ അവസരങ്ങളാക്കി മാറ്റാനും സാധിക്കും.

**1. ഏകനായി ദൈവത്തോടുകൂടെ നടന്ന ഹാനോക്ക്**

ഒരു ദുഷിച്ച തലമുറയിൽ കൂട്ടിനാരും ഇല്ലാതെ ദൈവത്തോടുകൂടി നടക്കാൻ ധൈര്യപ്പെട്ട ഒരുവനായിരുന്നു ഹാനോക്ക്. വെറും സാധാരണ ക്കാരനായ ഒരുവൻ! അവൻ മുന്നൂറു വർഷം ദൈവത്തോടുകൂടെ നടന്നു. ഒരു ദിവസം ദൈവം അവനെ കൂടെ കൊണ്ടുപോയി—ഇനി ഒരിക്കലും പിരിഞ്ഞിരിക്കേണ്ടാത്ത വിധത്തിൽ! സിനിമ, പിക്നിക്ക്, ഷോപ്പിംഗ് തുട ങ്ങിയവയ്ക്ക് പോകാനൊക്കെ കൂട്ടു കിട്ടും. എന്നാൽ ദൈവത്തോടുകൂടെ നടക്കാൻ കൂട്ടു കിട്ടുകയേയില്ല. ദൈവത്തോടുകൂടെ നടക്കാൻ ധൈര്യപ്പെ ടുന്ന തന്റെ ഭക്തന്മാർക്ക് യഹോവയുടെ സഖിത്വം അവിടന്ന് നൽകുന്നു. അവിടത്തെ സകല രഹസ്യങ്ങളും പങ്കുവെക്കുന്നു (സങ്കീ. 25.12). താൻ തിരഞ്ഞെടുക്കേണ്ടുന്ന വഴിയും കാണിച്ചുകൊടുക്കുന്നു. ഒരു ഹാനോ ക്കായി ഈ തലമുറയിൽ ജീവിക്കാൻ ഒരുക്കമാണോ?

**2.ഏകനായി നടന്ന അബ്രഹാം**

അബ്രഹാമിന്റെ ജീവിതം പരിശോധിച്ചാൽ ഏകനായിരുന്നതിന്റെ ഒരു പട്ടിക തന്നെ കാണാം.

**(1) ഏകനായി വിളിക്കപ്പെട്ടവൻ**

ദൈവം വ്യക്തികളെയാണു വിളിക്കുന്നത്, ആൾക്കൂട്ടങ്ങളെയല്ല. തന്റെ ഭവനത്തെയും ദേശത്തെയും ചാർച്ചക്കാരെയും വിട്ട് കാണിപ്പാനിരിക്കുന്ന ദേശത്തേക്കു വിളിക്കപ്പെട്ടവനാണ് അബ്രഹാം.

**(2) ഏകനായി അനുസരിച്ചവൻ**

എങ്ങോട്ട് പോകുന്നു എന്നറിയാതെ പുറപ്പെട്ടവനാണ് അബ്രഹാം (എബ്രാ. 11.8).

**(3) ഏകനായി പരീക്ഷിക്കപ്പെട്ടവൻ**

ഏറ്റവും വലിയ പരീക്ഷയിലും പൂർണ്ണവിജയം നേടിയവനാണ്. മറ്റാരും കടന്നുപോയിട്ടില്ലാത്ത പ്രത്യേകതകളുടെ നീളുന്ന നിര തന്നെ അവന്റെ ജീവിതത്തിലുണ്ട്.

**(4) ഏകനായി മദ്ധ്യസ്ഥതചെയ്തവൻ**

സോദോമിനും ഗോമോറെയ്ക്കും വേണ്ടി ദൈവസന്നിധിയിൽ നിന്നു കൊണ്ട് മദ്ധ്യസഥത ചെയ്തവൻ ആണ്. അമ്പത് നീതിമാന്മാരുങ്കിൽ നശിപ്പിക്കുമോ എന്നു ചോദിച്ചുകൊണ്ട് അവൻ മദ്ധ്യസ്ഥത ചെയ്യാൻ തുടങ്ങി. അവസാനം പത്തു നീതിമാന്മാർ എന്ന സംഖ്യ എത്തുന്നതുവരെ അത് തുടർന്നുകൊണ്ടേയിരുന്നു.

**(5) ഏകനായി ദൈവശബ്ദം കേട്ടവൻ**

പല പ്രാവശ്യം ദൈവശബ്ദം കേട്ടവനാണ്. തന്നെ ഉറപ്പിക്കാനും ധൈര്യപ്പെടുത്താനും താൻ കേട്ട ദൈവശബ്ദം അല്ലാതെ മറ്റൊന്നും ഇല്ലായിരുന്നു. ഇന്നു നമുക്കാണെങ്കിൽ ഉറപ്പിനും ബലത്തിനും എഴുതപ്പെട്ട ദൈവവചനമുണ്ട്. ദൃഷ്ടാന്തങ്ങളായി ഈ വിശുദ്ധന്മാരുടെ അനുഭവങ്ങളുണ്ട്. കൂട്ടായ്മയുണ്ട്. അബ്രഹാമിന് ഇതൊന്നും ഇല്ലായിരുന്നു. ദൈവശബ്ദം കേട്ടപ്പോൾ ഒക്കെ താൻ ഏകനായിരുന്നു.

**(6) ഏകനായി വിശ്വസിച്ചവൻ**

സാഹചര്യങ്ങൾ മുഴുവൻ പ്രതികൂലമായിരുന്നിട്ടും ധൈര്യപ്പെടത്തുവാൻ ആരും ഇല്ലാതിരുന്നിട്ടും വാഗ്ദത്തം ചെയ്തവൻ വിശ്വസ്തൻ (റോമ. 4.19) എന്നു കണ്ട് മുറുകെ പിടിച്ച് വിശ്വസിച്ചവനാണ് അബ്രഹാം. ദൈവം എന്തു പറഞ്ഞുവോ അത് അതേ പടി വിശ്വസിച്ചു.

**(7) ഏകനായി നീതീകരിക്കപ്പെട്ടവൻ (യാക്കോ. 2.21)**

ജീവിതത്തിലെ ഏറ്റവും കാഠിന്യമേറിയ പരീക്ഷണവും താൻ വിജയ

കരമായി തരണം ചെയ്തു. ദൈവസന്നിധിയിൽ നീതീകരിക്കപ്പെട്ടവനായി അംഗീകരിക്കപ്പെട്ടു.

**3. ഏകനായി നടന്ന യാക്കോബ്**

യാക്കോബ് ഏകനായി രണ്ടു പ്രാവശ്യം ദൈവസന്നിധിയിൽ നിൽക്കേണ്ടി വന്നു. അവൻ ദൈവത്തെ അന്വേഷിച്ചുവന്നതല്ല, യാദൃച്ഛികമായി എത്തിയതാണ്. ഒരിക്കൽ വനാന്തരത്തിൽ കല്ല് തലയിണയായി വെച്ച് ഉറങ്ങുമ്പോൾ ദൈവം തന്നെക്കുറിച്ചുള്ള വലിയ ദർശനം അവന് കൊടുത്തു. അപ്പനെയും ജ്യേഷ്ഠനെയും ഒക്കെ സൂത്രത്തിൽ കബളിപ്പിച്ച് അനുഗ്രഹം കൈക്കലാക്കാനുള്ള തത്രപ്പാടിൽ മുമ്പോട്ടു പോ യി. ദൈവിക ദർശനത്തെക്കുറിച്ചുള്ള യാതൊരു അറിവും തനിക്ക് ആ സമയത്ത് ഇല്ലായിരുന്നു. ദൈവം തന്റെ ജീവിതത്തെക്കുറിച്ചുള്ള ദീർഘമായ പദ്ധതി വെളിപ്പെടുത്തിയപ്പോൾ അത് ഉൾക്കൊള്ളാനുള്ള മനോഭാവമോ ചിന്താഗതിയോ നിർഭാഗ്യവശാൽ അവന് ഇല്ലായിരുന്നു. അവന്റെ വീക്ഷണം അന്ന് തനിക്കു വേണ്ടുന്ന മൂന്നു കാര്യങ്ങളിൽ മാത്രം ഒതുങ്ങിനിന്നു. തനിക്കു വേണ്ടിയിരുന്നത് ഭക്ഷിപ്പാൻ ആഹാരവും ധരിപ്പാൻ വസ്ത്രവും അപ്പന്റെ വീട്ടിൽ തിരിച്ചെത്തിക്കുന്ന ഒരു ശുഭയാത്രയും നൽകാൻ കഴിവുള്ള ഒരു ദൈവത്തെ ആയിരുന്നു. ദൈവത്തിന് തന്നെക്കുറിച്ചുള്ള ശ്രേഷ്ഠമായ പ്ലാൻ ഗ്രഹിക്കാനോ അതിനു വിധേയപ്പെടുത്തിക്കൊടുക്കാനോ അവന് ഒരു താൽപ്പര്യവുമില്ലായിരുന്നു. അതുകൊണ്ട് കുറച്ചുനാളത്തേക്ക് യഥാർത്ഥ അനുഗ്രഹം അവനെ വിട്ട് മാറി നിന്നു. ദൈവവും അവനെ സ്വന്തമായ രീതിയിൽ തന്റെ ജീവിതം മുന്നോട്ടു നയിക്കാനായി വിട്ടു. ഏകദേശം ഇരുപത് വർഷങ്ങൾക്കുശേഷം യാക്കോബിന്റെ കനാനിലേക്കുള്ള മടക്കയാത്രയിൽ വീണ്ടും ദൈവം അവനോട് നേരിട്ട് ഇടപെട്ടു. ആ യാത്രയിലെ ഒരു രാത്രിയിൽ സകലവും ആറ്റിനക്കരെ കടത്തിയ ശേഷം അവൻ മാത്രമായി കരയിൽ ശേഷിച്ചു. ആ സമയത്ത് യഹോവയുടെ ദൂതനു മായി തനിക്ക് മല്ലുപിടിക്കേണ്ടി വന്നു. യഥാർത്ഥ അനുഗ്രഹമാണ് ഇപ്പോൾ തനിക്കാവശ്യം. തനിക്കു വേണ്ടിയതെന്ന് താൻ മുമ്പു കരുതിയിരുന്ന മൂന്നു കാര്യങ്ങളും തനിക്ക് ഇന്നൊരു വിഷയമല്ല. അവൻ ദൈവസന്നിധിയിൽ ഹൃദയം തകർന്നു കരഞ്ഞ് അപേക്ഷിച്ചു എന്ന് ഹോശേയ 12.4-ൽ നാം കാണുന്നു. യഹോവയുടെ ദൂതനെ അനുഗ്രഹം ലഭിക്കുന്നതു വരെ മുറുകെ പിടിച്ചു. ഫലമോ ചതിയനായിരുന്ന യാക്കോബ് ദൈവത്തിന്റെ പ്രഭുവായ അന്തസ്സുള്ളവനായി മാറി. അനുഗ്രഹിക്കപ്പെട്ട ഇസ്രായേലായി. പിന്നെ തുടർന്ന് അനുഗ്രഹിക്കപ്പെട്ട വിശ്വാസജീവിതം പൂർത്തിയാക്കി ജീവിതം അവസാനിപ്പിച്ചു. എബ്രായർ 11-ാം അദ്ധ്യായത്തിലെ വിശ്വാസ വീരന്മാരുടെ പട്ടികയിലും കടന്നുകൂടി (എബ്രാ. 11.21).

**4. ഏകനായിരുന്ന യോസേഫ്**

ഏകനായി കഷ്ടതയുടെ തീച്ചൂളയിലൂടെ നടന്നവനായ യോസേഫിനു ജീവിതത്തിലെ ഏറ്റവും നല്ല കാലം മുഴുവൻ ഏകനായി എല്ലാവരിൽ നിന്നും ഒറ്റപ്പെട്ട് കഴിച്ചുകൂട്ടേണ്ടിവന്നു. ഏകാന്തത ധാരാളം അനുഭവിച്ച ജയിൽജീവിതത്തിൽ അവൻ പൂർണ്ണമായും ദൈവത്തോട് ചേർന്നിരുന്നു. യഹോവ അവനോടുകൂടെ ഇരുന്നു എന്നത്രേ നാം വായിക്കുന്നത്. അവന് ചെറുപ്രായത്തിൽ ലഭിച്ച ദർശനം അവൻ കഷ്ടതയുടെ നടുവിലും കൈവിട്ടില്ല എന്ന് സങ്കീർത്തനം 105.17,18 വാക്യങ്ങളിൽ നാം കാണുന്നു. അപ്പന്റെ വീട്ടിൽ ദുശ്രുതി കേൾപ്പിച്ച സഹോദരന്മാരുടെ ഇടയിലും അവൻ ഒറ്റപ്പെട്ടവനായി ജീവിച്ചു. പോരെങ്കിൽ അപ്പൻ ഏറ്റവും കൂടുതൽ അവനെ സ്നേഹിച്ചിരുന്നതുകൊണ്ട് സഹോദരന്മാർ അവനെ ഏറ്റവും വെറുത്തു. പൊത്തിഫേറിന്റെ വീട്ടിലും ജയിലിലും ഫറവോന്റെ കൊട്ടാരത്തിലും, എല്ലായിടത്തും അവൻ ഏകനായിരുന്നു. എങ്കിലും അവൻ എപ്പോഴും ദൈവത്തോടുകൂടെ ആയിരുന്നു. അതുകൊണ്ട് മറ്റാർക്കും ലഭിക്കാത്ത ജ്ഞാനമാണ് ദൈവം അവനു നൽകിയത്.

**5. ഏകനായിരുന്ന മോശ**

ജനിച്ചപ്പോഴേ ദൈവം അവനെ കണ്ടിരുന്നു. അനേകം ആൺകുഞ്ഞുങ്ങൾ നൈൽനദിയിൽ എറിയപ്പെട്ടപ്പോൾ ഇവനു മാത്രം വിടുതൽ കിട്ടി. ഇവനു മാത്രം കൊട്ടാരത്തിൽ വളരാൻ ദൈവം വഴിയൊരുക്കി. വേറെ ഒരു ഇസ്രായേല്യനും ലഭിക്കാത്ത പദവിയത്രേ ഇത്. മിസ്രയീമിലെ സകല ജ്ഞാനവും അഭ്യസിച്ച് വാക്കിലും പ്രവൃത്തിയിലും നിപുണനായിത്തീർന്നു. സാഹചര്യങ്ങൾ അവനെ മരുഭൂമിയിലേക്ക് നടത്തി. മരുഭൂമിയിൽ ആടിനെ മേയിച്ചുകൊണ്ടു നടന്നപ്പോൾ ഏകനായി ദൈവശബ്ദവും ദൈവികദർശനവും ലഭിച്ചു. ആരും കണ്ടിട്ടില്ലാത്ത വിധത്തിൽ ദൈവത്തെ കാണാനും അടുത്തറിയാനും മോശയ്ക്കു മാത്രം അനവധി അവസരങ്ങൾ ലഭിച്ചു. എന്റെ അടുക്കൽ പർവ്വതത്തിൽ കയറിവന്ന് അവിടെ ഇരിക്ക (പുറ. 24.12) എന്നാണ് ദൈവം ഒരു അവസരത്തിൽ മോശയോട് പറയുന്നത്. കൂട്ടുകാർ ഒന്നിച്ചിരുന്ന് സസാരിക്കുന്നതുപോലെ ദൈവവുമായിട്ട് ഒന്നിച്ചിരുന്നു സംസാരിക്കാൻ മോശ ധൈര്യപ്പെട്ടു. ഏകനായി ദൈവസാന്നിദ്ധ്യവും ദൈവികസ്വസ്ഥതയും അനുഭവിച്ചു (പുറ. 33.14). ദൈവവചനം പരിശോധിച്ചാൽ ഏകനായി പല പ്രാവശ്യം ദൈവസന്നിധിയിൽ നിൽക്കുന്നത് നമുക്കു കാണാം.

**(1) ഹോരേബിൽ ദൈവം വിളിച്ചു (പുറപ്പാട് 3.4)**

ദൈവം വലിയ ശുശ്രൂഷയ്ക്കു വിളിച്ചപ്പോൾ തന്നെ ഈ ജോലിക്ക് കൊള്ളുകയില്ല എന്നു പറഞ്ഞ് വാദിച്ചവനോട് തന്റെ സാന്നിദ്ധ്യം കൂടെ പോരാം എന്നുള്ള വാഗ്ദത്തം നൽകി പറഞ്ഞയച്ചു. മോശ പറഞ്ഞ

സകല വാദമുഖങ്ങളും തട്ടിക്കളഞ്ഞ് ദൈവം അവനെത്തന്നെ തിരഞ്ഞെടുത്തു. ദൈവത്തിന്റെ വലിയ പദ്ധതിയിൽ നായകസ്ഥാനം വഹിക്കാൻ മോശയ്ക്കു പദവി ലഭിച്ചു.

**(2) സീനായി പർവ്വതത്തിൽ തനിച്ച് (പല തവണ)**

ആദ്യത്തെ തവണ സീനായിയിൽ കയറിയ സന്ദർഭം പുറപ്പാട് 19.3-5 വരെ കാണുന്നു. കഴിഞ്ഞ കാലത്തെ അനുഭവങ്ങളെ ഓർപ്പിച്ചു. വർത്തമാനകാലത്ത് ചെയ്യേണ്ടത് ശ്രദ്ധയോടെ ദൈവത്തെ അനു സരിക്കണം എന്നുള്ളതാണ് എന്ന് കാണിച്ചു. അങ്ങനെ അവർ അനുസരിച്ചു ജീവിക്കാൻ ശ്രദ്ധവെക്കുന്നു എങ്കിൽ ഭാവികാലത്ത് ഇസ്രായേൽ പ്രത്യേക സമ്പത്തും പുരോഹിതരാജത്വവും വിശുദ്ധജനവും ആയിരിക്കും എന്നും അവർക്ക് പ്രത്യേകമായ ഒരു വാഗ്ദത്തം കൊടുത്തതായി കാണുന്നു.

രണ്ടാമത്തെ തവണ സീനായിയിൽ കയറിയപ്പോൾ പ്രത്യേക നിർദ്ദേശങ്ങൾ കൊടുക്കുന്നതായി കാണുന്നുണ്ട് (പുറ. 19.9-13). ദൈവം സീനായിയിൽ സകല ജനവും കാൺകെ ഇറങ്ങുമ്പോൾ വളരെ ശ്രദ്ധയോടെ പാലിക്കേണ്ട കാര്യങ്ങളെക്കുറിച്ച് പ്രത്യേക നിർദ്ദേശം കൊടുത്തു.

മൂന്നാമത്തെ തവണ മോശയും ദൈവവുമായി തനിച്ചിരുന്നപ്പോൾ പത്തു കൽപ്പനകളും പ്രമാണങ്ങളും കൊടുത്തു (പുറ. 20).

സീനായിപർവ്വതത്തിൽ നാലാമതു കയറിച്ചെന്നത് പുറപ്പാട് 24.9-11 വരെ നാം കാണുന്നു. മോശെയോടുകൂടെ ഈ സന്ദർഭത്തിൽ അഹരോനും നാദാബും അബീഹൂവും എഴുപതു മൂപ്പന്മാരുമുണ്ടായിരുന്നു. അവർ ദൈവത്തെ കണ്ട് ഭക്ഷണപാനീയങ്ങൾ കഴിച്ചുവത്രേ.

മോശെ ദൈവത്തോടുകൂടെ തനിച്ചിരുന്ന അഞ്ചാം പ്രാവശ്യം നീ എന്റെ അടുക്കൽ കയറി വന്ന് അവിടെ ഇരിക്ക എന്ന് പറഞ്ഞു (പുറ. 24.12-14). ഇത്തവണ ദൈവസാന്നിദ്ധ്യത്തിൽ നാൽപ്പതു രാവും നാൽപ്പതു പകലും മോശ ഇരുന്നു. അപ്പോഴേക്കും ജനം താഴ്വര യിൽ ദൈവത്തെ മറന്ന് കാളക്കുട്ടിയെ ഉണ്ടാക്കി. മോശ തനിച്ചിറങ്ങി വന്ന് ശിക്ഷണനടപടികളുമായി മുന്നോട്ടു നീങ്ങി.

ആറാമത്തെ തവണ മോശെ തനിച്ചു കയറിച്ചെന്നത് പുറപ്പാട്. 32.30-32 വരെ നാം കണുന്നു. ദൈവത്തോട് തന്റെ ജനത്തിന്റെ പാപങ്ങൾക്കുവേണ്ടി മദ്ധ്യസ്ഥതചെയ്യുന്നത് നാം കാണുന്നു.

ഏഴാമത്തെ തവണ ദൈവസന്നിധിയിൽ ഏകനായി നിന്നത് പുറപ്പാട് 33.12-23 വരെ നാം കാണുന്നു. ആ സമയത്ത് ദൈവം മോശെക്കു ദൈവത്തിന്റെ സ്വഭാവം എന്തെന്നുള്ള വെളിപ്പാടും പ്രത്യക്ഷതയുടെ വാഗ്ദത്തവും നൽകുന്നു. മോശയ്ക്ക് ദൈവത്തെ കാണണമെന്നുള്ള അദമ്യമായ ആഗ്രഹവും സാധിപ്പിച്ചു കൊടുത്തു. അതായത്, ദൈവം അനുവദിച്ച അളവുവരെ ദൈവമഹത്വം കാണാൻ ഭാഗ്യം ഉണ്ടായി.

എട്ടാമതു സീനായയിൽ കയറുന്നത് പുറപ്പാട് 34.1–28 വരെയുള്ള ഭാഗങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. മോശയും ദൈവവും തനിച്ചു സംഭാഷിക്കുന്നതു കാണാം. ദൈവം ഇറങ്ങിവന്ന് അവനോടുകൂടെ നിന്നു. അവിടത്തെ നാമത്തെ സുദീർഘമായി ഘോഷിച്ചു. ലഭിച്ച അവസരങ്ങളെല്ലാം മോശ തന്റെ ജനത്തിനുവേണ്ടി മദ്ധ്യസ്ഥത ചെയ്യാൻ ഉപയോഗിച്ചു.

അവസാനമായി ഒൻപതാമത്തെ തവണ മോശ ദൈവവുമായി തനിച്ചു നെബോപർവ്വതത്തിൽ നിൽക്കുന്നതായി കാണുന്നു. ആവർത്തനം 34.1–5 വരെ നാമിത് വായിക്കുന്നു. ദൈവം അവനെ വാഗ്ദത്തനാട് കാണിച്ചു. അതിനുശേഷം അവൻ തൃപ്തനായി ദൈവകരങ്ങളിൽ കിടന്ന് ജീവിതയാത്ര പൂർത്തിയാക്കി. അപ്പോഴും അവൻ ദൈവത്തോടുകൂടെ ഏകനായിരുന്നു. ഏകനായി ദൈവത്തോടുകൂടെ ദീർഘനാൾ ചെലവഴിച്ച മോശ ദൈവത്തിന്റെ സ്നേഹിതൻ എന്ന് അറിയപ്പെട്ടു. ഭൂതലത്തിലേക്കും അതിസൗമ്യൻ എന്നുള്ള പേരും ലഭിച്ചു. ദൈവവുമായുള്ള നിരന്തരസമ്പർക്കത്തിൽ മുഖത്തിന്റെ ത്വക്ക് പ്രകാശിച്ചു.

**6. ഏകനായിരുന്ന ദാനീയേൽ (ദാനീയേൽ 10.7,8)**

ദാനീയേൽ തനിച്ച് ദൈവസന്നിധിയിൽ ദർശനം കണ്ടു. ചെറുപ്രായം മുതല്ക്കേ കൂട്ടിനാരും ഇല്ലെങ്കിലും നിശ്ചയദാർഢ്യത്തോടെ, ഉറച്ചുനിൽക്കാൻ ധൈര്യം കാണിച്ചവനാണു ദാനീയേൽ. രാജകുടുംബത്തിൽനിന്ന് അടിമയായി തീരെ ചെറുപ്രായത്തിൽ ബാബേലിലേക്ക് അവനെ പിടിച്ചുകൊണ്ടുപോയി. രാജകൊട്ടാരത്തിൽ പ്രത്യേക അഭ്യസനത്തിനായി തിരഞ്ഞെടുക്കപ്പെടാനുള്ള നിയോഗവും അവനു ലഭിച്ചു. രാജാവിന്റെ ഭോജനം കൊണ്ടും താൻ കുടിക്കുന്ന വീഞ്ഞുകൊണ്ടും തന്നെത്താൻ അശുദ്ധമാക്കുകയില്ല എന്ന് ദാനീയേൽ ഹൃദയത്തിൽ നിശ്ചയിച്ചു (ദാനീ. 1.8). കൂട്ടിന് മൂന്നു യെഹൂദാബാലന്മാരെയും കിട്ടി. എന്നിരുന്നാലും പിന്നെയങ്ങോട്ട് പ്രധാനമായും ദാനീയേലിന്റെ കഥയാണ്. ദാനീയേൽ ബാലനായിരുന്നപ്പോഴേ ദൈവത്തോടുകൂടെ നടക്കാൻ തീരുമാനിച്ചവനാണ്. തന്റെ ജനത്തിനുവേണ്ടി ദാനീയേൽ ഏകനായി മദ്ധ്യസ്ഥതചെയ്തു. ദൈവം അവനെ വിളിക്കുന്നത് “ഏറ്റവും പ്രിയനായ ദാനീയേലേ” എന്നാണ്. ഏറ്റവും പ്രിയനായ ദാനീയേലിനും ഏറ്റവും പ്രിയനായ അപ്പൊസ്തലനായ യോഹന്നാനും മാത്രമാണ് ഒരുപോലെ യെശുകർത്താവിനെ അവിടത്തെ പൂർണ്ണ മഹത്വത്തിൽ ദർശനം കാണാൻ ഭാഗ്യം ലഭിച്ചത് (ദാനീ. 10.5,6; വെളി. 1.16). ഇവർ രണ്ടുപേരും യേശുകർത്താവിനെ തങ്ങളുടെ ദർശനത്തിൽ മഹത്വത്തോടെ കണ്ടു. ഒരേ വർണ്ണനയാണ് രണ്ടുപേരും നൽകുന്നത്. ഒറ്റ വ്യത്യാസം മാത്രം! ദാനീയേൽ കണ്ട മഹത്വപുരുഷൻ അരയിൽ പൊൻകച്ച കെട്ടിയിരിക്കുമ്പോൾ യോഹന്നാൻ കണ്ട മഹത്വപുരുഷൻ മാറത്ത് പൊൻകച്ച കെട്ടിയിരിക്കുന്നു. ദാസന്മാരാണു സാധാരണ അരയ്ക്കു കച്ചകെട്ടുന്നത്. രാജാക്കന്മാരാണ് മാറത്തു പൊൻകച്ചകെട്ടുന്നത്. അതാ

യത് ദാനീയേൽ കണ്ടത് ദാസനായി വരാൻപോകുന്ന മനുഷ്യപുത്രനെയും യോഹന്നാൻ കണ്ടത് രാജാധിരാജാവായി വരാൻപോകുന്ന മനുഷ്യപുത്രനെയും ആയിരുന്നു എന്നു വേണം അനുമാനിക്കാൻ. ആരും കൂട്ടിനില്ലെങ്കിലും ദാനീയേൽ തന്റെ ജനത്തിനുവേണ്ടി ഏകനായി മദ്ധ്യസ്ഥത ചെയ്തു. സംഭവിക്കാൻ പോകുന്ന കാര്യങ്ങളെ ദൈവം തനിക്ക് വെളിപ്പെടുത്തിക്കൊടുത്തു.

**7. ഏകനായി യെശയ്യാവ് (യെശയ്യാവ് 6.1–6)**

പ്രതികൂലങ്ങളുടെ മദ്ധ്യേ ദൈവാലയത്തിൽ പോയി. ഉസ്സീയാരാജാവു മരിച്ച ആണ്ടിൽ ആകുലചിത്തനായി ഇനിയെന്ത് എന്ന ചിന്താഭാരത്തോടെ ഏകനായി യെശയ്യാവു നിന്നപ്പോൾ വലിയ ഒരു ദർശനം കണ്ടു. അത് അവന്റെ ജീവിതത്തിലെ ഒരു നാഴികക്കല്ല് ആയിത്തീർന്നു. ദൈവമഹത്വം അവൻ ഏകനായി കണ്ടു. അഞ്ചാമദ്ധ്യായത്തിൽ ആറു പ്രാവശ്യം (വാ. 9,12,19,20,21,24) ജനത്തെ നോക്കി “നിങ്ങൾക്ക് അയ്യോ കഷ്ടം” എന്നു പ്രവചിച്ച യെശയ്യാവ് ദൈവമഹത്വം കണ്ടപ്പോൾ തന്റെ അശുദ്ധിയെക്കുറിച്ച് ബോധവാനായി. എനിക്ക് അയ്യോ കഷ്ടം എന്ന വീണ്ടുവിചാരം അപ്പോഴാണ് ഉണ്ടായത്. തീർന്നില്ല, ദൈവവേലയ്ക്കായി അവൻ സ്വയം സമർപ്പിച്ചു. “ആർ നമുക്കുവേണ്ടി പോകും” എന്ന ദൈവശബ്ദത്തിനു മുമ്പിൽ “അടിയൻ ഇതാ, അടിയനെ അയയ്ക്കേണമേ” എന്ന് പ്രതികരിച്ചു.

**8. ഏകനായിരുന്ന യിരെമ്യാവ് (യിരെമ്യാവ് 15.15–21)**

മറ്റുള്ളവരുടെ നിന്ദയിലും പഴിയിലും മനസ്സു നൊന്ത് ഏകനായി ദുഃഖിച്ചും കരഞ്ഞും സമയം ചെലവഴിച്ച കണ്ണുനീരിന്റെ പ്രവാചകനാണ് യിരെമ്യാവ്. ഏകനായി ദൈവസന്നിധിയിലിരുന്ന് അവന്റെ ജീവിതത്തിന്റെ ആനന്ദം അതാണെന്ന് സ്വയം മനസ്സിലാക്കുന്നു. അങ്ങനെ ഏകനായി ദൈവസന്നിധിയിലിരുന്നപ്പോൾ

1. അവൻ ദൈവവചനങ്ങളെ കണ്ടെത്തി.
2. അവയെ ഭക്ഷിച്ചു.
3. അവയെ അവന്റെ ആനന്ദവും സന്തോഷവുമായി അനുഭവിച്ചു.
4. ദൈവത്തിന്റെ നാമത്തിൽ വിളിക്കപ്പെടുന്നത് പദവിയായി കണ്ടു.
5. പരിഹാസികളുടെ അടുത്ത് ഇരിക്കാൻ പറ്റുന്നില്ല എന്ന് കണ്ടു.

വലിയവനായ ദൈവം അവന്റെ ജീവിതത്തെക്കുറിച്ചുള്ള പ്ലാനും പദ്ധതിയും ഉദ്ദേശ്യവും അവന് വെളിപ്പെടുത്തിക്കൊടുത്തു. പുതിയ വാഗ്ദത്തങ്ങളെ കൊടുത്തു.

1. ഞാൻ നിന്റെ അടുക്കൽ വരും. നീ എന്റെ മുമ്പിൽ നിൽക്കും.
2. നീ എന്റെ വായ് പോലെ ആകും.
3. നീ ഉറപ്പുള്ള താമ്രഭിത്തിയായി ജനത്തിന്റെ മദ്ധ്യേ നിൽക്കും.
4. അവർ യുദ്ധം ചെയ്താലും നിന്നെ ജയിക്കുകയില്ല.

5. ഞാൻ നിന്നോട് കൂടെയിരുന്ന് അവരുടെ കയ്യിൽനിന്ന് വിടുവിക്കും.

6. ദുഷ്ടന്മാരുടെ കയ്യിൽനിന്നും ഭയങ്കരന്മാരുടെ കയ്യിൽനിന്നും വിടുവിക്കും.

ഏകനായി ദൈവസന്നിധിയിൽ നിൽക്കുന്നവരുടെ സംസാരശൈലിക്കു വ്യത്യാസമുണ്ട്. ദൈവസാന്നിദ്ധ്യം അവരോടുകൂടെയുണ്ട്. അവരെ രക്ഷിക്കാനും വിടുവിക്കാനും ദൈവസാന്നിധ്യം ജാഗരിക്കും.

**9. തനിയെയായിരുന്ന ഏലിയാവ്**

മുഴു സമയവും ഒറ്റയാനായി കഴിഞ്ഞയാളാണ് ഏലിയാവ്. ധൈ ര്യത്തോടെ ഏകനായി ഒരു രാജ്യത്തിലെ രാജാവിനും ജനങ്ങൾക്കുമെതിരായി നിന്ന് ദൈവത്തിനുവേണ്ടി വൻകാര്യങ്ങൾ നിവർത്തിച്ചു. തന്നെ ഏൽപ്പിച്ച ശുശ്രൂഷ നിറവേറ്റി. ഒടുവിൽ അഗ്നിരഥങ്ങൾ വന്ന് ഏലിയാവിനെ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോയി. ഏറ്റവും നന്നായി അവസാനിച്ച ഒരു ജീവിതമായിരുന്നു അവന്റേത്.

**10. ഏകനായിരുന്ന ഹബക്കൂക്ക് (ഹബക്കൂക്ക് 2.1)**

ഹബക്കൂക്കിന്റെ ഒന്നാമദ്ധ്യായത്തിൽ അവൻ ദൈവസന്നിധിയിൽ സമർപ്പിച്ച ആവലാതികളും (ഹബ. 1.1-4) അവയ്ക്കു ദൈവം കൊടു ത്ത മറുപടിയും (ഹബ. 1.5—11) കാണാം. വീണ്ടും 1 ന്റെ 12 മുതൽ 17 വരെ ഹബക്കൂക്കിന്റെ സംശയങ്ങളാണ്. തന്റെ ജാതിക്കുവേണ്ടി നിരന്തരം മദ്ധ്യസ്ഥത ചെയ്യുന്ന ഹൃദയത്തിൽനിന്നും പൊങ്ങിവരുന്ന സംശയങ്ങൾക്കൊന്നും തൃപ്തികരമായ മറുപടി ലഭിക്കാതെ അവൻ ഒരു തീരുമാനം പ്രസ്താവിക്കുന്നതാണ് രണ്ടാമദ്ധ്യായം ഒന്നാം വാക്യത്തിൽ നാം കാണുന്നത്.

| | |
|---|---|
| ഏകനായി | - ഞാൻ |
| ശത്രു കാണാതെ ഒളിച്ചിരുന്ന് | - കൊത്തളത്തിൽ |
| ഏകാഗ്രതയോടെ | - കാവൽ ചെയ്തുകൊണ്ട് |

ദൈവത്തിന്റെ ഉത്തരത്തിനായി ദൃഷ്ടിവെക്കും എന്നാണ് അവൻ പറയുന്നത്. പ്രാർത്ഥനയ്ക്കുള്ള മറുപടി ലഭിക്കാനുള്ള മൂന്നു യോഗ്യതകൾ ഇവിടെ കാണുന്നുണ്ട്. അവ എന്താണെന്നു നോക്കാം.

(1) ഏകനായി ദൈവസന്നിധിയിൽ ഇരിക്കുന്നവർക്ക്, (2) ശത്രു കാണാതെ അവിടത്തെ സുരക്ഷിതവലയത്തിൽ തന്നെ ഇരിക്കുന്നവർക്ക്, (3) ഏകാഗ്രതയോടെ ശ്രദ്ധിക്കുന്നവർക്ക് (ദൈവശബ്ദത്തിനായി കാത് കൂർപ്പിച്ചിരിക്കുന്നവർക്ക്).

ഇങ്ങനെ കാത്തിരുന്നപ്പോൾ ദൈവം മനോഹരമായ മറുപടി കൊടുത്തു. ഒരു വലിയ മർമ്മമാണ് മനസ്സിലാക്കിക്കൊടുത്തത്. അതായത് ദർശനം ഒരു പ്രത്യേക സമയത്ത് വെളിപ്പെടാനായി ഉറപ്പിച്ചു വെച്ചിരിക്കുകയാണ്. വൈകിയാലും അത് തീർച്ചയായും സംഭവിക്കും. തുടർന്ന്

ദൈവം അവന് ഒരു പാട്ടു കൊടുക്കുന്നത് മൂന്നാം അദ്ധ്യായത്തിൽ നാം കാണുന്നു. എക്കാലത്തെയും ദൈവമക്കളുടെ ലക്ഷ്യമായിരിക്കേണ്ട വരികളോടെയാണ് അവൻ അത് അവസാനിപ്പിക്കുന്നത്.

അത്തിവൃക്ഷം തളിർക്കുകയില്ല. മുന്തിരിവള്ളിയിൽ അനുഭവം ഉണ്ടാകുകയില്ല. ഒലിവുമരത്തിന്റെ പ്രയത്നം നിഷ്ഫലമായിപ്പോകും. നിലങ്ങൾ ആഹാരം വിളയിക്കുകയില്ല. ആട്ടിൻകൂട്ടം തൊഴു ത്തിൽനിന്ന് നശിച്ചുപോകും. ഗോശാലകളിൽ കന്നുകാലി ഉണ്ടായിരിക്കുകയില്ല. എങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും. എന്റെ രക്ഷയുടെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും (ഹബ. 3.17,18).

അതായത് ഭൗമിക സാഹചര്യങ്ങൾ അല്ല എന്റെ ദൈവത്തിൽ ഞാൻ കണ്ടെത്തുന്ന സന്തോഷത്തിനാധാരം എന്ന് പ്രവാചകൻ അടിവരയിട്ടു പറയുകയാണ്.

**11. ഏകനായിരുന്ന സ്നാപകയോഹന്നാൻ**

പഴയനിയമത്തിലെ ഏലിയാവിനെപ്പോലെ പുതിയനിയമ കാലത്ത് ജീവിച്ചിരുന്ന ആളാണ് യോഹന്നാൻസ്നാപകൻ. ഒരു പ്രത്യേക ശുശ്രൂഷയ്ക്കായിട്ടാണ് അവൻ അയയ്ക്കപ്പെട്ടത്. അത് ഏറ്റവും ഭംഗിയായി ചെയ്തു. ശുശ്രൂഷയെ തികെച്ചു. എങ്കിലും അവൻ എന്നും ഏകനായി ദൈവത്തോടുകൂടെ ആയിരുന്നു.

**12. തനിയെയായിരുന്ന യേശു (മർക്കോസ് 4.10)**

തനിയെയായിരിക്കുമ്പോൾ യേശു ശിഷ്യന്മാരെ പഠിപ്പിച്ചു. മർമ്മങ്ങൾ വിശദീകരിച്ചു കൊടുത്തു. തനിച്ചു പ്രാർത്ഥിച്ച ശീലമുണ്ടായിരുന്ന യേശുവിനെയും വചനം നമ്മെ പരിചയപ്പെടുത്തുന്നു (മർക്കോ. 6.46; യോഹ. 6.15; ലൂക്കോ. 9.18). നേരം വെളുക്കുന്നതിനു മുമ്പ് നിർജ്ജന പ്രദേശത്ത് ഏകനായി പോയി പ്രാർത്ഥിക്കുന്ന സ്വഭാവം അവിടത്തേക്കുായിരുന്നു. തനിച്ച് രൂപാന്തരപ്പെട്ട യേശുവിനെ ലൂക്കോസ് 9.36-ൽ നാം കാണുന്നു. തന്റെ കൊടിയ പരീക്ഷണവേളയിൽ തന്നെ ഏകനായി എല്ലാവരും കൈവിടുമെന്ന് യേശുവിന് നേരത്തെ അറിയാമായിരുന്നു (യോഹ. 16.32).

**13. ഏകനായിരുന്ന പൗലോസ്**

പൗലോസ് കർത്താവിനുവേണ്ടി വളരെ ആത്മാർത്ഥതയോടും ആവേശത്തോടും കൂടെ പ്രവർത്തിച്ചു. വളരെ ഫലപ്രദമായ വേലയായിരുന്നു അവന്റേത്. എങ്കിലും ഒരു സമയത്ത് അവൻ യാതൊരു കൂട്ടായ്മയുമില്ലാതെ, കൂട്ടുകാരില്ലാതെ ഏകനായി വസിക്കാൻ നിർബന്ധിതനായതായി നാം വചനത്തിൽ വായിക്കുന്നു. പൗലോസിനോട് ദൈവം ഇടപെട്ട നാലു സന്ദർഭങ്ങൾ ആണ് ഇവിടെ പ്രതിപാദ്യ വിഷയമാക്കിയിരിക്കുന്നത്. പൗലോസിനെ ദൈവം ദമസ്ക്കോസിന്റെ പടിവാതിൽക്കൽവെച്ചു കണ്ടുമുട്ടിയ

നിമിഷം മുതൽ എല്ലായിടത്തും തന്നോടുകൂടെ ദൈവസാന്നിധ്യം ഉണ്ടായിരുന്നു. ഫിലിപ്പ്യയിലെ കാരാഗൃഹത്തിൽ ദൈവം അത്ഭുതകര മായി ഇടപെട്ടു. അന്നു രാത്രിയിൽ അവിടെ ഒരു സഭ ഉണ്ടായി (അപ്പൊ. 16.25-28).

കൊരിന്തിൽ കർത്താവിനുവേണ്ടി തുറക്കപ്പെട്ട ഒരു വാതിൽ ഉണ്ടാ യിരുന്നു. കർത്താവ് പൗലോസിന് ഒരു ദർശനം കൊടുത്തു (അപ്പൊ. 18.10). അവനെ പ്രോത്സാഹിപ്പിച്ചു. ഭയപ്പെടാതെ പ്രസംഗിക്കുവാൻ പ്രത്യേ കം പറഞ്ഞു. തന്റെ സാന്നിധ്യം വാഗ്ദാനം ചെയ് തു. ആരും തനിക്ക് ഒരു ദോഷവും ചെയ്യില്ല എന്നും കൂടെ ഉറപ്പിച്ചുകൊടുത്തു.

വീണ്ടും അപ്പൊ. 23.11-ൽ കർത്താവ് തന്റെ അടുക്കൽ നിൽ ക്കുന്നതായി നാം വായിക്കുന്നു. പൗലോസിനെ അറസ്റ്റുചെയ്ത സമയമാണ് അത്. കർത്താവ് ജയിലിൽ അടുത്തു നിന്നാൽ പിന്നെ ഫിലിപ്പിയയിലെ കാരാഗൃഹത്തിലെപ്പോലെ വിടുതൽ നൽകിക്കൂടേ എന്ന് ഒരു ചിന്ത ന്യായമായും വരാം. മുമ്പ് കൂടെയിരുന്നു വിടുവിച്ചെങ്കിലും ഇന്ന് ദൈവത്തിനു വേറെ പദ്ധതിയാണുള്ളത്. കഠിനാ ദ്ധ്വാനം ചെയ്ത് ഓടി ന ടന്ന പൗലോസ് കുറെ നാൾ ഏകനായി ദൈ വവുമായിട്ടിരുന്ന് ശാന്തമായി വിശ്രമിക്കുവാൻ അവസരമൊരുക്കി എന്നുള്ളത് ഒരു ദൈവികപ്ലാനാ യിരുന്നു. തൽഫലമായിട്ട് നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും നമുക്ക് ഏവർക്കും അനുഗ്രഹകരമായ ലേഖനങ്ങൾ ഉളവായി.

വീണ്ടും (അപ്പൊ. 27.23-25) കർത്താവ് അടുക്കൽ നിന്നതായി പൗലോസ് പറയുന്നതു ശ്രദ്ധിച്ചാലും. കപ്പലിലുള്ള ഇരുനൂറ്റി എഴുപത്തി ആറു പേരും കൊടുങ്കാറ്റിൽ വലഞ്ഞ് രക്ഷപ്പെടുമെന്നുള്ള പ്രതീക്ഷ നഷ്ടപ്പെട്ട സന്ദർഭത്തിൽ പൗലോസ് എല്ലാവരെയും ധൈര്യപ്പെടുത്തുന്നു. ദൈവം തന്റെ അടുക്കൽനിന്ന് തന്നോടു സംസാരിച്ചു എന്നും തന്റെ സഹയാത്രികരെ മുഴുവൻ തനിക്കു തന്നിരിക്കുന്നു എന്നും ഉറപ്പിച്ചുപ റയുന്നു. ആ സമയത്തും അവൻ തന്റെ ഉറച്ച വിശ്വാസത്തിലും ഉറപ്പിലും ഏകനായിരുന്നു. ആൾക്കൂട്ട ത്തിന്റെ നടുവിലും താൻ ഏകനായിരുന്നു! ഏകനായി ദൈവവുമായി കാരാഗൃഹത്തിൽ ചെലവഴിച്ച നാളുകൾ നമുക്ക് എല്ലാവർക്കും—ലോകമെമ്പാടുമുള്ള സകല വിശ്വാസികൾക്കും വേണ്ടി —ദൈവം ഒരുക്കിക്കൊടുത്ത പ്രത്യേക നാളുകൾ ആയിരുന്നു.

പ്രിയപ്പെട്ട ദൈവപൈതലേ, ദൈവസന്നിധിയിൽ ഏകമായും ഏകാ ഗ്രമായും ചെലവഴിക്കുന്ന ഒരു നിമിഷവും പാഴായിപ്പോകുകയില്ല. അവിടത്തെ ഇമ്പസ്വരം കേൾക്കുവാനും അവിടന്നുമായി സ്നേഹസല്ലാ പം ചെയ്യാനുമായി ദിനം തോറും ജീവിതത്തിൽ സമയം വേർതിരിക്കുക. ഏകനായി ആ നിമിഷങ്ങളിൽ കർത്താവുമായി സമയം ചെലവിടുക. എങ്കിൽ നീ മനോഹരമായ വ്യക്തിത്വത്തിന് ഉടമയായിത്തീരും. വയോധിക ന്മാരിലും ജ്ഞാനവും വിവേകവും ഏറിയവനായി നീ തീരും. നിന്റെ മുഖം

ദൈവതേജസ്സും തിരുസാന്നിദ്ധ്യവുംകൊണ്ട് പ്രകാശിക്കും. ക്രിസ്തുവിന്റെ സ്നേഹത്താൽ നി റയപ്പെട്ട ഒരു ഹൃദയം നിന്നിൽ ത്രസിക്കും! അവിട ന്നിന്റെ സാക്ഷിയാകാനും വേലചെയ്യാനും കൊതിക്കുന്ന ഒരു ഹൃദയം നി ന്നിൽ സ്ഥായിയായി വരും. അതിസൗമ്യമായ ഒരു വിശേഷസ്വഭാവത്തിന് നീ ഉടമയായിത്തീരും. ഹാ! എത്ര മനോഹരമായ അവസ്ഥ! ഇത് സ്വായത്ത മാക്കാൻ ദൈവം നമ്മെ സഹായിക്കട്ടെ.

## 11

# യഹോവയുടെ കണ്ണ്

*യഹോവയുടെ കണ്ണ് തങ്കൽ ഏകാഗ്രചിത്തന്മാരായിരിക്കുന്നവർക്കുവേണ്ടി തന്നെത്താൻ ബലവാൻ എന്ന് കാണിക്കേണ്ടതിന് ഭൂമിയിലൊക്കെയും ഊടാടിക്കൊണ്ടിരിക്കുന്നു (2ദിനവൃത്താന്തം 16.9).*

വലിയവനായ ദൈവത്തിന്റെ കണ്ണ്, എനിക്ക് ആരിൽകൂടി ബലവാനാകാൻ കഴിയും ആരിൽകൂടി മഹത്വം എടുക്കാൻ കഴിയും എന്ന് അറിയാൻ ഭൂമിയിലൊക്കെയും ഊടാടി സഞ്ചരിച്ചുകൊണ്ടിരിക്കുന്നു എന്ന് നാം ഈ ഭാഗത്ത് വായിക്കുന്നു. ഉപവസിക്കുന്നവരാരൊക്കെയുണ്ടെന്നു കാണാനല്ല, പ്രാർത്ഥിക്കുന്നവരാരൊക്കെയുണ്ടെന്നു കാണാനല്ല, പിന്നെയോ നീ അല്ലാതെ എനിക്കാരുമില്ല, ഒരു നന്മയുമില്ല (സങ്കീ. 16.2) എന്ന മനോഭാവമുള്ളവരെ കാണാനായാണു തിരയുന്നത്. യേശുകർത്താവിന് പങ്കാളിത്ത ബിസിനസ്സ് ഇല്ല (partnership). ഉടമസ്ഥാവകാശം (Ownership) മാത്രമേ അവിടന്ന് ആഗ്രഹിക്കുന്നുള്ളൂ. പൂർണ്ണമായും ഉടമസ്ഥാവകാശം മാത്രം ചോദിക്കുന്നു.

പല വിഷയങ്ങളുടെ മുമ്പിൽ നീ ക്ഷീണിതനാണെങ്കിലും അവിടന്നു ബലവാനാണ്. “ബലവാനും വീരനുമായ യഹോവ, യുദ്ധവീരനായ യഹോവ” എന്ന് പറഞ്ഞിരിക്കുന്നു (സങ്കീ. 24.8). യെശയ്യാവ് 40.28-ൽ ഒരു ചോദ്യമുണ്ട്. തളർന്നുപോകുന്ന സന്ദർഭങ്ങളിൽ സ്വയം ചോദിക്കാൻ പറ്റിയ ചോദ്യമത്രേ ഇത്. “നിനക്കറിഞ്ഞുകൂടെയോ? നീ കേട്ടിട്ടില്ലയോ? യഹോവ നിത്യദൈവം. ഭൂമിയുടെ അറുതികളെ സൃഷ്ടിച്ചവൻ തന്നേ. അവൻ ക്ഷീണിക്കുന്നില്ല, തളർന്നുപോകുന്നില്ല. അവന്റെ ബുദ്ധി അപ്രമേയമത്രേ. അവൻ ക്ഷീണിച്ചിരിക്കുന്നവന് ശക്തി നൽകുന്നു. ബലമില്ലാത്തവന് ബലം വർദ്ധിപ്പിക്കുന്നു.” ജീവിതത്തെ ഭാരപ്പെടുത്തുന്ന അനവധി വിഷയങ്ങളുടെ മുമ്പിൽ മനോബലം ക്ഷയിക്കുന്നവർ ഉണ്ട്. അവയ്ക്ക് വിടുതൽ ഉണ്ടെങ്കിൽ മാത്രമേ മനോവീര്യം ലഭിക്കുകയുള്ളൂ.

സ്വർഗ്ഗാധിസ്വർഗ്ഗത്തിലെ സകല മഹിമയും വലിച്ചെറിഞ്ഞിട്ട് ഭൂമിയിലേക്കു വരുവാൻ തന്റെ പുത്രനെ ദൈവം അനുവദിച്ചു. എല്ലാം വിട്ടുകൊടു

ത്തു. എന്നാൽ തന്റെ മഹത്വം മാത്രം മറ്റൊരുവനും വിട്ടുകൊടുക്കുകയില്ല എന്ന് അവിടന്ന് അരുളിച്ചെയ്തു (യെശ. 42.8).

മനുഷ്യർ അന്യോന്യം ജീവിതങ്ങളെ തൂക്കിനോക്കുമ്പോൾ ദൈവം ഹൃദയങ്ങളെ തൂക്കിനോക്കുന്നു (സദൃ. 21.2). ആത്മാക്കളെയും തൂക്കിനോക്കുന്നു (സദൃ. 16.2). സകല ആശ്രയങ്ങളുടെയും കൊമ്പൊടിഞ്ഞിട്ടേ തമ്പുരാൻ പ്രവർത്തിക്കുകയുള്ളൂ. കരയ്ക്കടുത്ത് കറങ്ങുന്നതു ബുദ്ധിയാണ് എന്ന് കരുതുന്നവരാണ് മിക്കവരും. എന്നാൽ പടക് കര വിട്ട് പല നാഴിക ദൂരത്തായപ്പോൾ ആടി ഉലഞ്ഞു. എന്തു ചെയ്യണമെന്നറിയാതെ വലഞ്ഞലയുന്ന ശിഷ്യന്മാരെ നാം കാണുന്നു. ആഴത്തിലേക്ക് പോകുമ്പോൾ–കര വിട്ട് ഉള്ളിലേക്ക് പോകുമ്പോൾ എത്തിപ്പിടിക്കാൻ ഒന്നുമില്ല. കരയ്ക്കു നിന്നവർക്ക് പരിഹസിക്കാനും ഭയപ്പെടുത്താനും കുറ്റപ്പെടുത്താനും അവസരമുണ്ടു താനും. കര വിട്ടതിന്റെ നിലവിളി, കാറ്റ് പ്രതികൂലമായതിന്റെ നിലവിളി, കടലിലെ തിരമാലയിൽ മുങ്ങിത്താഴാൻ തുടങ്ങുമ്പോഴുള്ള നിലവിളി ഇതൊന്നും പോരാഞ്ഞ് കടലിന്മേൽ നടക്കുന്ന ഭൂതത്തെ കണ്ടതിന്റെ നിലവിളി എല്ലാം കൂടെ ചിന്തിച്ചാൽ ഒരു അന്തവുമില്ല തന്നെ. എന്നാൽ നിന്റെ അവസ്ഥ കണ്ട് കടലിന്മേൽ നടന്നുവന്ന് നിന്നെ രക്ഷിക്കാൻ കടന്നുവന്ന യേശുവിനെ നീ ശ്രദ്ധിച്ചുവോ? നിന്നെ മുക്കുന്ന പ്രതികൂലത്തിന്റെ മേൽ ജയമെടുത്ത് നിന്നെ പുറത്തു കൊണ്ടുവരാൻ അധികാരമുള്ളവനാണ് യേശു. വിഷമിച്ചും തകർന്നും ഇരിക്കുമ്പോൾ നിന്റെ അടുത്തേക്ക് വരുന്നവനാണ് യേശു. അവന്റെ കയ്യിൽനിന്ന് വിടുവിക്കാകുന്നവൻ ആരുമില്ല തന്നെ.

തങ്കൽ ഏകാഗ്രചിത്തന്മാരായിരിക്കുന്നവർക്കുവേണ്ടി
ആശ്രയിക്കുന്നവർക്കുവേണ്ടി
പൂർണ്ണസമർപ്പണത്തോടെ ആയിരിക്കുന്നവർക്കുവേണ്ടി
പ്രവർത്തിക്കാൻ വെമ്പൽകൊള്ളുന്നവനാണ് അവിടന്ന്.

ഉൽപ്പത്തി 17.1-ൽ ദൈവം പറയുന്നത് ശ്രദ്ധിക്കുക, “ഞാൻ സർവ്വശക്തിയുള്ള ദൈവം.” അതായത് എനിക്കിപ്പോഴും പ്രവർത്തിക്കുവാൻ കഴിയും. യാതൊരു പ്രതികൂലത്തിനും പ്രതിപക്ഷത്തിനും എതിർത്തു പ്രവർത്തിക്കാൻ കഴിയാത്ത കരം ഒന്നേയുള്ളൂ. കാഴ്ചയ്ക്കു വലുത് ബലമുള്ള കരമല്ല. നീ എന്തിനുവേണ്ടി വന്നു എന്ന് ഒന്ന് ചിന്തിക്കുക. വിളിച്ചു നോക്കാൻ വന്നതാണോ? പലയിടത്തും വിളിച്ചു നോക്കി. കൂട്ടത്തിൽ ഇവിടെയും വിളിച്ചു നോക്കിക്കളയാം എന്ന് ചിന്തിച്ചു വന്നതാണോ? അതോ ആ സുറഫൊയ്നീക്യക്കാരത്തിയെപ്പോലെയും രക്തസ്രവക്കാരിയെപ്പോലെയും വിടുതൽ പ്രാപിക്കാനായി ഉന്നം വെച്ചു വന്നതാണോ?

നിന്റെ ആഗ്രഹവും താൽപ്പര്യവും നിവർത്തിക്കാൻ അതീവതൽപ്പരനായിരിക്കുന്ന ഒരു ദൈവമുണ്ട് (സങ്കീ. 20.4). ദൈവത്തിൽ ആശ്രയിച്ച് ദൈവവചനം ഞാൻ ധ്യാനിച്ചപ്പോൾ ഞാൻ ബുദ്ധിമാനായിത്തീർന്നു.

അനുസരിച്ചപ്പോൾ വിവേകമേറിയവനായി മാറി (സങ്കീ. 119.99,100). ഇല്ലാത്തവരുടെ കുറവ് നികത്തുന്ന ദൈവമത്രേ അവിടന്ന്. കാനാവിലെ കല്യാണത്തിന്റെ വേളയിൽ അവിടന്ന് പ്രവർത്തിച്ചത് എങ്ങനെ എന്ന് ചിന്തിച്ചു നോക്കൂ. ഒട്ടും ഇല്ലാ എങ്കിൽ പുതിയത് ഉണ്ടാക്കുമത്രേ!!

ഇത് ഏറ്റെടുക്കാമോ?

അംഗീകരിക്കാമോ?

വിശ്വസിക്കാമോ?

യെശയ്യാവ് 66.2 ശ്രദ്ധിക്കുമോ? എന്റെ കൈ ഇതൊക്കെയും ഉണ്ടാക്കി. അങ്ങനെയാകുന്നു ഇതൊക്കെയും ഉളവായത് എന്ന് യഹോവ അരുളിച്ചെയ്യുന്നു. എങ്കിലും അരിഷ്ടനും മനസ്സു തകർന്നവനും എന്റെ വചനത്തിങ്കൽ വിറയ്ക്കുന്നവനുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും. അതേ അനുഗ്രഹിക്കപ്പെട്ട വാഗ്ദത്തമത്രേ ഇത്.

യഹോവയുടെ കണ്ണ് ഭൂമിയിലെല്ലാടവും ഊടാടിക്കൊണ്ടിരിക്കുമ്പോൾ, ആ കണ്ണിൽ പെടാനുള്ള യോഗ്യത നിനക്കുണ്ടോ എന്ന് സ്വയം ശോധന ചെയ്യുക.

# 12
# സമർപ്പണം

ദൈവസന്നിധിയിൽ യാഗം അർപ്പിക്കുന്നത് സമർപ്പണത്തിന്റെ ഒരു നിഴലാണ്. തങ്ങൾക്കുള്ളതിനെയും തങ്ങളെയും സമർപ്പിക്കുന്നതുപേ ാലെയാണ് ഓരോ യാഗത്തെയും കണക്കാക്കുന്നത്. സമർപ്പണമില്ലാതെ അനുഗ്രഹമില്ല. ആത്മികമായി ചിറകടിച്ചുയരണമെങ്കിൽ രണ്ടു ചിറകുകൾ ഒരുപോലെ ആരോഗ്യമുള്ളതും ഉയരത്തിൽ പറക്കത്തക്കതുമായിരിക്കണം. അവയാണ് സമർപ്പണവും ആശ്രയവും. സമർപ്പണമില്ലാതെ ആശ്രയിച്ചാൽ ഒരു ചിറകുകൊണ്ട് പറക്കാൻ ശ്രമിക്കുന്നതുപോലെയാണ്. ആശ്രയമില്ലാ ത്ത സമർപ്പണവും അതുപോലെയാണ്. പൂർണ്ണസമർപ്പണം എന്നു പറയു ന്നത് പടിപടിയായി എത്തുന്ന ഒരു അനുഭവമത്രേ. വിശ്വാസജീവിതത്തിന്റെ ആദ്യനാളുകളിലെ സമർപ്പണവും പക്വത വന്ന ആത്മികജീവിതത്തിന്റെ സമർപ്പണവും രണ്ടും അതതിന്റെ സാഹചര്യത്തിലും അളവിലും പൂർണ്ണ സമർപ്പണം തന്നെ. ദൈവവചനത്തിൽ വേരൂന്നി വളർന്നുവരുന്ന ഒരോ ഘട്ടത്തിലും പണ്ടത്തെ സമർപ്പണം പുതുക്കേണ്ടിവരും. നേരത്തെയുള്ള സമർപ്പണം അപൂർണ്ണമായതുകൊണ്ടല്ല ഇത്. സംഭവിക്കുന്നത്. പ്രത്യുത ആദ്യകാലത്തെ സമർപ്പണം അന്നത്തെ പരിജ്ഞാനത്തിനും വിശ്വാസ ത്തിനും വേദപുസ്തകപരിചയത്തിനും അടിസ്ഥാനമാക്കിയായിരിക്കും. ദൈവവചനം ഹൃദയങ്ങളിൽ പ്രവർത്തിച്ച് ഹൃദയത്തിന്റെ വ്യാപ്തി വലു താകുന്തോറും പരിശുദ്ധാത്മാവ് വ്യാപ്തിയെ നിറയ്ക്കുകയും സമ്പുഷ്ട മാക്കുകയും പുതിയ അനുഭവങ്ങളിലേക്ക് നടത്തുകയും ചെയ്തുകൊേ ണ്ടയിരിക്കും. അതുകൊണ്ട് ഇന്നലത്തെ സമർപ്പണം അപൂർണ്ണമായിരിക്ക ണമെന്നില്ല. ഇന്നത്തേത് പൂർണ്ണമാകണമെന്നുമില്ല. നാളത്തേത് കുറെക്കൂ ടെ ആഴമേറിയ സമർപ്പണമായിരിക്കാം!

**1. ഹന്നായുടെ സമർപ്പണം**

*അവൾ ഒരു നേർച്ച നേർന്നു. സൈന്യങ്ങളുടെ യഹോവേ, അടിയന്റെ സങ്കടം നോക്കി അടിയനെ ഓർക്കയും അടിയനെ മറക്കാതെ ഒരു പുരുഷ*

*സന്താനത്തെ നൽകുകയും ചെയ്താൽ അടിയൻ അവനെ അവന്റെ ജീവപര്യന്തം യഹോവയ്ക്ക് കൊടുക്കും. അവന്റെ തലയിൽ ക്ഷൗരക്കത്തി തൊടുകയുമില്ല എന്നു പറഞ്ഞു (1ശമൂ. 1.11).*

മനോവ്യസനമുള്ള ഒരു സ്ത്രീയായിട്ടാണ് ഹന്നാ അവളെത്തന്നെ കാണുന്നത്. മനോവ്യസനം ഹേതുവായി ബലം ക്ഷയിക്കുന്നു എന്ന് വചനത്തിൽ നാം കാണുന്നു. തകർന്നമനസ്സ് അസ്ഥികളെ ഉണക്കുന്നു (സദൃ. 17.22). വീണ്ടും നാം സദൃശ. 18. 14-ൽ "തകർന്ന മനസ്സിനെയോ ആർക്കു സഹിക്കാം" എന്നും കാണുന്നു. മനോവ്യസനം സഹിക്കാവുന്നതിനപ്പുറമായപ്പോൾ അവൾ യഹോവയുടെ സന്നിധിയിൽ ചെന്ന് അവളുടെ ഹൃദയം പകർന്നു. ഹൃദയത്തിന്റെ ആഴത്തിൽനിന്ന് തകർച്ചയോടെ അവൾ തനിക്കുണ്ടാകാൻ പോകുന്ന പുരുഷസന്താനത്തെ ദൈവത്തിന് സമർപ്പിച്ചു. തന്റെ പൈതൽ നാസീർവ്രതസ്ഥനായി ദൈവവേലചെയ്യുന്നത് വിശ്വാസക്കണ്ണാൽ അവൾ കണ്ടു. എത്ര അത്ഭുതകരമായിട്ടാണ് ദൈവം അവളുടെ അപേക്ഷ കേട്ടത്! തകർന്ന ഹൃദയത്തോടെയുള്ള പ്രാർത്ഥന ദൈവം കേൾക്കുക തന്നെ ചെയ്യും. കാത്തിരുന്നുണ്ടായ ദൈവപൈതലിനെ അവൾ ദൈവത്തിനു സമർപ്പിച്ചു. ചെറുപൈതലിനെ പരിചിതമല്ലാത്ത ചുറ്റുപാടിൽ അതും ധാരാളം ആൾക്കാർ ദിവസേന വരുന്ന ആലയത്തിൽ, ദുഷ്ടരായ യുവപുരോഹിതന്മാരുടെ കൂടെ വിട്ടേച്ചു പോകുമ്പോൾ അവളുടെ ഹൃദയം എന്തുമാത്രം വിങ്ങിയിരിക്കും! ഒന്ന് ഓർത്തുനോക്കൂ. എന്നാൽ ദൈവസന്നിധിയിൽ പൂർ ണ്ണഹൃദയത്തോടെ സമർപ്പിക്കുന്ന സകലവും അംഗീകരിച്ച് അഞ്ചിര ട്ടി പകരം കൊടുക്കുന്ന ദൈവം അത്ഭുതകരമായി അവളെ വീണ്ടും അനുഗ്രഹിച്ചു. ശമൂവേൽ ബാലനെപ്പറ്റി ചിന്തിക്കാൻ നേരമില്ലാതെ വരത്തക്കവണ്ണം അഞ്ചു കുഞ്ഞുങ്ങളെക്കൂടി നൽകി ദൈവം അവളെ ഏറ്റവും തിരക്കുള്ളവളാക്കി.

താൻ ജനിക്കുന്നതിനു മുമ്പേയുള്ള മാതാവിന്റെ സമർപ്പണവും കണ്ണുനീരും ദൈവം ആദരിച്ചതിന്റെ ഫലമായിട്ടാണ് ചെറുപ്പത്തിലേ ദൈവശബ്ദം കേൾക്കാനുള്ള ഭാഗ്യം ശമൂവേലിനു ലഭിച്ചത്.

**2. യാക്കോബിന്റെ സമർപ്പണം**

*ദൈവം എന്നോടുകൂടെ ഇരിക്കുകയും ഞാൻ പോകുന്ന യാത്രയിൽ എന്നെ കാക്കുകയും ഭക്ഷിപ്പാൻ ആഹാരവും ധരിപ്പാൻ വസ്ത്രവും എനിക്കു തരികയും എന്നെ എന്റെ അപ്പന്റെ വീട്ടിലേക്ക് സൗഖ്യത്തോടെ മടക്കിവരുത്തുകയും ചെയ്യുമെങ്കിൽ യഹോവ എനിക്കു ദൈവമായിരിക്കും... (ഉൽപ്പ. 28.20).*

ചെറുപ്രായത്തിലേ ചെയ്യാവുന്ന കുരുത്തക്കേടുകളൊക്കെ ചെയ് തിട്ട് യാക്കോബു തന്റെ നല്ല യൗവ്വനകാലത്ത് എങ്ങോട്ടു പോകണമെന്നറിയാതെ യാത്രപുറപ്പെടുകയാണ്. അതിസാമർത്ഥ്യവും ദുസ്സാമർത്ഥ്യവും കൊണ്ട് അവൻ പലതും നേടി. ഉറങ്ങുമ്പോൾ അവനെ സംരക്ഷിക്കുവാ

നും അവനോട് സംഭാഷിക്കുവാനുമായി ഉയരത്തിലെ ദൈവം അവന്റെ അടുക്കലേക്ക് ഇറങ്ങിവന്നു. അതിമഹത്തായുള്ളതും ശ്രേഷ്ഠവുമായ വലിയ കാര്യങ്ങളെ അവനെ അറിയിച്ചു. അവൻ ചതിയനും ദുരുപായിയും ആയിട്ടും അവനോട് കരുണ തോന്നി വാഗ്ദത്തങ്ങളെ കൊടുത്തു. എന്നാൽ അവയുടെ വൈശിഷ്ട്യം ഗ്രഹിക്കാനുള്ള ശേഷിയോ താൽപ്പര്യമോ അവന് ആ സമയത്ത് ഇല്ലാതെപോയി. അവന്റെ ഹൃദയത്തെ മഥിച്ചിരുന്നത് താനെന്തു ഭക്ഷിക്കും എന്ത് ഉടുക്കും എന്ന് ഇനിയും അപ്പന്റെ വീട്ടിലേക്ക് എത്തിച്ചേരും എന്നൊക്കെയുള്ള ചിന്തകളാണ്. അതുകൊണ്ട് ദൈവിക വാഗ്ദത്തങ്ങളോട് പ്രതികരിക്കേണ്ട വിധം പ്രതികരിക്കാൻ സാധിച്ചില്ല. അതുകൊണ്ട് വ്യവസ്ഥകൾക്ക് അധിഷ്ഠിതമായിട്ടുള്ള സമർപ്പണമാണ് അവൻ ചെയ്യുന്നത്. അവന്റെ സമർപ്പണത്തിലെ അഞ്ചു വ്യവസ്ഥകൾ ശ്രദ്ധിച്ചാലും.

1. ദൈവസാന്നിദ്ധ്യം തന്നോടു കൂടെ വേണം.
2. എന്റെ യാത്രയിൽ തന്നെ കാക്കണം.
3. ധരിപ്പാൻ വസ്ത്രം വേണം.
4. ഭക്ഷിപ്പാൻ ആഹാരം വേണം.
5, അവന്റെ വീട്ടിൽ തന്നെ സൗഖ്യത്തോടെ മടക്കി വരുത്തണം.

ഇവ തന്റെ ജീവിതത്തിൽ ഈ വലിയ ദൈവം നിവർത്തിച്ചാൽ ഈ ദൈവം എന്നും തന്റെ ദൈവമായിരിക്കുമത്രേ! അല്ലെങ്കിൽ എന്താണ് തന്റെ ഉദ്ദേശ്യം എന്ന് എടുത്തുപറഞ്ഞിട്ടില്ല. ദൈവത്തോടുള്ള നന്ദിയും കടപ്പാടും എല്ലാം ദശാംശത്തിൽ ഒതുക്കാം എന്നും അവൻ കരുതി. കാര്യസാദ്ധ്യത്തിനുവേണ്ടി മാത്രം ദൈവത്തെ പിൻപറ്റുന്നവരുടെ പ്രതിനിധിയാണ് യാക്കോബ്. ഈ ലോകത്തിലെ തങ്ങളുടെ കാര്യങ്ങളെല്ലാം ഭംഗിയായി നടക്കണം. അല്ലലറിയാതെ ജീവിക്കണം. ഇങ്ങനെയുള്ള ഒരു ജീവിതം തരാൻ കഴിവുള്ള ഒരു ദൈവം തങ്ങളുടെ ദൈവമായിരിക്കണം എന്ന് അനേകർ ഇന്നും ശഠിക്കുന്നു. ഇൻഷുറൻസ് നൽകുന്ന സംരക്ഷണം പോലെ ഒരു മറ നൽകാൻ കഴിവുള്ള ദൈവത്തെയാണ് ഇന്ന് അനേകർക്ക് വേണ്ടിയത്. യാക്കോബിന്റെ സമർപ്പണം വളരെ അപൂർണ്ണവും അപക്വവും ആണെന്ന് നമുക്കു തോന്നാമെങ്കിലും അന്നത്തെ അവന്റെ യാതൊരു ഭദ്രതയുമില്ലാത്ത ഭാവിയെ കണ്ടുകൊണ്ട് അവൻ ചെയ്യുന്ന പൂർണ്ണസമർപ്പണം തന്നെയായിരുന്നു അത്. ദൈവം അത് തള്ളിക്കളഞ്ഞില്ല. എങ്കിലും തന്റെ ശ്രേഷ്ഠമായ പദ്ധതി നീ ഇരുപതു വർഷത്തേക്ക് ദൈവം മാറ്റിവെച്ചു. ആ ഇരുപതു വർഷങ്ങൾക്കുള്ളിൽ ജീവിതത്തിലെ പരുപരുത്ത യാഥാർത്ഥ്യങ്ങൾ യാക്കോബിനെ പാകപ്പെടുത്തിയെടുത്തു എന്നു വേണം വിചാരിക്കുവാൻ. ഒടുവിൽ തനിക്കെല്ലാമുണ്ട് പക്ഷേ, യഥാർത്ഥമായ ദൈവിക അനുഗ്രഹം മാത്രമില്ല എന്ന് താൻ മനസ്സിലാക്കി ദൈവത്തെ മുറുകെപ്പിടിച്ചു. അനുഗ്രഹിച്ചല്ലാതെ ദൈവത്തെ വിടുകയില്ല എന്ന് യാബ്ബോക്ക് കടവിൽ

യാക്കോബ് കരഞ്ഞു പ്രാർത്ഥിച്ചു. കണ്ണുനീരിനെ മറികടക്കാത്ത ദൈവം തന്നെ യഥാർത്ഥമായും അനുഗ്രഹിച്ചു.

തന്നെത്താൻ ശോധനചെയ്യുക. യഥാർത്ഥ അനുഗ്രഹം അനുഭവിച്ചിട്ടില്ല എങ്കിൽ നിന്റെ പ്രതിഷ്ഠയുടെയും സമർപ്പണത്തിന്റെയും നിലവാരം പുനഃപരിശോധനചെയ്യുക. ഇൻഷുറൻസ് പദ്ധതി നൽകുന്ന സംരക്ഷണം മാത്രമേ നീ ദൈവത്തിൽനിന്ന് ആഗ്രഹിക്കുന്നുള്ളോ?

**3. ശദ്രക്ക്, മേശക്ക്, അബേദ്നെഗോ എന്നിവരുടെ സമർപ്പണം**

*...ഈ കാര്യത്തിൽ ഉത്തരം പറവാൻ ആവശ്യമില്ല. ഞങ്ങൾ സേവിക്കുന്ന ദൈവത്തിന് ഞങ്ങളെ വിടുവിപ്പാൻ കഴിയുമെങ്കിൽ അവൻ ഞങ്ങളെ എരിയുന്ന തീച്ചൂളയിൽനിന്നും രാജാവിന്റെ കയ്യിൽ നിന്നും രക്ഷിക്കും. അല്ലെങ്കിലും ഞങ്ങൾ രാജാവിന്റെ ദേവന്മാരെ സേവിക്കുകയില്ല. രാജാവ് നിർത്തിയ സ്വർണ്ണബിംബത്തെ നമസ്കരിക്കുകയുമില്ല എന്ന് അറിഞ്ഞാലും (ദാനീ. 3.16,17,18).*

ഒരു വലിയ സാമ്രാജ്യത്തിന്റെ ചക്രവർത്തിയുടെ മുമ്പാകെ ധൈര്യപൂർവ്വം നിൽക്കാൻ തന്റേടം കാട്ടിയ മൂന്നു ചെറുപ്പക്കാരുടെ മൊഴികളാണ് നാം ഇവിടെ വായിക്കുന്നത്. തന്റെ പ്രജകൾ ഏതു ദൈവത്തെ നമസ്കരിക്കണമെന്ന് തന്റെ ഗാംഭീര്യത്തിന്റെ പ്രതാപത്തിൽ സ്വയം നിശ്ചയിക്കാൻ ധാർഷ്ഠ്യത്തോടെ ഒരുമ്പെടുന്ന ഒരു രാജാവിനെ നാം ഇവിടെ കാണുന്നു. തന്റെ ആജ്ഞ അനുസാരിക്കാൻ കൂട്ടാക്കാത്തവരുടെ അന്തം താൻ തന്നെ തീരുമാനിച്ചുകഴിഞ്ഞു. എന്തും പ്രവർത്തിക്കാൻ തനിക്ക് അധികാരമുണ്ടല്ലോ. എന്നാൽ മൂന്ന് എബ്രായബാലന്മാർക്ക് ഒരു കാര്യം തീർച്ചയാണ്. ജീവിച്ചാലും മരിച്ചാലും തങ്ങൾക്ക് ഒരു ദൈവമേയുള്ളൂ. അത് സർവ്വവല്ലഭനായ യഹോവ മാത്രം! അവിടന്ന് പ്രാർത്ഥന കേൾക്കുമോ അതോ തങ്ങൾക്കുവേണ്ടി ഇതുവരെ കേട്ടുകേൾവി പോലുമില്ലാത്ത അത്ഭുതം പ്രവർത്തിക്കുമോ എന്നൊന്നും അവർക്കു തീർച്ചയില്ല. നാളിതുവരെ എരിയുന്ന തീച്ചൂളയിൽനിന്ന് ആരും രക്ഷപ്പെട്ട ചരിത്ര വുമില്ല. എങ്കിലും അവർ ഉറച്ചുനിന്നു. ഈ രാജാവ് ശക്തനാണ്. ബാബേൽരാജ്യവും തങ്ങളും മുഴുവൻ അവന്റെ അധീനത്തിലുമാണ്. എങ്കിലും തങ്ങളുടെ ദൈവം സർവ്വശക്തനും സർവ്വലോകത്തിന്റെയും അധിപതിയുമാണ് അവിടത്തെ കരുണയ്ക്കായി അവിടത്തെ കരങ്ങളിലേക്ക് എറിഞ്ഞുകൊടുത്ത ഈ മൂന്നു ജീവിതങ്ങളിൽ മഹത്വം എടുക്കാൻ അവിടന്നു ബാധ്യസ്ഥനാണ്. അതുകൊണ്ടു മാത്രം അതിനു മുമ്പും അതിനു ശേഷവും നടന്നിട്ടില്ലാത്ത ഒരു മഹാത്ഭുതം അവിടെ നടന്നു. അതിമഹത്തായ തന്റെ സംരക്ഷണം എന്തെന്ന് അവരെയും നമ്മെയും പഠിപ്പിച്ചു. അഗ്നിയിൽ നാലാമനായി തിരുസാന്നിധ്യം അവരോടൊപ്പം ഇറങ്ങി പുതപ്പുപോലെ അവരെ മൂടിക്കളഞ്ഞു. അതുകൊണ്ട് തീയുടെ ചൂടോ മണമോ പോലും അവരെ ഏശിയില്ല.

ഇന്നും അതുപോലെ ഏൽപ്പിച്ചുകൊടുക്കുന്ന ജീവിതങ്ങളിൽ പ്രവർത്തിക്കാൻ നമ്മുടെ ദൈവം ശക്തനാണ്, ഒരുങ്ങുന്നവനാണ്. തനിക്ക് ആരിൽക്കൂടെ ബലവാനാകാൻ കഴിയും എന്നു കാണിക്കേണ്ടതിന് തന്റെ ദൃഷ്ടി തങ്കൽ ഏകാഗ്രചിത്തന്മാരായവർക്കുവേണ്ടി ഭൂമിയിലൊക്കെയും ഊടാടിക്കൊണ്ടിരിക്കുന്നു (2ദിന. 16.9). തങ്കൽ ആശ്രയിക്കുന്നവർക്കുവേണ്ടി മനുഷ്യപുത്രന്മാർ കാൺകെ വലിയ നന്മ അവിടന്ന് പ്രവർത്തിക്കുക തന്നെ ചെയ്യും. ഒന്നേ വേണ്ടൂ. എന്തെല്ലാം വന്നാലും ഈ ദൈവത്തിന്റെ കൂടെ തന്നെ ഞാൻ ഉറച്ചുനിൽക്കും എന്ന് തീരുമാനിക്കുക. ദൈവം അങ്ങനെയുള്ളവരെ തീർച്ചയായും മാനിക്കുക തന്നെ ചെയ്യും.

**4. ഹബക്കുക്കിന്റെ സമർപ്പണം**

*അത്തിവൃക്ഷം തളിർക്കുകയില്ല, മുന്തിരിവള്ളിയിൽ അനുഭവം ഉണ്ടാകുകയില്ല. ഒലിവുമരത്തിന്റെ പ്രയത്നം നിഷ്ഫലമായിപ്പോകും. നിലങ്ങൾ ആഹാരം വിളയിക്കുകയില്ല. ആട്ടിൻകൂട്ടം തൊഴുത്തിൽ നിന്ന് നശിച്ചുപോകും. ഗോശാലകളിൽ കന്നുകാലി ഉണ്ടായിരിക്കുകയില്ല. എങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും. എന്റെ രക്ഷയുടെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും (ഹബ. 3.17,18).*

പലസ്തീൻനാട്ടിലെ പുഷ്ടി മുഴുവൻ ഇവിടെ വർണ്ണിച്ചിരിക്കുകയാണ്. അത്തിവൃക്ഷവും മുന്തിരിവള്ളിയും ഒലിവുമരവും ആ നാട്ടിലെ ഫലം പുറപ്പെടുവിക്കുന്ന പ്രാധാന വിളകളാണ്. നിലങ്ങളിൽനിന്ന് ധാന്യം ശേഖരിക്കുന്നു. കന്നുകാലികളും ആട്ടിൻകൂട്ടവും പാലും മാംസവും തരുന്നു. ഭൗമിക സമൃദ്ധിയുടെ എല്ലാ വശങ്ങളും ഇവിടെ വിശദമായി പറഞ്ഞിരിക്കുന്നു. സങ്കീർത്തനം 4.7 നോക്കുക. *ധാന്യവും വീഞ്ഞും വർദ്ധിച്ചപ്പോൾ അവർ ക്കുണ്ടായതിലും അധികം സന്തോഷം നീ എന്റെ ഹൃദയത്തിൽ നൽകിയിരിക്കുന്നു.* ധാന്യവും വീഞ്ഞും വർദ്ധിക്കുമ്പോൾ ഒരു സന്തോഷം ഉണ്ടെന്നല്ലേ ഇതിന്റെ അർത്ഥം. ഇവയെല്ലാം നഷ്ടപ്പെടുമ്പോൾ ദുഃഖവും സ്വാഭാവികമായും ഉണ്ട്. ഹബക്കുക്ക് തന്റെ സന്തോഷം കണ്ടെത്തുന്നത് തന്റെ രക്ഷിതാവായ ദൈവത്തിലാണ്. അതുകൊണ്ട് ഇവ ഉണ്ടെങ്കിലും ഇവയെല്ലാം നഷ്ടപ്പെട്ടാലും തനിക്ക് സന്തോഷത്തിന് ഒരു കുറവുമില്ല തന്നെ. തനിക്കു ലഭിച്ച നന്മകൾ ദൈവം നൽകിയ ദാനം. അവ എല്ലാം നഷ്ടപ്പെട്ടാലും നാഥൻ തന്റെ കൂടെയുണ്ട് എന്ന സന്തോഷവും ധൈര്യവും അവന് എപ്പോഴും ആശ്വാസം നൽകുന്നു.

ഒന്നു ചിന്തിക്കൂ. നിന്റെ സന്തോഷം നിന്റെ ഭൗമികസമൃദ്ധിയിലാണോ നീ കണ്ടെത്തിയിരിക്കുന്നത്? അവ മുഴുവൻ നഷ്ടപ്പെട്ടാൽ നിനക്ക് നിന്റെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കാൻ സാധിക്കുമോ?

**5. ഇയ്യോബിന്റെ സമർപ്പണം**

*അവൻ എന്നെ കൊന്നാലും ഞാൻ അവനെത്തന്നെ കാത്തിരിക്കും.*

*എന്റെ നടപ്പ് അവന്റെ മുമ്പാകെ തെളിയിക്കും (ഇയ്യോ. 13.15).*

*എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു എന്നും ഒടുവിൽ പൊടിമേൽ നിൽക്കുമെന്നും ഞാൻ അറിയുന്നു. എന്റെ ത്വക്ക് ഇങ്ങ നെ നശിച്ചശേഷം ഞാൻ ദേഹസഹിതനായി ദൈവത്തെ കാണും. ഞാൻ തന്നെ അവനെ കാണും. അന്യനല്ല എന്റെ സ്വന്തകണ്ണ് അവനെ കാണും (ഇയ്യോ. 19.25-27).*

സകലവും നഷ്ടപ്പെട്ട് എല്ലാവരാലും പരിത്യജിക്കപ്പെട്ട് ഒരു ശ്വാസം മാത്രം സമ്പത്തായിട്ടുള്ള ഒരു മനുഷ്യന്റെ നിശ്ചയദാർഢ്യമാണ് നാം ഈ വരികളിൽ കാണുന്നത്. എല്ലാ നന്മയുടെയും വിളനിലമായിരുന്ന ഇയ്യോബിന് യാതൊന്നിന്റെയും കുറവുണ്ടായിരുന്നില്ല എന്നു തന്നെയല്ല, എല്ലാം സമൃദ്ധിയായിട്ടും ഉണ്ടായിരുന്നു. ഓരോന്നായി എല്ലാം ശത്രുവായ സാത്താൻ തട്ടിക്കൊണ്ടുപോയി. ദൈവം അറിഞ്ഞും അനുവദിച്ചുമാണ് ഇവയെല്ലാം സാത്താന് അപഹരിക്കാൻ സാധിച്ചത്. അടുത്തപടിയായി തന്റെ ആരോഗ്യവും പുഷ്ടിയും നഷ്ടപ്പെട്ട് ഒന്നിനും കൊള്ളാത്ത അവ സ്ഥയിൽ എത്തിയപ്പോൾ കൂടെ ഉണ്ടായിരുന്ന ഭാര്യയും തള്ളിപ്പറഞ്ഞു. ഇവയെല്ലാം കേട്ടറിഞ്ഞ് ആശ്വസിപ്പിക്കാൻ വന്ന സുഹൃത്തുക്കൾ എന്തു പറയണമെന്നറിയാതെ ആദ്യം മിണ്ടാതിരുന്നു. പിന്നീട് ആശ്വസിപ്പിക്കാൻ ശ്രമിച്ചപ്പോൾ അതു മുഴുവൻ കലക്കവെള്ളം പോലെയായി! ഇയ്യോബിന്റെ ഹൃദയത്തെ ധൈര്യപ്പെടുത്തുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്ന വാക്കുകൾ അവർക്കില്ലാതെ പോയി. പകരം ഇയ്യോബിന്റെ ജീവിതവി ശുദ്ധിയെ ചോദ്യം ചെയ്യുന്ന വാക്കുകളാണ് അവരിൽനിന്നു പുറപ്പെട്ടത്. ശവത്തെ കുത്തുന്നതുപോലെ നിഷ്ഠൂരമായ ഒരു പ്രവൃത്തിയായിരുന്നു അത്. ഈ സന്ദർഭത്തിൽ ഇയ്യോബ് പ്രസ്താവിക്കുന്ന വാക്കുകളാണ് മുക ളിൽ ഉദ്ധരിച്ചവ. യാതൊരു ദൈവവചനമോ ദൈവശബ്ദമോ തനിക്കില്ല. ദൈവം തന്റെ കഷ്ടത കാണുന്നുവോ തന്റെ കരച്ചിൽ കേൾക്കുന്നുവോ എന്നു പോലും ചിന്തിക്കാനാവാത്ത ആ സന്ദർഭത്തിൽ താൻ പ്രസ്താ വിക്കുന്ന വാക്കുകൾ എക്കാലവും ഏത് ദൈവപൈതലിനും ആശ്വാസം പകരുന്നവയത്രേ. അവ എന്താണെന്ന് ശ്രദ്ധിക്കൂ.

1. ഇപ്പോഴും എന്റെ സാക്ഷി സ്വർഗ്ഗത്തിലും എന്റെ ജാമ്യക്കാരൻ ഉയര ത്തിലും ഇരിക്കുന്നു (ഇയ്യോ. 16.19). അതായത് എല്ലാവരും തനിക്കെതിരാ യാലും തനിക്കു വിശ്വസ്തനായ ഒരു സാക്ഷിയും ജാമ്യക്കാരനുമുണ്ട്.

2. അവൻ എന്നെ കൊന്നാലും ഞാൻ അവനെത്തന്നെ കാത്തിരിക്കും (ഇയ്യോ. 13.15). എല്ലാം തനിക്ക് നഷ്ടപ്പെട്ടു. അങ്ങേയറ്റം ഇതു കൂടെ മാത്ര മേ സംഭവിക്കാനുള്ളൂ. എങ്കിലും ഞാൻ അവനെത്തന്നെ കാത്തിരിക്കും.

3. എനിക്ക് ഒരു വീണ്ടെടുപ്പുകാരൻ ഉണ്ട്. അവൻ ഇന്നും ജീവി ച്ചിരിക്കുന്നു. അവൻ ഈ പൊടിമേൽ നിൽക്കുന്ന ഒരു ദിവസമുണ്ട്. അന്ന് ഒരുപക്ഷേ, എന്റെ ഈ ത്വക്ക് എല്ലാം നശിച്ചുകഴിഞ്ഞിരിക്കും.

എന്നാലും ഞാൻ ദേഹസഹിതനായി—പുതിയ ദേഹത്തോടെ—എന്റെ സ്വന്തം കണ്ണുകൊണ്ടു തന്നേ അവനെ കാണും (ഇയ്യോ. 19.25-27). എത്ര വലിയ ഉറപ്പ്!

ഇത്ര വലിയ പ്രതിഷ്ഠയെയും സമർപ്പണത്തെയും മറികടക്കാൻ സർവ്വ വല്ലഭനായ ദൈവത്തിനു സാധിക്കുമോ? ഒരുനാളും ഇല്ല. ഇവയെല്ലാം ശ്രദ്ധിച്ചുകൊണ്ടിരുന്ന ദൈവത്തിനു പ്രവർത്തിക്കാതെ വയ്യ. ഇനിയും ഇയ്യോബിനുവേണ്ടി പ്രവർത്തിക്കേണ്ടത് അവിടത്തെ ബാദ്ധ്യതയായി മാറി. ദൈവം അത്ഭുതകരമായി നേരിട്ടിറങ്ങിവന്ന് ഇയ്യോബിനോട് സംഭാഷിക്കാൻ ആരംഭിച്ചു. തന്റെ മഹത്വം മുഴുവൻ അവന് വെളിപ്പെടുത്തിക്കൊടുത്തു. അവയുടെ വർണ്ണന കേട്ടിരുന്ന ഇയ്യോബ് നവചൈതന്യവും അത്ഭുതസൗഖ്യവും പ്രാപിച്ചു. നഷ്ടപ്പെട്ടതു മുഴുവൻ ദൈവം അവന് ഇരട്ടിയായി നൽകി. അവൻ വിശ്വസിച്ച് ഏറ്റുപറഞ്ഞതു തന്നേ അവനു സംഭവിച്ചു.

പ്രിയ ദൈവപൈതലേ, നീ ഇന്ന് നിന്റെ സമർപ്പണത്തെ ഒന്നു പരിശോധിക്കുമോ? ധൈര്യമായി നിന്നെ ദൈവകരങ്ങളിൽ അർപ്പിക്കുക. നിന്റെ പ്രാപ്തിക്കു മീതെ നിന്നെ പ്രാപ്തനാക്കാനും അസാദ്ധ്യമായവ നിന്റെ ജീവിതത്തിൽ പ്രവർത്തിക്കാനും തൽപ്പരനായിരിക്കുന്ന ഈ ദൈവത്തെ നിന്റെ ജീവിതം ഏൽപ്പിക്കുക. ആ മുഖത്തേക്ക് നോക്കിയവരാരും ഇന്നുവരെ ലജ്ജിച്ചുപോയിട്ടില്ല.

# 13
# ദൈവിക ദർശനം

*ദർശനത്തിന് ഒരു അവധി വെച്ചിരിക്കുന്നു. അത് സമാപ്തിയിലേക്ക് ബദ്ധപ്പെടുന്നു. സമയം തെറ്റുകയുമില്ല. അത് വൈകിയാലും അതിനായി കാത്തിരിക്കുക. അത് വരും നിശ്ചയം. താമസിക്കുകയുമില്ല (ഹബക്കുക്ക് 2.3,4).*

“ദർശനം കണ്ടു” എന്നു പറഞ്ഞ് പരക്കം പായുന്ന ഒരു തലമുറയുടെ നടുവിലാണ് നാം ഇന്നു ജീവിക്കുന്നത്. ദർശനത്തിനായി ആഗ്രഹിക്കുകയും ദർശനം കണ്ടു എന്നു പറഞ്ഞ് തെറ്റിദ്ധരിപ്പിക്കുന്നവരും അനേകമുണ്ട്. ദൈവവചനത്തിൽ ദർശനത്തിന് ആധാരമുണ്ട്. എന്നാൽ അവയിലൊക്കെ ശ്രേഷ്ഠമായ ഒരു ഉദ്ദേശ്യവും അനുഗ്രഹവും നടത്തിപ്പും അടങ്ങിയിരിക്കുന്നു എന്നത് ഒരു വാസ്തവമാണ്.

**1. യഥാർത്ഥദർശനം ദൈവത്താൽ ആരംഭിക്കപ്പെട്ടതാണ്**

സാധാരണജീവിതത്തിൽ ദൈനംദിനകാര്യങ്ങൾക്കുപോലും ഒരു ദർശനം ആവശ്യമാണ്. പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന കുട്ടിക്ക് ജയിച്ചു കഴിഞ്ഞ് കിട്ടുന്ന ഭാവിയെപ്പറ്റി ഒരു ദർശനമുള്ളവനായിരിക്കേണ്ട താണ്. ഒരു വലിയ പദ്ധതി, കെട്ടിടം തുടങ്ങിയവ ആരംഭിക്കുന്നതിനുമുമ്പേ അവ ഭാവിയിൽ എങ്ങനെയായിരിക്കണം എന്ന് ഉടമസ്ഥർ ഭാവനയിൽ ദർശനമുള്ളവരായിരിക്കേണ്ടവരാണ്.

ദൈവവചനത്തിൽ ദൈവം വ്യക്തിപരമായി ദർശനം നൽകിയ അനേകരെക്കുറിച്ച് നാം വായിക്കുന്നുണ്ട്. അബ്രഹാമിനെ ദൈവം വിളിച്ചപ്പോൾ ഞാൻ നിന്നെ ബഹുജാതികൾക്ക് പിതാവാക്കിയിരിക്കയാൽ എന്നാണ് പറയുന്നത് (ഉൽപ്പ. 17.5). അതു കഴിഞ്ഞ് എത്രയോ വർഷം കഴിഞ്ഞിട്ടാണ് ഇസഹാക്ക് ജനിച്ചത്. ഇല്ലാത്തതിനെ ഉള്ളതിനെപ്പോലെ കാണുന്ന ദർശനമാണ് ദൈവത്തിന്റെ ദർശനം! ദൈവിക ദൃഷ്ടിയിൽ അബ്രഹാമും സാറായും എന്നേ ബഹുജാതികൾക്ക് പിതാവും മാതാവുമായിക്കഴിഞ്ഞു! യോസേഫ് വെറുമൊരു ബാലനായിരിക്കുമ്പോൾ തന്നെ ദൈവം അവനു ദർശനം നൽകി. അവന്റെ ഭാവിയിൽ ദൈവം ഒരുക്കിവെച്ച കാര്യങ്ങ

ളൊന്നും അവൻ സ്വപ്നേപി ചിന്തിച്ചിരുന്ന കാര്യങ്ങളല്ലല്ലോ. ദാവീദ് ഒരു ഇടയനായി ആടിപ്പാടി നടന്ന കാലത്ത് ഒരിക്കലും പ്രതീക്ഷിക്കാത്ത ദർശനമാണ് ദൈവം അവനു കൊടുത്തത്. ഭാവിരാജാവാകുന്നത് തന്റെ ഊഴമാണെന്നുള്ളത് അവന് അവിശ്വസനീയമായിരുന്നു. യഥാർത്ഥദർശനം എപ്പോഴും ദൈവത്താൽ പ്രചോദിതമായിരിക്കും.

**2. ദർശനം പറയേണ്ടതാണ്**

ദർശനം എഴുതുക. ഓടിച്ചുവായിപ്പാൻ തക്കവണ്ണം പലകയിൽ തെളിവായി വരയ്ക്കുക (ഹബ. 2.2). ദൈവം ഒരു ദർശനം തന്നു എന്ന് ഉറപ്പാണെങ്കിൽ അത് ഒളിച്ചുവെക്കാനുള്ളതല്ല. മറ്റുള്ളവരോട് പങ്കുവെക്കാനുള്ളതാണ്. യോസേഫ് തന്റെ ദർശനം പങ്കുവെച്ചു. രൂത്ത് തന്റെ ദർശനം (ഹൃദയത്തിലെ ഉറപ്പ് അതായത്, നിന്റെ ദൈവം എന്റെ ദൈവം) പറഞ്ഞു. ദാവീദും അതുപോലെ ദൈവം കൊടുത്ത സകല ദർശനങ്ങളും പങ്കുവെച്ചതായി ദൈവവചനത്തിൽ വായിക്കുന്നു.

**3. ദർശനത്തിന് ഒരു നിശ്ചിതസമയമുണ്ട്**

മരുഭൂമിയിലെ ഇസ്രായേൽമക്കളെപ്പോലെയാണ് നാമെല്ലാവരും. അവർക്ക് മിസ്രയീമിൽനിന്ന് പുറപ്പെട്ട ഉടനെ തന്നെ കഴിയുമെങ്കിൽ പിറ്റെ ദിവസം തന്നെ കനാനിലെത്താനുള്ള വെമ്പലായിരുന്നു. അവർക്കു പാലും തേനും ഉള്ള ദേശം അവകാശമായി കൊടുക്കാമെന്നുള്ളത് ദൈവം കൊടുത്ത വാഗ്ദത്തം അഥവാ ദർശനം ആണ്. പക്ഷേ, ആ ദർശനം പ്രാപിക്കുന്നതിനു മുമ്പ് അവർ ഒരുക്കപ്പെടേണ്ടതും അത്യാവശ്യമാണ്. പാകതയും പക്വതയുമില്ലാത്തവർക്ക് ദൈവിക അനുഗ്രഹങ്ങൾ കൈകാര്യം ചെയ്യാൻ അറിഞ്ഞുകൂടാ. സമയത്തിനു മുമ്പേ വിരിയുന്ന പൂമൊട്ടിനോ ചിത്രശലഭത്തിനോ കോഴിക്കുഞ്ഞിനോ പൂർണ്ണത കൈവരിക്കാനാകുകയില്ല എന്നത് പ്രകൃതിയിൽ നാം കാണുന്ന ഒരു വാസ്തവമല്ലേ? അനേക പർവ്വത നിരകൾ ഒന്നിനു പുറകിൽ ഒന്നായി അടുത്തുനിൽക്കുന്നത് ദൂരെനിന്ന് കാണുമ്പോൾ ഒരു കൊടുമുടിയിൽനിന്ന് മറ്റൊന്നിലേക്ക് പോ കുവാൻ ഒറ്റച്ചാട്ടം മതി എന്ന് തോന്നും. പക്ഷേ, അവയ്ക്കിടയിലുള്ള താഴ്വര ഇറങ്ങി വീണ്ടും കൊടുമുടി കയറാതെ അതിന്റെ മുകളിൽ എത്താൻ സാധ്യമല്ലല്ലോ. പ്രകൃതിയിലെ സസ്യങ്ങൾക്കും സകല ജീവജാലങ്ങൾക്കും എല്ലാ പ്രവർത്തനങ്ങൾക്കും അതിന്റേതായ കാലങ്ങൾ ഉണ്ട്. അതുപോലെതന്നെയാണ് ദൈവികപ്ലാനിലും. ദാവീദിനും യോസേഫിനും ബാല്യത്തിൽ ഏകദേശം പതിനേഴു വയസ്സുള്ളപ്പോൾ ദർശനം ലഭിച്ചു എന്നു വേണം കരുതാൻ. എങ്കിലും അത് നിവർത്തിക്കപ്പെട്ടത് അനേക വർഷങ്ങൾ കഴിഞ്ഞ് ദൈവികസമയത്ത് മാത്രമാണ്. ആ ഇടവേളയിൽ ദൈവം അവരെ ഒരുക്കുകയായിരുന്നു എന്നു വേണം കരുതാൻ. ഒരുക്കപ്പെടാതെ ദൈവം അനുഗ്രഹം പകരുകയില്ല. സകല ജാതികളും നിന്റെ

സന്തതി മുഖാന്തരം അനുഗ്രഹിക്കപ്പെടും എന്ന് ദൈവം അബ്രഹാമിനോടും യാക്കോബിനോടും അരുളിച്ചെയ്തുവല്ലോ. എങ്കിലും അതിനു നിവൃത്തി വന്നത് രണ്ടായിരം വർഷങ്ങൾക്കുശേഷം യേശുക്രിസ്തുവിലൂടെയല്ലേ? ദൈവത്തിന് ഒരു ദിവസം ആയിരം വർഷം പോലെയും ആയിരം വർഷം ഒരു ദിവസം പോലെയുമാണ്. സമയത്താൽ അവിടന്നു ബന്ധിതനല്ല. അതുകൊണ്ട് ദൈവം ഇന്നു നിന്നോട് സംസാരിക്കുന്നത് ഇന്നോ നാളെയോ തന്നെ നിവൃത്തി വരണമെന്നില്ല. നാം ഒരുക്കപ്പെടാനായി അവിടന്ന് കാത്തിരിക്കുന്നു. ഒരുക്കപ്പെട്ടു കഴിഞ്ഞാൽ പിന്നെ അനുഗ്രഹത്തിന് താമസം ഒട്ടുമില്ല. അവിടന്ന് സകലവും അതതിന്റെ സമയത്ത് ഭംഗിയായി ചെയ്യുന്ന ദൈവമാണ്. അവിടന്ന് ഒരിക്കലും നേരത്തെയല്ല, ഒരിക്കലും വൈകുകയുമില്ല. എല്ലായ്പ്പോഴും തക്ക സമയം പാലിക്കുന്നു.

**4. ദർശനം തീർച്ചയായും ശോധന ചെയ്യപ്പെടും**

ദർശനം ലഭിച്ചവരെല്ലാവരും നേരെ ചെന്ന് പ്രാപിക്കുകയല്ലായി രുന്നു. ശോധനയിലൂടെ കടന്നുപോയിട്ടാണ് എല്ലാവരും ദർശനം പ്രാപിച്ചെടുത്തത്. ശോധനയില്ലാതെ ഒരുത്തരും ഒരു ദൈവിക അനുഗ്രഹവും പ്രാപിച്ചിട്ടില്ല. അബ്രഹാം വാഗ്ദത്തം ലഭിച്ചുകഴിഞ്ഞിട്ട് എത്ര വർഷം കാത്തിരുന്നു! യോസേഫ് കാലുകൾ ആമത്തിൽ ബന്ധിക്കപ്പെട്ട് കാരാഗൃഹത്തിൽ കിടന്ന കാലത്ത് (സങ്കീ. 105.18) അവനനുഭവിച്ച കഷ്ടതയുടെ ആധിക്യമോ ഏകാന്തതയോ ഒന്നുമല്ല അവനെ വിഷമിപ്പിച്ചത്. യഹോവയുടെ വചനം അവനെ ശോധനചെയ്തു എന്നാണ് എഴുതിയിരിക്കുന്നത്. താൻ പണ്ടു കേട്ടതും കണ്ടതും ദൈവിക ശബ്ദവും ദൈവിക ആലോചനയും ആയിരുന്നോ? അതോ അവ തന്റെ തോന്നലായിരുന്നോ എന്നുള്ള മാനസിക പീഡകൾ താൻ അനുഭവിച്ചിരുന്നിരിക്കണം.

**5. ദർശനം പൂർത്തീകരണത്തിനായി ബദ്ധപ്പെടുന്നു. അത് തീർച്ചയായ കാര്യമാണ്**

ദൈവം എന്നും എന്നും വാക്കു മാറിപ്പറയുന്നവനല്ല. അവിടന്ന് ഒരിക്കൽ പറഞ്ഞാൽ അത് സംഭവിക്കുക തന്നെ ചെയ്യും. അവിടന്ന് അരുളിച്ചെയ്തതൊന്നും ഇതുവരെ നിഷ്ഫലമായിട്ടില്ലല്ലോ.

**6. അത് ചിലപ്പോൾ താമസിച്ചേക്കും. എങ്കിലും അതിനായി കാത്തിരിക്കേണം**

താമസം പല കാരണങ്ങൾ കൊണ്ടുണ്ടാകാം. ദൈവത്തിന്റെ സമയമാകാത്തതുകൊണ്ട് താമസിച്ചേക്കാം. ഒരുപക്ഷേ, നമ്മുടെ ഉപേക്ഷയോ ഒരുക്കക്കുറവോ അനുസരണക്കേടോ ഒക്കെ കാരണമായിക്കൂടെന്നില്ല. ദൈവം ഇസ്രായേൽമക്കളെ മിസ്രയീമിൽനിന്ന് പുറപ്പെടുവിച്ചപ്പോൾ എല്ലാവരെയും കനാൻനാട്ടിൽ കൊണ്ടെത്തിക്കാൻ തന്നെയാണു പദ്ധതിയിട്ടത്. എന്നാൽ അവരുടെ കുഴപ്പംകൊണ്ടു മാത്രമാണ് അനുഗ്രഹം

പ്രാപിക്കാൻ അവർക്കു സാധിക്കാതെ പോയത്.

സാഹചര്യങ്ങളെല്ലാം പ്രതികൂലമാണെങ്കിലും ദൈവികദർശനത്തിനായി കാത്തിരിക്കണം. അബ്രഹാം ഒരു മകനുവേണ്ടി വാഗ്ദത്തം ലഭിച്ചുകഴിഞ്ഞിട്ടും ഇരുപത്തി അഞ്ചു വർഷങ്ങൾ കാത്തിരിക്കേണ്ടിവന്നു. തന്റെ തലമുറയ്ക്ക് മിസ്രയീമിൽനിന്നുള്ള വിടുതൽ ദൈവം അബ്രഹാമിന് വെളിപ്പെടുത്തിക്കൊടുത്തെങ്കിലും (ഉൽപ്പ. 15.14) ജനത്തിന് നാനൂറ് വർഷം അടിമത്തത്തിൽ കഴിയേണ്ടിവന്നു (പുറ. 12.40). ദൈവത്തിന് എല്ലാക്കാര്യങ്ങൾക്കും നിശ്ചിതസമയമുണ്ട്. നാനൂറ്റി മുപ്പതു സംവത്സരം കഴിഞ്ഞിട്ട് "ആ ദിവസം തന്നെ" പുറപ്പെട്ടു. കനാൻദേശത്ത് പ്രവേശിക്കാനുള്ള വാഗ്ദത്തം ഇസ്രായേൽമക്കളുടെ അവിശ്വാസവും അനുസരണക്കേടും കാരണം നാൽപ്പതു വർഷം വീണ്ടും നീണ്ടുപോയി. യാക്കോബ് ദൈവിക അനുഗ്രഹത്തെ ഇരുപതു വർഷം വീണ്ടും ദീർഘിപ്പിച്ചു. മോശയാകട്ടെ നാൽപ്പതു വർഷം മരുഭൂമിയിൽ വലഞ്ഞലഞ്ഞതിനുശേഷ മാണ് അവന്റെ ജീവിതത്തെക്കുറിച്ചുള്ള ദർശനം പ്രാപിച്ചത്. അപ്പോഴേക്കും എൺപത് വയസ്സുള്ള വൃദ്ധനായി അവൻ തീർന്നു എങ്കിലും ദർശനം പ്രാപിക്കാൻ ദൈവം അവനെ സഹായിച്ചു. ദൈവത്തിന്റെ സമയവും നമ്മുടെ ഒരുക്കത്തിന്റെ പൂർണ്ണതയും നമ്മുടെ വിധേയത്വത്തിന്റെ അനുഭവവും കൂട്ടിമുട്ടുമ്പോൾ ദർശനം പൂർത്തീകരിക്കപ്പെടുകയായി.

### 7. ദർശനത്തിന്റെ ഉദ്ദേശ്യം

ദൈവിക ദർശനത്തോടുകൂടെ അനിവാര്യമായ കാര്യമാണ് ദൈവിക ശുശ്രൂഷ എന്നത്. വെറുതെ തമാശയ്ക്കുവേണ്ടിയോ സ്വയത്തെ തൃപ്തിപ്പെടുത്താനോ ഒന്നുമല്ല ദർശനം തരുന്നത്. (There is always a mission with a vision.) ചില ഉദാഹരണങ്ങൾ ശ്രദ്ധിച്ചാലും.

### (1) മോശയുടെ ദർശനം

ആഗ്രഹങ്ങളെയെല്ലാം കുഴിച്ചിട്ട് പണ്ടത്തെ സമർപ്പണമെല്ലാം ബോധപൂർവ്വം മറന്ന് ഇനി തന്നെക്കൊണ്ട് ഒന്നിനും കൊള്ളുകയില്ല എന്ന് സ്വയം അംഗീകരിച്ച് ആട്ടിടയനായി ജീവിതം അവസാനി പ്പിക്കാൻ ഒരുങ്ങിയിരുന്ന മോശയ്ക്കു ദൈവം ദർശനം നൽകി. ദൈവിക പദ്ധതി നിവർത്തിക്കുവാൻ തന്റെ പ്രാപ്തിയല്ല ആധാരം എന്ന് ഗ്രഹിപ്പിച്ചുകൊടുത്തു. ഞാനാകുന്നവൻ ഞാനാകുന്നു എന്ന് അരുളിച്ചെയ്തവൻ സകല കാര്യങ്ങളെയും ഭരിക്കുന്നവനും നിയന്ത്രിക്കുന്നവനുമാണെന്ന് അവനു വെളിപ്പെടുത്തിക്കൊടുത്തു. അവിടത്തെ സമയമായി. ഈ ഒരുക്കപ്പെട്ട സമയത്ത് അതിനായി മാത്രം ഒരുക്കപ്പെട്ട മോശയെ തന്റെ പദ്ധതിക്കായി വിട്ടുകൊടുക്കേണ്ടതു മാത്രമേ മോശയിൽനിന്നു ദൈവം പ്രതീക്ഷിച്ചുള്ളൂ.

### (2) യെശയ്യാവിനുായ ദർശനം

പാപം അതിന്റെ മൂർദ്ധന്യാവസ്ഥയിൽ കൊടികുത്തി വാഴുമ്പോൾ

ദൈവം ഒരു വലിയ ഭാരം പ്രകടമാക്കുന്നു. ആർ നമുക്കു വേണ്ടി പോകും? ഞാൻ ആരെ അയയ്ക്കേണ്ടൂ? യെശയ്യാവ് മനസ്സു നുറുങ്ങി ദൈവ സന്നിധിയിൽ കാത്തിരുന്നപ്പോൾ ദൈവം തന്റെ മഹത്വത്തിന്റെ ദർശനം അവന് കൊടുത്തു. ആ ദർശനത്തിനു മുമ്പിൽ അവൻ തന്റെ അയോഗ്യത മനസ്സിലാക്കി. ദൈവശബ്ദത്തിനു മനോഹരമായി പ്രതികരിച്ചു. "അടിയൻ ഇതാ അടിയനെ അയയ്ക്കണമേ" എന്ന് സമർപ്പിച്ചു. എവിടെയൊക്കെ ദർശനമുണ്ടോ അവിടെയൊക്കെ ഓരോ ശുശ്രൂഷയ്ക്കുള്ള വിളിയും ഉണ്ട്. ദൈവവിളിക്ക് പ്രതികരിക്കുന്നത് ജീവിതത്തിന്റെ ഭാഗ്യാവസ്ഥയാണ് എന്നതിനു സംശയമില്ല.

**(3) മറുരൂപമലയിലെ ദർശനം**

കർത്താവിന്റെ മഹിമ കണ്ട സാക്ഷികളായിത്തീരാനുള്ള വിളി ആ ദർശനത്തിൽ പത്രോസിന് ലഭിച്ചു (2പത്രോ. 1.16). തന്റെ സാമീപ്യം ഏറ്റവും പ്രിയങ്കരവും ആ സാന്നിദ്ധ്യത്തിൽ തന്നെ വസിക്കുന്നത് ഏറ്റവും അഭികാമ്യവുമാണ് എന്ന് അവനു തോന്നി.

**(4) തോമസിന്റെ ദർശനം**

"എന്റെ കർത്താവും എന്റെ ദൈവവുമേ" എന്ന് അവൻ സ്വയം കണ്ടെത്തി. ഭാരതത്തിലെ ജനസഹസ്രങ്ങൾക്ക് പ്രയോജനപ്പെടാനാ യി അവൻ സ്വയം അർപ്പിച്ചു. രക്ഷകനായി കർത്താവിനെ സ്വീകരിക്കാൻ വലിയ ബുദ്ധിമുട്ടില്ല. എന്നാൽ ജീവിതത്തിന്റെ മുഴുവൻ കർത്താവും അധികാരിയുമായി സ്വീകരിക്കാൻ വലിയ വില കൊടുക്കേണ്ടതുണ്ട്. അതിന് ഒരുക്കമാണോ?

**(5) പൗലോസിന്റെ ദർശനം**

മോശയെയല്ല, പ്രവാചകന്മാരെയല്ല, ന്യായപ്രമാണത്തെയല്ല, പുത്രനെയാണ് ചുംബിക്കേണ്ടത് എന്ന് വ്യക്തമായ കാഴ്ചപ്പാട് നൽകിയ ദർശനമാണ് പൗലോസിന്റെ ദർശനം. ദൈവനാമമഹത്വത്തിനുവേണ്ടി തിരഞ്ഞെടുക്കപ്പെട്ട ഒരു പാത്രമായി താൻ മാറിയത് ദമസ്കോസിന്റെ പടിവാതിൽക്കൽ വെച്ചുള്ള ആ ദർശനത്തോടെയാണ്. ആ സ്വർഗ്ഗീയദർശനത്തിനു മുമ്പിൽ സകലവും അവൻ അടിയറ വെച്ചു മുമ്പോട്ടു നീങ്ങി. തിരിഞ്ഞുനോക്കുമ്പോൾ അവന് ഒന്നേ പറയാനുള്ളൂ. "ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്ന് ഞാൻ അറിയുന്നു. അവൻ എന്റെ ഉപനിധി അവസാനത്തോളം കാപ്പാൻ ശക്തനാണ്!" (2തിമൊ. 1.12).

**(6) അനന്യാസിന്റെ ദർശനം**

ശൗലിനെ ആദ്യമായി സഹായിക്കാനായി ദൈവം അനന്യാസിനെ വിളിച്ചു. ദർശനത്തിൽ എന്തു ചെയ്യണമെന്ന് കൽപ്പനയും കൊടുത്തു. പഴയ ശിഷ്യനായ അനന്യാസിനെക്കാളും ശ്രേഷ്ഠനായത് പൗലോസ് ആണല്ലോ.

**(7) യോഹന്നാനുള്ള ദർശനം**

ആദ്യനും അന്ത്യനുമായവൻ തന്റെ പൂർണ്ണമഹത്വത്തോടെ ഏകനായിരിക്കുന്ന യോഹന്നാന് പ്രത്യക്ഷപ്പെട്ടു. സഭയെക്കുറിച്ചുള്ള വലിയ ദർശനവും കാഴ്ചപ്പാടും സഭയ്ക്കുള്ള പ്രത്യേകം പത്യേകമായ ദൂതും കൊടുത്തു. ദൈവസഭ അതതു സാഹചര്യങ്ങളിൽ കിടന്ന് അടിയാനുള്ളതല്ല. വിളിക്കപ്പെട്ട സഭയ്ക്ക് കാലാതീതമായി വെളിപ്പെടേണ്ട ഒരു രൂപഭംഗിയും മികവും ദൈവികപദ്ധതിയും അവിടന്ന് കൽപ്പിച്ചിരിക്കുന്നു. ഈ വലിയ ഉൾക്കാഴ്ച അവിടന്ന് യോഹന്നാന് ഗ്രഹിപ്പിച്ചുകൊടുത്തു.

പ്രിയ ദൈവപൈതലേ, നീ പ്രാപിച്ച ദർശനത്തിന്റെ ഉദ്ദേശ്യം എന്തെന്ന് നീ ചിന്തിച്ചിട്ടുണ്ടോ? ദൈവവിളി സ്പഷ്ടമായി ലഭിച്ചിട്ട് ഒഴിഞ്ഞുമാറുകയാണോ? നിന്നെ വിളിച്ചത് എന്തിന് എന്ന് ആഴമായി ചിന്തിക്കുക, അംഗീകരിക്കുക, ഏറ്റെടുക്കുക. അത് നിനക്ക് വലിയ അനുഗ്രഹമായിരിക്കും.

## 14

# ദൈവത്തെ അറിയുന്ന ജനം

*എങ്കിലും തങ്ങളുടെ ദൈവത്തെ അറിയുന്ന ജനം ഉറെച്ചുനിന്ന് വീര്യം പ്രവർത്തിക്കും (ദാനീ. 11.32).*

ബിൽക്വിസ് ഷെയ്ക്ക് എന്ന ഉന്നതകുലജാതയായ പാകിസ്ഥാനി വനിത "ദൈവം എന്റെ പിതാവായപ്പോൾ" എന്ന തന്റെ ആത്മകഥയിൽ ഒരു സംഭവം വിവരിക്കുന്നുണ്ട്. താൻ ഒരു സ്വപ്നത്തിലൂടെയാണ് യേശു കർത്താവിങ്കലേക്ക് ആകർഷിക്കപ്പെട്ടത്. എങ്കിലും തനിക്ക് യേശുവിനെപ്പറ്റി ഒന്നുമറിയുകയില്ലായിരുന്നു. വളരെ ചിന്തിച്ചശേഷം താൻ ഒറ്റയ്ക്ക് ഒരു സന്ധ്യാവേളയിൽ പാകിസ്ഥാനിൽ ഉണ്ടായിരുന്ന ഒരു അമേരിക്കൻ മിഷനറിക്കുടുംബത്തെ കാണാൻ പോയി. ആ സമയത്ത് അവിടെ മിഷനറിയുടെ ഭാര്യ മാത്രമേ ഭവനത്തിലുണ്ടായിരുന്നുള്ളൂ. തെല്ല് ഇച്ഛാഭംഗത്തോടെ അവർ ആ മദാമ്മയോട് ചോദിച്ചു, "താങ്കൾക്ക് ദൈവത്തെപ്പറ്റി എന്തെങ്കിലും അറിയാമോ?" അവരുടെ മറുപടി മാഡം ഷെയ്ക്കിനെ ഞെട്ടിച്ചു. "എനിക്ക് ദൈവത്തെപ്പറ്റി ഒന്നും അറിയുകയില്ല. പക്ഷേ, എനിക്ക് ദൈവത്തെ അറിയാം." തുടർന്ന് അവരിലൂടെ താൻ യേശുകർത്താവിനെ കണ്ടെത്തി.

ദൈവം തന്റെ ജനത്തെ അറിയുന്നു, അവർക്കുവേണ്ടി അത്ഭുത ങ്ങളെ ചെയ്യുന്നു, അവർക്കായി കരുതുന്നു എന്നുള്ളത് ചോദ്യം ചെയ്യാനാവാത്ത ഒരു കാര്യമാണ്. എന്നാൽ അതികഠിനമായ ദുർഘടസമയങ്ങൾ ലോകം മുഴുവൻ വ്യാപിക്കുമ്പോൾ അതിന്റെ നടുവിൽ ഉറെച്ചുനിൽക്കാനും വീര്യം പ്രവർത്തിക്കാനും ദൈവത്തെ അറിയുന്ന ജനത്തെക്കൊണ്ടു മാത്രമേ സാധിക്കുകയുള്ളൂ. ദാനീയേൽ 11.32-ൽ ഒരു ചെറിയ വാക്കുണ്ട്, "എങ്കിലും." ഒരു തരത്തിലും മുമ്പോട്ടു പോകാൻ കഴിയാത്ത കഠിന ശോധനയുടെ നടുവിൽ ഒരു കൂട്ടം ആളുകൾ ബലപ്പെട്ട് ഉറെച്ചുനിന്ന് ചിലതൊക്കെ സാധിച്ചെടുക്കുന്നു! അവർ ബലപ്പെടാൻ കാരണം അവർ യഥാർത്ഥമായി ദൈവത്തെ അറിയുന്നു എന്നതുകൊണ്ടു മാത്രമാണ്.

ഒരു വ്യക്തിയെ അറിയുന്നത് പല തരത്തിലും പല നിലകളിലുമാണ്. മാതാപിതാക്കൾ അറിയുന്നതും കുഞ്ഞുങ്ങൾ അറിയുന്നതും ഭാര്യ അറിയുന്നതും സ്നേഹിതർ അറിയുന്നതും സഹോദരങ്ങൾ അറിയുന്നതും എല്ലാം അറിവു തന്നെയാണ്. പക്ഷേ, അവ എല്ലാം പല തട്ടുകളിലും വ്യത്യസ്തനിലകളിലുമാണ്. ഇങ്ങനെയുള്ള അറിവുകൾ ആഴത്തിലുള്ള അറിവാകണമെന്നില്ല. ഇതുപോലെ ദൈവത്തെയും പല തട്ടുകളിൽ അറിയുന്ന ജനമുണ്ട്.

ഭയത്തോടെ മാറിനിന്ന് ദൈവത്തെ അറിയുന്ന കൂട്ടരുണ്ട്. ഒരു പരിധിക്കപ്പുറം ദൈവവുമായി ബന്ധപ്പെടാൻ താൽപ്പര്യമേയില്ല. പഴയനിയമകാലത്ത് ദേവാലയത്തിലെ ദൈവസാന്നിദ്ധ്യം സമാഗമനകൂടാരത്തിലെ അതിവിശുദ്ധസ്ഥലത്തു മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആ സ്ഥലത്തേക്ക് ആണ്ടിൽ ഒരിക്കൽ മാത്രമാണ് മഹാപുരോഹിതൻ സർവ്വജനത്തിന്റെയും പാപപരിഹാരത്തിനായി ധൂപം അർപ്പിക്കുവാൻ കടന്നുചെന്നിരുന്നത്. അതും അനേക മുൻകരുതലുകളോടെയും പ്രത്യേക വേഷവിധാനങ്ങളോടും കൂടിയാണ് കടന്നുചെന്നിരുന്നത്. പഴയനിയമകാലത്ത് ഭക്തന്മാർ ദൈവത്തെ അഭിസംബോധന ചെയ്തിരുന്നത് സൈന്യങ്ങളുടെ ദൈവമേ, അബ്രഹാമിന്റെ ദൈവമേ, യാക്കോബിന്റെ ദൈവമേ, ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമേ എന്നും മറ്റുമായിരുന്നു എന്ന് നാം വചനത്തിൽ വായിക്കുന്നു. യേശുകർത്താവ് ഭൂമിയിൽ വന്നപ്പോഴാണ് ഒരു പുതിയ ബന്ധം പ്രകടമായതും സ്ഥാപിച്ചതും. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്നും എന്റെ അപ്പാ എന്നും ഏതു നേരത്തും എവിടെയും ദൈവത്തെ വിളിക്കാനുള്ള പദവിയും സ്വാതന്ത്ര്യവും നമുക്ക് അവിടന്ന് ലഭ്യമാക്കിത്തന്നു. ഇന്ന് നമുക്ക് ഒരു പുത്രന്റെ അവകാശത്തോടും സ്വാതന്ത്ര്യത്തോടും അധികാരത്തോടും കൂടെ എപ്പോൾ വേണമെങ്കിലും ദൈവസന്നിധിയിൽ കടന്നുചെല്ലാൻ ക്രിസ്തുവിലൂടെ അവിടന്ന് വഴിയൊരുക്കിക്കഴിഞ്ഞു. ദൈവത്തെ അനുഭവിച്ചറിയണമെങ്കിൽ യേശുക്രിസ്തുവിലൂടെയല്ലാതെ വേറെ ഒരു മാർഗ്ഗവുമില്ല.

എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു എന്നാണ് യേശുകർത്താവ് പറഞ്ഞിരിക്കുന്നത് (യോഹ. 14.9). പിതാവിനോടു കേട്ടത് എല്ലാം അവിടന്ന് നമ്മോട് അറിയിച്ചിരിക്കുന്നു. പിതാവിനെ ആരും ഒരു നാളും കണ്ടിട്ടില്ല. പിതാവ് എങ്ങനെയാണെന്ന് പൂർണ്ണമായും പുത്രൻ നമുക്ക് വെളിപ്പെടുത്തിയിരിക്കുന്നു. പിതാവിനെ പൂർണ്ണമായി അറിയാൻ യേശുകർത്താവിനെ അനുഭവിച്ചറിഞ്ഞാൽ മാത്രം മതി.

**കണ്ടറിഞ്ഞവർ**

*അവന്റെ മഹിമ കണ്ട സാക്ഷികളായിത്തീർന്നിട്ടത്രേ (2പത്രോ. 1.16).*

പത്രോസ് സാക്ഷിക്കുന്നത് ശ്രദ്ധിക്കുക. തങ്ങൾ യേശുവിനെ അറിഞ്ഞത് വല്ലവരും പറഞ്ഞു കേട്ടതോ കഥ കേട്ടതോ മൂലമുണ്ടായ ഒരു

അനുഭവമല്ല, പിന്നെയോ യഥാർത്ഥമായും അവിടത്തെ മഹിമ കണ്ട സാക്ഷികളാണു തങ്ങൾ എന്നാണ്. മറുരൂപമലയിൽ വെച്ചും പിന്നെ മൂന്നര വർഷക്കാലം കൂടെ നടന്നപ്പോഴുമെല്ലാം അവിടത്തെ മഹത്വം തങ്ങൾ നേരിൽ കണ്ടു, അനുഭവിച്ചറിഞ്ഞു. പിതാവിൽനിന്നു ലഭിച്ച മാനവും തേജസ്സും സ്വന്ത കണ്ണാലെ കണ്ടു. യോഹന്നാൻ അപ്പോസ്തോലൻ "ഞങ്ങൾ കണ്ടതും" എന്ന് (1യോഹ. 1.1) സാക്ഷീകരിക്കുന്നുണ്ട്. യഥാർത്ഥ സാക്ഷി നേരിൽ കണ്ട സാക്ഷിയാണ്. അവൻ കണ്ടതിനെ ചോദ്യം ചെയ്യാൻ ആരാലും സാദ്ധ്യമല്ല തന്നെ.

**കേട്ടറിഞ്ഞവർ**

*ഞങ്ങൾ അവനോടുകൂടെ വിശുദ്ധപർവ്വതത്തിൽ ഇരിക്കുമ്പോൾ സ്വർഗ്ഗത്തിൽനിന്ന് ഈ ശബ്ദം ഉണ്ടായത് കേട്ടു (2പത്രോ. 1.18).*

സ്വർഗ്ഗത്തിൽനിന്ന് ഒരു ശബ്ദം ഉണ്ടായത് സ്വന്തചെവിയാൽ കേട്ടു. ഞങ്ങൾ കേട്ടത് എന്ന് (1യോഹ. 1.1) യോഹന്നാൻ അപ്പോസ്തലനും പറയുന്നത് ശ്രദ്ധിക്കുക. സ്വന്തകാതുകളെ വിശ്വസിക്കാമല്ലോ. വ്യക്തിപരമായ അനുഭവമാണ് ഉള്ളതും കണ്ടതും കേട്ടതും. ആ അനുഭവത്തെ ചോദ്യം ചെയ്യാൻ ആരാലും സാദ്ധ്യമല്ലല്ലോ.

**തൊട്ടറിഞ്ഞവർ**

ആദി മുതലുള്ളതും...ഞങ്ങളുടെ കൈ തൊട്ടതുമായ ജീവന്റെ വചനം (1യോഹ. 1.1).

തങ്ങളുടെ കൈ തൊട്ടറിഞ്ഞതാണ്. യഥാർത്ഥമാണോ എന്ന് സംശയിക്കേണ്ട കാര്യമില്ല. പോരെങ്കിൽ മാറത്ത് ചാരിയിരുന്നി ട്ടുമുണ്ട്. ഉയർത്തെഴുന്നേറ്റശേഷവും തൊട്ടുനോക്കിയിട്ടുണ്ട്. ആ തുടിപ്പ് അനുഭവിച്ചറിഞ്ഞതുകൊണ്ടു മാത്രമാണ് ഇടിമക്കൾ എന്ന് പേരു കേട്ടവരിൽ ഒരുവനായ താനിന്ന് സ്നേഹത്തിന്റെ അപ്പൊസ് തൊലനായി മാറിയത്.

**രുചിച്ചറിഞ്ഞവർ**

*യഹോവ നല്ലവൻ എന്ന് രുചിച്ചറിവിൻ (സങ്കീ. 34.8).*

കണ്ടറിവിനെക്കാളും കേട്ടറിവിനെക്കാളും തൊട്ടറിവിനെക്കാളും വളരെ വ്യത്യസ്തവും ശ്രേഷ്ഠവുമാണ് രുചിച്ചറിവ്. ഉള്ളിലേക്ക് എടുത്ത് ആഹരിച്ച് ശരീരത്തിന്റെ വിവിധഭാഗങ്ങളിൽ എത്തിച്ച് ബലവും ഗുണവും നൽകുന്നതാണ് രുചിച്ചറിവ്. അനുഭവത്തിന്റെ വെളിച്ചത്തിലാണ് ജീവിക്കുന്നത്. ഈ ശ്രേഷ്ഠദൈവത്തെ അറിഞ്ഞവർക്കെല്ലാം പറയാനുള്ളത് ഒന്നു മാത്രം. യഹോവ നല്ലവൻ തന്നേ. അത് രുചിച്ചറിഞ്ഞവർക്കെല്ലാം പറയാനുള്ള ഒരു വാസ്തവമാണു താനും!

**നോക്കിയറിഞ്ഞവർ**

*അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി. അവരുടെ മുഖം ലജ്ജിച്ചുപോയില്ല (സങ്കീ. 34.10).*

അങ്ങനെയും ഒരു അറിവുണ്ട്. കാണുന്നതും നോക്കുന്നതും അർത്ഥത്തിൽ ഒന്നു തന്നെയാണ്. എങ്കിലും അവയുടെ പിന്നിലുള്ള ഉദ്യമത്തിൽ വ്യത്യാസമുണ്ട്. കാണുന്നത് സ്വാഭാവികമായും യാദൃച്ഛികമായും ആണ്. എന്നാൽ നോക്കുന്നതിന്റെ പിന്നിൽ ബോധപൂർവ്വമായ ഒരു പരിശ്രമമുണ്ട്. അവനവൻ വിചാരിച്ചാൽ മാത്രമേ നോക്കാനൊക്കുകയുള്ളൂ. ഒരാൾക്കുവേണ്ടി വേറൊരാൾക്ക് അതുചെയ്യാൻ സാദ്ധ്യമല്ല. സ്വമനസ്സാലെ ആ തിരുമുഖത്തേക്ക് ആരൊക്കെ എന്നൊക്കെ നോക്കിയിട്ടുണ്ടോ അവരെല്ലാം ഇന്നുവരെ ജീവൻ പ്രാപിച്ചിട്ടുണ്ട്. പ്രകാശിപ്പിക്കപ്പെട്ടിട്ടുമുണ്ട്. അവരാരും ഇന്നുവരെ അതേ ഇന്നത്തെ തീയതി വരെ ലജ്ജിച്ചുപോയിട്ടില്ല. നോട്ടം എന്ന വിഷയം ചിന്തിച്ചപ്പോൾ തന്നെ ധാരാളം ചിന്തകളാണ് ഉരുത്തിരിഞ്ഞത്. അവയെല്ലാം ഇവിടെ വിസ്തരിക്കുന്നില്ല. (ഈ വിഷയം കൂടുതൽ വിശദമായി 'ആഴത്തിന്റെ അനുഗ്രഹം' എന്ന എന്റെ മറ്റൊരു പുസ്തകത്തിലെ 21-ാമത്തെ അദ്ധ്യായത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.)

**ഈ അറിവ് പ്രശംസിക്കാനുള്ളതാണ്**

*പ്രശംസിക്കുന്നവനോ യഹോവയായ ഞാൻ ഭൂമിയിൽ ദയയും ന്യായവും നീതിയും പ്രവർത്തിക്കുന്നു എന്നിങ്ങനെ എന്നെ ഗ്രഹിച്ചറിയുന്നതിൽ തന്നെ പ്രശംസിക്കട്ടെ (യിരെമ്യാ. 9.24).*

വലിയവനായ ദൈവത്തെ ആഗ്രഹിക്കുന്നതും അറിയുന്നതും ജീവിതത്തിലെ പരമഭാഗ്യമായ അവസ്ഥ ആണ്. ഈ നശ്വരമായ ലോകത്തിൽ എന്തിലെങ്കിലും പ്രശംസിക്കാനുണ്ടെങ്കിൽ അതിൽ മാത്രമേയുള്ളൂ.

അപ്പോസ്തൊലനായ പൗലോസിന് ജഡികമായി പ്രശംസിക്കാൻ ധാരാളം ഉണ്ടായിരുന്നു. എങ്കിലും താൻ അവയെല്ലാം ചേതമെന്ന് എണ്ണി എന്നാണ് തിരുവചനം നമ്മോടു പറയുന്നത് (ഫിലി. 3.7,8). അവനു ജീവിതത്തിൽ പ്രശംസിക്കാൻ കർത്താവായ ക്രിസ്തുവിന്റെ ക്രൂശു മാത്രമേ അവൻ കണ്ടുള്ളൂ.

**ഈ അറിവ് നേടാൻ ഉത്സാഹിക്കണം**

*നാം അറിഞ്ഞുകൊൾക. യഹോവയെ അറിവാൻ നാം ഉത്സാഹിക്ക (ഹോശേ. 6.3).*

അവിടന്ന് ഉദിച്ചുവരുന്ന പ്രഭാതംപോലെ നിശ്ചയമായും അനുഗ്രഹിക്കുന്ന ദൈവമാണ്. രാത്രിയിലെ കൂരിരുട്ടു കഴിഞ്ഞാൽ തീർച്ചയാ യും ഒരുക്കപ്പെട്ടതും ശോഭയേറിയതുമായ ഒരു ഉഷസ്സ് ഉണ്ടെന്നുള്ളത് തീർച്ചയാണ്. അതുപോലെ തന്നെ നമ്മുടെ അന്ധകാരനിമിഷങ്ങളെ ശോഭയേറിയവയാക്കാൻ അവിടന്നു മതിയായവൻ തന്നേ. അതുകൊണ്ട് ഈ വലിയ ദൈവത്തെ അറിവാൻ നാം മനസ്സുവെച്ച് ഉത്സാഹിക്കണം.

**ഈ അറിവ് സ്വാതന്ത്ര്യം വരുത്തുന്ന അറിവാണ്**

*എന്റെ വചനത്തിൽ നിലനിൽക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി*

*എന്റെ ശിഷ്യന്മാരായി സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും (യോഹ. 8.31).*

അവിടത്തെ നാമത്തിൽ വിശ്വസിക്കുന്നത് ഒരു ആരംഭമാണ്. പിന്നീട് ആ വിശ്വാസത്തിലും വചനത്തിലും നിലനിൽക്കേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ നാം ഉറപ്പുള്ളവരും കുലുങ്ങാത്തവരുമായിത്തീരാൻ സാധിക്കുകയുള്ളൂ. ആ അറിവിൽ നിലനിൽക്കുന്തോറും നാം കൂടുതൽ കൂടുതൽ പ്രകാശത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും നയിക്കപ്പെടും. ആത്മികമായി പിശാചിന്റെ അടിമത്തത്തിലായിരുന്ന നമ്മെ അവിടന്നു സ്വതന്ത്രരാക്കി. എങ്കിലും മാനസികമായും ബുദ്ധിപരമായും ജഡികമായും ഇന്നും അനേകർ അടിമത്തത്തിലാണ്. എല്ലാ തലത്തിലും പൂർണ്ണസ്വാതന്ത്ര്യം പ്രാപി ച്ച് അനുഗൃഹീത വ്യക്തിത്വം പ്രാപിക്കാൻ ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. അതിന് അവിടന്നു വെച്ച ഉപാധി അവിടത്തെ വചനത്തിൽ നിലനിൽക്കുക എന്നതാണ്. അവിടത്തെ വചനത്തിലെ പാലും പിന്നീടു കട്ടിയായ ആഹാരവും ഭക്ഷിച്ച് ബലപ്പെട്ട് വളരേണ്ടിയിരിക്കുന്നു. അവിടത്തെ വചനം അറിയണം, അതിൽ നിലനിൽക്കണം.

വചനത്തിലെ അറിവ്—Knowledge of the Word of God.

ആ അറിവിൽ നില നിൽക്കുന്ന അനുഭവം—Continuance in the Word of God.

ആ അറിവിന്റെ സ്വാതന്ത്ര്യം അനുഭവിക്കുന്ന അനുഭവം—Experience of the Word of God.

ഇങ്ങനെ പടിപടിയായിട്ടാണ് നാം പൂർണസ്വാതന്ത്ര്യം പ്രാപിക്കുന്നത്.

**ഈ അറിവ് വലിയ ഉറപ്പുതരുന്നു**

*എന്റെ വീണ്ടെടുപ്പുകാരൻ ജീവിച്ചിരിക്കുന്നു എന്നും അവൻ ഒടുവിൽ പൊടിമേൽ നിൽക്കും എന്നും ഞാൻ അറിയുന്നു. എന്റെ ത്വക്ക് ഇങ്ങനെ നശിച്ചശേഷം...ഞാൻ അവനെ കാണും (ഇയ്യോ. 19.25,26).*

സകലവും പ്രതികൂലമായപ്പോഴും കൂട്ടുകാർ അകാരണമായി കുറ്റപ്പെടുത്തിയപ്പോഴും എല്ലാം ഇയ്യോബ് ഉറെച്ചുനിന്നത് ഈ ഒരു ഉറപ്പിന്റെ ബലത്തിൽ മാത്രമാണ്. തനിക്കൊരു വീണ്ടെടുപ്പുകാരൻ ഉണ്ട് എന്ന അറിവ് തന്നെ ധൈര്യപ്പെടുത്തി. തന്റെ ത്വക്ക് ഇങ്ങനെ നശിച്ചശേഷം തന്റെ കണ്ണുകൊണ്ടു തന്നെ തന്റെ വീണ്ടെടുപ്പുകാരനെ ഈ പൊടിമേൽവെച്ചു തന്നെ താൻ കാണും എന്ന് അവൻ ഉറപ്പിച്ചു പ്രസ്താവിക്കുന്നു. അവൻ വിശ്വസിച്ചതുപോലെ തന്നെ ദൈവം തന്റെ അടുക്കലേക്ക് ഇറങ്ങിവന്നു എന്ന് ഓർക്കുക. അവന്റെ ഉറപ്പുപോലെ തന്നെ അവിടന്ന് അവനു സകലവും മടക്കിക്കൊടുത്തുവല്ലോ.

**ഈ അറിവ് ആശ്രയം തരുന്നു**

*നിന്റെ നാമത്തെ അറിയുന്നവർ നിങ്കൽ ആശ്രയിക്കും. യഹോവേ, നിന്റെ നാമത്തെ അന്വേഷിക്കുന്നവരെ നീ ഉപേക്ഷിക്കുന്നില്ലല്ലോ (സങ്കീ. 9.10).*

ദൈവത്തെ ആരൊക്കെ ഏതെല്ലാം കാലഘട്ടത്തിൽ ആശ്രയിച്ചിട്ടുണ്ടോ അവരാരും ആലംബഹീനരായിത്തീർന്നിട്ടില്ല. അവിടന്ന് അവരുടെ അടുത്തേക്ക് കടന്നുവരുന്ന ദൈവമാണ്. ഒരിക്കലും ഉപേക്ഷിക്കാത്തതും തള്ളിക്കളയാത്തതുമായ പ്രത്യേക കരുതൽ അവിടന്ന് ഇവർക്കുവേണ്ടി സംഗ്രഹിച്ചിട്ടുണ്ട്.

**ഈ അറിവ് ശാന്തമായിരുന്ന് പ്രാപിക്കേണ്ട അറിവാണ്**

*മിണ്ടാതിരുന്ന് ഞാൻ ദൈവമെന്ന് അറിഞ്ഞുകൊൾവിൻ (സങ്കീ. 46.10).*

ചിറകടി നിർത്തിയിട്ട് ശാന്തമായി ശ്രദ്ധിക്കുക. അപ്പോൾ മാത്രമേ മധുരവും മൃദുവുമായുള്ള അവിടത്തെ ഇമ്പസ്വരം കേൾക്കാൻ സാധിക്കുകയുള്ളൂ. എപ്പോഴും ചിറകടിച്ച് പറക്കുന്ന പക്ഷിയെപ്പോ ലെ അവിടെയും ഇവിടെയും ഓടി നടന്ന് ഊർജ്ജം നഷ്ടപ്പെടുത്തിക്കളയുന്ന സ്വഭാവമാണ് നമ്മിലനേകർക്കുമുള്ളത്. ശാന്തമായി അവിടന്നിൽ വിശ്രമിക്കുമ്പോൾ അതിശയകരമായ കാര്യങ്ങൾ നമുക്കുവേണ്ടി നിവർത്തിക്കപ്പെടുന്നത് നമുക്ക് അനുഭവിച്ചറിയാൻ സാധിക്കും.

**ഇതു കാതലായ അറിവാണ്**

*യഹോവ തന്നേ ദൈവം എന്ന് അറിവിൻ. അവൻ നമ്മെ ഉണ്ടാക്കി. നാം അവനുള്ളവർ ആകുന്നു. അവന്റെ ജനവും അവൻ മേയിക്കുന്ന ആടുകളും തന്നേ (സങ്കീ. 100.3).*

അനേകം ദേവന്മാരും കുട്ടിദൈവങ്ങളും മനുഷ്യദൈവങ്ങളും യഥേഷ്ടം വിഹരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ഇന്നു ജീവിക്കുന്നത്. എന്നാൽ നമ്മുടെ ദൈവം നിസ്തുല്യനാണെന്നും അവിടത്തെപ്പോലെ ആരും വേറെയില്ല എന്നുമുള്ള അറിവ് നാം പ്രാപിച്ചെങ്കിൽ മാത്രമേ നാം ലക്ഷ്യപ്രാപ്തിയിലെത്തുകയുള്ളൂ. ഈ ദൈവം നമ്മെ സൃഷ്ടിച്ചവനും ഉരുവാക്കിയവനും നിർമ്മിച്ചവനുമാണെന്നുള്ള അറിവ് പ്രാപിക്കാനുള്ള ഭാഗ്യം നമുക്കുണ്ടാകട്ടെ. നമ്മുടെ ആരാധ്യപുരുഷനായ യേശുകർത്താവിന്റെ വിശിഷ്യഗുണങ്ങൾ മറ്റാർക്കുമില്ല എന്നത് ഗ്രഹിക്കുവാൻ അവിടന്ന് നമ്മുടെ ഹൃദയദൃഷ്ടിയെ പ്രകാശിപ്പിക്കട്ടെ.

**വ്യക്തിപരമായ അറിവ്**

*ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നറിയുന്നു. അവൻ എന്റെ ഉപനിധി ആ ദിവസം വരെ സൂക്ഷിപ്പാൻ ശക്തൻ എന്ന് ഉറെച്ചുമിരിക്കുന്നു (2തിമോ. 1.12).*

പൗലോസിനു താൻ വിശ്വസിച്ച ആ ദൈവത്തിന്റെ സർവ്വശക്തിയിലും ബലത്തിലും പൂർണ്ണമായ ഉറപ്പും വിശ്വാസവുമുണ്ടായിരുന്നു. ഈ അറിവ് ഓരോ വ്യക്തിയും വ്യക്തിപരമായി അനുഭവിച്ചറിയേണ്ടതാണ്. താൻ എന്തൊക്കെ ആ ദൈവത്തെ വിശ്വസിച്ചേൽപ്പിച്ചിട്ടുണ്ടോ അവയൊക്കെ അവസാനം വരെ സൂക്ഷിക്കുവാൻ അവിടന്ന് ശക്തനാണ് എന്ന ഉറപ്പും അവനുണ്ടായിരുന്നു. ഈ വാക്യങ്ങളുടെ ഇംഗ്ലീഷ് കുറെക്കൂടെ വ്യക്തമാണ്—for I know whom I have believed and am persuaded that he is able to keep that which I have committed to him against that day (KJV). നമുക്ക് നമ്മുടെ ജീവിതത്തെയും ഭാവിയെയും സ്വപ്നങ്ങളെയും കുടുംബത്തെയും ആരോഗ്യത്തെയും ആരോടും ഇന്നുവരെ പങ്കിട്ടിട്ടില്ലാത്ത രഹസ്യങ്ങളെയും എല്ലാം അവിടത്തെ കരങ്ങളിൽ പൂർണ്ണമായി വിശ്വസിച്ച് ഏൽപ്പിക്കാം. അവിടന്ന് അവ കാത്തുസൂക്ഷിക്കാനും പ്രവർത്തിക്കാനുമെല്ലാം പൂർണ്ണമായും വിശ്വസ്തൻ തന്നേ. സംശയിക്കുകയേ വേണ്ടാ.

**അറിയുന്നവൻ കൽപ്പനകളെ പ്രമാണിക്കും**

*അവന്റെ കൽപ്പനകളെ പ്രമാണിക്കുന്നു എങ്കിൽ നാം അവനെ അറിഞ്ഞിരിക്കുന്നു എന്ന് അതിനാൽ അറിയാം (1യോഹ. 2.3).*

നാം ഈ വലിയ ദൈവത്തിന്റെ മഹത്വവും വലിപ്പവും വിശ്വസ്തതയും യഥാർത്ഥമായി അറിഞ്ഞു എങ്കിൽ അനുസരണത്തിന്റെ പാതയിൽ നടക്കാൻ ഒരു മടിയും കാണിക്കുകയില്ലായിരുന്നു. അവിടന്നിൽ ആശ്രയിക്കുകയും വിശ്വസിക്കുകയും അവിടത്തെ പൂർണ്ണമായി അനുസരിക്കുകയും ചെയ്യുന്നവരിൽക്കൂടെ വലിയ കാര്യങ്ങൾ ചെയ്യാൻ അവിടത്തേക്കു കഴിയും.

പ്രിയ ദൈവപൈതലേ, ഈ ദൈവത്തെ നീ അറിഞ്ഞിട്ടുണ്ടോ? വിശ്വാസക്കണ്ണാൽ കണ്ടിട്ടുണ്ടോ? ഹൃദയപൂർവ്വം അനുസരിച്ചിട്ടുണ്ടോ? അവിടത്തെ ഇമ്പശബ്ദം കേൾപ്പാൻ കാതുകളെ ഒരുക്കിയിട്ടുണ്ടോ? അവിടന്നിനെ വിശ്വാസത്താൽ തൊട്ടിട്ടുണ്ടോ? അവിടന്ന് എത്ര നല്ലവൻ എന്ന് രുചിച്ചറിഞ്ഞിട്ടുണ്ടോ? എങ്കിൽ ഈ അറിവ് നിന്നെ എല്ലാത്തരത്തിലും സ്വതന്ത്രനാക്കും. വൻകാര്യങ്ങൾ നിന്നിലൂടെ നിവർത്തിച്ച് എടുക്കും.

# 15
# ദാവീദിന്റെ നിശ്ചലകൃപകൾ

*ദാവീദിന്റെനിശ്ചലകൃപകൾ എന്ന ഒരു ശാശ്വതനിയമം ഞാൻ നിങ്ങ ളോടു ചെയ്യും (യെശ. 55.3).*

ഈ വാക്യത്തിന്റെ ശരിയായ തർജ്ജമപ്രകാരം “നിശ്ചയകൃപ കൾ” (Sure mercies of David) എന്നാണു വേണ്ടത്. ദാവീദ് തന്റെ തലമുറയിൽ ദൈവത്തിന്റെ ആലോചനയ്ക്ക് ശുശ്രൂഷചെയ്തു. ഭയങ്കരമായ തെറ്റിൽ ഒരിക്കൽ അകപ്പെട്ടു എങ്കിലും ദൈവം അതു ക്ഷമിച്ച് തന്നെ യഥാസ്ഥാനപ്പെടുത്തി. തന്റെ തലമുറയിൽ ദൈവ ത്തോടുകൂടി നടന്ന് ദൈവേഷ്ടം പ്രവർത്തിച്ചവനായി ദൈവം അവനെ കണക്കാക്കി. ദൈവം അവനോട് ദാവീദിന്റ നിശ്ചലകൃപകൾ എന്ന ഒരു ഉടമ്പടിയും ചെയ്തു. എന്നേക്കും ദാവീദിന്റെ സിംഹാസനത്തിൽ ഇരിക്കാൻ ദൈവപുത്രനെയും ഒരുക്കി. ഇന്നത്തെ തലമുറയിലും ദൈവ ഇഷ്ടം നിവർത്തിച്ച് പ്രവർത്തിക്കാൻ തയ്യാറുള്ളവർക്കായി ദൈവഹൃദയം വെമ്പുന്നു. ഇങ്ങനെയുള്ളവരോടുള്ള ദൈവത്തിന്റെ നിയമം ശാശ്വതവും ഇളക്കമില്ലാത്തതുമമാണ്.

**രാവിനോടും പകലിനോടുമുള്ള നിയമം (യിരെ. 33.20)**

യുഗങ്ങളുടെ ആരംഭത്തിൽ ദൈവം രാവും പകലും നിയമിച്ചു. എന്നേക്കും സ്ഥിരപ്പെടുത്തി. അവയെ ദുർബ്ബലമാക്കുവാൻ ആരെക്കൊ ണ്ടും ഒരിക്കലും കഴിയുകയില്ല. അതുപോലെ തന്നെയാണ് ദൈവം ദാവീദി നോടു നിയമം ചെയ്തത്. ആടിപ്പാടി ആടിനെയും മേയിച്ചുനടന്നപ്പോൾ ദൈവം തന്നെ രാജാവാകാനായി തിരഞ്ഞെടുത്തു എന്ന് ദാവീദ് അറി ഞ്ഞില്ല. എന്നാൽ വലിയവനായ ദൈവം അവനെ കണ്ടെത്തി, തിരഞ്ഞെടു ത്തു, അഭ്യസിപ്പിച്ചു, അർഹിക്കാത്ത പദവി കൊടുത്തു. അവനോടുള്ള നിയമം ഓർത്ത് പിൻതലമുറകളോട് കരുണകാണിച്ചു. ഇന്നും ദൈവം ആ നിയമം പുതുക്കുവാൻ ആത്മാക്കളെ തേടുന്നു. ദാവീദിന്റെ ജീവിതം മുഴുവൻ പരിശോധിച്ചാൽ അവന് ഒരിക്കലും താനനുഭവിച്ച ദൈവകൃപ കൊണ്ട് തൃപ്തി വന്നിരുന്നില്ല എന്നു കാണാം. എന്നും എപ്പോഴും രാത്രി

യുടെ യാമങ്ങളിലും ദൈവത്തിനായി ദാഹിക്കുന്ന ഹൃദയം അവന്റെ പ്രത്യേകതയായിരുന്നു. ദൈവത്തിന്റെ മനോഹരത്വം കണ്ടുകൊണ്ട് ദേവാലയത്തിൽ പാർക്കുന്നത് ഏറ്റവും വലിയ ആഗ്രഹമായി അവൻ കണ്ടു. എന്നും എപ്പോഴും ദൈവത്തിനായി വാഞ്ഛിച്ചുകൊണ്ടേയിരുന്നു. ഒന്നു ചോദിക്കട്ടെ. ഇന്ന് നിന്റെ ദാഹം എങ്ങനെ? ശോധനചെയ്യുക. ദാഹിക്കുന്ന ഏവരെയും വിളിച്ച് നിശ്ചല അഥവാ നിശ്ചയ കൃപകൾ എന്ന നിയമം ചെയ്യുവാൻ വെമ്പുന്ന ഒരു ദൈവത്തെ യെശയ്യാവ് 55.1-ൽ നാം കാണുന്നു.

**ആർക്കു വേണ്ടിയാണ് ഈ നിശ്ചലകൃപകൾ?**

ദാഹിക്കുന്നവർക്കുവേണ്ടി മാത്രം! ദൈവം എല്ലാവരെയും വിളിക്കുന്നു. പക്ഷേ, തന്റെ ക്ഷണം ആരിലും അടിച്ചേൽപ്പിക്കുകയില്ല തന്നെ. അവിടന്ന് മനുഷ്യന്റെ സ്വതന്ത്രബുദ്ധിയെ എന്നും മാനിക്കുന്നു. അവിടത്തെ ആത്മാവ് സദാകാലവും വാദിച്ചുകൊണ്ടിരിക്കുകയുമില്ല. ദാഹമുണ്ടോ എങ്കിൽ കൊതി തീരുന്നതുവരെ നമ്മെ തൃപ്തരാക്കുവാൻ അവിടത്തേക്കു പദ്ധതിയുണ്ട്.

**സൗജന്യമായ ദൈവകൃപ**

പകരം ഒന്നും കൊടുക്കാനില്ല എന്ന് അറിഞ്ഞുകൊണ്ടുതന്നെ അവിടന്ന് വിളിക്കുന്നു. ഇന്നത്തെ ലോകത്തിൽ ഒന്നും സൗജന്യമായി ലഭിക്കുകയില്ല. വിശേഷിച്ചും വിലപ്പെട്ടവ! ഒന്നുകിൽ പണം, അല്ലെങ്കിൽ സമയം, അല്ലെങ്കിൽ സേവനം തുടങ്ങിയവ ഒന്നും നൽ കാതെ യാതൊന്നും നൽകാത്ത ഈ ലോകത്ത് വിലയേറിയതും ശ്രേഷ്ഠമായതും തരുവാൻ അതും സൗജന്യമായി തരുവാൻ ഒഴിഞ്ഞ ജീവിതങ്ങളെ നമ്മുടെ ദൈവം ക്ഷണിക്കുന്നു. ഭോഷത്തമായതിനെയും ബലഹീനമായതിനെയും കുലഹീനമായതിനെയും നികൃഷ്ടമായതിനെയും ഏതുമില്ലാത്തതിനെയും (1കൊരി. 1.27) പ്രത്യേക ഉദ്ദേശ്യത്തോടെ തിരഞ്ഞെടുക്കുന്ന വലിയ ദൈവമാണ് നമ്മുടെ ദൈവം. യെശയ്യാവ് 55-ൽ നാലു പ്രാവശ്യം വരുവിൻ എന്നു പറഞ്ഞ് വിളിക്കുന്നത് നാം കാണുന്നു. വരിക എന്ന് ആവർത്തിച്ച് വിളിക്കുന്നു.

**(a) സാർവ്വർത്രികമായ വിളി**

സകലർക്കും ലഭ്യമായ ദൈവകൃപയെയാണ് ഇത് സൂചിപ്പിക്കുന്നത്. "ദാഹിക്കുന്ന ഏവരും ദ്രവ്യമില്ലാത്തവരുമേ" എന്നാണ് വിളിക്കുന്നത്. സമൃദ്ധമായ ജലധോരണിയുടെ അടുത്തേക്കാണ് വിളിക്കുന്നത്. ഇഷ്ടം പോലെ പാനം ചെയ്യാനാണ് വിളിക്കുന്നത്. വ്യവസ്ഥ ഒന്നേയുള്ളൂ. ദാഹമുണ്ടായിരിക്കണം. നീ ആരാണെന്നോ എങ്ങനെയുള്ളവനെന്നോ ചോദിക്കുന്നില്ല. ഇതുവരെ വരാത്തതിന് കുറ്റം പറയുന്നുമില്ല

**(b) വന്നു വാങ്ങിത്തിന്നുവിൻ**

വരിക, വാങ്ങുക, അനുഭവിക്കുക. പൂർണ്ണസ്വാതന്ത്ര്യം ക്ഷണിതാ

ക്കൾക്ക് നൽകുകയാണ്. അരുടെ മേലും അടിച്ചേൽപ്പിക്കുന്നില്ല. ഇങ്ങനെയൊരു ക്ഷണം ഇന്നത്തെ ലോകത്തിൽ ആർക്കെങ്കിലും സ്വപ്നം കാണാൻ സാധിക്കുമോ?

**(c) ക്ഷണം വളരെ വ്യക്തമാക്കുകയാണ്**

വിശേഷമായതാണു നൽകുന്നത് എന്നു പ്രസ്താവിക്കുകയാണ്. ദ്രവ്യവും വിലയും കൂടാതെ വിലയേറിയ വീഞ്ഞും പാലും വാങ്ങുവാൻ ക്ഷണിക്കുകയാണ്. വിലയേറിയവ പൂർണ്ണമായും സൗജന്യമായിട്ടാണു നൽകുന്നത് എന്ന് വെളിപ്പെടുത്തുകയാണ്.

**(d) വ്യക്തമായി വീണ്ടും ക്ഷണിക്കുന്നു**

മേൽപ്പറഞ്ഞ കാര്യങ്ങളൊന്നും മനസ്സിലായില്ലയോ എന്ന് സംശ യം ആർക്കെങ്കിലും ഉണ്ടെങ്കിൽ വീണ്ടും വിളിക്കുകയാണ്. "എന്റെ വാക്കു ശ്രദ്ധിച്ചു കേട്ട് നന്മ അനുഭവിപ്പിൻ. പുഷ്ടഭോജനം കഴിച്ച് മോദിച്ചു കൊൾവിൻ. നിങ്ങൾ ചെവിചായിച്ച് എന്റെ അടുക്കൽ വരുവിൻ. ജീവനുണ്ടാകേണ്ടതിന് കേട്ടുകൊൾവിൻ." അവിടത്തെ അടുക്കൽ വരണം. വേറെ ആരും ആശ്വാസമോ തണലോ ബലമോ സമാധാനമോ നൽകുകയില്ല. ജീവൻ ഉണ്ടാകുവാനും അത് സമൃദ്ധിയായി ഉണ്ടാകുവാനുമാണ് അവിടന്നു വന്നിരിക്കുന്നത്.

അവിടത്തെ വാക്ക് ശ്രദ്ധിച്ചു കേൾക്കണം. അവിടത്തെ വചനങ്ങളും മൊഴികളും ഹൃദയത്തിന്റെ നടുവിൽ സൂക്ഷിച്ചുവെക്കണം. അവയെ കിട്ടുന്നത് ജീവനും സർവ്വദേഹത്തിനും സൗഖ്യവും ആകുന്നു എന്ന് വചനം അടിവരയിട്ട് നമ്മെ പഠിപ്പിക്കുന്നു (സദൃ. 4.22). അങ്ങനെ മാത്രമേ നന്മ അനുഭവിക്കാൻ സാധ്യമാകൂ.

ഒരിക്കലും വറ്റാത്ത ഉറവയാണ് നമുക്കായി തുറന്നുതന്നിരിക്കുന്നത്. ജീവനും ഭക്തിക്കും വേണ്ടിയത് സർവ്വവും അവിടെയുണ്ട്. പുഷ്ടഭോജനം കഴിച്ച് സന്തോഷിക്കാൻ വേറെ ഒരിടവും തിരക്കേണ്ട.

വചനം വ്യക്തമായി നമ്മോടു പറയുന്നത് തിരുവായ്മൊഴികൾക്ക് ജീവിതത്തിൽ പ്രഥമസ്ഥാനം നൽകേണം എന്നാണ്. നമ്മുടെ എല്ലാ വഴികളിലും കൃതാർത്ഥനാകേണ്ടതിന് ഇത് രാവും പകലും ധ്യാനിക്കണം (യോശു. 1.8). അവിടന്ന് നമ്മോടു സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആണ് (യോഹ. 6.63). ഇവിടെ ഒരു കാര്യം വ്യക്തമാണ്. നാം സ്വമനസ്സാലെ ചെയ്യേണ്ട കാര്യങ്ങളാണു പറഞ്ഞിരിക്കുന്നത്. നമുക്കുവേണ്ടി വേറെ ഒരാൾ ഇതു ചെയ്യാൻ സാധ്യമല്ല. ശ്രദ്ധിച്ചു കേൾക്കുന്നതും ധ്യാനിക്കുന്നതും ചെവി ചായിച്ച് അവിടത്തെ അടുത്ത് പോകേണ്ടതുമൊക്കെ നാം സ്വമേധയാ ചെയ്യേണ്ട കാര്യങ്ങളാണല്ലോ. അങ്ങനെ ശ്രദ്ധവെച്ചു കേൾക്കുന്നവരെ പ്രത്യേകം എടുത്തുപറഞ്ഞ് ക്ഷണിച്ച് ദാവീദിന്റെ നിശ്ചലകൃപകൾ എന്ന വാഗ്ദത്തം ശാശ്വതമാക്കിക്കൊടുക്കുകയാണ്.

ഇന്ന് അനേകർ ഈ നാലു കൂട്ടത്തിലുമുണ്ട്. എന്തിനോ വേണ്ടി ദാഹിക്കുന്ന ഒരു കൂട്ടരുണ്ട്. ദാഹമുണ്ട് പക്ഷേ, എങ്ങനെ ശമിപ്പിക്കണം എന്ന് അറിയുന്നില്ല. ദൈവത്തെ കണ്ടുമുട്ടാനും സാധ്യതയുണ്ട്. എങ്കിലും ആ മഹത്വവും ആളത്വവും ശ്രേഷ്ഠതയും ഒന്നും ഗ്രഹിക്കാനുള്ള ത്രാണി അവർക്കില്ല. കുറെക്കൂടെ ദൈവത്തോട് അടുക്കാൻ ശ്രമിക്കുമ്പോഴാണ് ഈ ദൈവം തങ്ങൾക്കുള്ളതൊന്നും ചോദിക്കുകയോ പിടിച്ചുവാങ്ങിക്കുകയോ ചെയ്യുന്നവനല്ല എന്നു മനസ്സിലാക്കുന്നത്. പകരം അവിടത്തെ ഏറ്റവും നല്ലതു മുഴുവൻ സൗജന്യമായി അവർക്കായി ദാനം ചെയ്തിരിക്കുകയാണ് എന്ന് അവർ ഗ്രഹിക്കുന്നത്. ഈദൈവത്തിന്റെ ചുമട് ലഘുവും നുകം മൃദുവും ആണ് എന്നും തങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തുന്നു എന്നും അവർ അനുഭവിച്ചറിയുന്നു. ഈ ദൈവത്തിന്റെ വാക്കുകൾ ആത്മാവും ജീവനും ആകുന്നു എന്നും അവർ കണ്ടെത്തുന്നു. മോദിച്ചുകൊൾവിൻ എന്ന ആഹ്വാനമാണ് കേൾക്കുന്നത്. അവിടത്തെ സന്നിധിയിൽ സന്തോഷപരിപൂർണ്ണതയും എന്നും പ്രമോദങ്ങളും ഉണ്ടെന്ന് അവർ ഗ്രഹിക്കുന്നു. ജീവനുണ്ടാകേണ്ടതിനും സമൃദ്ധിയായുണ്ടാകേണ്ടതിനുമുള്ള ശ്രേഷ്ഠവിളിയുടെ പൊരുൾ അപ്പോൾ മാത്രമാണ് അവർ ഗ്രഹിക്കുന്നത്. ഇത് ക്രിസ്തീയ ജീവിതത്തിന്റെ ശ്രേഷ്ഠമായ ലക്ഷ്യവും ഉയർന്നനിലവാരവുമാണ്.

ജീവിപ്പിക്കുന്ന "വെള്ളങ്ങൾ" (come to the waters) എല്ലാവർക്കും ഒരുപോലെ നൽകപ്പെട്ടിരിക്കുന്നു എങ്കിലും അനുഭവിക്കുന്ന ആളിന്റെ താൽപ്പര്യത്തിനനുസരിച്ച് അനുഭവത്തിനും വൈവിധ്യമുണ്ട്.

എന്തു താൽപ്പര്യത്തോടെ നീ ദൈവസന്നിധിയിലേക്ക് വരുന്നുവോ ആ താൽപ്പര്യവും വിധേയത്വവും അനുസരിച്ചു മാത്രമേ നിനക്ക് ദൈവത്തിൽ നിന്നു പ്രാപിക്കാനാവൂ.

**(A) വഴിയരികെയുള്ള തോട്ടിൽനിന്നു കുടിക്കുന്നവർ**

*അവൻ വഴിയരികെയുള്ള തോട്ടിൽനിന്ന് കുടിക്കും (സങ്കീ. 110.7).* വഴിപോക്കരുടെ ഉദ്ദേശ്യം അവരുടെ ലക്ഷ്യസ്ഥാനത്ത് എത്തുവാനാണ്. യാത്രചെയ്തു പോകുന്ന വഴിയിൽ അവർ ക്ഷീണിതരാകാനുള്ള സാധ്യതയുണ്ട്. അപ്പോൾ അവർ ദാഹം ശമിപ്പിക്കാനായി അന്വേഷണം തുടങ്ങും. അപ്പോഴാണ് വഴിയരികെ തോടു കാണുന്നത്. വളരെ സന്തോഷത്തോടെ കുടിച്ച് ദാഹം ശമിപ്പിക്കുന്നു. എന്നിട്ട് ഒരു ഭാവവ്യത്യാസവുമില്ലാതെ യാത്ര തുടരുന്നു. അവർക്ക് തോട്ടിലെ വെള്ളത്തെപ്പറ്റി ചിന്തയോ കരുതലോ ഒന്നുമില്ല. തൽക്കാലത്തേക്ക് അവർക്ക് ഉപകരിച്ചു എന്നു മാത്രം. ഇതുപോലെയുള്ള ഒരു കൂട്ടരുണ്ട്. ജീവിതയാത്രയിൽ പരിക്ഷീണരാകുമ്പോൾ താൽക്കാലികആശ്വാസത്തിനും വിടുതലിനുമായി ദൈവസന്നിധിയിൽ വരുന്നു. അവിടെനിന്ന് പ്രാപിച്ച അനുഗ്രഹത്തോടും വിടുതലോടുംകൂടി വീണ്ടും തികെച്ചും നിർവ്വിചാരികളായി ജീവിതയാത്ര തുടരുന്നു.

**(B) സന്തോഷത്തോടെ രക്ഷയുടെ ഉറവുകളിൽനിന്ന് വെള്ളം കോരുന്നവർ**

*അതുകൊണ്ട് നിങ്ങൾ സന്തോഷത്തോടെ രക്ഷയുടെ ഉറവുകളിൽ നിന്ന് വെള്ളം കോരും (യെശ. 12.4).* ഈ വാക്യത്തിന്റെ മുൻ പിലത്തെ വാക്യത്തിൽ യഹോവയെപ്പറ്റി നാലു പ്രാവശ്യം പറഞ്ഞ് പ്രവാചകൻ സന്തോഷിക്കുന്നതായി കാണാം. യഹോവ എന്റെ രക്ഷ, യാഹ് എന്റെ ബലം, എന്റെ ഗീതം, വീണ്ടും എന്റെ രക്ഷ എന്നിങ്ങനെ നാലു പ്രാവശ്യം പറഞ്ഞ് സന്തോഷിക്കുന്ന വാക്കുകളാണ് മേൽ ഉദ്ധരിച്ച വാക്കുകൾ. അതുകൊണ്ട് "ഞാൻ സ്തോത്രം ചെയ്യും", "ഞാൻ ആശ്രയിക്കും", "രക്ഷയുടെ ഉറവുകളിൽനിന്ന് ഞാൻ വെള്ളം കോരും." അവർ വ്യക്തിപരമായി ദൈവത്തെയും അവിടത്തെ സന്തോഷത്തെയും രുചിച്ചറിഞ്ഞവരാണ്. സന്തോഷമുണ്ട്, പാട്ടുണ്ട്, എന്നും ആനന്ദിക്കാൻ ഉറവയുമുണ്ട്. എന്നാൽ അവരുടെ സന്തോഷം രക്ഷയുടെ സന്തോഷത്തിൽ മാത്രം ഒതുങ്ങി നിൽക്കുകയാണ്. സ്വന്തം വീട്ടിലെ വറ്റാത്ത കിണറ്റിൽനിന്ന് വെള്ളം കോരി സ്വയമായി അനുഭവിക്കുന്ന തൃപ്തിയും സന്തോഷവുമാണ് അവരുടേത്. അനുഭവങ്ങൾ വളരെ പരിമിതപ്പെടുത്തിയിരിക്കുകയാണ്. വീഞ്ഞും പാലും വാങ്ങി സ്വയം മോദിക്കുന്ന അനുഭവമാണ്. മറ്റുള്ളവർക്ക് പ്രയോജനപ്പെടുന്നില്ല. മറ്റാരെയും കുറിച്ച് ആത്മഭാരമോ ചിന്താഭാരമോ ഇല്ല.

**(C) ജീവിതത്തിൽനിന്ന് പുറപ്പെടുന്ന നദികളുടെ അനുഭവം ഉള്ളവർ**

*എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽനിന്ന് തിരുവെഴുത്ത് പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും (യോഹ. 7.37).* ഒരിടത്തുനിന്ന് നദികൾ ഒഴുകിത്തുടങ്ങിയാൽ അവയുടെ പ്രവാഹ ത്തെ ആർക്കും നിയന്ത്രിക്കാനാവില്ല. അവയുടെ ഉപയോഗവും പ്രയോജനവും വർണ്ണിക്കാൻ സാദ്ധ്യമല്ല. അനേകശതം മൈലുകളിലു ള്ളവർക്കെല്ലാം അവയുടെ പ്രയോജനം അനുഭവിക്കാൻ ഇടയാകും. അനേകർക്ക് അനുഗ്രഹമായും പ്രയോജനപ്രദമായും നദികൾ ഒഴുകിക്കൊണ്ടേയിരിക്കും.

ശ്രദ്ധവെച്ചു കേൾക്കുന്നവരുടെ ഒടുങ്ങാത്ത ചുമതലയും അനുഗ്രഹവുമാണ് ഇവിടെക്കാണുന്നത്. അവരുടെ ഉള്ളിൽനിന്ന് പരിശുദ്ധാത്മാവാം നദിയുടെ ഉറവകൾ അനർഗ്ഗളമായി ഒഴുകിക്കൊണ്ടേയിരിക്കും. അവർക്കാണ് ദാവീദിന്റെ നിശ്ചല അഥവാ നിശ്ചയകൃപകൾ എന്ന ശാശ്വത നിയമം നൽകുന്നത്. അവിടന്ന് ഉണ്ടാക്കുവാനുള്ള ദിവസത്തിൽ അവർ അവിടത്തേക്ക് ഒരു നിക്ഷേപം ആയിരിക്കും (മലാഖി 3.17). എത്ര മനോഹരമായ അനുഭവം, അല്ലേ? ഇതു കാംക്ഷിക്കുവാനും അനുഭവിക്കുവാനും ദൈവം നമ്മെ പ്രാപ്തരാക്കട്ടെ.

# 16

# മരുഭൂമിയും വരണ്ട നിലവും ശൂന്യപ്രദേശവും

ദൈവവചനം ആദിയോടന്തം പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാകും അതായത്, ദൈവത്തിന്റെ സമ്പൂർണ്ണഹിതമായ പ്ലാനിൽ ഒരിക്കലും ഒരു മരുഭൂമി ഉണ്ടായിരുന്നില്ല. ശാപം കാരണമോ ശിക്ഷ കാരണമോ ആണ് മരുഭൂമിയും ശൂന്യപ്രദേശവും ഉണ്ടായത്. "യഹോവ ഭൂമിയെ നിർജ്ജനവും ശൂന്യപ്രദേശവും ആക്കി കീഴ്മേൽ മറിക്കുകയും അതിലെ നിവാസികളെ ചിതറിക്കുകയും ചെയ്യും" (യെശ. 24.1). ഇന്നും മരുഭൂമിയുടെ അനുഭവം ദൈവത്തിന്റെ പദ്ധതിയേ അല്ലാ. ഇത് ആത്മികമായ അർത്ഥത്തിൽ ചിന്തിക്കുമ്പോൾ ജീവിതത്തിന്റെ അവസ്ഥയെ കുറിക്കുന്ന വാക്കുകളാണ്. വരൾച്ച ദൈവികപ്ലാനിലേ ഇല്ല. ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ട് ഉണ്ടാ കുവാനുമാണ് യേശുകർത്താവ് വന്നത്. അവിടന്ന് തണുപ്പിക്കുന്ന ദൈവവും സ്വസ്ഥതയുള്ള വെള്ളത്തിന്നരികത്തേക്ക് നടത്തുന്ന ദൈവവുമാണല്ലോ. നനവുള്ള തോട്ടം പോലെ ഒരു ദൈവപൈതൽ ആയിരിക്കാൻ ദൈവം ആഗ്രഹിക്കുന്നു (യെശ. 58.11). ദൈവാനുഗ്രഹമുള്ളവർ ആറ്ററികത്ത് നട്ട വൃക്ഷം പോലെയാണ് (സങ്കീ. 1.3) നമ്മുടെ ജീവിതങ്ങൾ അനേകരെ തണുപ്പിക്കുന്നതും തഴെച്ചുവളരുന്നതും ആയിരിക്കണമെന്ന് അവിടന്ന് ആഗ്രഹിക്കുന്നു. നിന്റെ ഇന്നത്തെ അവസ്ഥ എന്ത്? മരുഭൂമിയുടെ അവസ്ഥ ആണോ?

മരുഭൂമിയും വരണ്ട നിലവും ശൂന്യപ്രദേശവും ദൈവത്തിന്റെ ശിക്ഷയോ ശാപമോ ആണെന്നുള്ളതിന് അനേകം വാക്യങ്ങൾ നമുക്ക് കാണാൻ സാധിക്കും. ഉറപ്പുള്ള പട്ടണം ഏകാന്തവും മരുഭൂമിപോലെ നിർജ്ജനവും ശൂന്യവുമായിരിക്കും (യെശ. 27.10). ശാരോൻ മരുഭൂമി പോലെ ആയിരിക്കും (യെശ. 33.9). മനോഹരമായ പനിനീർപുഷ്പത്തിന് പേരു കേട്ട സ്ഥലമാണ് ശാരോൻ. എന്നാൽ ഇന്നത്തെ അവസ്ഥ മരുഭൂമിയുടെ അവസ്ഥയാണ്. *...മരുഭൂമിയും വരണ്ടനിലവും പോലെയാക്കി...* (ഹോശേ. 2.3). ദേശത്തെ പാഴും ശൂന്യവുമാക്കി (യെഹെ. 33. 28)

ഒരു കാലത്ത് ജലം ലഭിച്ച ഭൂമി ക്രമേണ വരണ്ടുപോയി. ലഭിച്ച ജലം ഉപയോഗിക്കാതെ ഭൂമിയുടെ ആഴത്തിലേക്കു താണ് മുകൾ ഭാഗം മുഴുവൻ വിണ്ടുകീറി വരണ്ടനിലമായി. നട്ടിട്ടും ഫലമില്ല. അൽപ്പാൽപ്പം നനച്ചിട്ടും ഫലമില്ല. വിണ്ടുകീറിയ വയൽ ഫലവത്താക്കണമെങ്കിൽ മുഴുവൻ ഉഴുതുമറിച്ച് പേമാരി തന്നെ പെയ്യണം. അതുപോലെ അനേക ജീവിതങ്ങൾ ലഭിച്ച പ്രകാശം ഒട്ടും ഉപയോഗിക്കാതെ ഉണങ്ങിവരണ്ട അനുഭവത്തിലായിപ്പോയി. വീണ്ടും തളിർക്കണമെങ്കിൽ അവയ്ക്ക് ആത്മമാരിയുടെ സ്പർശനം തന്നെ വേണം.

മരുഭൂമിയിൽ ചൂടിന്റെയും തണുപ്പിന്റെയും ഘോരകാഠിന്യമുണ്ട്. സാഹചര്യങ്ങളുടെ സമ്മർദ്ദം കൊണ്ട് ഊഷരഭൂമിയായിപ്പോയി. മുൾച്ചെടികൾ മാത്രമേ മരുഭൂമിയിൽ ഉണ്ടാകുകയുള്ളൂ. ഒരുത്തർക്കും പ്രയോജനമില്ലാത്ത ഈ ചെടികൾ പിടിച്ചാൽ കൈ മുറിയും. തണലും ഇല്ല. ഇതുപോലെയുള്ള ധാരാളം ജീവിതങ്ങൾ നമ്മുടെ ചുറ്റിലും ഉണ്ട്.

നിർജ്ജനപ്രദേശം മനുഷ്യരാരും പാർക്കാൻ ഇഷ്ടപ്പെടാത്ത സ്ഥലമാണ്. ദുഷ്ടമൃഗങ്ങളും വിഷപ്പാമ്പുകളും യഥേഷ്ടം വിഹരിക്കുന്ന ഈ സ്ഥലം ഒരാശ്വാസവും തരികയില്ല എന്നു തന്നെയല്ല വളരെ ഭയപ്പെടുത്തുന്ന അന്തരീക്ഷമാണ് അവിടെയുള്ളത്. ഇന്നത്തെ ചില ജീവിതങ്ങളുടെ അവസ്ഥ ഇതാണ്.

എന്നാൽ ദൈവത്തിന്റെ പ്ലാനിൽ ഒരു യഥാസ്ഥാനവും (restoration) ഉൾക്കൊള്ളിച്ചിട്ടുണ്ട്. നഷ്ടപ്പെട്ടതെല്ലാം തിരിച്ചു നൽകാമെന്ന് വാഗ്ദത്തം ചെയ്തിരിക്കുന്നു. പുതിയ അവസ്ഥ മനോഹരമായതും തഴെച്ചുവളരുന്നതും നയനാനന്ദവുമായിരിക്കും. പഴയ അവസ്ഥയിൽനിന്ന് എങ്ങനെ ഈ അവസ്ഥയിലെത്തി എന്ന് സകലരും അത്ഭുത പ്പെടത്തക്കവണ്ണം പ്രവർത്തിക്കാൻ ദൈവം ഒരുങ്ങിയിരിക്കുന്നു. മരുഭൂമി ഉദ്യാനമായിത്തീരും. ഉയരത്തിൽനിന്ന് ആത്മാവിനെ പകരുവോളം നിർജ്ജനപ്രദേശമായിരിക്കും എന്ന് യെശെയ്യാവ് 32.15-ൽ നാം കാണുന്നു. ആത്മാവിനെ പകരുന്നത് ജീവിതങ്ങളുടെമേൽ ആണെന്നുള്ളത് നിസ്തർക്കമാണല്ലോ. അതുകൊണ്ട് ദൈവം അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കുന്നത് തന്റെ ആത്മാവിനെ പകരുന്നതുകൊണ്ടാണ്. സൈന്യത്താലല്ല, ശക്തിയാലല്ല തന്റെ ആത്മാവിനാലാണ് അത്ഭുതം നടക്കുന്നത്. ഉണങ്ങിയ അസ്ഥികൂടങ്ങൾ (യെഹെ. 37) ജീവിച്ചെഴുന്നേറ്റ് ഒരു മഹാസൈന്യമായി നിലകൊണ്ടത് ദൈവാത്മാവും ദൈവവചനവും ഒന്നിച്ചു പ്രവർത്തിച്ചപ്പോഴാണല്ലോ.

യെശയ്യാവ് 35.1 മുതൽ 3 വരെയുള്ള വാക്യങ്ങളിലും ഇതേ കാര്യം തന്നെയാണു പറഞ്ഞിരിക്കുന്നത്. മരുഭൂമി ഉദ്യാനമായി പൂത്ത് ഉല്ലസിച്ച് ശോഭയേറിയതായിരിക്കുമത്രേ. അതിനുള്ള വ്യവസ്ഥയും മൂന്നാം വാക്യത്തിലും നാലാം വാക്യത്തിലും നാം കാണുന്നു. “തളർന്ന കൈകളെ ബലപ്പെടുത്തുവിൻ. കുഴഞ്ഞ മുഴങ്കാലുകളെ ഉറപ്പിപ്പിൻ. മനോഭീതിയുള്ളവ

രോട് മനോഭീതിയുള്ളവരോട് ധൈര്യപ്പെടുവിൻ, ഭയപ്പെടേണ്ട...അവൻ വന്ന് നിങ്ങളെ രക്ഷിക്കും എന്നു പറവിൻ."

1. ബലപ്പെടുത്തുവിൻ, 2. ഉറപ്പിപ്പിൻ, 3. പറവിൻ. ദൈവവചനം കൊണ്ട് ഉറപ്പിച്ച് വാഗ്ദത്തങ്ങളെ സ്വയം ഏറ്റുപറഞ്ഞ് അവകാശമാക്കി ദൈവാത്മാവുകൊണ്ട് ജീവൻ നൽകി ബലപ്പെടുത്തുമ്പോൾ അവസ്ഥയ്ക്ക് മാറ്റമുണ്ടാകുന്നു. അങ്ങനെ അവസ്ഥയ്ക്ക് മാറ്റമുണ്ടാകുമ്പോൾ വലിയ സന്തോഷവും ആനന്ദവും പാട്ടും ശ്രേഷ്ഠതയും ജീവിതത്തിലുണ്ടാകും. അസാധ്യമായതെന്ന് കരുതിയിരുന്ന അനവധി കാര്യങ്ങൾ സംഭവിക്കും. കുരുടർ കാണും. ഊമർ സംസാരിക്കും. മുടന്തർ തുള്ളിച്ചാടും.

പുതിയ അവസ്ഥയിൽ ശ്രദ്ധേയമായ അനവധി മാറ്റങ്ങൾ സംഭവിക്കും എന്ന് എടുത്തുപറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക.

**(1) അവരുടെ വഴി വിശുദ്ധവഴിയായിത്തീരും (യെശ. 35.8)**

ദൈവത്തിന്റെ സാന്നിധ്യവും സഖിത്വവുമുള്ള വിശുദ്ധമായ വഴിയിൽ അവിടന്ന് നമ്മെ വഴികാട്ടിയായി നടത്തും.

**(2) ദാഹമുള്ള എളിയവരും ദരിദ്രരും ദൈവപ്രവൃത്തിയെ കണ്ട് അറിഞ്ഞ് വിചാരിച്ച് ഗ്രഹിക്കേണ്ടതിന് മരുഭൂമിയെ ഉദ്യാനമാക്കുന്നു (യെശ. 41.20)**

നിർജ്ജനപ്രദേശത്ത് അത്ഭുതകരമായ വിധത്തിൽ ശ്രേഷ്ഠമായ വൃക്ഷങ്ങളെ ഉളവാക്കുന്നു (യെശ. 41.18-20). അനേകർ കാണുന്നുണ്ട് പക്ഷേ, അറിയുന്നില്ല. അറിയുന്നവർ വിചാരിക്കുകയോ ധ്യാനിക്കുകയോ ചെയ്യുന്നില്ല. കണ്ട് അറിഞ്ഞ് ധ്യാനിച്ചെങ്കിലേ വലിയവന്റെ പ്രവൃത്തി ഗ്രഹിക്കാൻ സാധിക്കുകയുള്ളൂ.

**(3) തന്റെ ജനം തന്നെ സ്തുതിക്കേണ്ടതിന് ദൈവം പുതിയത് ചെയ്യുന്നു (യെശ. 43.19-21)**

താൻ യഹോവ, തന്റെ ജനത്തെ സൃഷ്ടിച്ചവൻ! അംഗീകരിച്ചാ ലും ഇല്ലെങ്കിലും നമ്മുടെ ജീവിതത്തിൽ എന്തും പ്രവർത്തിക്കുവാൻ അവിടത്തേക്ക് അധികാരവും അവകാശവുമുണ്ട്. അതു ഗ്രഹിച്ച് അംഗീകരിച്ച് ഏൽപ്പിച്ചുകൊടുത്താൽ നമുക്ക് അനുഗ്രഹമായിരിക്കും സമൃദ്ധിയായിരിക്കും. ഏൽപ്പിച്ചുകൊടുക്കുന്ന ജീവിതങ്ങളിൽ എന്തെങ്കിലും കാട്ടിക്കൂട്ടുന്ന ദൈവമല്ല അവിടന്ന്. പഴയതിനെ ഗണ്യമാക്കാതെ പൂർണ്ണമായും പുതിയതുചെയ്യുന്ന ദൈവമത്രേ അവിടന്ന്. ഉണങ്ങിവരണ്ട ജീവിതങ്ങളും അനുഭവങ്ങളും മനോഹരമായി രൂപാന്തരപ്പെടുത്തുന്നവനായ ഒരു ദൈവം നമുക്കുണ്ട്. വെറുതെ ദൈവം പുതുതാക്കുകയില്ല. അവിടന്ന് നമ്മെ തൊട്ടു എങ്കിൽ പിമ്പിൽ ഒരു ഉദ്ദേശ്യം ഉണ്ട്. തിരഞ്ഞെടുക്കപ്പെട്ട ഒരു കൂട്ടം ജനത്തിന് അനുഗ്രഹമാകേണ്ടതിനും പ്രയോജനമാകേണ്ടതിനും മാത്രമാണ് അവിടന്ന് മരുഭൂമിയിൽ നദികളും ഉറവകളും തുറക്കുന്നത്. അങ്ങനെ ദൈവം തന്റെ ജനത്തെ അനുഗ്രഹിക്കുന്ന കൂട്ടത്തിൽ പുറത്തുള്ള അർഹ

തയോ അവകാശമോ ഇല്ലാത്തവർക്കും മെരുക്കമില്ലാത്തവയ്ക്കും (കാട്ടു മൃഗങ്ങൾ) ചതിക്കുന്ന സ്വഭാവമുള്ളവർക്കും (എല്ലാം തട്ടിയെ ടുക്കുന്ന കുറുക്കന്മാർ) ചിന്തയും കരുണയുമില്ലാത്തവർ (ഒട്ടകപ്പക്ഷികൾ—കുഞ്ഞു ങ്ങളോട് ഇടപെടുന്ന രീതി ഇയ്യോ. 39.13-17 വരെ വർണ്ണിച്ചിട്ടുണ്ട്) എന്നി വർക്കും പ്രയോജനപ്പെടുന്നതായി കണ്ടുവരാറുണ്ട്. ഈ ഉപമകളൊക്കെ വ്യത്യസ്തസ്വഭാവമുള്ള മനുഷ്യരെയാണ് കാണിക്കുന്നത്. അങ്ങനെയു ള്ളവർ ദൈവത്തെ ബഹുമാനിക്കും. ദൈവത്തിന്റെ മഹിമയിൽ അത്ഭുതം കൂറും. പക്ഷേ, തനിക്കുവേണ്ടി നിർമ്മിക്കപ്പെട്ട തന്റെ ജനം മാത്രമാണ് അവിടത്തെ സ്തുതിക്കുന്നത്. അവരിൽനിന്നും അവിടന്നു പ്രതീക്ഷിക്കു ന്നത് സ്തുതിയും ഗീതവും പാട്ടുമാണ്. ദൈവവുമായി ബന്ധമില്ലാത്തവർ അമ്പരന്ന് അനുഗ്രഹങ്ങൾ അനുഭവിക്കുമ്പോൾ ദൈവത്തെ ബഹുമാനി ക്കും. എന്നാൽ അവിടത്തെ ജനം അടക്കാൻ കഴിയാത്ത നന്ദിയോടെയും ആനന്ദത്തോടെയും അവിടത്തെ സ്തുതിക്കും. രണ്ടു കൂട്ടരുടെയും സമീ പനത്തിലുള്ള വ്യത്യാസം ശ്രദ്ധിച്ചുവോ?

**(4)പരിമിതിയില്ലാതെ അനുഗ്രഹിക്കുന്ന ദൈവം (യെശ. 48.21)**

ദൈവം അനുഗ്രഹിക്കാൻ തുടങ്ങുമ്പോൾ റേഷനിംഗ് ഇല്ല. എന്നും സമൃദ്ധിയാണ്. ജീവൻ സമൃദ്ധിയായിട്ടാണു നൽകുന്നത്. അവിടന്ന് നൽ കുന്ന സമാധാനം ലോകത്തിന് തരാനോ എടുത്തുകളയാനോ സാദ്ധ്യ മല്ല. പാപം ക്ഷമിക്കുമ്പോൾ അത് എന്നെന്നേക്കുമായി സമുദ്രത്തിന്റെ അഗാധതയിലേക്ക് എറിഞ്ഞുകളയുകയാണ്. പാപം എത്ര കഠോരമാ യിരുന്നാലും രക്താംബരം പോലെ ചുവപ്പായിരുന്നാലും ഹിമം പോലെ വെളുപ്പിക്കുകയാണ്. ഇങ്ങനെയൊക്കയുള്ള സമൃദ്ധിയാണ് ദൈവം നൽ കുന്നത്. അനുഗ്രഹമാണെങ്കിൽ പൊട്ടിപ്പുറപ്പെടുന്ന നദിപോലെ അനർ ഗ്ഗളമാണു താനും.

**(5) അവിടന്ന് കരുണയുള്ളവൻ ആയതുകൊണ്ട് യഥാസ്ഥാനപ്പെടുത്തു ന്നു (യെശ. 49.10)**

ശൂന്യസ്ഥലങ്ങളും പാഴിടങ്ങളും നാശം ഭവിച്ച ദേശവുമായി എഴുതിത്ത ള്ളിയിരിക്കുകയാണ്. എങ്കിലും കരുണയുള്ള ദൈവത്തിന് അവയെ നിസ്സാ രമായി തള്ളിക്കളയാൻ സാദ്ധ്യമല്ല. വലിയ പ്രതീക്ഷയോടെയാണ് ദൈവം നനെച്ചത്. ഇങ്ങനെയൊക്കെയായിപ്പോയെങ്കിലും യഥാസ്ഥാനപ്പെടുത്താൻ വെമ്പുന്ന അവിടന്ന് മഹാകരുണയോടെ നീരുറവുകളുടെ അരികത്തേക്ക് നടത്തുന്ന ദൈവമാണ് (യെശ. 49.10). പിന്നെ സമൃദ്ധിയായ അനുഗ്രഹം കൊണ്ട് നിറെക്കുന്ന ദൈവവുമാണ്.

| | |
|---|---|
| സമ്മതിക്കാമോ? | - നിന്റെ ഇന്നത്തെ അവസ്ഥ |
| വിട്ടുകൊടുക്കാമോ? | - വ്യവസ്ഥ കൂടാതെ |
| ഏറ്റെടുക്കാമോ? | - അവിടന്ന് നൽകുന്ന ഉത്തരവാദിത്വം |

പിടി വിടാമോ? - സകലത്തിന്റെയും
ഏൽപ്പിച്ചുകൊടുക്കാമോ? - നിരുപാധികം

എങ്കിൽ നീ വലിയ തണുപ്പ് നിന്റെ ജീവിതത്തിൽ അനുഭവിക്കാൻ പോകുകയാണ്. നിന്റെ ജീവിതം അനേകരെ തണുപ്പിക്കുന്നതും ഉടമസ്ഥന് ഏറ്റവും പ്രിയങ്കരവുമായ ഉദ്യാനമായി മാറാൻ പോകുകയാണ്. സ്തുതിയും സ്തോത്രവും സംഗീതവും അനർഗ്ഗളമായി പ്രവഹിക്കുവാൻ പോകുകയാണ്. ദൈവം അതിന് ഇടയാക്കട്ടെ.

## 17

# ഞാൻ പ്രവർത്തിക്കും ആർ അത് തടുക്കും?

വലിയവനായ ദൈവം ഒരു വലിയ വെല്ലുവിളി സർവ്വലോകത്തി നും മുമ്പാകെ ഇടുകയാണ്. അവിടന്ന് പ്രവർത്തിക്കാൻ ഒരുമ്പെടുകയാണ്. അത് തടയുവാൻ ആർക്ക് ധൈര്യമുണ്ട്? (യെശ. 43.13)

**1. പ്രവർത്തിക്കുന്നവൻ ആര്?**

സർവ്വശക്തനായ ദൈവം—എൽഷഡായി എന്ന പേരിൽ വെളിപ്പെട്ട വൻ. അവിടത്തെ വിവരണങ്ങൾ എന്നും മനസ്സിനെയും ഹൃദയത്തെയും ഒരുപോലെ ജീവിപ്പിക്കുന്നതാണ്.

ഇല്ലാത്തതിനെ ഉള്ളതിനെപ്പോലെ വിളിച്ചുവരുത്തുന്നവൻ
സകലത്തെയും ജീവിപ്പിക്കുന്നവൻ
മരിച്ചവരെ ഉയർത്തെഴുന്നേൽപ്പിക്കുന്നവൻ
ധന്യനായ ഏകാധിപതി
താൻ മാത്രം അമർത്യതയുള്ളവൻ
മനുഷ്യർ ആരും കാണാത്തവൻ
കാണ്മാൻ കഴിയാത്തവൻ
അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവൻ
കർത്താധികർത്താവ്
രാജാധിരാജാവ്
അതിമഹത്തായ പ്രതിഫലം
പരിച, പാറ, സകലത്തെയും ഉളവാക്കുന്നവൻ
സകല മഹിമയും നിറഞ്ഞവൻ
സകല അധികാരവും ഉള്ളവൻ
പുതിയത് ചെയ്യുവാൻ കഴിയുന്നവൻ
സകലത്തെയും പുതുതാക്കുന്നവൻ
ആഴിക്ക് കതകും ഓടാമ്പലും വെച്ചവൻ

സകല സൃഷ്ടികളോടും കരുണ തോന്നുന്നവൻ
സകലവും തന്നെ നോക്കി കാത്തിരിക്കുന്നവൻ
സകലത്തിനും തക്കസമയത്ത് തീൻ എത്തിച്ചുകൊടുക്കുന്നവൻ
ബദ്ധന്മാരെ അഴിച്ചുവിടുന്നവൻ
കുനിഞ്ഞിരിക്കുന്നവരെ ഒക്കെയും നിവിർക്കുന്നവൻ
വീഴുന്നവരെ ഒക്കെയും താങ്ങുന്നവൻ
കഴുകൻചിറകിന്മേൽ വഹിക്കുന്നവൻ
തന്നെ സ്നേഹിക്കുന്ന ഏവരെയും പരിപാലിക്കുന്നവൻ
തന്റെ മുഖത്തേക്ക് നോക്കുന്നവരെ ലജ്ജിപ്പിക്കാത്തവൻ
തന്നെ കാത്തിരിക്കുന്നവരെ ലജ്ജിപ്പിക്കാത്തവൻ
സകലവും തിരിച്ചുതരുന്നവൻ
നഷ്ടപ്പെട്ട വർഷങ്ങൾ തിരിച്ചുതരുന്നവൻ
നഷ്ടപ്പെട്ട സന്തോഷം തിരിച്ചുതരുന്നവൻ
മനസ്സു തകർന്നവരെ നിരസിക്കാത്തവൻ
ഹൃദയം നുറുങ്ങിയവർക്ക് സമീപസ്ഥൻ
ചതഞ്ഞ ഓട ഒടിച്ചുകളയാത്തവൻ
പുകയുന്ന തിരി കെടുത്തിക്കളയാത്തവൻ
നിർമ്മിച്ചവൻ, സൃഷ്ടിച്ചവൻ, ഉരുവാക്കിയവൻ
ഇരിക്കുന്നതും എഴുന്നേൽക്കുന്നതും അറിയുന്നവൻ
പിണ്ഡാകാരമായപ്പോഴേ കണ്ടവൻ
പുസ്തകത്തിൽ എല്ലാം കുറിച്ചുവെച്ചവൻ
തന്നിൽ ആശ്രയിക്കുന്നവരെ അറിയുന്നവൻ
ഒരുനാളും കൈവിടാത്തവൻ, ഉപേക്ഷിക്കാത്തവൻ
ലോകാവസാനത്തോളം എല്ലാ നാളും കൂടെയുള്ളവൻ
എല്ലായ്പ്പോഴും നടത്തുന്നവൻ
ഏറ്റവും പ്രിയ സ്നേഹിതൻ
നല്ല ആലോചനക്കാരൻ
നല്ല വഴികാട്ടി
കൂടെയിരിക്കുന്നവൻ
മറെക്കുന്നവൻ
വിടുവിക്കുന്നവൻ
പാറയായവൻ
ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും ഉറവവിടമായവൻ
സൗഖ്യമാക്കുന്നവൻ
വിശ്വസ്തനായവൻ
കരുണയുള്ളവൻ
തീരാത്ത ദയയുള്ളവൻ

യൗവ്വനം പുതുക്കുന്നവൻ
സകല രോഗങ്ങളെയും സൗഖ്യമാക്കുന്നവൻ
സകല അകൃത്യവും ക്ഷമിക്കുന്നവൻ
ബലമായവൻ
ശക്തി ബലഹീനതയിൽതികെഞ്ഞുവരുത്തുന്നവൻ
സ്തുത്യനായവൻ
മാറാത്തവൻ
മാറ്റമില്ലാത്തവൻ
കരച്ചിലിന്റെ ശബ്ദം കേൾക്കുന്നവൻ
അനർത്ഥത്തിൽനിന്ന് വിടുവിക്കുന്നവൻ
തന്നെ മാനിക്കുന്നവരെ മാനിക്കുന്നവൻ
തന്റെ ഭക്തന്മാരെ ആദരിക്കുന്നവൻ
തന്റെ ഭക്തന്മാരായ ചെറിയവരെയും വലിയവരെയും അനുഗ്രഹിക്കുന്നവൻ
കോട്ടയായവൻ
സങ്കേതമായവൻ
താമ്രക്കതകുകളെ തകർക്കുന്നവൻ
ഇരുമ്പോടാമ്പലുകളെ ഖണ്ഡിച്ചുകളയുന്നവൻ....

അങ്ങനെ എത്ര എത്ര വിശേഷണങ്ങൾ! അവ എണ്ണിയാൽ തീരുകയില്ല തന്നെ.

**2. ആർക്കുവേണ്ടിയാണ് പ്രവർത്തിക്കുന്നത്?**

ആരും അടയ്ക്കാതെ വണ്ണം തുറക്കുകയും ആരും തുറക്കാതെവണ്ണം അടയ്ക്കുകയും ചെയ്യുവാൻ അധികാരവും കഴിവും ഉള്ളവൻ ചോദിക്കുന്ന ചോദ്യത്തിന് ഒറ്റ ഉത്തരമേയുള്ളൂ. ആ പദവി ലഭിച്ചിരിക്കുന്നവരുടെ പട്ടികയും പ്രത്യേക വിശേഷണങ്ങളും  യെശയ്യാവ് 43. 1 മുതൽ 12 വരെയുള്ള വാക്യങ്ങളിൽ നാം കാണുന്നു.

ഈ ചോദ്യം ചോദിക്കാൻ അവിടത്തേക്ക് അധികാരമുണ്ട്. അവിടന്ന് സ്രഷ്ടാവാണ്. സകലത്തെയും ഉണ്ടാക്കിയവനാണ്. യാക്കോബായിട്ട് സൃഷ്ടിച്ച് യിസ്രായേലാക്കി രൂപപ്പെടുത്തിയെടുത്തവനാണ് (യെശ. 43.1). ഇപ്പോഴത്തെ അവസ്ഥയ്ക്കു പിന്നിൽ ഒരു പരിശീലന ത്തിന്റെയും നടത്തിപ്പിന്റെയും ദൈവികഇടപെടലിന്റെയും ഒരു നീണ്ട ചരിത്രമുണ്ട്.

ഇന്ന് നിന്റെ അവസ്ഥ എത്ര മനോഹരം! പണ്ടു നീ യാക്കോബായിരുന്നു. ചതിയനും അവിശ്വസ്തനും കുരുട്ടുബുദ്ധിക്കാരനും ആയിരുന്നു. ഇന്ന് നീ ഇസ്രായേലാണ്. തിരഞ്ഞെടുക്കപ്പെട്ടവനും വൈശിഷ്ട്യമുള്ളവനുമാണ്. യെശയ്യാവ് 43.1 മുതൽ 3 വരെയുള്ള വാക്യങ്ങൾ ശ്രദ്ധിച്ചാലും.

1. നീ ഇന്നു വീണ്ടെടുക്കപ്പെട്ടവൻ
2. നീ ഇന്നു പേർ വിളിക്കപ്പെട്ടവൻ

3. നീ ഇന്നു എന്റെ സ്വന്തമാണ്.
4. നീ ഇന്നു വിലയേറിയവനാണ്.
5. നീ ഇന്നു മാന്യനാണ്.
6. നീ ഇന്നു ദൈവത്താൽ സ്നേഹിക്കപ്പെട്ടവൻ ആണ്.
7. നീ ഇന്നു എന്റെ ദാസൻ.
8. നിനക്ക് ഇന്ന് ഒരു രക്ഷകൻ ഉണ്ട്.
9. നീ ഇന്ന് എന്റെ സാക്ഷി (യെശ. 43.10).

മേൽപ്പറഞ്ഞ വാക്യങ്ങളിൽ നീ ആരാണെന്നു വിവരിച്ചിട്ട് അവിട ത്തെ മഹത്വം മുഴുവൻ ഒരു വാക്യത്തിൽ സംഗ്രഹിച്ചിരിക്കുന്നത് ശ്രദ്ധിക്കുക (യെശ. 43.11,12).

ഞാൻ തന്നെ യഹോവ
ഞാൻ തന്നെ ദൈവം
ഞാനല്ലാതെ ഒരു രക്ഷിതാവുമില്ല

ഞാൻ അനന്യൻ തന്നേ. ഈ നിത്യനായ ദൈവം—ഞാനാകുന്നവൻ ഞാനാകുന്നു എന്ന് അരുളിച്ചെയ്ത മാറ്റമില്ലാത്ത ദൈവം പ്രസ് താവി ക്കുന്ന ഒരു വലിയ വസ്തുതയാണ് "ഞാൻ പ്രവർത്തിക്കും". അതേ ഞാൻ പ്രവർത്തിക്കുക തന്നെ ചെയ്യും.

ഇത്രയേറെ പ്രത്യേകതകളോടെ വിളിച്ചു വേർതിരിച്ച തന്റെ ജനത്തിന് വലിയ രണ്ടു ശോധനയിലൂടെ കടന്നുപോകേണ്ടി വന്നു. തീയിലും വെള്ള ത്തിലും കൂടെ കടക്കേണ്ടി വന്നു. അത് ദുർഗ്രാഹ്യമല്ലേ? ഈ കഷ്ടതയിൽ നിന്ന് ഒഴിവാക്കിക്കൂടായിരുന്നോ? ന്യായമായ ഒരു ചോദ്യമാണ്. പക്ഷേ, ഒന്ന് ഓർക്കുക!

അവിടന്ന് നിന്നെ പ്രത്യേകം സ്നേഹിച്ച് വേർതിരിച്ചതായതുകൊണ്ടു മാത്രമാണ് നീ ഈ തീയിൽനിന്നും പുറത്തുവന്നത്. അല്ലെങ്കിൽ നീ എന്നേ ദഹിച്ചു ചാമ്പലായേനെ! പ്രവാഹങ്ങൾ നിന്നെ ഒഴുക്കിക്കളയേണ്ട സ്ഥാ നത്ത് നീ രക്ഷപ്പെട്ടത് നിന്നെ ദൈവം വിലയേറിയവനായി കണ്ടതു കൊണ്ടു മാത്രമാണ് എന്ന് ഓർക്കുക. ദൈവമക്കൾ കഷ്ടതയിൽ നശി ച്ചുപോകുന്നില്ല തന്നെ. നീതിമാന്റെ അനർത്ഥങ്ങൾ **അസംഖ്യമാകുന്നു**. അവ **എല്ലാറ്റിൽ**നിന്നും യഹോവ അവനെ വിടുവിക്കുന്നു (സങ്കീ. 34.19). മുമ്പോട്ട് പോകുന്തോറും അനർത്ഥം കൂടിക്കൂടി വരികയാണ്. ആദ്യം വെറും വെള്ളത്തിലൂടെയാണ് കടക്കുന്നത്. പിന്നീട് ഒഴുക്കിക്കളയുന്ന പ്ര വാഹങ്ങളുള്ള നദിയിലൂടെയാണ് കടക്കേണ്ടി വരുന്നത്. പിന്നീട് തീയിലൂ ടെയാണ് കടക്കുന്നത്. അടുത്ത പടി ദഹിപ്പിക്കുന്ന കഠോരമായ അഗ്നി ജ്വാലയാണ് താനും! ഇങ്ങനെയുള്ള കഷ്ടത്തിലൂടെ കടന്നുപോകുന്ന സാധാരണ മനുഷ്യർ തീർച്ചയായും വിടുതലില്ലാതെ അസ്തമിച്ചിരിക്കും. പക്ഷേ, നീ പ്രത്യേകമായി തെരഞ്ഞെടുക്കപ്പെട്ടവനായതുകൊണ്ട് ദൈവ ത്തിന്റെ വിശ്വസ്തത നീ അനുഭവിക്കുക തന്നെ ചെയ്യും.

ഇത് അനുഭവിച്ചവർ എല്ലാ തലമുറയിലും കാലഘട്ടത്തിലുമുണ്ട്. നിനക്ക് സകലവും സാധിക്കും. നിന്റെ ഉദ്ദേശ്യങ്ങളൊന്നും അസാദ്ധ്യമല്ല. (ഇയ്യോ. 42. 2). ഇത് ഗ്രഹിക്കാനായി ഇയ്യോബിന് കഠിനശോധനയിലൂടെ പോകേണ്ടി വന്നു. എങ്കിലും നഷ്ടപ്പെട്ട സകലവും ദൈവം അവന് ഇരട്ടിയായി മടക്കിക്കൊടുത്തു. നമ്മുടെ ദൈവം സ്വർഗ്ഗത്തിലുണ്ട്. തനിക്ക് ഇഷ്ടമുള്ളതൊക്കെയും അവൻ ചെയ്യുന്നു (സങ്കീ. 115.3). നിർജ്ജീവ പാത്രങ്ങൾക്ക് ജീവൻ നൽകാൻ കഴിവും മനസ്സും ഉള്ളവൻ അവിടന്നു മാത്രം. ഇതാണ് എക്കാലത്തും ഏതു നേരത്തിലും നമുക്കുള്ള ഏക പ്രത്യാശ.

# 18

# രാത്രിയിലെ ധ്യാനം

രാത്രി അധികമാരും പ്രവർത്തിക്കാൻ ഇഷ്ടപ്പെടാത്ത സമയമാണ്. ഇരുട്ടും അന്ധകാരവുമാണ് രാത്രിയുടെ മുഖമുദ്ര. കള്ളന്മാർക്കും സാമൂഹ്യവിരുദ്ധർക്കും പ്രിയങ്കരമായ സമയം രാത്രിയാണ്!

ഉറങ്ങാനായി മാത്രം രാത്രികളെ ഇഷ്ടപ്പെടുന്നവരുണ്ട്. ഒരു ദൈവപൈതൽ ഇരുട്ടിന്റെ അനുഭവത്തിൽക്കൂടെ പലപ്പോഴും കടന്നുപോകാൻ നിർബന്ധിതനാകാറുണ്ട്. പക്ഷേ, അവനു രാത്രിയിൽ സ്തോത്രഗീതമുണ്ട് (ഇയ്യോ. 35.10). രാത്രിയിൽ ദൈവികസന്ദർശനമുണ്ട് (സങ്കീ. 17.3). അവനു രാത്രിയിൽ ധ്യാനവുമുണ്ട് (സങ്കീ. 63.5).

ശാന്തമായി ഇരുന്ന് ആഹാരം ചവച്ചരച്ചു ഭക്ഷിക്കണം എന്നുള്ളത് ആരോഗ്യത്തിന് അത്യന്താപേക്ഷിതമാണെന്നാണ് അറിവുള്ളവരുടെ അഭിപ്രായം. അതുപോലെ ദൈവവചനം ഭക്ഷിച്ചപ്പോഴാണ് സന്തോഷവും ആനന്ദവും കണ്ടെത്തിയതെന്ന് യിരെമ്യാപ്രവാചകൻ പറയുന്നു (യിരെ. 15.16). ജീവനും ഭക്തിക്കും വേണ്ടുന്ന സർവ്വവും വിശേഷവാഗ്ദത്തങ്ങളാൽ വചനത്തിൽ നൽകപ്പെട്ടിരിക്കുന്നു (2പത്രോ. 1.3,4). ആ വൈശിഷ്ട്യമേറിയ വാഗ്ദത്തങ്ങൾ നമ്മുടെ ജീവനും ഭക്തിക്കും ഉതകണമെങ്കിൽ അഥവാ പ്രയോജനപ്പെടണ മെന്നുണ്ടെങ്കിൽ വെറുതെ വായിച്ചു വിട്ടാൽ പോരാ, അവയെ ധ്യാനിക്കണം. ദൈവം തന്നെ യോശുവായോടു പറയുന്നത് താൻ പോകുന്നേടത്തെല്ലാം ശുഭമായും കൃതാർത്ഥനായും ഇരിക്കേണ്ടതിന് ദൈവവചനം രാവും പകലും ധ്യാനിക്കണം എന്നാണ് (യോശു. 1.8). കഷ്ടതയിൽ ആശ്വസിപ്പിക്കാനും സന്തോഷവേളയിൽ സ്തുതിക്കാനും നന്ദി കരേറ്റാനുമൊക്കെ ദൈവം നമ്മെ ഉദ്ബോധിപ്പിക്കുന്നു. ആലോചന വേണ്ടിയപ്പോൾ ആലോചന നൽകാനും പരീക്ഷകളിൽ വിജയിക്കാനും യുദ്ധത്തിൽ ബലം തരുവാനും ഒഴുക്കിനെതിരെ നീന്തേണ്ടിയ സന്ദർഭങ്ങളെ അഭിമുഖീകരിക്കാനും ഒക്കെ തിരുവചനം നമുക്ക് ബുദ്ധിയുപദേശിക്കുന്നു. തീരുമാനങ്ങളെടുക്കേണ്ടപ്പോഴും വചനം നമുക്ക് ദീപമാണ്. ഏതു പ്രായത്തിലുള്ളവർക്കും ഇതു ഹൃദ്യമാണ്.

നല്ല ഇടയൻ വചനത്തിന്റെ വിശാലതയിലേക്ക് നയിക്കുമ്പോൾ നമ്മുടെ പ്രാപ്തിയറിഞ്ഞ് അതനുസരിച്ചാണ് നടത്തുന്നത്. തള്ളകളെ പതുക്കെയും കുഞ്ഞാടുകളെ ഭുജത്തിൽ എടുത്തുകൊണ്ടും കോലാടുകളെ കോൽകൊണ്ടു മേയിച്ചുമാണ് ഒരു നല്ല ഇടയൻ പരിപാലിക്കുന്നത് (യെശ. 40.11). അതുപോലെ വിശ്വാസത്തിൽ ശൈശവമായ അവസ്ഥയിലുള്ളവരുണ്ട്. അവരെ കുഞ്ഞാടുകളെപ്പോലെ വാത്സല്യത്തോടുകൂടെ നയിക്കും. പക്വത വന്ന വിശ്വാസികളെ കോലാടുകളെപ്പോലെയും ബലഹീനരായ വൃദ്ധരെ അതിനനുസരണമായും പ്രത്യേക കരുതലോടെയാണ് അവിടന്ന് പരിപാലിക്കുന്നത്.

**1. വചനം ഹൃദ്യമായി ഇടപെടുന്നു**

വചനം ഹൃദ്യമായി ഇടപെടുന്നതിനെ മാരിയോട് ഉപമിച്ചിട്ടുണ്ട്. ഒരേ വചനം ഇടപെടുന്നത് നാലു തരത്തിലാണ് (ആവ. 32.2).

മാരിപോലെ
മഞ്ഞുപോലെ
പൊടിമഴപോലെ
മഴപോലെ

സ്വീകരിക്കാനുള്ള ചെടിയുടെ കഴിവും വിധേയത്വവുമനുസരിച്ചു മാത്രമേ വചനം ഹൃദയങ്ങളോട് ഇടപെടുകയുള്ളൂ. മരുഭൂമിയിലെ മുൾച്ചെടികൾക്ക് മഞ്ഞുതുള്ളികൾ മാത്രമേ സ്വീകരിക്കാനാവുകയുള്ളൂ. ഘോരമായ മഴയിൽ അവ പട്ടുപോകും. ഇളംപുല്ലിനും ഘോരമാരി താങ്ങാൻ ആവുകയില്ല. അവയ്ക്ക് പൊടിമഴ മാത്രം മതി. എന്നാൽ അരിഞ്ഞു തയാറാക്കിയിരിക്കുന്ന പുൽപ്പുറങ്ങൾക്ക് ഘോരമാരി തന്നെയാണ് ആവശ്യമായിരിക്കുന്നത്. ചെത്തിവെടിപ്പാക്കി തഴെച്ചുവളരാനായി ഒരുക്കപ്പെട്ട ഹൃദയങ്ങളുണ്ട് (സങ്കീ. 72.6). ഭൂമിയെ നനയ്ക്കണം എങ്കിൽ വന്മഴ തന്നെ വേണം. ദൈവം ഒരേ രീതിയിലല്ല ഹൃദയങ്ങളോട് ഇടപെടുന്നത്. അതുകൊണ്ടാണ് ദൈവം നമ്മോട് തിരുവചനം ധ്യാനിക്കണം എന്ന് കൽപ്പിച്ചിരിക്കുന്നത്. പകൽ നടക്കുമ്പോൾ മറിഞ്ഞുവീഴാനും തട്ടിവീഴാനും സാദ്ധ്യതയുണ്ട്. രാത്രയിലാണെങ്കിൽ പ്രകാശം കൂടിയേ തീരൂ. അതുകൊണ്ടാണ് രാത്രിയിലും പകലിലും ധ്യാനിക്കേണം എന്നു പറഞ്ഞിരിക്കുന്നത്.

**2. രാപകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ (സങ്കീ. 1.2)**

വചനത്തിൽ സന്തോഷിക്കുന്നവർക്കു മാത്രമേ വചനം ധ്യാനിക്കാൻ സാധിക്കുകയുള്ളൂ. തിരുവചനം ധ്യാനിക്കുന്നവർക്ക് ഇരിക്കേണ്ടിയ ഇടത്തും നിൽക്കേണ്ടിയ ഇടത്തും നടക്കേണ്ടിയ ഇടത്തുമെല്ലാം ദൈവിക ആലോചനയുണ്ട്. തക്കകാലത്തു ഫലം കായ്ക്കുന്ന വൃക്ഷംപോലെ പ്രതീക്ഷകൾക്ക് ഭംഗം വരാത്ത ജീവിതമാണ്. ആറ്ററികത്ത് നട്ടിരിക്കുന്ന വൃക്ഷത്തിന്റെ ഇല എപ്പോഴും പച്ചയായും പുഷ്ടിയായും നിൽക്കുന്ന

തുപോലെ എപ്പോഴും പുതുമയും ആത്മിക പുഷ്ടിയും നിലനിർത്തുന്ന ജീവിതമായിരിക്കും അങ്ങനെയുള്ളവർക്ക്!

**3. എന്റെ കിടക്കയിൽ നിന്നെ ഓർക്കുകയും രാത്രിയാമങ്ങളിൽ നിന്നെ ധ്യാനിക്കുകയും ചെയ്യുമ്പോൾ (സങ്കീ. 63.5)**

പ്രാണനു തൃപ്തി വരുന്നത് വചനം ധ്യാനിക്കുമ്പോഴാണ്. നിഷ്ക്രിയത്വത്തിന്റെ സമയമാണ് രാത്രികാലം. കിടക്കയിലായിരിക്കുമ്പോൾ പിന്നെ സമയം ഇഴഞ്ഞ് നീങ്ങിക്കൊണ്ടിരിക്കും. ഓർക്കാനും ചിന്തിക്കാനും ധ്യാനിക്കാനും ധാരാളം സമയമുണ്ട്. വചനം ധ്യാ നിക്കാനുള്ള ഏകാന്തതയും ഏകാഗ്രതയും പ്രവർത്തനനിരതരായി ഓടിനടക്കുമ്പോൾ ലഭിക്കുകയില്ല. എന്റെ പ്രാണന് തൃപ്തിയും വായിൽ സ്തുതിയും അധരങ്ങളിൽ സന്തോഷത്തിന്റെ ബഹിർസ്ഫുരണവും സമൃദ്ധിയായിട്ടുള്ളത് തിരുവചനത്തെ ധ്യാനിക്കുമ്പോൾ മാത്രമാണ്.

**4. പുതിയ കാഴ്ചപ്പാട് ലഭിക്കുന്നു**

*രാത്രിയിൽ ഞാൻ എന്റെ സംഗീതം ഓർക്കുന്നു. എന്റെ ഹൃദയം കൊണ്ട് ഞാൻ ധ്യാനിക്കുന്നു. എന്റെ ആത്മാവും ശോധനകഴിക്കുന്നു (സങ്കീ. 77.6).*

*ഞാൻ പണ്ടത്തെ നാളുകളെ ഓർക്കുന്നു. നിന്റെ സകല പ്രവൃത്തികളെയും ഞാൻ ധ്യാനിക്കുന്നു (സങ്കീ. 143.5).*

ജാഗ്രതയോടെ തന്നെത്താൻ ശോധനകഴിക്കുന്നതിനുള്ള ഒരു മനസ്സൊരുക്കം രാത്രിയിലാണ് ഉണ്ടാകുന്നത്. നമുക്കെല്ലാവർക്കും നമ്മെക്കുറിച്ച് വലിയ മതിപ്പും നല്ല അഭിപ്രായവുമാണ്. നമ്മുടെ പരാധീനതകളും പരാജയങ്ങളും ഒരു പരിധി വരെ നമ്മുടെ തന്നെ കുഴപ്പം കൊണ്ടാണ് സംഭവിക്കുന്നത് എന്നുള്ള യാഥാർത്ഥ്യം അംഗീകരിക്കാൻ മിക്കപ്പോഴും നമുക്കു വിമുഖതയാണ്. എന്നാൽ രാത്രിയുടെ അനുഭവങ്ങളിൽ നാം പലപ്പോഴും നമ്മെത്തന്നെ ശോധന ചെയ്യാൻ ദൈവം അവസരം ഒരുക്കിത്തരുന്നു. ഈ വേദഭാഗത്തു പറയുന്ന മൂന്നു വിശേഷണങ്ങൾ ശ്രദ്ധിച്ചാലും.

മനം ഉള്ളിൽ വിഷാദിച്ചിരിക്കുന്നു—Spirit overwhelmed

ഹൃദയം സ്തംഭിച്ചിരിക്കുന്നു—Heart in distress

പ്രാണൻ വരണ്ട നിലം പോലെ ദാഹിക്കുന്നു—Soul longs

ഇങ്ങനെയുള്ള സന്ദർഭങ്ങൾ ജീവിതത്തിൽ ഒരിക്കലെങ്കിലും അനുഭവിച്ചിട്ടില്ലാത്തവർ വിരളമാണ്. അപ്പോഴൊക്കെ ഒന്നേ ചെയ്യാനുള്ളൂ. തിരുവചനം ധ്യാനിക്കുക. പരിണിതഫലം വളരെ പ്രകടമായിട്ടു തന്നെ സങ്കീർത്തനക്കാരൻ കണ്ടെത്തുന്നു. അതായതത് അവിടത്തെ വഴി വിശുദ്ധമാകുന്നു (സങ്കീ. 77.13) എന്നും അവിടത്തെ വഴി സമുദ്രത്തിലും പാതകൾ പെരുവെള്ളത്തിലും ആയിരുന്നു എന്നും അവൻ കണ്ടെത്തുന്നു (സങ്കീ. 77.19). ഈ വലിയ കാഴ്ചപ്പാട് ലഭിച്ചത് രാത്രിയിൽ ധ്യാനിച്ചപ്പോഴാണ്.

**5 രാത്രികാലങ്ങളിൽ അന്തരംഗം ഉപദേശിക്കുന്നു (സങ്കീ. 16.7)**

ബുദ്ധി ഉപദേശിക്കുന്ന ദൈവമാണ് നമ്മുടെ ദൈവം. ശ്രദ്ധിക്കാനുള്ള മനസ്സുള്ളവർക്ക് ആലോചന പറഞ്ഞുകൊടുക്കുന്ന ദൈവമാണ് നമ്മുടെ ദൈവം. അവിടത്തെ നല്ല ആത്മാവ് തന്നിൽ ആശ്രയിക്കുന്നവരെ സകല സത്യത്തിലും വഴി നടത്തും. ആരൊക്കെ എന്നൊക്കെ ആലോചനയ്ക്കായി ആ നല്ല മുഖത്തേക്ക് നോക്കിയിട്ടുണ്ടോ അവരെയൊക്കെ പ്രകാശിപ്പിക്കുകയും ദൈവിക ജ്ഞാനത്താൽ നിറയ്ക്കുകയും ചെയ്ത ദൈവമാണ് അവിടന്ന്.

**6. നമ്മുടെ അഭിവൃദ്ധിക്ക് അത്യാവശ്യമായത് (1തിമോ. 4.15)**

*നിന്റെ അഭിവൃദ്ധി എല്ലാവർക്കും പ്രസിദ്ധമായിത്തീരേണ്ടതിന്... (1തിമോ. 4.15).*

തിരുവചനം ധ്യാനിക്കുകയും അതിൽ പൂർണ്ണമായി അർപ്പിച്ചിരി ക്കുകയും ചെയ്യുന്ന ഒരു വ്യക്തി ദൈവിക പ്രകാശത്താലും ദൈവിക ജ്ഞാനത്താലും നിറഞ്ഞ ഒരു വ്യക്തിയായി ക്രമേണ രൂപാന്തരപ്പെടും. തിരുവചനം ധ്യാനിക്കുന്ന ഒരു വിശ്വാസിക്കു മാത്രമേ സാക്ഷിക്കാനും ബലത്തോടെ ഉറച്ചുനിൽക്കാനും കഴിയുകയുള്ളൂ. അങ്ങനെയുള്ളവരുടെ അഭിവൃദ്ധി എല്ലാവർക്കും പ്രകടമായിരിക്കും. വെളിച്ചം ഉണ്ടെങ്കിൽ പ്രകാശിക്കാതിരിക്കാൻ സാധ്യമല്ലല്ലോ.

പ്രിയപ്പെട്ട വായനക്കാരാ, നീ ഇന്ന് രാത്രിയുടെ അനുഭവത്തിലാണോ? ധൈര്യപ്പെടുക. തിരുവചനം ധ്യാനിച്ച് ബലപ്പെടുവാൻ ഇതിലും പറ്റിയതായ ഒരു സമയം നിനക്ക് ഈ ജീവിതത്തിൽ ലഭിക്കാനില്ല. അങ്ങനെ നീ ശ്രദ്ധയോടെ നിന്നെത്തന്നെ വിധേയപ്പെടുത്തുമ്പോൾ നീ സ്വർഗ്ഗീയബല ത്താൽ നിറയും. അങ്ങനെ ബലപ്പെടുമ്പോൾ നിനക്ക് സന്തോഷത്തോടെയും സ്തുതിയോടും കൂടെ ഈ രാത്രിയുടെ അനുഭവത്തിൽനിന്ന് പുറത്തിറങ്ങി വരാൻ സാധിക്കും. നിന്റെ ജീവിതം ഒരു വലിയ അനുഗ്രഹമായി അനേകർക്ക് അനുഭവമാകും.

## 19

# നിന്നെത്തന്നെ നല്ലവണ്ണം ശക്തീകരിക്ക

*സംഹാരകൻ നിനക്കെതിരെ കയറിവരുന്നു. കോട്ട കാത്തുകൊൾക, വഴി സൂക്ഷിച്ചുനോക്കുക, അര മുറുക്കുക, നിന്നെത്തന്നെ നല്ലവണ്ണം ശക്തീകരിക്ക (നഹൂം 2.1,2).*

ഈ നിർദ്ദേശത്തിന്റെ പൂർണ്ണഗൗരവം വ്യക്തമാക്കാനായി King James Version-ൽ കാണുന്ന വിവർത്തനം ഒന്നു പകർത്തട്ടെ, He that dasheth into pieces is come up before thy face. Keep the munition, watch the way. Make thy loins strong, fortify thy power mightly.

ഇത്രയും ശക്തമായ മുന്നറിയിപ്പു തരുന്ന വേദഭാഗം ദൈവവചനത്തിൽ വേറെയുണ്ടോ എന്ന് സംശയമാണ്. ഈ വാക്യത്തിലെ കാതലായ ഭാഗം നിന്നെത്തന്നെ നല്ലവണ്ണം ശക്തീകരിക്ക എന്നുള്ള താണ്. സാധാരണ തയാറെടുപ്പുകൊണ്ട് ഒരു പ്രയോജനവും ചെയ്യാ ത്തവിധം ഗൗരവമേറിയ ഒരു പ്രതിയോഗിയാണ് നിനക്കെതിരെ വരുന്നത്. സംഹാരകൻ അഥവാ കഷണങ്ങളായി തകർക്കാൻ ഒരുമ്പെടുന്നവനാണ് നിനക്കെതിരെ കയറി വരുന്നത്. അങ്ങനെ ഛിന്നഭിന്നമായി നീ തകർക്കപ്പെട്ടാൽ പിന്നെ പൂർവ്വ സ്ഥിതിയിലാകുക എന്നത് അസാദ്ധ്യം. അങ്ങനെ ഒരു പ്രതിയോഗിയെ നേരിടാൻ സാധാരണ തയ്യാറെടുപ്പുകൾ മതിയാകുകയില്ല. വളരെയധികം ശ്രദ്ധയോടെ വേണം നീ പോരാടേണ്ടത്. നിന്റെ ജീവിതത്തിൽ സമൂലമായ അഴിച്ചുപണി നടത്തണം. എല്ലാ വശങ്ങളും പരിശോധിക്കണം. ശത്രുവിന് പ്രവർത്തിക്കാൻ അവസരം കൊടുക്കുന്ന ഒരു ബലഹീനവശവും നിന്റെ ജീവിതത്തിൽ ഉണ്ടാകാൻ പാടില്ല. ഈ വേദഭാഗത്ത് നാലു വിധത്തിലുള്ള തയാറെടുപ്പുകളെക്കുറിച്ചാണു പറയുന്നത്.

### 1. കോട്ട കാത്തുകൊൾക

നിന്നെയും നിനക്കുള്ളതിനെയും ചുറ്റി ഭദ്രമാക്കി ഉറപ്പിക്കുന്ന ഒരു ചുറ്റുമതിലുണ്ട്. അതാണ് പ്രാർത്ഥനക്കോട്ട. ഇയ്യോബിനെതിരെ കുറ്റം ചുമ

ത്താൻ സാത്താൻ ദൈവസന്നിധിയിൽ ചെന്നപ്പോൾ പറയുന്ന ആദ്യത്തെ വാചകം ശ്രദ്ധിച്ചുവോ? *നീ അവനും അവന്റെ വീട്ടിനും അവനുള്ള സകലത്തിനും ചുറ്റും വേലി കെട്ടീട്ടില്ലയോ? നീ അവന്റെ പ്രവൃത്തിയെ ആനുഗ്രഹിച്ചിരിക്കുന്നു.* ആ ഒറ്റക്കാരണം കൊണ്ടു മാത്രം ഇയ്യോബിനെ തൊടുവാൻ സാത്താന് സാധിക്കുന്നില്ല! യെശയ്യാവ് 60.18 ശ്രദ്ധിക്കുക, "നിന്റെ മതിലുകൾക്ക് രക്ഷ എന്നും നിന്റെ വാതിലുകൾക്ക് സ്തുതി എന്നും പേർ പറയും." രക്ഷയാം മതിലിനുള്ളിൽ സ്തുതിയാകുന്ന വാതിലുകളാൽ ചുറ്റപ്പെട്ടു പാർക്കുമ്പോൾ നീയും നിനക്കുള്ള സകലവും സുരക്ഷിതമാണ്. നിന്റെ കോട്ട ഒന്നു പരിശോധിക്കുമോ? എവിടെയെങ്കിലും വിടവുണ്ടോ? അറിയാതെ ഇടിഞ്ഞുകിടപ്പുണ്ടോ? അങ്ങനെയുള്ള അശ്രദ്ധമായ വിടവുകളിലൂടെയാണ് ശത്രു അകത്തു കയറുന്നത്.

പണ്ടു നല്ല നിലയിലായിരുന്ന കോട്ട കാലപ്പഴക്കംകൊണ്ടും അശ്രദ്ധകൊണ്ടും അവിടവിടെ ദ്രവിച്ചും ഇടിഞ്ഞും ഇരിക്കുന്നുവോ? പൂർണ്ണമായും ശോധനചെയ്ത് പ്രാർത്ഥനക്കോട്ടയിലെ വിടവുകൾ അടയ്ക്കുക. കയ്പിനും അസൂയയ്ക്കും വാശിക്കുമൊക്കെ സ്ഥാനം കൊടുത്ത് അവിടവിടെ വിടവുകൾ നീ അറിയാതെ തന്നെ ഉണ്ടായെന്നിരിക്കും. യഹോവയുടെ നാമം ബലമുള്ള ഗോപുരം. നീ തിമാൻ അതിലേക്ക് ഓടിച്ചെന്ന് അഭയം പ്രാപിക്കും (സദൃ. 18.10). ഓടിച്ചെന്ന് അഭയം പ്രാപിക്കത്തക്കവണ്ണം യേശുകർത്താവാം കോട്ടയുമായുള്ള അടുപ്പം എങ്ങനെയിരിക്കുന്നു? അതോ, ഹൃദയം ക്ഷീണിച്ച് ഭൂമിയു ടെ അറ്റത്ത് സ്ഥിതിചെയ്യുന്ന അവസ്ഥയാണോ ഇന്നു നിനക്കുള്ളത്? രക്ഷയാം കോട്ട, പ്രാർത്ഥനക്കോട്ട, യേശുകർത്താവാം കോട്ട എല്ലാമായും നിന്റെ ഇന്നത്തെ ബന്ധം എങ്ങനെ?

**2. വഴി സൂക്ഷിച്ചു നോക്കുക**

നാം പോകേണ്ടുന്ന വഴിയിലാണോ ഇന്നു പോകുന്നത്? പരിപൂർണ്ണമായും ദൈവഹിതത്തിന് വിധേയപ്പെടുത്തിയാണോ ഇന്ന് നീ നിന്റെ വഴി ക്രമീകരിച്ചിരിക്കുന്നത്? ദൈവം അനുഗ്രഹിച്ചു വിട്ട വഴിയാണോ? ഉദാഹരണമായി അബ്രഹാം ഏലെയാസറിനെ യിസ്ഹാക്കിനുവേണ്ടി ഒരു പെൺകുട്ടിയെ കണ്ടുപിടിക്കാൻ അയച്ചു. അത് ദൈവം അനുഗ്രഹിച്ചു വിട്ട വഴി തന്നെയായിരുന്നു. അതോ ദൈവം അനുവദിച്ചു വിട്ട വഴിയിലൂടെയാണോ നീ പോകുന്നത്? ബിലെയാമിനോട് ആദ്യമേ ദൈവം തന്റെ ഹിതം വെളിപ്പെടുത്തിക്കഴിഞ്ഞു. എങ്കിലും അവന്റെ കടുത്ത ദ്രവ്യാഗ്രഹവും നിർബന്ധവും കാരണം ദൈവം അവനെ പോകാൻ അനുവദിച്ചു. ഈ രണ്ടും തമ്മിലുള്ള അന്തരം വ്യക്തമാണല്ലോ. ആദ്യത്തേതിന്റെ അന്ത്യം സമാധാനവും അനുഗ്രഹവും നിറഞ്ഞത്. രണ്ടാമത്തേതിന്റെ അന്ത്യം ശാപവും അസമാധാനവും നിറഞ്ഞത്! നിന്റെ വഴി ഏതാണെന്ന് യഥാർത്ഥമായും ശോധനചെയ്യുക. ആലോചനയിൽ അതിശയവും ജ്ഞാനത്തിൽ ഉൽകൃ

ഷ്ടതയുമുള്ളവനാണോ (യെശ. 28.29) നിന്റെ വഴികളെ രൂപപ്പെടുത്തിയിരിക്കുന്നത്? വഴി ഇതാകുന്നു, ഇതിലേ നടന്നുകൊൾവിൻ എന്നുള്ള സ്വരം (യെശ. 30.21) പിമ്പിൽനിന്ന് നിന്നെ കേൾപ്പിക്കുന്നുണ്ടോ? നിന്റെ വചനം എന്റെ കാലിനു ദീപവും പാതയ്ക്ക് പ്രകാശവും ആകുന്നു എന്ന് അരുളിച്ചെയ്തവന്റെ പ്രകാശം പോകുന്ന വഴിയിലെല്ലാം അനുഭവിക്കുന്നുവോ എന്ന് സൂക്ഷിച്ച് നോക്കുക. അനേകർ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടു എങ്കിലും തങ്ങളുടെ ജീവിതയാത്രയിൽ അവർ തന്നെ തിരഞ്ഞെടുത്ത വഴി കാരണം വിളി നഷ്ടപ്പെടുത്തിയതായി നാം കാണുന്നു. തിരുവചനത്തിൽ തന്നെ ശിംശോൻ, ശലോമോൻ, ബിലെയാം, ദേമാസ്, ഇസ്ക്കര്യോത്തായൂദാ തുടങ്ങി ദർശനവും വിളിയും നഷ്ടപ്പെടുത്തിയ അനേകരെക്കുറിച്ച് നാം വായിക്കുന്നു. അതുകൊണ്ട് നീ തിരഞ്ഞെടുക്കപ്പെട്ടവൾ എന്ന് നിനക്ക് ഉറപ്പുണ്ടെങ്കിലും നിന്റെ വഴിയെ യഥാർത്ഥമായും സൂക്ഷിച്ചു നോക്കുക.

**3. നിന്റെ അര മുറുക്കുക**

നിന്റെ അര മുറുക്കുക എന്ന് വലിയവനായ ദൈവം കൽപ്പിക്കുന്നു. എപ്പോഴൊക്കെയാണ് അര മുറുക്കുക എന്ന് വചനത്തിൽ പറഞ്ഞിട്ടുള്ളത് എന്ന് ശ്രദ്ധിക്കുക.

**(1) ഒരു യാത്ര ആരംഭിക്കുമ്പോൾ (പുറ. 12.11)**

യിസ്രായേൽമക്കൾ മിസ്രയീമിൽനിന്ന് പുറപ്പെടുന്നതിനു മുമ്പായി ദൈവം അവരെല്ലാവരും പെസഹാ ആചരിക്കണം എന്ന് കൽപ്പിച്ചു. വസ്ത്രം ധരിച്ച് കാലിൽ ചെരുപ്പിട്ട് അര മുറുക്കി വടിയും പിടിച്ച് അതായത്, ഒരു ദീർഘയാത്രയ്ക്കുള്ള സകല വിധ സന്നാഹങ്ങളോടും കൂടെയാണ് പെസഹാ കഴിക്കാൻ ദൈവം കൽപ്പിച്ചത്. അവർ അങ്ങനെ തന്നെ അനുസരിച്ചു. അന്നു രാത്രി തന്നെ അവർക്ക് യാത്ര പുറപ്പെടേണ്ടി വന്നു.

**(2) യുദ്ധത്തിനായി തയ്യാറെടുക്കുമ്പോൾ (സങ്കീ. 18.39)**

ധരിച്ചിരിക്കുന്ന എല്ലാ വസ്ത്രങ്ങളെയും ഒതുക്കി മുറുക്കി യഥാസ്ഥാനത്ത് ഉറപ്പിച്ച് നിർത്തുന്നത് അര കെട്ടുമ്പോഴാണ്. യുദ്ധത്തിനിടയ്ക്ക് ഇതൊന്നും ശ്രദ്ധിക്കാൻ സമയവും ഏകാഗ്രതയും ലഭിക്കാൻ ഒരു സാദ്ധ്യതയുമില്ല.

**(3) ഓടാൻ തയ്യാറെടുക്കുമ്പോൾ (1രാജാ. 18.46)**

ഏലിയാവ് മഴ പെയ്യുന്നതിനു മുമ്പായി ആഹാബിന്റെ രാജരഥങ്ങളുടെ മുമ്പായി ആത്മശക്തിയോടെ ഏകദേശം നാൽപ്പതു കിലോമീറ്റർ ഓടിയത്രേ. ആ ഓട്ടത്തിനു മുമ്പായി അവൻ അര മുറുക്കി എന്ന് നാം വായിക്കുന്നു.

**(4) ശുശ്രൂഷയ്ക്കായി ഒരുങ്ങിനിൽക്കുമ്പോൾ (ലൂക്കോ. 12.35)**

യജമാനൻ എപ്പോൾ വരും എന്ന് തീർച്ചയില്ലാത്തതുകൊണ്ട് എപ്പോഴും നല്ല തയാറെടുപ്പോടെ വിളക്കും കത്തിച്ച് അരകെട്ടി തയാറായിരിക്കാൻ യേശുകർത്താവ് ഉദ്ബോധിപ്പിക്കുന്നു. ശുശ്രൂഷ ചെയ്യാനായി ഒരുങ്ങുന്നവർ അര കെട്ടി നിൽക്കുന്ന സമ്പ്രദായം പണ്ടേ നമ്മുടെ നാട്ടിൽ നലവിലുണ്ടായിരുന്നു. പണ്ടൊക്കെ നമ്മുടെ നാട്ടിൽ വിവാഹാഘോഷങ്ങൾ ഇന്നത്തെപ്പോലെ ഹാളുകളിൽ കേറ്ററേഴ്സിനെ വെച്ചല്ലായിരുന്നു നടത്തിയിരുന്നത്. ഒരു വീട്ടിലെ വിവാഹാഘോഷം ആ നാട്ടിൽ ചുറ്റുവട്ടത്തുള്ള എല്ലാവീട്ടുകാരും കൂടെ മുഴുകി ആഘോഷിക്കുന്ന ഒരു സംഭവമായിരുന്നല്ലോ. ആ കാലത്ത് സദ്യ വിളമ്പാൻ തയാറെടുക്കുന്നവരെല്ലാവരും അരയിൽ ഒരു തോർത്തുമുണ്ടു കെട്ടുന്ന പതിവുണ്ടായിരുന്നു.

യഥാർത്ഥക്രിസ്തീയ ജീവിതം ഒരു യാത്രയും ഒരു യുദ്ധവും ഒരു ഓട്ടവും ഒരു ശുശ്രൂഷയുമാണ്. നിന്നെ ഏതു റോളിലേക്കാണ് വിളിച്ചിരിക്കുന്നത് അഥവാ വിളിക്കേണ്ടത് എന്നുള്ളത് യജമാനന് അറിയാം. നിന്റെ പ്രാപ്തിയും മികവും നിന്നെ മെനഞ്ഞവന് നന്നായിട്ടറിയാം. അവിടന്ന് നൽകിയിരിക്കുന്ന ശുശ്രൂഷ നീ ഏറ്റെടുക്കുക. അത് എന്താണെന്നു കണ്ടുപിടിച്ച് (find), അതു പിൻപറ്റി (follow), അതു പൂർത്തീകരിക്കാൻ (finish) ദൈവത്തിന് നിന്നെക്കുറിച്ച് പദ്ധതിയുണ്ട്. സമയത്തും അസമയത്തും തയ്യാറായിട്ടിരിക്കുക. അര മുറുക്കി തയ്യാറെടുത്ത് നിന്നെക്കുറിച്ച് ഉദ്ദേശിക്കുന്നതെന്താണോ അതു മാത്രം ചെയ്യാനായി ഒരുങ്ങുക.

**4. നിന്നെത്തന്നെ നല്ലവണ്ണം ശക്തീകരിക്കുക**

അതിഘോരനായ ഒരു ശത്രുവിനോട് യുദ്ധം ഉണ്ടെന്ന് മുന്നറിയിപ്പു ലഭിച്ചിരിക്കുകയാണ്. ഈ യുദ്ധത്തിന് എങ്ങനെയാണ് തയ്യാറെടുക്കുന്നത് എന്ന് ഒരിക്കലെങ്കിലും ചിന്തിച്ചിട്ടുണ്ടോ? നിർവ്വിചാരിയായും നിസ്സംഗനായും ഇരുന്നാൽ നീ കഷണങ്ങളായി ചീന്തപ്പെടുക തന്നേ ചെയ്യും. ഭൗമികമായും ഒരു യുദ്ധത്തിന് ഒരുമ്പെടുകയാണെങ്കിൽ എങ്ങനെ തയ്യാറെടുക്കുമെന്ന് ഒന്ന് ചിന്തിച്ചുനോക്കുക.

(1) ശരീരത്തെ യോഗ്യമാക്കുക. ആരോഗ്യപരിപാലനത്തിൽ പ്രത്യേകം ശ്രദ്ധവെച്ച് ശരീരം പുഷ്ടിപ്പെടുത്തുക. അതായത്, പോ ഷകഗുണമുള്ള ആഹാരം കഴിക്കാനും വ്യായാമം ചെയ്യാനും പ്രത്യേകം ശ്രദ്ധിക്കുക.

(2) ആയുധങ്ങൾ മൂർച്ച കൂട്ടുകയും പുതുക്കുകയും ചെയ്യുക. ആധുനികവും കൂടുതൽ മെച്ചവുമായ ആയുധങ്ങൾ സജ്ജമാക്കുക.

(3) തക്കതായ പരിശീലനം നേടുക.

(4) ലക്ഷ്യബോധം മനസ്സിലുറപ്പിക്കുക.

അതുപോലെ തന്നെ ആത്മികമായ യുദ്ധത്തിന് ഒരുങ്ങുമ്പോഴും പ്രത്യേകമായ തയ്യാറെടുപ്പുകൾ അത്യാവശ്യമാണ്. ആത്മികാഹാരം അഥവാ

ദൈവവചനം ഭക്ഷിച്ച് ബലപ്പെടേണ്ടിയിരിക്കുന്നു (സദൃ. 4.22). ആത്മാവും മനസ്സും ശരീരവും ഒരുപോലെ ബലപ്പെടാനും ആരോഗ്യം പ്രാപിക്കാനും ദൈവവചനം നമ്മെ പ്രാപ്തരാക്കും. ജീവിതത്തിന്റെ എല്ലാ വശങ്ങളെയും മനോഭാവങ്ങളെയും തീരുമാനങ്ങളെയും ശക്തിപ്പെടുത്തുന്ന ആത്മിക ഭക്ഷണമാണ് തിരുവചനം. ദൈവപുത്രനോടുകൂടെ ഉയിർത്തെഴുന്നേൽപ്പിച്ച് നമ്മെ ഇരുത്തിയിരിക്കുന്നു എന്ന് (എഫെ. 2.7) വചനം പറയുന്നു. അങ്ങനെയെങ്കിൽ നാം അനുഭവിക്കേണ്ടിയ പദവികൾ എന്താണെന്ന് ഗ്രഹിക്കുക. വാഗ്ദത്തങ്ങൾ സ്വായത്തമാക്കി അതിന്മേൽ പ്രവർത്തിക്കുക. ശത്രുവുമായി മല്ലിടുമ്പോൾ എതിർത്ത് തോൽപ്പിച്ച് കീഴടക്കുക എന്നുള്ളതല്ലാതെ യാതൊരു നീക്കുപോക്കും നമ്മുടെ ഭാഗത്തില്ല. സാത്താൻ പല്ലുതകർക്കപ്പെട്ടവനും തല ചതഞ്ഞു തോൽപ്പിക്കപ്പെട്ടവനുമായ ശത്രു ആണ്. ഈ യാഥാർത്ഥ്യം പൂർണ്ണമായി ഗ്രഹിക്കാത്തതുകൊണ്ടാണ് ഇന്ന് ദൈവമക്കൾ സാത്താനെ ഭയപ്പെടുന്നത്. ശത്രുവിന്റെ ആക്രമണത്തെ തടയാനുള്ള ആയുധങ്ങൾ ശരീരത്തിൽ അണിയേണം. സമാധാനസുവിശേഷത്തിനായുള്ള ഒരുക്കം കാലിന് ചെരുപ്പാക്കിയും, അരയ്ക്കു സത്യം കെട്ടിയും, വിശ്വാസം എന്ന പരിചയും നീതി എന്ന കവചവും ധരിച്ചും, രക്ഷ എന്ന ശിരസ്ത്രവും അണിഞ്ഞും കൊണ്ടാണ് യുദ്ധക്കളത്തിൽ ഇറങ്ങേണ്ടത്. ശരീരം മുഴുവനായി മൂടപ്പെട്ട അവസ്ഥയിൽ ശത്രുവിന് ഉന്നം വെക്കാൻ ഒരു ഭാഗവും നമ്മുടെ ജീവിതത്തിൽ ഇല്ലാതെയിരിക്കട്ടെ. അതുപോലെ ശത്രുവിനെ കീഴടക്കാനുള്ള ആയുധങ്ങളും വേണം. അവ ദൈവവചനം എന്ന വാളും ആത്മാവിലുള്ള പ്രാർത്ഥനയുമാണ്. ഏകനാണ് എന്നുള്ള തോന്നൽ എന്നും ശത്രുവിന്റെ ഒരു തീയമ്പാണ്. "ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല;" "ഞാൻ ലോകാവസാനത്തോളവും എല്ലാനാളും നിങ്ങളോടുകൂടിയുണ്ട്" എന്നീ വാഗ്ദത്തങ്ങൾകൊണ്ടു മാത്രമേ ആ ചിന്ത കൊണ്ടുവരുന്ന ശത്രുവിനെ നേരിടാൻ സാധിക്കുകയുള്ളൂ. നിന്നെ ഒന്നിനും കൊള്ളുകയില്ല എന്ന് ശത്രു എപ്പോഴും ഓർമ്മിപ്പിച്ച് നിന്നിൽ അപകർഷബോധം കുത്തിവെക്കാൻ ശ്രമിച്ചേക്കാം. അതിനു പറ്റിയ വാഗ്ദത്തങ്ങൾ തന്നെ പെറുക്കിയെടുത്ത് ശത്രുവിനെ നേരിടുക. ഞങ്ങളുടെ പ്രാപ്തി ദൈവത്തിന്റെ ദാനമത്രേ, ഞാൻ നിന്നെ വിലയേറിയവനും മാന്യനുമായി സ്നേഹിച്ചിരിക്കുന്നു തുടങ്ങിയ വാഗ്ദത്തങ്ങൾ കൊണ്ട് ആ ശത്രുവിനെ നേരിടുക. ക്രിസ്തുവിൽ നിനക്കുള്ള സുരക്ഷിതത്വവും പദവിയും എത്ര വലുതാണ് എന്ന ബോദ്ധ്യം നിനക്കുണ്ടാകണം. അപ്പോൾ നീ പതറുകയില്ല. ദൈവവചനത്തിൽ ആശവെച്ച് ദൈവവാഗ്ദത്തങ്ങൾ ഹൃദിസ്ഥമാക്കുക. യുദ്ധം ചെയ്യുന്നവർ വെറുതെ അവിടെയും ഇവിടെയും ആയുധം ഉപയോഗിച്ച് മൂർച്ചകളയുന്നവരല്ല. അവരുടെ ലക്ഷ്യം ഒന്നേയുള്ളു. ഏതു വിധേനയും ശത്രുവിനെ തകർക്കണം. നമുക്ക് നമ്മെ അടിപ്പെടുത്തുന്ന ഭാരങ്ങളും കെട്ടിവലിക്കുന്ന ചിന്താ

കുലങ്ങങ്ങളുമെ ല്ലാം എറിഞ്ഞുകളഞ്ഞിട്ട് വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ നമ്മുടെ കർത്താവിനെത്തന്നെ ധ്യാനിക്കാം. ആ അതിശയ നാമത്തെ ധ്യാനിച്ച് നമ്മുടെ പദവികളെ ഏറ്റെടുക്കാം. കാല ഹരണപ്പെട്ട ആയുധങ്ങളെ ഉപേക്ഷിക്കാം. പുതിയ മൂർച്ചയുള്ള ആയുധങ്ങ ളെ തിരഞ്ഞെടുക്കാം. പണ്ടു നമ്മുടെ പൂർവ്വപിതാക്കന്മാർ ഉപയോഗിച്ച ആയുധങ്ങൾ മതി എന്ന് കടിച്ചുതൂങ്ങി അവരുടെ അനുഭവങ്ങളിന്മേലും സാക്ഷ്യങ്ങളിന്മേലും നമ്മുടെ വിശ്വാസജീവിതം മുന്നോട്ട് കൊണ്ടുപോകാ മെന്ന് വിചാരിക്കേണ്ട. ഓരോ യുദ്ധത്തിന്റെയും തന്ത്രങ്ങളും സമയവും കാലവും വ്യത്യസ്തമാണ്. പണ്ടത്തെ യുദ്ധം ജയിച്ച ആയുധം ഇന്നത്തെ യുദ്ധത്തിന് തീരെ അപര്യാപ്തമായി എന്നു വന്നേക്കാം. ഓരോ കാല ഘട്ടത്തിനും അതിന്റേതായ ദൂതും വാഗ്ദത്തങ്ങളും ദൈവവചനത്തിൽ നൽകപ്പെട്ടിരിക്കുന്നു. വചനത്തിലെ വാഗ്ദത്തങ്ങൾ നിനക്ക് ഇന്ന് ആത്യാ വശ്യമായിരിക്കുന്നത് എന്താണോ അത് നീ തന്നെ ശേഖരിച്ച് ബലപ്പെട്ട് ദൈവാത്മാവിൽ ശക്തിപ്പെടുക. ശത്രുവിനെ നിഷ്പ്രയാസം തകർക്കാൻ അപ്പോൾ ദൈവം നിന്നെ ഉപയോഗിക്കും.

കൂട്ടായ്മയിൽ ബലപ്പെടുക. നീയുമായി ഐക്യത്തോടെ ഒരുമനസ്സായി ബന്ധപ്പെടാൻ കഴിയുന്നവരുമായി കൂട്ടായ്മയിൽ ബലപ്പെടുക. നമ്മുടെ അകത്തെ മനുഷ്യൻ ശക്തിയോടെ ബലപ്പെടട്ടെ. അപ്പോൾ മാത്രമാണ് ക്രിസ്തു ഹൃദയങ്ങളിൽ വസിക്കുകയും വാഴുകയും ദൈവസ്നേഹത്താൽ നിറയപ്പെടുകയും ചെയ്യുന്നത്.

യഹോവയെ കാത്തിരിക്കുമ്പോഴാണ് ശക്തി പുതുക്കപ്പെടുന്നത് (യെശ. 40.31). ഉയരത്തിൽ പറക്കണമെങ്കിൽ പുതുശക്തി വേണം. യാതൊരു അല്ലലുമില്ലാത്ത സുഖകരമായ ക്രിസ്തീയ ജീവിതം മെല്ലെപ്പറക്കുന്ന ജീവിതമാണ്. തടസ്സങ്ങളിൽ തട്ടി ഉരുണ്ടുവീണ് വീണ്ടും പിടഞ്ഞ് തപ്പി മുന്നോട്ടു കൊണ്ടുപോകുന്ന ആ ജീവിതം ആർക്കും ഒരു പ്രയോജന വും നൽകാത്ത ഉല്ലാസരഹിതമായ ജീവിതമാണ്. പക്ഷേ, തടസ്സങ്ങളെ അതിജീവിച്ച് ശക്തിയോടെ മുന്നോട്ടു പോകണമെങ്കിൽ കാത്തിരിക്കുക തന്നെ വേണം. ദൈവസന്നിധിയിൽ കാത്തിരിക്കുമ്പോൾ ജീവിതത്തിലെ ബലഹീനതകൾ കർത്താവ് കാണിച്ചുതരും. തിരുശക്തി നമ്മുടെ ജീവിത ത്തിൽ പകരപ്പെടുന്നതിനു മുമ്പേ നാം ഒരുക്കപ്പെടേണ്ടിയിരിക്കുന്നു. കഴു കൻ പറന്നു പറന്ന് ശക്തി ക്ഷയിക്കാറാകുമ്പോൾ വളരെ ഉയരത്തിൽ വിശ്രമം കണ്ടെത്തുന്നു. അവിടെ ഏകനായി സമയം ചെലവഴിക്കുന്നത് പ്ര കൃതിയിൽ നാം കണ്ടുവരുന്ന ഒരു വസ്തുതയാണ്. അപ്പോൾ പഴ യ തൂവ ലൊക്കെ പൊഴിഞ്ഞുപോയി വികൃതരൂപിയായി മാറുന്നത് പ്രകൃതിയിൽ നാം കാണുന്നു. പുതിയ ജീവിതം തുടങ്ങുന്നതിനു മുമ്പേ അത് ഒരുക്ക പ്പെടുന്ന പ്രക്രിയയാണത്. ആ സമയത്ത് അതിനെ കണ്ടാൽ അയ്യോ പാ വം അതിന്റെ ഊർജ്ജസ്വലതയെല്ലാം പോയല്ലോ ഇനി ഇതിനെക്കൊണ്ട്

ഒന്നിനും കൊള്ളുകയില്ലല്ലോ എന്ന് തോന്നിപ്പോകും. എന്നാൽ അതിനു പുതിയ തൂവൽ കിളിർത്ത് പുതുശക്തിയോടെ ഉയരത്തിൽ പറക്കാനുള്ള ബലം ആ സമയത്ത് അത് പ്രാപിക്കുന്നതിനുള്ള മുന്നോടിയാണ് ആ ഏകാന്തവാസം. അത് വീണ്ടും ഉയരങ്ങളിലേക്ക് പറന്നുയരുമ്പോഴാണ് വീണ്ടും ശക്തി ഇരട്ടിയായി എന്നു കാണുന്നത്.

ഉയർന്നു പറക്കാൻ രണ്ടു ചിറകുകൾ വേണം. അവ ആശ്രയവും സമർപ്പണവും ആണ്. ഒരു ചിറക് ബലഹീനമായിരുന്നാലോ പ്രവർത്തിക്കാതിരുന്നാലോ ഉയരങ്ങളിൽ പറക്കുവാൻ സാധിക്കുകയില്ല. അതുകൊണ്ട് പുതുശക്തി പ്രാപിക്കാനായി ഒരുക്കപ്പെട്ട്, പുതുക്കപ്പെട്ട് കഴുകനെപ്പോലെ ഉയർന്നു പറക്കാൻ ഒരുങ്ങിക്കൊൾക. നടക്കുന്നവർക്കും ഓടുന്നവർക്കും അനേകം തടസ്സങ്ങളെയും വേലിക്കെട്ടുകളെയും നേരിടേണ്ടതുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമല്ലേ? എന്നാൽ പറക്കുന്നവർക്ക് അനന്തവിഹായസ്സാണു മുന്നിൽ. തടസ്സങ്ങളേ ഇല്ല. അങ്ങനെ പുതുശക്തി പ്രാപിച്ചാൽ തീർച്ചയായും നിന്നെ തകർക്കാൻ വരുന്നതിനെ നീ തകർക്കുക തന്നെ ചെയ്യും. അതേ, നീ നിന്നെത്തന്നെ നല്ലവണ്ണം ശക്തീകരിക്ക.

## 20

# തീയിൽനിന്ന് വലിച്ചെടുക്കപ്പെട്ട കൊള്ളി

*ഇവൻ തീയിൽനിന്ന് വലിച്ചെടുക്കപ്പെട്ട കൊള്ളിയല്ലയോ? (സെഖര്യാവ് 3.2).*

വെന്തുപോകാനായി വിധിക്കപ്പെട്ട് ചാരമാകാനായി കിടന്ന അവസ്ഥയിൽനിന്ന് വിടുവിക്കപ്പെട്ട അനുഭവമാണ് വലിച്ചെടുക്കപ്പെട്ട കൊള്ളിയുടെ അനുഭവം. തീ കത്തിക്കുമ്പോൾ നന്നായി കത്തുവാൻ നാം താൽപ്പര്യപ്പെടുന്നു. അതിൽ നിന്നുള്ള ചൂടും പ്രയോജനവും നമ്മുടെ ശ്രദ്ധയാകർഷിക്കുന്ന വിഷയങ്ങളാണ്. ഒരിക്കലും അടുപ്പിലിരിക്കുന്ന കൊള്ളിയെപ്പറ്റി നാം ആരും കരുതാറേയില്ല. ഒരു കാര്യത്തിന്റെ പ്രയോജനം നാം അനുഭവിക്കുമ്പോൾ അതിനുവേണ്ടി ത്യാഗം സഹിച്ച് കത്തിത്തീരുന്ന ജീവിതങ്ങളെക്കുറിച്ചോ എരിഞ്ഞുതീരുന്ന ജീവിതങ്ങളെക്കുറിച്ചോ ആർക്കും ചിന്തയോ കരുതലോ ഇല്ല എന്നതു വാസ്തവമാണ്. എന്നാൽ കത്തിയെരിയുന്ന കൊള്ളികളെ കാണുമ്പോൾ മനസ്സലിയുന്ന ഒരുവൻ ഉണ്ട്. അവിടന്ന് കത്തിച്ചാരമായിപ്പോകാതെ തീയിൽനിന്ന് വലിച്ചെടുത്ത് രക്ഷിക്കാൻ തൽപ്പരനും മനസ്സുള്ളവനുമാണ്.

**1. ഇവൻ തീയിൽനിന്ന് വലിച്ചെടുക്കപ്പെട്ട കൊള്ളിയല്ലയോ? (സെഖ. 3.2)**

ബാബേലിൽനിന്ന് ഒരു കൂട്ടം പ്രവാസികൾ മടങ്ങിയെത്തിയപ്പോൾ അവരുടെ കൂട്ടത്തിലുണ്ടായിരുന്ന മഹാപുരോഹിതനായിരുന്നു യോശുവ. ആലയം പണിയാനായി സെരുബ്ബാബേലിനെയും യോശുവയെയും ദൈവം ഉണർത്തി. അവർ പണിയും ആരംഭിച്ചു. അവർ നൂറുകൂട്ടം പരിമിതികളുടെയും ഇടുക്കങ്ങളുടെയും നടുവിലാണ് ദൈവശുശ്രൂഷ ചെയ്തത്. യോശുവയെ കുറ്റം ചുമത്തുവാൻ സാത്താൻ ദൈവസന്നിധിയിൽ ചെന്നു. എങ്കിലും ദൈവം സാത്താനെ അനുവദിച്ചില്ല എന്നു മാത്രമല്ല, അവനെ

ഭർത്സിച്ച് അകറ്റി. കുറ്റം ചുമത്തുവാനും വല്ലവിധേനയും തകർക്കുവാനു മല്ലാതെ ദൈവമക്കളിൽ സാത്താന് ഒരു താൽപ്പര്യവും ഇല്ല. നമ്മുടെ പേ ാരായ്മകളും കുറ്റങ്ങളും പറഞ്ഞ് ദൈവസന്നിധിയിൽ പോലും അവൻ കടന്നുചെല്ലാൻ ശ്രമിക്കും. ഒരു നാൾ ഇയ്യോബിനെയും കുറ്റം ചുമത്തു വാൻ അവൻ പോയല്ലോ. എങ്കിലും തന്റെ മക്കളുടെ അവസ്ഥയും പരി മിതികളും കോട്ടവും അറിയാവുന്ന നമ്മുടെ ദൈവം അലിവോടെ നമ്മെ കാക്കുന്നതുകൊണ്ടാണ് നാമിന്ന് തകർന്നു പോകാതെ നിൽക്കുന്നത് എന്ന് ഓർത്തുകൊൾക. ഈ കാലഘട്ടത്തിന്റെ ഒരു പ്രത്യേകതയാണ് ആവശ്യം കഴിഞ്ഞാൽ വലിച്ചെറിയുക എന്ന ഫാഷൻ. അത് വസ്തുക്കളായാലും ബന്ധങ്ങളായാലും എല്ലാം ഒന്നുപോലെ! സ്വാർത്ഥതാൽപ്പര്യത്തിനായി ആവോളം ഉപയോഗിക്കുക, എന്നിട്ട് വലിച്ചെറിയുക! ആയുസ്സു മുഴുവൻ മക്കൾക്കുവേണ്ടി അദ്ധ്വാനിച്ചിട്ട് വയസ്സാകുമ്പോൾ മാതാപിതാക്കന്മാർ അധികപ്പറ്റായിത്തീർന്നിട്ട് തള്ളപ്പെടുന്ന കാഴ്ച നാം നമ്മുടെ ചുറ്റും ധാരാ ളം കാണുന്നില്ലേ? പണ്ടുള്ളതുപോലെ വസ്തുക്കളുടെയും ബന്ധങ്ങളു ടെയും കേടുപാടുകൾ നീക്കി പൂർവ്വസ്ഥിതിയിലാക്കാൻ ആരും ബദ്ധപ്പെ ടാറില്ല തന്നെ.

**2. നിങ്ങൾ കത്തുന്ന തീയിൽനിന്ന് വലിച്ചെടുക്കപ്പെട്ട ഒരു കൊള്ളി പോലെ ആയിരുന്നു. എങ്കിലും നിങ്ങൾ എങ്കലേക്കു തിരിഞ്ഞില്ല (ആ മോസ് 4.11)**

തീയിൽനിന്ന് വലിച്ചെടുക്കപ്പെട്ട തീക്കൊള്ളിക്ക് ഒരു കടപ്പാടുണ്ട്. കത്തിപ്പോകേണ്ട അവസ്ഥയിൽനിന്ന് വിടുവിച്ചവങ്കലേക്ക് തിരിഞ്ഞ് വിധേയത്വത്തോടെ ജീവിക്കണം. ആമോസ് നാലാമത്തെ അദ്ധ്യായ ത്തിൽ അഞ്ചു പ്രാവശ്യം (ആമോ. 4.6,8,9,10,11) *നിങ്ങൾ എങ്കലേക്ക് തിരി ഞ്ഞില്ല* എന്ന് പറയുന്നതായി നാം കാണുന്നു. സോദോമും ഗോമോറയും നൂറ്റാണ്ടുകളായി ചാവുകടലായി ശേഷിക്കുന്നു. നിഷ്പ്രയോജനമായി ഒരു ശാപത്തിന്റെ ഓർമ്മയായി ഇന്നും അത് കിടക്കുന്നു. അതുപോലെ ശാപമായിത്തീരേണ്ട അനുഭവത്തിൽനിന്ന് ദൈവം ചില ജീവിതങ്ങളെ തന്റെ കൃപയാൽ വിടുവിക്കുന്നു. അങ്ങനെയുള്ളവരുടെ ഉത്തരവാദിത്വം വീണ്ടും പഴയ ജീവിതശൈലി തുടരാനല്ല, പിന്നെയോ അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുതപ്രകാശത്തിലേക്ക് വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിക്കുക (1പത്രോ. 2.9) എന്നുള്ളതാണ്. അബ്രഹാമിനെ ഓർത്ത് ദൈവം നേരിട്ട് സോദോമിൽനിന്നു രക്ഷിച്ച ലോത്തിന് ഒരു ഉത്തരവാദിത്വ മുണ്ടായിരുന്നു. തീയിൽനിന്ന് വലിച്ചെടുക്കപ്പെട്ട കൊള്ളിപോലെ അവന് ജീവിതം വീണ്ടും ആരംഭിക്കാൻ അവസരം ദൈവം ഒരുക്കിക്കൊടുത്തു. ദൈവികകൂട്ടായ്മയിൽ നിലനിന്ന് അനുഗ്രഹമായിത്തീരേണ്ട അവന്റെ ജീവിതം ലജ്ജാവഹമായി അവസാനിച്ചില്ലേ? ശാപയോഗ്യരായ തലമുറ യുണ്ടായില്ലേ? അവന്റെ നാശത്തിന് അവൻ തന്നെയാണ് കാരണക്കാരൻ.

വലിച്ചെടുക്കപ്പെട്ട തീക്കൊള്ളി തന്നെ രക്ഷിച്ചവനോടുള്ള യഥാർത്ഥനന്ദി യിലും സന്തോഷത്തിലും മുമ്പോട്ടു പോകേണ്ടതായിരുന്നു. കർത്താവ് പറഞ്ഞ ഒരു ഉപമ ശ്രദ്ധിച്ചുവോ? അശുദ്ധാത്മാവ് ഒരു മനുഷ്യനെ വിട്ടു പിരിഞ്ഞശേഷം തണുപ്പന്വേഷിച്ച് നടക്കുന്നു. പറ്റിയ സ്ഥലം കിട്ടാതെ വീണ്ടും പഴയ സ്ഥലത്തേക്ക് ചെല്ലുമ്പോൾ ആ പാർപ്പിടം അടിച്ചു വാരി അലങ്കരിച്ചതും ഒഴിഞ്ഞതുമായി (മത്താ. 12.44) കാണുന്നത്രേ. ഒഴിഞ്ഞ തായി കണ്ടില്ലായിരുന്നെങ്കിൽ കുഴപ്പമില്ലായിരുന്നു. പിന്നെ അതു ചെന്ന് തന്നോടൊപ്പം പാർക്കാൻ തന്നിലും ദുഷ്ടതയേറിയ ഏഴാത്മാക്കളെയും കൊണ്ടുവന്നത്രേ. വിടുതൽ പ്രാപിച്ച ജീവിതം അപ്പോൾ തന്നെ വിടുവിച്ച വന് പൂർണ്ണമായും വിധേയപ്പെടുത്തിയിരുന്നെങ്കിൽ ഈ അത്യാഹിതം ഒഴിവാക്കാമായിരുന്നില്ലേ?

**3. അവൻ ഊതിക്കഴിക്കുന്നവനെപ്പോലെയും വെള്ളി ശുദ്ധീകരിക്കുന്നവ നെപ്പോലെയും ഇരുന്നുകൊണ്ട് ലേവിപുത്രന്മാരെ ശുദ്ധീകരിച്ച് പൊന്നു പോലെയും വെള്ളിപോലെയും ശുദ്ധീകരിക്കും (മലാഖി 3.3)**

അവിടത്തേക്ക് ശുദ്ധീകരിക്കുന്ന തീയുണ്ട്. അത് എരിഞ്ഞ് ചാരമാക്കി ത്തീർക്കാനുള്ള തീയല്ല. ശുദ്ധീകരിച്ച് മാറ്റേറിയതാക്കിത്തീർക്കാനുള്ള തീയാണ്. തീയിൽ പോന്ന് ഉരുക്കാൻ ഇട്ടിട്ട് തട്ടാൻ വേറെ ഏതെങ്കിലും വഴിക്കു പോകാറില്ല. അടുത്തിരുന്ന് സ്വർണ്ണത്തിൽ കണ്ണും നട്ട് ഇരിക്കുക യാണു ചെയ്യുന്നത്. പൊന്ന് ഉരുകി നിശ്ചിത പാകമായി തട്ടാന്റെ മുഖം പ്രതിബിംബിക്കുന്ന സ്ഥിതിയാകുമ്പോൾ തക്കസമയത്ത് അത് തീയിൽ നിന്നും മാറ്റും. അല്ലെങ്കിൽ സ്വർണ്ണം ഉപയോഗശൂന്യമായിപ്പോകും.

തീയിൽകൂടി നടന്നാൽ അഗ്നിജ്വാല നിന്നെ ദഹിപ്പിക്കുകയില്ല എന്ന് അരുളിച്ചെയ്തവൻ കഠിനശോധനയിൽ ദഹിച്ചുപോകാതെ രക്ഷിക്കാൻ മതിയായവനത്രേ. കൂടുതൽ ശ്രേഷ്ഠകരമായ ഉപയോഗം മുന്നിൽ കണ്ടു കൊണ്ടാണ് തീച്ചൂളയിലൂടെ അവിടന്ന് കടത്തിവിടുന്നത്. കഠിനപരീക്ഷ യോടുകൂടെ നീക്കുപോക്കും ഒരുക്കുന്ന ദൈവമാണ് (1കൊരി. 10.13).

അവിടത്തെ ഭക്തന്മാർ നേരിടുന്ന ശോധനകളെല്ലാം അവരെ കൂടുതൽ മാറ്റേറിയവരാക്കിത്തീർക്കുന്നു. ഒരു ദൈവപൈതൽ പോലും കഷ്ടതയിൽ നശിച്ചുപോയിട്ടില്ല. അവിടത്തെ അടുത്തറിയുന്നവർ അവിടന്ന് കഷ്ടങ്ങ ളിൽ ഏറ്റവും അടുത്ത തുണ എന്ന് അനുഭവിക്കുകയാണ്. അതേ സമയം അവിടന്നുമായി യാതൊരു ബന്ധവുമില്ലാത്തവർ കഷ്ടതയിൽ നശിച്ചു പോയിട്ടേയുള്ളൂ താനും. കത്തിച്ചാമ്പലായിത്തീരാനായി എഴുതിത്തള്ളിയ വരെ അതിനുമുമ്പ് തീയിൽനിന്ന് വലിച്ചെടുത്ത് പുതിയ വഴികൾ ഒരുക്കി ക്കൊടുക്കുന്ന ദൈവമാണ് നമ്മുടെ ദൈവം.

**4. കൊള്ളികളെ ദൈവം ഭരമേൽപ്പിച്ച വേല**

*നിങ്ങളോ പ്രിയമുള്ളവരേ, നിങ്ങളുടെ അതിവിശുദ്ധവിശ്വാസത്തെ*

*ആധാരമാക്കി നിങ്ങൾക്കു തന്നെ ആത്മികവർദ്ധന വരുത്തിയും പരിശുദ്ധാത്മാവിൽ പ്രാർത്ഥിച്ചും നിത്യജീവനായിട്ട് നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കരുണയ്ക്കായി കാത്തിരുന്നും കൊണ്ട് ദൈവസ്നേഹത്തിൽ നിങ്ങളെത്തന്നെ സൂക്ഷിച്ചുകൊളവിൻ. സംശയിക്കുന്നവരായ ചിലരോട് കരുണചെയ്വിൻ. ചിലരെ തീയിൽനിന്ന് വലിച്ചെടുത്ത് രക്ഷിപ്പിൻ. ജഡത്താൽ കറപിടിച്ച അങ്കിപോലും പകെച്ചുകൊണ്ട് ചിലർക്ക് ഭയത്തോടെ കരുണ കാണിപ്പിൻ (യൂദാ 20-23).*

തീയിൽനിന്ന് വലിച്ചെടുക്കപ്പെട്ട കൊള്ളി രക്ഷപ്പെട്ടല്ലോ എന്ന ആശ്വാസത്തിൽ തൃപ്തിയടഞ്ഞ് സ്വന്തം കാര്യം നോക്കി സ്വന്തവഴിയിൽ പോകാനല്ല ദൈവം പ്രതീക്ഷിക്കുന്നത്. തുടർന്നു ശ്രദ്ധിച്ചാലും.

**(1) നിങ്ങൾക്കുതന്നെ ആത്മികവർദ്ധന വരുത്തിയും...**

ഒരിക്കലും നമ്മുടെ ആത്മികജീവിതത്തിലും ആത്മികവർദ്ധനയിലും പൂർണ്ണതാൽപ്പര്യമുള്ളവരെ നമുക്ക് കണ്ടുമുട്ടാൻ കഴിയുകയില്ല എന്നു തന്നെ പറയാം. അത് ആരുടെയും കുറ്റമല്ല. അങ്ങനെയൊക്കെയേ സാധിക്കുകയുള്ളൂ. അതുകൊണ്ട് നാം നമുക്കുവേ ണ്ടിത്തന്നെ പൂർണ്ണജാഗ്രതയുള്ളവരായിരിക്കാം. തന്നെത്താൻ മനോനിർണ്ണയത്തോടെ കർത്താവിനോട് പറ്റിയിരിക്കുക എന്നതു മാത്രമാണ് നമുക്കുള്ള ഏകവഴി (അപ്പൊ. 11.23).

**(2) പരിശുദ്ധാത്മാവിൽ പ്രാർത്ഥിക്കണം**

അതായത് ലഭിച്ച ശക്തി നഷ്ടപ്പെടുത്താതെ ആളിക്കത്തിച്ചുകൊണ്ടിരിക്കണം. അനക്കാതെയിരുന്നാൽ ഏതു തീയും കുറെക്കഴിഞ്ഞ് കെട്ടുപോകും.

**(3) നിത്യജീവനായിട്ട് നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കരുണയ്ക്കായി കാത്തിരിക്കണം**

ഈ ലോകത്തിലെ ഏതാനും നാളേയ്ക്കുള്ള പ്ലാനല്ല നമ്മുടെ ലക്ഷ്യം. നിത്യജീവൻ നമുക്ക് നൽകപ്പെട്ടിരിക്കുന്നു. അത് ഉന്നം വെച്ചുതന്നെ ജീവിക്കുക.

**(4) ദൈവസ്നേഹത്തിൽ നമ്മെത്തന്നെ സൂക്ഷിക്കുക**

നാം വളരെ ജാഗ്രതയോടെ ശ്രദ്ധിച്ചെങ്കിൽ മാത്രമേ ദൈവസ്നേഹത്തിൽ നമുക്ക് നിലനിൽക്കാൻ സാധിക്കുകയുള്ളൂ. ദൈവസ്നേഹത്തിൽ നാം വസിച്ചെങ്കിൽ മാത്രമേ ഇനിയും ചിലരെ തീയിൽനിന്ന് വലിച്ചെടുക്കാനുള്ള ശുശ്രൂഷ നമുക്ക് ലഭിക്കുകയുള്ളൂ. തണുപ്പിക്കുന്നവന് തണുപ്പ് ലഭിക്കും (സദൃ. 11.25). കുലയ്ക്കായി കൊണ്ടുപോകുന്നവരെ വിടുവിക്ക (സദൃ. 24.11,12). നീ അനുഭവിച്ച വിടുതലും സ്നേഹവും പങ്കുവെക്കുന്തോറും നിന്നിൽ പുതിയ ഉറവയും അനുഗ്രഹവും പകരപ്പെടുകയാണ്. ദൈവ കൃപ പെരുകുകയാണ്. അതുകൊണ്ട് ദൈവസ്നേഹത്തിൽ

നിന്നെത്തന്നെ സൂക്ഷിച്ച് സ്വയം ആത്മിക വർദ്ധനവരുത്തി പരിശുദ്ധാത്മാവിൽ പ്രാർത്ഥിച്ച് നീ അനുഭവിച്ച കൃപ പങ്കുവെക്കാനായി നിന്നെത്തന്നെ ഒരുക്കുക. അപ്പോൾ അനവധി കൊള്ളികളെ തീയിൽനിന്ന് വലിച്ചെടുക്കാൻ ദൈവം നിന്നെ ഉപയോഗിക്കും. അതേ പ്രിയമുള്ളവരേ നാമെല്ലാവരും തീയിൽനിന്ന് വലിച്ചെടുക്കപ്പെട്ട കൊള്ളികളാണ്. നമുക്ക് ഒരു പ്രത്യേക ശുശ്രൂഷയുണ്ട്. അത് ഏറ്റെടുത്ത് നിവർത്തിക്കുവാൻ ദൈവം നമ്മെ പ്രാപ്തരാക്കട്ടെ.